പുസ്തകം_1

# നിയമ ധ്വനി

മെയ് 2017

## കേരള സർക്കാർ നിയമവകുപ്പ് പ്രസിദ്ധീകരണം

ലക്കം_2

പേജുകൾ 95



# നിയമ ധ്വനി



കേരള സർക്കാർ നിയമ വകുപ്പ് പ്രസിദ്ധീകരണം

5/163/2017 - 1

## പത്രാധിപ സമിതി


| | | |
|---|---|---|
| ചീഫ് എഡിറ്റർ | : | **ബി. ജി. ഹരീന്ദ്രനാഥ്**<br>നിയമ സെക്രട്ടറി |
| എഡിറ്റർ | : | **ആർ. വിജയകുമാർ**<br>അഡീഷണൽ നിയമ സെക്രട്ടറി |
| അംഗങ്ങൾ | : | **മിനി ഭാസ്കർ, എസ്.**<br>ജോയിന്റ് സെക്രട്ടറി |
| | | **സോണിഷ്, കെ.**<br>സെക്ഷൻ ആഫീസർ |
| | | **ലക്ഷ്മി പ്രതാപൻ**<br>ലീഗൽ അസിസ്റ്റന്റ് |
| | | **സുജിത, പി. എസ്.**<br>ലീഗൽ അസിസ്റ്റന്റ് |
| പുറംതാൾ രൂപകല്പന | : | **ഗോകുൽ പ്രതാപ്** |



| | | |
|---|---|---|
| വിലാസം | : | നിയമ (ഔദ്യോഗിക ഭാഷ-പ്രസിദ്ധീകരണ സെൽ) വകുപ്പ്,<br>ഗവൺമെന്റ് സെക്രട്ടേറിയറ്റ്,<br>തിരുവനന്തപുരം-695 001. |
| ഫോൺ | : | 0471-2517064, 0471-2517066 |



ഈ പ്രസിദ്ധീകരണത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ലേഖനത്തിലെ അഭിപ്രായങ്ങൾ സംസ്ഥാന സർക്കാരിന്റെയോ നിയമവകുപ്പിന്റെയോ അല്ലായെന്നും അവ ലേഖകന്റെ വ്യക്തിപരമായ അഭിപ്രായങ്ങൾ ആണെന്നും സാക്ഷ്യപ്പെടുത്തുന്നു.

—*പത്രാധിപ സമിതി*



# പ്രസാധക കുറിപ്പ്

"മറ്റെല്ലാമെന്നപോലെ ഭാഷയും മാറിക്കൊണ്ടിരിക്കുകയാണ്. പക്ഷേ നമ്മുടെ ഭാഷ നമ്മുടേതാണ്; അത് മറ്റേതെങ്കിലും ഭാഷയുടെ ഫോട്ടോ ആകാൻ പാടില്ല."

* * * *

"കേരള പാണിനിയുടെ പ്രശസ്ത കൃതികൾക്കും മാരാരുടെ മലയാള ശൈലിക്കുംശേഷം നമ്മുടെ ഭാഷയിലുണ്ടായിട്ടുള്ള പുരോഗതിയെ ആകെ വിലയിരുത്തി കഴിഞ്ഞ നാലഞ്ചു ദശകങ്ങളിൽ ഭാഷക്കു കിട്ടിയ സ്വത്തിൽ തള്ളേണ്ടതു തള്ളുകയും കൊള്ളേണ്ടതു കൊള്ളുകയും ചെയ്യാൻ ഒരു ശ്രമം നടക്കണം എങ്കിൽ മാത്രമേ വളർന്നുകൊണ്ടിരിക്കുന്നതും മലയാളികളുടെ സ്വന്തവുമായ ഒരു മലയാളഭാഷ രൂപം കൊള്ളുകയുള്ളൂ."

ഐക്യകേരളത്തിലെ ആദ്യ മുഖ്യമന്ത്രി ബഹു. ഇ.എം. ശങ്കരൻ നമ്പൂതിരിപ്പാടിന്റെ വാക്കുകളാണ് മുകളിൽ ഉദ്ധരിച്ചിട്ടുള്ളത്. ഐക്യകേരളത്തിലെ ആദ്യസർക്കാരിന്റെ വജ്രജൂബിലി ആഘോഷങ്ങൾ നടക്കുന്ന ഈ വേളയിൽ ഞാൻ നിയമ ധ്വനിയുടെ 2017-ലെ രണ്ടാം ലക്കം നിങ്ങളുടെ മുമ്പിലേക്ക് അവതരിപ്പിക്കുകയാണ്. സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും മലയാളം ഒരു നിർബന്ധ ഭാഷയായി പഠിപ്പിക്കുന്നതിന് വേണ്ടി നമ്മുടെ സർക്കാർ നിയമനിർമ്മാണം നടത്തുന്നതിന്റെ മുന്നോടിയായി ഒരു ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുള്ള കാര്യം ഇവിടെ എടുത്തുപറയേണ്ടതായിട്ടുണ്ട്. പ്രസ്തുത ഓർഡിനൻസിന് പകരമുള്ള ബിൽ പതിനാലാം കേരള നിയമസഭയുടെ പരിഗണനയിലുമാണ്.

ഈ ലക്കത്തിൽ പതിവുപോലെ കാലിക പ്രസക്തിയുള്ള സുപ്രീം കോടതി. ഹൈക്കോടതി വിധിന്യായങ്ങൾക്ക് ഒപ്പം 'കുരങ്ങുവിചാരണ' എന്ന ഒരു ലേഖനവും ചേർത്തിട്ടുണ്ട്. നിയമ ധ്വനിയുടെ ഓരോ പതിപ്പും അദ്ധ്യാപക-വിദ്യാർത്ഥി-അഭിഭാഷക-സമൂഹത്തിന് ഒരു മുതൽ കൂട്ടാകുമെന്ന് പ്രതീക്ഷിക്കുകയും എല്ലാ മാന്യ വായനക്കാരേയും നിയമ വകുപ്പിന്റെ പേരിൽ അഭിവാദനം ചെയ്യുകയും ചെയ്യുന്നു.

നിയമ വകുപ്പ്,
ഗവണ്മെന്റ് സെക്രട്ടേറിയറ്റ്.
തിരുവനന്തപുരം,
29-04-2017.

**ബി. ജി. ഹരീന്ദ്രനാഥ്,**
നിയമ സെക്രട്ടറി.

## ഉൾത്താളുകളിൽ......

### സുപ്രീം കോടതി വിധിന്യായങ്ങൾ


1. സേവ് ലൈഫ് ഫൗണ്ടേഷൻ *അഭി* ഭാരത സർക്കാർ (ചുരുക്കക്കുറിപ്പ്) .......... 3
2. പ്രഭു ചൗള *അഭി* രാജസ്ഥാൻ സർക്കാരും മറ്റൊരാളും .......... 6
3. ഗ്യാനി ചന്ദ് *അഭി* ആന്ധ്ര പ്രദേശ് സർക്കാർ .......... 12
4. നിതു *അഭി* ഷീലാ റാണിയും മറ്റുള്ളവരും .......... 16
5. എം. ശങ്കരനാരായണൻ *അഭി* ബാംഗ്ലൂരിലെ ഡെപ്യൂട്ടി കമ്മീഷണറും മറ്റുള്ളവരും .......... 21
6. കേരള സർക്കാർ *അഭി* ഗോവിന്ദ സ്വാമി .......... 30


### ഹൈക്കോടതി വിധിന്യായങ്ങൾ


1. തങ്കമ്മ കോശി *അഭി* കേരള സർക്കാരും മറ്റുള്ളവരും .......... 33
2. അഗസ്റ്റിൻ കളത്തിൽ മാത്യു *അഭി* വിവാഹ ആഫീസർ (സബ് രജിസ്ട്രാർ) .......... 38
3. കേരള വാട്ടർ അതോരിറ്റിയും മറ്റൊരാളും *അഭി* വി.കെ. ശങ്കരൻകുട്ടിയും മറ്റുള്ളവരും .......... 41
4. മാവിള സതി *അഭി* കേരള സർക്കാരും മറ്റുള്ളവരും .......... 44
5. ആർ. രവികുമാർ *അഭി* കൊല്ലം ശക്തികുളങ്ങര പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടറും മറ്റുള്ളവരും .......... 48
6. കേരള ഫാർമസിസ്റ്റ്സ് ഓർഗനൈസേഷൻ *അഭി* കേരള സർക്കാരും മറ്റുള്ളവരും .......... 53
7. വിഷ്ണു പ്രകാശ്. എ *അഭി* കോഴിക്കോട് സർവ്വകലാശാലയും മറ്റൊരാളും .......... 55
8. കബീർ *അഭി* നസ്രിൻ .......... 59
9. ദ ക്ലാരിസ്റ്റ് മെഡിക്കൽ ട്രസ്റ്റ് ഓഫ് ദി എസ്.എച്ച് പ്രോവിൻസ്, എറണാകുളം,സാൻജോ ഹോസ്പിറ്റൽ പെരുമ്പാവൂരും മറ്റൊരാളും *അഭി* റവന്യൂ വകുപ്പ് സെക്രട്ടറിയും മറ്റൊരാളും .......... 63
10. രതീഷ് അഭി കേരള സർക്കാർ .......... 69

ലേഖനം

വീണ്ടും കണ്ട കുരങ്ങുവിചാരണ .......... 73

ഫാറം-IV .......... 85

# സുപ്രീം കോടതി വിധിന്യായങ്ങൾ

# ബഹു. സുപ്രീം കോടതി മുമ്പാകെ

ബഹു. ജസ്റ്റിസ് വി. ഗോപാലഗൗഡ

&

ബഹു. ജസ്റ്റിസ് അരുൺമിശ്ര

സേവ് ലൈഫ് ഫൗണ്ടേഷൻ

*അഭി*

യൂണിയൻ ഓഫ് ഇൻഡ്യ

ഡബ്ല്യു.പി (സി) നം. 235/2012

2016 മാർച്ച് 30-ന് വിധി കല്പിച്ചത്

## വിധിന്യായത്തിന്റെ ചുരുക്കക്കുറിപ്പ്

ഉചിതമായ നിയമനിർമ്മാണം വഴി നിയമ നിർമ്മാണസഭ ചുവട് വയ്ക്കുന്ന സമയം വരെ, ഭാരത സർക്കാരിന്റെ റോഡ് ഗതാഗതവും ഹൈവേകളും മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളും സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജറും പാലിക്കുന്നതിലേയ്ക്കുള്ള ആജ്ഞ ഉൾപ്പെടെ ഈ കോടതിക്ക് മാർഗ്ഗനിർദ്ദേശങ്ങളും ആജ്ഞാപനങ്ങളും നൽകാൻ കഴിയുമെന്നത് മേൽചർച്ചയുടെ അടിസ്ഥാനത്തിൽ സ്പഷ്ടമാണ്. അപകടത്തിലെ ഇരകൾക്ക് സഹായം അടിയന്തിരമായി നൽകുന്നതിനും അതേസമയം തന്നെ നല്ല ശമരിയക്കാർക്ക് സംരക്ഷണം നൽകുന്നതിനുമായി, ഭാരതത്തിന്റെ ഭരണഘടനയുടെ അനുച്ഛേദം 14-ഉം ആയി കൂട്ടിവായിച്ച പ്രകാരമുള്ള അനുച്ഛേദം 21, അവകാശങ്ങളുടെ സംരക്ഷണത്തിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ പ്രയോഗത്തിൽ വരുത്തുന്നതിനും നടപ്പിലാക്കുന്നതിനുമായി അത്തരം ആജ്ഞാപനങ്ങൾ, അനുച്ഛേദം 142-ഉം ആയി കൂട്ടിവായിച്ച പ്രകാരമുള്ള അനുച്ഛേദം 32 പ്രകാരം പുറപ്പെടുവിക്കുവാൻ ഈ കോടതിക്ക് കഴിയുന്നതാണ്. ഈ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുച്ഛേദം 141 പ്രകാരമുള്ള നിയമത്തിന്റെ ബലം ഉണ്ടായിരിക്കുന്നതാണ്. അനുച്ഛേദം 144-ന്റെ അടിസ്ഥാനത്തിൽ ആയവ നടപ്പിലാക്കിക്കൊണ്ട് ഈ കോടതിയുടെ സഹായത്തിനായി പ്രവർത്തിക്കേണ്ടത് ഭാരത ഭൂപ്രദേശത്തെ-ജുഡീഷ്യലും സിവിലും ആയ എല്ലാ അധികാരികളുടെയും കർത്തവ്യമാണ്.

12-05-2015-ലെ വിജ്ഞാപനം ഞങ്ങൾ ശ്രദ്ധാപൂർവ്വം പരിശോധിച്ചു. എന്നിരു

ന്നാലും, 13-ാം ഖണ്ഡികയിൽ അടങ്ങിയിരിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം നല്ല ശമരിയക്കാർ 'ബഹിരംഗമായ അംഗീകാരം' അപ്രകാരം ആഗ്രഹിക്കുന്നുവെങ്കിൽ, സംസ്ഥാന സർക്കാർ നിർണ്ണയിക്കുന്ന പ്രകാരമുള്ള ഒരു മാതൃകാ ഫോർമാറ്റിൽ നൽകേണ്ടതാണ്. ഞങ്ങളുടെ അഭിപ്രായത്തിൽ, അത്തരം ഫോർമാറ്റ് നിർണ്ണയിക്കുന്ന സമയം വരെ ശൂന്യത പാടില്ല എന്നതുകൊണ്ട്, നല്ല ശമരിയക്കാരൻ അങ്ങനെ ആഗ്രഹിക്കുന്നപക്ഷം, പരിക്കേറ്റ വ്യക്തിയെ പ്രസ്തുത ശമരിയക്കാരൻ കൊണ്ടുവന്നിട്ടുള്ള താണെന്ന് സ്ഥിരീകരിച്ചുകൊണ്ട് ശമരിയക്കാരന്റെ പേര്, മേൽവിലാസം, സമയം, തീയതി, സംഭവസ്ഥലം എന്നിവ സൂചിപ്പിച്ചുകൊണ്ട് ഇടവേള കാലയളവിൽ ഔപചാരികമായ ലെറ്റർ പാഡ് മുതലായവയിൽ ബഹിരംഗമായ അംഗീകാരം നൽകണമെന്ന് ഞങ്ങൾ നിർദ്ദേശിക്കുന്നു.

ഖണ്ഡിക 2(vii)-ൽ അടങ്ങിയിരിക്കുന്നതുപോലെ നല്ല ശമരിയക്കാരനെ പോലീസ് വിസ്തരിക്കുന്നതു സംബന്ധിച്ച 21-1-2016-ലെ വിജ്ഞാപനം ഞങ്ങൾ പരിശോധിക്കുകയും ആയത് ഞങ്ങൾ പരിഷ്ക്കരിക്കുകയും ചെയ്തിട്ടുള്ളത് താഴെ പറയുന്ന രീതിയിൽ വായിക്കേണ്ടതാണ്.

"നല്ല ശമരിയക്കാരന്റെ സത്യവാങ്മൂലം ഫയൽ ചെയ്യുകയാണെങ്കിൽ, അന്വേഷണം നടത്തുന്ന വേളയിൽ പോലീസ് ഉദ്യോഗസ്ഥന്റെ പൂർണ്ണ സാക്ഷിമൊഴിയായി ഗണിക്കേണ്ടതാണ്. സാക്ഷിമൊഴി രേഖപ്പെടുത്തേണ്ടി വരുന്ന സംഗതിയിൽ ഒറ്റ വിസ്താരത്തിൽത്തന്നെ പൂർണ്ണ സാക്ഷിമൊഴിയായി രേഖപ്പെടുത്തേണ്ടതാണ്."

12-5-2015-ലെയും 21-1-2016-ലെയും വിജ്ഞാപനങ്ങളിലെ ശേഷിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിക്കപ്പെടുകയും ഞങ്ങൾ വരുത്തിയിട്ടുള്ള മുകളിൽ പറഞ്ഞ പരിഷ്കാരങ്ങളോടുകൂടി കൊണ്ടുവന്ന മാർഗ്ഗ നിർദ്ദേശങ്ങൾ കേന്ദ്രഭരണ പ്രദേശങ്ങളിലും സംസ്ഥാന സർക്കാരുകളിലെയും എല്ലാ ഉദ്യോഗസ്ഥരും ഭാരതത്തിലെ ഭരണഘടനയുടെ അനുച്ഛേദം 142 കൂട്ടിവായിച്ചുകൊണ്ട് അനുച്ഛേദം 32 പ്രകാരം ഈ കോടതി പ്രതിപാദിച്ച നിയമം എന്നപോലെ പാലിക്കേണ്ടതും ആയതിനെ അനുച്ഛേദം 141-ലെ ആജ്ഞ എന്ന പ്രകാരം ബാദ്ധ്യസ്ഥമാകുന്നതുമാണെന്ന് കരുതേണ്ടതുമാണ്.

കാലതാമസത്തിനും ചെലവുകൾക്കും അസൗകര്യത്തിനും കാരണമാകുന്നതുകൊണ്ട് നല്ല ശമരിയക്കാർ കോടതിയിൽ ഹാജരാകുന്നതിന് സാധാരണയായി നിർബന്ധിക്കാൻ പാടില്ലായെന്നും കൂടി ഞങ്ങൾ നിർദ്ദേശിക്കുന്നു. രേഖപ്പെടുത്തുന്ന കാരണങ്ങൾകൊണ്ട് നല്ല ശമരിയക്കാരുടെ നേരിട്ടുള്ള സാന്നിദ്ധ്യം കോടതിയിൽ അത്യാവശ്യമല്ലെന്ന് കരുതുന്ന പക്ഷം, ബന്ധപ്പെട്ട കോടതി, 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയിലെ 284-ാം വകുപ്പിൽ അടങ്ങിയിരിക്കുന്ന വ്യവസ്ഥകൾക്കനുസൃതമായി സ്വമേധയായോ അതിലേയ്ക്കായി സമർപ്പിച്ച ഒരു അപേക്ഷയിന്മേലോ നല്ല ശമരിയക്കാരനെ വിസ്തരിക്കുന്നതിനായി കമ്മീഷനെ നിയമിക്കുന്നതിന് അധികാരം വിനിയോഗിക്കേണ്ടതാണ്.

ത്രിപുര സംസ്ഥാനത്തിനും ഒറീസ്സ സംസ്ഥാനത്തിനും വേണ്ടി സത്യവാങ്മൂലങ്ങൾ ഫയൽ ചെയ്തിട്ടുണ്ട്. അവർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. എന്നിരുന്നാലും, നടത്തിപ്പ് ഈ ഉത്തരവിന്റെ ഭാഗമാക്കി മാറ്റപ്പെട്ട റോഡ് ഗതാഗതവും & ഹൈവേകളും മന്ത്രാലയം പുറപ്പെടുവിച്ച മുകളിൽ പറഞ്ഞ മാർഗ്ഗ നിർദ്ദേശങ്ങളിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതിനേക്കാൾ കുറവാകാൻ പാടില്ലാത്തതും

അതിനനുസരണമായി സംസ്ഥാന സർക്കാരുകൾ പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട എല്ലാവർക്കും ബാധകമായതും കരുതലോടെ പാലിക്കേണ്ട തുമാണ്. എന്നിരുന്നാലും, നല്ല ശമരിയ ക്കാരന്റെ സംരക്ഷണത്തെ സംബന്ധിച്ചുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ 1988-ലെ മോട്ടോർ വാഹനങ്ങൾ ആക്റ്റിലെ 134-ാം വകുപ്പിൽ എടുത്തുപറയുന്നതു പോലെ ഒരു റോഡ് അപകടത്തിൽ ഉൾപ്പെടുന്ന ഒരു മോട്ടോർ വാഹനത്തിലെ ഡ്രൈവറുടെ ബാദ്ധ്യതയ്ക്ക് മുൻവിധി ഇല്ലാതായിരിക്കണമെന്ന് ഇതിനാൽ വ്യക്തത വരുത്തുന്നു.

ഞങ്ങൾ എല്ലാ ബന്ധപ്പെട്ടവർക്കും, കമ്മിറ്റിയിലെ അംഗങ്ങൾക്കും, ബന്ധപ്പെട്ട വകുപ്പിനും, പാണ്ഡിത്യമുള്ള സോളിസിറ്റർ ജനറലിനും മാർഗ്ഗനിർദ്ദേശങ്ങൾ രൂപീ കരിക്കുന്നതിൽ നടത്തിയ ശ്രമങ്ങൾക്കും, അനുയോജ്യമായ നിയമനിർമ്മാണ വ്യവസ്ഥകൾ കൊണ്ടുവരുന്നതു വരെ മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിക്കാവുന്ന താണെന്നും പ്രാബല്യത്തിൽ കൊണ്ടു വരാവുന്ന താണെന്നും സമ്മതിച്ചിട്ടുള്ള മറ്റു കക്ഷികൾക്കു വേണ്ടിയുള്ള അഭിഭാഷ കന്റെ അനുകൂലമായ സമീപനത്തിനും ഞങ്ങളുടെ അഭിനന്ദനം രേഖപ്പെടുത്തുന്നു.

കേന്ദ്ര സർക്കാർ ഉണ്ടാക്കിയിട്ടുള്ള ഈ പദ്ധതിയും ഈ ഉത്തരവും പൊതുജന നന്മയ്ക്കായി ഇലക്ട്രോണിക് മാദ്ധ്യമങ്ങളി ലൂടെയും അച്ചടി മാദ്ധ്യമത്തിലൂടെയും പരക്കെ പ്രസിദ്ധീകരിക്കണമെന്ന് ഞങ്ങൾ നിർദ്ദേശിക്കുകയും അങ്ങനെ പൊതു ജനങ്ങളെ ആയതിനെക്കുറിച്ച് ബോധമുള്ള വരാക്കുകയും അത് നല്ല ശമരിയക്കാർക്ക് പീഡനത്തിന്റെ അപായസാദ്ധ്യതകളൊന്നും കൂടാതെ അവരിൽ അനുഗ്രഹിച്ചരുളി യിരിക്കുന്ന കാലോചിതമായ സഹായവും സംരക്ഷണവും വ്യാപിപ്പിക്കുവാൻ പ്രചോദനമാകുന്നതിന് ഉതകുന്നതുമാണ്.

മുകളിൽ പറഞ്ഞ നിർദ്ദേശങ്ങൾ കണക്കിലെടുത്ത് റിട്ട് ഹർജി അനുവദി ച്ചിരിക്കുന്നു. ചെലവിനെ സംബന്ധിച്ച് ഉത്തരവൊന്നുമില്ല.

*——————*

## ബഹു. സുപ്രീം കോടതി മുമ്പാകെ

ബഹു. ജസ്ററിസ് ജെ. ചെലമേശ്വർ

ബഹു. ജസ്ററിസ് ശിവ കീർത്തി സിംഗ്

ബഹു. ജസ്ററിസ് അഭയ് മനോഹർ സപ്രേ

പ്രഭു ചൗള
അഭി
രാജസ്ഥാൻ സർക്കാരും മറ്റൊരാളും

ക്രിമിനൽ അപ്പീൽ നമ്പർ 842/2016

(പ്രത്യേകാനുമതി ഹർജ്ജി (ക്രിമിനൽ) നമ്പർ 3314/2009-ൽ നിന്നും ഉത്ഭവിച്ചത്)
കൂടെ
ക്രിമിനൽ അപ്പീൽ നമ്പർ 844/2016

(പ്രത്യേകാനുമതി ഹർജ്ജി (ക്രിമിനൽ) നമ്പർ 4744/2009-ൽ നിന്നും ഉത്ഭവിച്ചത്)
&
ക്രിമിനൽ അപ്പീൽ നമ്പരുകൾ 845-846/2016

(പ്രത്യേകാനുമതി ഹർജ്ജി (ക്രിമിനൽ) നമ്പരുകൾ 1554-1555/2011-ൽ നിന്നും ഉത്ഭവിച്ചത്)
2016 സെപ്തംബർ 5-ന് വിധി കല്പിച്ചത്

### വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ

**സിആർപിസി വകുപ്പ് 482-സഹജാധികാരം-സിആർപിസി വകുപ്പ് 397 പ്രകാരമുളള ഇതര പരിഹാര ലഭ്യത-ക്രിമിനൽ റിവിഷൻ - 482-ാം വകുപ്പ് പ്രകാരമുളള സഹജാധികാരം പ്രയോഗിക്കുന്നതിന് എതിരല്ല - ഹർജ്ജി അനുവദിച്ചു.**

### വിധിന്യായം

ജസ്റ്റിസ് ശിവ കീർത്തി സിംഗ്

1. അനുമതി നൽകി.

2. പ്രഭു ചൗളയുടെയും ജഗദീഷ് ഉപാസനെയും മറ്റുളളവരുടേയും അപ്പീലുകൾ ആണ് ആദ്യം ഞങ്ങളെടുക്കുന്നത് എന്തെന്നാൽ ഈ രണ്ട് ക്രിമിനൽ അപ്പീലു

കളും ജോധ്പൂരിലുള്ള രാജസ്ഥാൻ ഹൈക്കോടതി നീതിന്യായ മണ്ഡലം, ക്രിമിനൽ നടപടി നിയമസംഹിതയിലെ (ചുരുക്കത്തിൽ സിആർപിസി) വകുപ്പ് 482 പ്രകാരം അപ്പീൽവാദികൾ സമർപ്പിച്ച ഹർജ്ജികൾ 02.04.2009-ലെ ഒരു പൊതുവായ ഉത്തരവിലൂടെ തള്ളിയത് എതിർക്കുവാൻ ശ്രമിക്കുന്നു. രാജസ്ഥാൻ ഹൈക്കോടതിയുടെ സഞ്ജയ് ഭണ്ഡാരി അഭി രാജസ്ഥാൻ സർക്കാർ (2009 (1) സി ആർ എൽ ആർ (രാജ.) 282) എന്ന കേസിന്റെ (മറ്റ് ബന്ധപ്പെട്ട അപ്പീലിൽ ചോദ്യം ചെയ്യപ്പെടുന്നത്) വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ സിആർപിസി വകുപ്പ് 397 പ്രകാരമുള്ള പരിഹാര ലഭ്യത സിആർപിസി വകുപ്പ് 482 പ്രകാരമുള്ള ഒരു അപേക്ഷ നൽകുന്നതിന് യോഗ്യമാക്കുന്നില്ലെന്ന് സ്ഥാപിച്ചിരിക്കുന്നതിനാൽ ഈ ഹർജ്ജികൾ യോഗ്യമാക്കപ്പെടുകയില്ലെന്നു ഹൈക്കോടതി വിധിച്ചു.

3. ഈ സംഗതികളെല്ലാം പ്രത്യേകാനുമതി ഹർജ്ജി പരിഗണിക്കുന്ന ഘട്ടത്തിൽ, 5-7-2013-ൽ, ഒരു ഡിവിഷൻ ബെഞ്ച് ഹൈക്കോടതിയുടെ ചോദ്യം ചെയ്യപ്പെട്ട ഉത്തരവ് ധരിവാൾ ടുബാക്കോ പ്രോഡക്റ്റുകൾ ലിമിറ്റഡും മറ്റുള്ളവരും അഭി മഹാരാഷ്ട്ര സർക്കാരും മറ്റുള്ളവരും ((2009) 2 എസ് സി സി 370) എന്ന കേസിൽ പ്രസ്താവിക്കപ്പെട്ടിട്ടുള്ള നിയമത്തിന് എതിരായിട്ട് വന്നേക്കാമെന്ന് കണ്ടെത്തി. ആ കേസിൽ ഡിവിഷൻ ബെഞ്ച്, ക്രിമിനൽ നടപടി നിയമ സംഹിതയിലെ 397-ാം വകുപ്പു പ്രകാരമുള്ള ക്രിമിനൽ റിവിഷൻ എന്ന ഇതര പരിഹാര ലഭ്യത ഉള്ളതുകൊണ്ട് ക്രിമിനൽ നടപടി നിയമസംഹിതയിലെ വകുപ്പ് 482 പ്രകാരമുള്ള ഒരു അപേക്ഷ നിരസിക്കുന്നതിനുള്ള ഒരു നല്ല കാരണമായി കണക്കാക്കുവാൻ കഴിയുന്നതല്ല എന്ന നിയമ തത്ത്വത്തിനോട് യോജിച്ചു. ഈ കോടതിയുടെ പിന്നീടുള്ള ഒരു ഡിവിഷൻ ബെഞ്ചിന്റെ വിധിന്യായം, മോഹിത് എലിയാസ് സോനുവും മറ്റൊരാളും അഭി ഉത്തർ പ്രദേശ് സംസ്ഥാനവും മറ്റൊരാളും (2013) 7 എസ് സി സി 789) എന്ന കേസിൽ ചോദ്യം ചെയ്യപ്പെടുന്ന ഒരു ഉത്തരവ് ഇടക്കാല സ്വഭാവത്തിലല്ലാത്തതും ഹൈക്കോടതിയുടെ റിവിഷണൽ അധികാരിതയ്ക്കു വിധേയമായതുമാണെങ്കിൽ ഹൈക്കോടതിയുടെ സഹജാധികാരിത വിനിയോഗിക്കുന്നതിന് ഒരു തടസ്സമുണ്ട് എന്ന് വിധിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെടുകയും ചെയ്തു. അത്തരത്തിലുള്ള തർക്കത്തെ സംബന്ധിച്ച്, ഈ കേസുകൾ ബഹുമാനപ്പെട്ട ചീഫ് ജസ്റ്റിസ് ഒരു വലിയ ബെഞ്ചിലേക്ക് റഫർ ചെയ്യുന്നതിന് നിർദ്ദേശിച്ചുകൊണ്ട് വെക്കപ്പെടുകയും അങ്ങനെയാണ് ഈ സംഗതികൾ തർക്ക പരിഹാരത്തിനായി ഈ ബെഞ്ചിന് മുമ്പാകെ വന്നിട്ടുള്ളത്.

4. ഈ അപ്പീലുകളിലെ വസ്തുതകൾ ഞങ്ങളെ പിൻതിരിപ്പിക്കുന്നില്ല എന്തെന്നാൽ രാജസ്ഥാൻ ഹൈക്കോടതിയുടെ ചോദ്യം ചെയ്യപ്പെട്ട ഉത്തരവിലെ നിലപാട്, നിയമത്തിനെതിരെയുള്ളതും അതുകൊണ്ട് തന്നെ സിആർപിസി വകുപ്പ് 482 പ്രകാരമുള്ള ഹൈക്കോടതിയുടെ സഹജാധികാരങ്ങളുടെ ലഭ്യമായിട്ടുള്ള പരിധിക്കകത്ത് നിന്നുകൊണ്ട് യോഗ്യതകളിന്മേൽ വീണ്ടും പരിഗണിക്കുന്നതിലേയ്ക്കായി സംഗതികൾ ഹൈക്കോടതിയിലേയ്ക്ക് തിരിച്ചയക്കേണ്ടതുണ്ട് എന്നതാണ് ഞങ്ങളുടെ പരിഗണിക്കപ്പെട്ട അഭിപ്രായം. ഈ രണ്ട് അപ്പീലുകളിലും, 30.11.2006-ൽ 1669/2006 എന്ന പരാതിയിൽ ജോധ്പൂരിലെ പാണ്ഡിത്യമുള്ള ജുഡീഷ്യൽ മജിസ്ട്രേറ്റ് നമ്പർ 3 പാസ്സാക്കിയ ഒരു ഉത്തരവിൽ നിന്നും ഉത്ഭവിച്ചിട്ടുള്ള ഹൈക്കോടതി മുമ്പാകെയുള്ള പലവക അപേക്ഷകളിൽ അതിൽ ഭാരത ശിക്ഷാ നിയമസംഹിതയിലെ 228 എ വകുപ്പനുസരിച്ച് അപ്പീൽ വാദികൾക്കെതിരെ വിചാരണയ്ക്കെടുക്കുകയും അവരെ ജാമ്യം


5/163/2017 - 3

ലഭിക്കുന്ന വാറണ്ടുകൾ മുഖേന ഈ കേസിലെ അനന്തര നടപടി അഭിമുഖീകരിക്കുന്നതിന് വിളിച്ചുവരുത്തിയിട്ടുള്ളതുമാണ് എന്ന് കുറിക്കേണ്ടതാവശ്യമാണ്.

5. അപ്പീൽ വാദികൾക്കുവേണ്ടിയുള്ള പാണ്ഡിത്യമുള്ള മുതിർന്ന അഭിഭാഷകൻ ശ്രീ.പി.കെ ഗോസ്വാമി, ധരിവാൾ ടുബാക്കോ പ്രോഡക്റ്റുകൾ ലിമിറ്റഡ് (മുകളിലത്തെ) എന്ന കേസിൽ ഈ കോടതി എടുത്ത നിലപാടിനെ പിൻതാങ്ങി. ഈവിധിന്യായത്തിലെ 6-ാം ഖണ്ഡികയിൽ ജസ്റ്റിസ് എസ്.ബി. സിൻഹ, "ഒരു റിവിഷൻ അപേക്ഷ നിലനിൽക്കുന്നുള്ളതുകൊണ്ട് മാത്രം, നിയമസംഹിതയിലെ 482-ാം വകുപ്പ് പ്രകാരമുള്ള ഒരപേക്ഷ സ്വീകരിക്കുന്നതിന് ഒരു തടസ്സമാകുന്നില്ല" എന്ന ഒരു തീരുമാനത്തിലെത്താൻ ആർ.പി.കപൂർ അഭി പഞ്ചാബ് സർക്കാർ (എ ഐ ആർ 1960 എസ് സി 866), സോം മിറ്റൽ അഭി കർണ്ണാടക സർക്കാർ (2008) 3 എസ് സി സി 574) ഉൾപ്പെടെയുള്ള ഈ കോടതിയുടെ അനവധി മുൻ വിധിന്യായങ്ങൾ കണക്കിലെടുത്തു രാജ്കപൂറും മറ്റുള്ളവരും അഭി സർക്കാരും മറ്റുള്ളവരും ((1980) 1 എസ് എസ് സി 43) എന്ന കേസിലെ ഒരു ഡിവിഷൻ ബഞ്ചിന്റെ ജസ്റ്റിസ് കൃഷ്ണയ്യരുടെ വിധിന്യായത്തിലും കൂടി മിസ്റ്റർ ഗോസ്വാമി ശക്തമായി ആശ്രയം അർപ്പിച്ചു. മധു ലിമായെ അഭി മഹാരാഷ്ട്ര സർക്കാർ ((1977) 4 എസ് സി സി 551) എന്ന കേസിൽ മൂന്ന് ജഡ്ജിമാർ ഉൾപ്പെട്ട ഒരു ബെഞ്ചിന്റെ വിധിന്യായത്തെ ആശ്രയിച്ചുകൊണ്ടും അതിൽ നിന്നും ഉദ്ധരിക്കുകയും ചെയ്തത്, ജസ്റ്റിസ് കൃഷ്ണയ്യർ അദ്ദേഹത്തിന്റെ അതുല്യമായ രീതിയിൽ ഈ നിയമം സ്ഫടികം പോലെ 10-ാം ഖണ്ഡികയിൽ വ്യക്തമാക്കിയിട്ടുള്ളത് താഴെകൊടുത്തിട്ടുള്ളതു പോലെയാണ്:

"10. 482-ാം വകുപ്പിൻ കീഴിൽ ഹൈക്കോടതിയ്ക്കുള്ള സഹജാധികാരം 397-ാം വകുപ്പിൻ കീഴിലുള്ള റിവിഷണൽ അധികാരത്തെ അതിക്രമിക്കുന്നതിന് പ്രതിരോധിക്കപ്പെടുമോ എന്നതാണ് ആദ്യത്തെ ചോദ്യം. ഈ വാദഗതിയെ വകുപ്പിന്റെ ആരംഭ വാക്കുകൾ എതിർക്കുന്നു എന്തെന്നാൽ ഈ നിയമസംഹിതയിലെ യാതൊന്നും തന്നെ, 397-ാം വകുപ്പ് പോലും, 482-ാം വകുപ്പിന്റെ വിവിധ പദങ്ങളിലൂടെയുള്ള ഭാഷയിൽ സൂക്ഷിച്ചിരിക്കുന്ന സഹജാധികാര വിസ്തൃതിയെ ബാധിക്കുന്നതിന് കഴിയുന്നതല്ല.

അങ്ങനെയായാൽപോലും, ഒരു പ്രത്യേക വ്യവസ്ഥ ഉള്ളിടത്ത് നിയമത്തിന്റെ ഈ വിഭാഗത്തിൽ, ഒരു പൊതു തത്വം വ്യാപിക്കുന്നതാണ്: നിർബന്ധിത ചുറ്റുപാടുകളിൽ ഒഴികെ സഹജാധികാരം എളുപ്പത്തിൽ തേടുന്നത് ശരിയല്ലാത്തതാണ്. അധികാരിതയില്ലയെന്നുള്ളതല്ല എന്നാൽ മേൽപ്പറഞ്ഞ നിയമസംഹിതയിലെ സഹജാധികാരം പ്രത്യേക അധികാരത്തിനുവേണ്ടി നീക്കി വച്ചിരിക്കുന്ന മേഖലയിലേക്ക് അതിക്രമിച്ചു കൂടാ. മധു ലിമായെ അഭി മഹാരാഷ്ട്ര സർക്കാർ എന്ന കേസ്സിൽ ഈ കോടതി വിശദമായി, വലിയ ആദരവോടുകൂടി ഞാൻ പറയുകയാണെങ്കിൽ, ശരിയായി ചർച്ച ചെയ്ത് നിയമം സംശായതീതമായി വേർതിരിച്ചിട്ടുണ്ട്. 482-ാം വകുപ്പ് വ്യാപ്തിയുള്ളതായിരിക്കുമ്പോഴും ഇതേ നിയമസംഹിതയിൽ എഴുതപ്പെട്ടിരിക്കുന്ന നിയമവിലക്കുകൾ, അത്തരം ഉദാഹരണത്തിനായി 397(2) വകുപ്പിൽ, തകിടം മറിക്കുവാൻ പാടില്ലാത്തതാണ് എന്നത് ശരിയാണ്. ചില സന്ദർഭങ്ങളിൽ ഈ രണ്ടു വ്യവസ്ഥകൾ തമ്മിൽ വ്യക്തമായ തർക്കം പ്രത്യക്ഷപ്പെടാറുള്ളതും ഒരു സന്തോഷകരമായ പരിഹാരം, "397-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന തടസ്സം ഹൈക്കോടതിയുടെ റിവിഷണൽ അധികാരം വിനിയോഗിക്കുന്നതിൽ മാത്രമാണ് അർത്ഥമാക്കുന്നത് എന്തെന്നാൽ യാതൊരു ഇടക്കാല ഉത്തരവിനെ സംബന്ധിച്ചും ഹൈക്കോടതിക്ക് റിവിഷണൽ അധികാരമില്ലാ എന്നതാണ്. അപ്പോൾ മുകളിൽ എടുത്തു പറഞ്ഞ ഒന്നോ അല്ലെങ്കിൽ മറ്റ് തത്വങ്ങളനുസരിച്ച് സങ്കടമനുഭവിക്കുന്ന ആളിന്റെ പരാതി പരിഹരിക്കുന്നതിന്, നിയമസംഹിതയിൽ മറ്റൊരു വ്യവസ്ഥയും ഇല്ലാതിരിക്കെ സഹജാധികാരം പ്രവർത്തനത്തിൽ വരുന്നു. എന്നാൽ അപ്പോഴും, ചോദ്യം ചെയ്യപ്പെട്ട ഉത്തരവ് ശുദ്ധ ഇടക്കാല സ്വഭാവമു

ളളതാണെങ്കിൽ, അത് 1898-ലെ നിയമസംഹിത യിലെ ഹൈക്കോടതിയുടെ റിവിഷണൽ അധി കാരമുപയോഗിച്ച് തിരുത്തപ്പെടാവുന്നതാണെ ങ്കിൽ ഹൈക്കോടതി അതിന്റെ സഹജാധികാരം ഉപയോഗിക്കാൻ വിസമ്മതിക്കുന്നതാണ്. എന്നാൽ ചോദ്യം ചെയ്യപ്പെട്ട ഉത്തരവ് വ്യക്ത മായും കോടതിയുടെ നടപടികൾ ദുരുപയോഗം ചെയ്യുന്ന ഒരന്തരീക്ഷം കൊണ്ടുവരുകയോ നീതി നേടിയെടുക്കുന്നതിനായി ഹൈക്കോടതിയുടെ ഇടപെടൽ തികച്ചും അനിവാര്യമായി വരുന്നിട ത്തോളം 397 (2) വകുപ്പിൽ എന്തുതന്നെയടങ്ങി യിരുന്നാലും സഹജാധികാരം ഹൈക്കോടതി നടപ്പിലാക്കുന്നത് നിയന്ത്രിക്കുന്നതിനോ തടയുന്നതിനോ കഴിയുന്നതല്ല. എന്നാൽ അങ്ങ നെയുളള കേസുകൾ കുറച്ചും തമ്മിൽ അകലമുള്ളതുമായിരിക്കും. ഹൈക്കോടതി സഹജാധികാരം വളരെ സൂക്ഷ്മത യോടെ ഉപ യോഗിക്കേണ്ടിയിരിക്കുന്നു. നിയമവിരുദ്ധമായും ഉപദ്രവകരമായും അധികാരിതയില്ലാതെയും ആരംഭിച്ചിട്ടുളള ഒരു ക്രിമിനൽ നടപടി അസാധുവാക്കേണ്ട ആവശ്യകത അങ്ങനെയുള്ള ഒരു കേസ്സിനാണ്".

ചുരുക്കത്തിൽ, കോടതി പ്രക്രിയയെ ദുരു പയോഗം ചെയ്യുന്നിടത്തോ മറ്റു അസാധാരണ മായ അന്തരീക്ഷം കോടതിയുടെ അധികാരി കത ഉണർത്തിവിടുന്നെങ്കിലോ സഹജാധികാരം വിനിയോഗിക്കുന്നതിന് ഒരു പൂർണ്ണമായ തട യലും ഇല്ലാത്തതാണ്. നിയന്ത്രണം സ്വയം നിയ ന്ത്രിക്കലാണ് കൂടുതലായി ഒന്നുമില്ല. ശുദ്ധവും ലളിതവുമായ ഇടക്കാല ഉത്തരവുകൾ, അനാവശ്യമായ വ്യവഹാരങ്ങൾക്കും കാലതാമ സത്തിനും ഇടയാക്കുന്ന വിധം ഹൈക്കോ ടതി വരെ വലിച്ചിഴക്കരുത് എന്ന നിയമത്തിന്റെ നയം വ്യക്തമാണ്. മറുതലത്തിൽ, കുപ്രസിദ്ധ മായ അനീതി കോടതിയുടെ മുഖത്ത് തുറിച്ചു നോക്കുന്നുണ്ടെങ്കിൽ, സഹജാധികാര മുപയോഗിച്ച് അന്തിമ ഉത്തരവുകൾ വ്യക്തമായും പരിഗണിക്കുവാൻ കഴിയുന്ന താണ്. അതിനിടയിൽ ജസ്റ്റിസ് ഉൺവാലിയ ചൂണ്ടിക്കാട്ടിയപോലെ ഉളള ഉദാഹരണം പോലെ ഒരു ശുദ്ധ ഇടക്കാല ഉത്തരവിനെക്കാളും കുറച്ചു കൂടുതലായിട്ടും ഒരന്തിമതീർപ്പിനേക്കാൾ കുറച്ച് കുറവായിട്ടും ഉളള ഒരു മൂന്നാമത്തെ തലം ഉണ്ട്. നിലവിലുളള കേസ്, ആ വിഭാഗ ത്തിൽപ്പെടുന്നതാണ്, അതിൽ കുറ്റാരോപിതൻ കോടതി നടപടിയിലൂടെയുളള പീഢനത്തെ ആരോപിക്കുന്നു. ഈ മൂന്നാം വിഭാഗത്തിൽ സഹജാധികാരം വിനിയോഗിക്കാൻ കഴിയുമെന്ന് നമുക്ക് പ്രസ്താവിക്കാമോ? ജസ്റ്റിസ് ഉൺവാലി യയുടെ വാക്കുകളിൽ (എസ്സ് സി സി പുറം 556 ഖണ്ഡിക 10).

"കോടതി നടപടിയുടെ ദുരുപയോഗം ചെയ്യൽ തടയുന്നതിനും/അല്ലെങ്കിൽ നീതി യുടെഅന്തസത്തയുടെ തേടൽ സുരക്ഷിത മാക്കുന്നതിനും ആ തടസ്സം പ്രവർത്തിക്കുന്നില്ല എന്ന മറുപടി വ്യക്തമാണ്. സങ്കടം അനുഭവിക്കുന്ന ഒരു കക്ഷി ഫയൽ ചെയ്ത പരാതിയുടെ തലക്കെട്ട് പ്രസക്തമല്ല. ഉചിതമായ ഒരു കേസിൽ ഈ സംഗതി ഹൈക്കോടതിക്ക് അതിന്റെ സഹജാധികാരങ്ങളുടെ കീഴിൽ പരിശോധിക്കാൻ കഴിയുന്നതാണ്. നിലവിലത്തെ കേസ്, സംശയാതീതമായി 1973-ലെ നിയമ സംഹിതയിലെ 482-ാം വകുപ്പ് അനുസരിച്ചുള്ള അധികാരം വിനിയോഗിക്കുന്ന തിന് വേണ്ടിയുള്ളതാണ്, അനുമാനി ച്ചാൽപോലും, സ്വീകരിക്കാതിരുന്നാലും, ഹൈക്കോടതിയുടെ റിവിഷണൽ അധി കാരത്തെ ആശ്രയിക്കുന്നത് അനുവദനീയ മല്ലാത്തതാണ്".

ഞങ്ങളുടെ മുമ്പിലുള്ള കേസിന്റെ സാഹ ചര്യത്തിൽ സഹജാധികാരം നിരാകരിച്ചിട്ടില്ല എന്നാണ് എനിക്ക് അതുകൊണ്ട് എന്റെ മനസ്സിൽ നിന്നും വ്യക്തമാകുന്നത്. ഇരുഭാഗം അഭിഭാഷകരും ലീഗാലിസ്റ്റിക്സിനോടുളള ഞങ്ങളുടെ അലർജിയെപ്പറ്റി വളരെ വേഗം പ്രതികരി ക്കുന്നതിനിട യിൽ, ചോദ്യം ചെയ്യപ്പെട്ട ഉത്തരവിന്റെ പകർപ്പ് ഔപചാരികമായി ഫയൽ ചെയ്യണമെന്നുള്ള ഭ്രാന്തമായ നിർബ്ബന്ധം ഈ കോടതിയുടെ സമയ മെടുക്കാൻ പാടില്ല എന്നത് ശരിയായി സമ്മതിച്ചിട്ടുള്ളതാണ്. കോടതിയിലെ രേഖകളിൽ അതിന്റെ സാന്നിദ്ധ്യമുണ്ടായി രുന്നിട്ടും ഉത്തരവിന്റെ ഒരു പകർപ്പ് ഹാജരാ ക്കിയില്ല എന്നതുകൊണ്ട് മാത്രം റിവിഷണൽ അധികാരം മൊത്തമായും തകർക്കപ്പെടും എന്നും സഹജാധികാരം ഉപ യോഗയോഗ്യമല്ലാത്തതാക്കുമെന്നും എന്ന് വിധി ക്കുന്നതിന് എനിക്ക് കഴിയുന്നതല്ല എന്നതിൽ ഇരുഭാഗങ്ങളിലുമുള്ള അഭിഭാഷകരുടെ ഔദാര്യത്തോട് ഞങ്ങളുടെ നിഗമനവും യോജിക്കുന്നു".

6. ഞങ്ങളുടെ പരിഗണിതമായ കാഴ്ചപ്പാടിൽ, ക്രിമിനൽ നടപടി നിയമസംഹിതയിലെ 482-ാം വകുപ്പിൻ കീഴിൽ ഹൈക്കോടതിയുടെ സഹജാധികാരത്തെ സംബന്ധിച്ചുള്ള വിവാദ്യകവുമായി ബന്ധപ്പെട്ടുപോലും ഈ നിയമം വിശദീകരിക്കാനുള്ള ഏതു ശ്രമവും അനാവശ്യമാണ്. 482-ാം വകുപ്പ് തുടങ്ങുന്നത് തന്നെ എന്തുതന്നെ അടങ്ങിയിരുന്നാലും എന്ന ഖണ്ഡം കൊണ്ടാണ് എന്ന് ഞങ്ങൾക്ക് ലളിതമായി എടുത്തുപറയുന്നതിനുവേണ്ടി പുനരുദ്ധരിക്കുന്നു: "ഈ നിയമസംഹിതയിലെ യാതൊന്നും ഈ നിയമസംഹിതയിൻകീഴിലുള്ള ഏതെങ്കിലും ഉത്തരവിന് പ്രഭാവം നൽകുവാനോ, അല്ലെങ്കിൽ ഏതെങ്കിലും കോടതി പ്രക്രിയ ദുരുപയോഗപ്പെടുത്തുന്നത് തടയുവാനോ, അല്ലെങ്കിൽ മറ്റുവിധത്തിൽ നീതിയുടെ ലക്ഷ്യങ്ങൾ സാധിക്കുന്നതിനോ, ആവശ്യമായ ഉത്തരവുകൾ ഉണ്ടാക്കുന്നതിനുള്ള ഹൈക്കോടതിയുടെ സഹജാധികാരത്തെ പരിമിതപ്പെടുത്തുന്നതായോ, ബാധിക്കുന്നതായോ കരുതപ്പെടുന്നതല്ല". ഒരു ശക്തമായ കാരണത്തിൽ, ജസ്റ്റിസ് കൃഷ്ണയ്യരുടെ വാക്കുകളിൽ, "കോടതിയുടെ പ്രക്രിയയുടെ ദുരുപയോഗമോ അല്ലെങ്കിൽ മറ്റു അസാധാരണ സാഹചര്യത്തിൽ കോടതിയുടെ അധികാരിതയെ ഇളക്കിമറിക്കുമ്പോഴോ ആ പരിധി ആത്മനിയന്ത്രണമാണ് കൂടുതലായി ഒന്നുമില്ല". അത്തരം മൊത്തത്തിലുള്ള അധികാരിത വിനിയോഗിക്കുന്നതിൽ, യാതൊരു പൂർണ്ണമായ തടയലിനും കഴിയുന്നതല്ല. പിന്താങ്ങുന്നതിനായി ഒരു കാരണം കൂടി കൂട്ടിചേർക്കുന്നതിന് ഞങ്ങൾ തുനിയുന്നു. ക്രിമിനൽ നടപടി നിയമസംഹിതയിലെ 397-ാം വകുപ്പ് ഇടക്കാല ഉത്തരവ് അല്ലാതെയുള്ള എല്ലാ ഉത്തരവുകളേയും ആകർഷിക്കുമെന്നാൽ ഒരെതിർ അഭിപ്രായമായിട്ട് സിആർപിസി 482-ാം വകുപ്പിന് കീഴിലുള്ള സഹജാധികാര ലഭ്യത നിസ്സാരമായ ഇടക്കാല ഉത്തരവുകൾക്ക് മാത്രമായി ചുരുങ്ങിയേക്കാം എന്നതാണ്. പൂർണ്ണമായും അനാവശ്യമായതും അനഭിലഷണീയമായതുമായ ഒരു സാഹചര്യം.

7. ഒരു പ്രത്യാഘാതം പോലെ, ഡിവിഷൻ ബഞ്ച് മോഹിത് എലിയാസ് സോനുവും മറ്റൊരാളും (മുകളിലത്തെ) എന്ന കേസിൽ 28-ാം ഖണ്ഡികയിൽ പ്രത്യേകിച്ചും, ക്രിമിനൽ നടപടി നിയമസംഹിതയിലെ 482-ാം വകുപ്പിൽ ഹൈക്കോടതിയുടെ സഹജാധികാരത്തെ സംബന്ധിച്ച് പ്രസ്താവിച്ച നിയമം ശരിയായിട്ടല്ല പ്രസ്താവിച്ചിരിക്കുന്നത് എന്ന് വിധിക്കാൻ ഞങ്ങൾ നിർബന്ധിതരാണ്. ഞങ്ങൾ വിനയപൂർവ്വം ഞങ്ങളുടെ വിയോജിപ്പ് രേഖപ്പെടുത്തുന്നു.

8. ഞങ്ങളുടെ പരിചിന്തിത അഭിപ്രായത്തിൽ, ഹൈക്കോടതിയിലെ പാണ്ഡിത്യമുള്ള സിംഗിൾ ജഡ്ജി ധരിവാൽ ടുബാക്കോ പ്രോഡക്റ്റുകൾ ലിമിറ്റഡ് (മുകളിലത്തെ) എന്ന കേസിലും മറ്റു മുമ്പുള്ള കേസുകൾ ഉദ്ധരിച്ചിട്ടുള്ളതിലും ഈ കോടതി പ്രതിപാദിച്ച നിയമം പിന്തുടരേണ്ടതാണ്, എന്നാൽ ആ കോടതിയുടെ പ്രത്യേകാനുമതി ഹർജ്ജി നം. 4744/2001-ൽ നിന്ന് ഉത്ഭവിച്ചിട്ടുള്ളതുമായിട്ട് ബന്ധപ്പെട്ട ക്രിമിനൽ അപ്പീലിൽ ചോദ്യം ചെയ്യപ്പെട്ട സഞ്ജയ് ഭണ്ഡാരി (മുകളിലത്തെ) എന്ന കേസ്സിൽ മറ്റൊരു വിധിന്യായത്തിന് മറ്റൊരു സിംഗിൾ ജഡ്ജി എസ്.ബി. ക്രിമിനൽ പലവക അപേക്ഷ നം. 289/2006-ൽ 05-02-2009-ൽ പാസ്സാക്കിയ വിധിന്യായത്തിന് മുൻഗണന നൽകി അവ നിരാകരിച്ചിട്ടുള്ളതുമാണ്. അതിന്റെ ഫലമായി, ഇരു അപ്പീലുകളും, പ്രഭു ചൗള സമർപ്പിച്ച ഒന്നും ജഗദീഷ് ഉപാസനെയും മറ്റുള്ളവരും എന്ന മറ്റൊന്നും അനുവദിക്കപ്പെട്ടു. രാജസ്ഥാൻ ഹൈക്കോടതി 02-04-2009-ൽ പാസ്സാക്കിയ

ചോദ്യംചെയ്യപ്പെട്ട പൊതു ഉത്തരവ് ദുർബലപ്പെടുത്തുകയും ഹർജ്ജികൾ വീണ്ടും കേൾക്കുന്നതിലേയ്ക്കും സിആർപിസി വകുപ്പ് 482 പ്രകാരം മുകളിൽ വിവരിച്ച നിയമത്തിന്റെ വെളിച്ചത്തിലും നിയമത്തിനനുസരിച്ച് തീർപ്പ് കൽപ്പിക്കുന്നതിലേയ്ക്കായി ഈ സംഗതികൾ ഹൈക്കോടതിയിലേക്കു തിരിച്ചയക്കുന്നു. വളരെ നാളായി ഈ സംഗതികൾ തീർപ്പാക്കുന്നതിന് കിടന്നിരുന്നതിനാൽ വേഗത്തിൽ, അഭികാമ്യമായി ആറ് മാസത്തിനകം കേട്ടു തീരുമാനിക്കാൻ ഹൈക്കോടതിയോട് ആവശ്യപ്പെടുകയും ചെയ്യുന്നു.

9. മൂന്നാം അപ്പീലിൽ, ചോദ്യം ചെയ്യപ്പെട്ട ഉത്തരവ്, ജോധ്പൂരിലെ രാജസ്ഥാൻ ഹൈക്കോടതി നീതിന്യായമണ്ഡലം 05-02-2009-ൽ പാസ്സാക്കിയിട്ടുളളതും മറ്റു രണ്ട് അപ്പീലുകളിൽ ചോദ്യംചെയ്യപ്പെട്ട 02-04-2009-ലെ ഉത്തരവ് പാസ്സാക്കിയപ്പോൾ അതിൽ ആശ്രയമർപ്പിച്ചിട്ടുളളതും പിന്തുടർന്നിട്ടുളളതുമാണ്. ആ ഉത്തരവ് ദുർബലപ്പെടുത്തിക്കൊണ്ട് ആ അപ്പീലുകൾ അനുവദിക്കുമ്പോൾ അതുകൊണ്ട് ഈ അപ്പീലിലും ചോദ്യം ചെയ്യപ്പെട്ട ഉത്തരവ് ഇതേ കാരണങ്ങളാലും സിആർപിസി 482-ാം വകുപ്പിന്റെ ഉദ്ദേശ്യത്തെയും ആഴത്തെയുംപറ്റി ഞങ്ങൾ എടുത്തിട്ടുള്ള കാഴ്ചപ്പാടിനാലും ദുർബലപ്പെടുത്തേണ്ടതാണ്. അതുകൊണ്ട് ഈ അപ്പീലും അനുവദിച്ചിരിക്കുന്നതും മറ്റു രണ്ട് അപ്പീലുകളിലെ അതേ നിർദ്ദേശത്തോടെ ചോദ്യം ചെയ്യപ്പെട്ട ഉത്തരവ് അസ്ഥിരപ്പെടുത്തുകയും ചെയ്യുന്നു.

*——————*

# ബഹു. സുപ്രീം കോടതി മുമ്പാകെ

ബഹു. ജസ്ററിസ് അനിൽ ആർ. ദവേ

ബഹു. ജസ്ററിസ് ഉദയ് ഉമേഷ് ലളിത്

ബഹു. ജസ്ററിസ് എൽ. നാഗേശ്വര റാവു

ഗ്യാനി ചന്ദ്

*അഭി*

ആന്ധ്രപ്രദേശ് സർക്കാർ

സീവിൽ അപ്പീൽ നമ്പർ 5728/2005

2016 സെപ്തംബർ 20-ന് വിധി കല്പിച്ചത്

## വിധിന്യായത്തിലെ പ്രസക്തഭാഗങ്ങൾ

**കോടതിയുടെ ഭാഗത്തു നിന്ന്, ചെയ്യാൻ സാധിക്കാത്ത ചില കാര്യം ചെയ്യാൻ നിർദ്ദേശിക്കുന്നത് ന്യായമല്ലാത്തതും അങ്ങനെ ചെയ്യാൻ സാധിക്കാത്ത കാര്യം ചെയ്യാൻ ആവശ്യപ്പെടുകയും അയാൾ അത് ചെയ്യാൻ പരാജയപ്പെടുകയുമാണെങ്കിൽ അയാളെ കോടതിയലക്ഷ്യത്തിന് കുറ്റക്കാരനാണെന്ന് വിധിക്കുന്നതിന് കഴിയാത്തതുമാണ്.- അപ്പീൽ അനുവദിക്കപ്പെടുന്നു.**

### വിധിന്യായം

ജസ്ററിസ് അനിൽ ആർ. ദവേ.

1. കോടതിയലക്ഷ്യ കേസിൽ കുറ്റക്കാരനാണെന്ന് വിധിക്കപ്പെടുകയും ഒരാഴ്ച വെറും തടവിനും രൂ. 2000 പിഴ ഒടുക്കുന്നതിനും ശിക്ഷിക്കപ്പെടുകയും ചെയ്തുകൊണ്ട് ഹൈദരാബാദിലുള്ള ആന്ധ്രാപ്രദേശ് ഹൈക്കോടതിയുടെ കോടതിയലക്ഷ്യ കേസ് നമ്പർ 58/2005-ൽ 10-8-2005-ന് പാസ്സാക്കിയ വിധിന്യായത്തിലും ഉത്തരവിലും സങ്കടപ്പെട്ടാണ് അപ്പീൽവാദി ഈ അപ്പീൽ ഫയൽ ചെയ്തിട്ടുള്ളത്. അപ്പീൽവാദി ശിക്ഷ മുമ്പ് തന്നെ അനുഭവിച്ചു കഴിഞ്ഞതാണെന്ന് കുറിക്കുന്നത് ഇവിടെ പ്രസക്തമാണ്.

2. നിലവിലത്തെ വ്യവഹാരം ഉദിക്കാനുണ്ടായ തർക്കരഹിത വസ്തുതകളുടെ രത്നചുരുക്കം ചുവടെ ചേർക്കുന്നു:

"എപ്പോൾ രേഖകൾ ഹാജരാക്കണമെന്ന് നിർദ്ദേശിക്കുമ്പോൾ അവ തിരികെ ഏല്പിക്കും എന്നുള്ള ഒരു ഉറപ്പ്'' അപ്പീൽവാദി നൽകണം എന്ന ഹൈദരാബാദ് സിറ്റി സിവിൽ കോടതി അഡീഷണൽ ജഡ്ജി IX-ന് മുമ്പാകെയുള്ള ഒ.എസ്.നമ്പർ 231/1972-ൽ ഐ.എ നമ്പർ 11/1985 -ൽ ഒരു ഉറപ്പ് അയാൾ നൽകിയിരുന്നു. മേൽ പ്രസ്താവിച്ച കേസ്സിൽ അപ്പീൽവാദിയുടെ മാതാവ് മരണപ്പെട്ട ശാർദാബായി ഒരു കക്ഷിയായിരുന്നതും അത്

1981-ൽ തീർപ്പാക്കിയതുമാണ്. മേൽ കേസിൽ അപ്പീൽവാദിയുടെ മാതാവ് ഹാജരാക്കിയിരുന്ന ചില രേഖകൾ അവർ ആവശ്യപ്പെടുകയും അവരുടെ വാർദ്ധക്യകാലമാകയാൽ കോടതി മുമ്പാകെ അവർക്കു ഹാജരാകുവാൻ കഴിയാത്തതുകൊണ്ട് അവർ അപ്പീൽവാദിയോട് അവർക്കു വേണ്ടി രേഖകൾ തിരികെ കിട്ടാനപേക്ഷ നൽകുവാൻ ആവശ്യപ്പെടുകയും അതിനനുസൃതമായി, അപ്പീൽവാദി മരണപ്പെട്ട ശാർദാബായി, അപ്പീൽവാദിയുടെ മാതാവ്, ഹാജരാക്കിയിട്ടുള്ള രേഖകൾ തിരികെ കിട്ടുന്നതിലേക്ക് കോടതിയിൽ ഒരപേക്ഷ നൽകിയിരുന്നു. രേഖകൾ തിരിച്ചു നൽകവേ, മേൽ രേഖകൾ കോടതി എപ്പോൾ ആവശ്യപ്പെടുന്നുവോ അപ്പോൾ അയാൾ ഹാജരാക്കുന്നതാണ് എന്ന് കോടതിയിൽ ഒരു ഉറപ്പ് നൽകുന്നതിന് അയാളോട് ആവശ്യപ്പെട്ടു.

3. അപ്പീൽവാദിക്ക് കൈമാറിയ മേൽ രേഖകൾ, അയാൾ അയാളുടെ മാതാവ് മരണപ്പെട്ട ശാർദാബായിക്ക് നൽകി. ഹൈദരാബാദിലെ സിവിൽകോടതി, IX-ാം ജൂനിയർ സിവിൽ ജഡ്ജിയുടെ കോടതിയിൽ നിലനിന്നിരുന്ന ഒ.എസ്.നമ്പർ 231/1972-ലെ ഐ.എ നമ്പർ 632/2001-ൽ മേൽപ്പറഞ്ഞ രേഖകൾ ആവശ്യമായി വന്നു. മരണപ്പെട്ട ശാർദാബായി മേൽ രേഖകൾ അവർക്ക് നൽകിയത് അപ്പീൽവാദിയാണെന്നുള്ള വസ്തുത സമ്മതിക്കുകയും മേൽ നടപടികളിലെ അപ്പീൽവാദിക്ക് പ്രസ്തുത രേഖകൾ കിട്ടുന്നതിന് യാതൊരു അവകാശവും ഇല്ലായെന്ന് മേൽ സത്യവാങ്മൂലത്തിൽ അവർ വീണ്ടും പ്രസ്താവിക്കുകയും ചെയ്തിരിക്കുന്നു, അതുകൊണ്ട് ഇപ്പോഴത്തെ അപ്പീൽവാദി മേൽ രേഖകൾ അവരുടെ മാതാവ് മരണപ്പെട്ട ശാർദാബായിക്ക് കൈമാറിയെന്നും അവർ ഈ രേഖകൾ ഹാജരാക്കിയതിനാൽ അവർക്ക് അത് സൂക്ഷിക്കുവാനുള്ള അവകാശമുണ്ടെന്നും സമ്മതിച്ചിട്ടുള്ള ഒരു വസ്തുതയാണ്.

4. ശാർദാബായി 02.06.2004-ൽ മരണപ്പെട്ടു എന്നുള്ളതും സമ്മതിച്ചിട്ടുള്ള ഒരു വസ്തുതയാണ്.

5. കോടതിയിൽ അപ്പീൽവാദി നൽകിയ ഉറപ്പിന്മേൽ അയാളോട് മേൽ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടപ്പോൾ മേൽ രേഖകൾ അയാൾ മരണപ്പെട്ട ശാർദാബായിക്ക് മുമ്പേ കൈമാറിയിട്ടുള്ളതാണെന്നും അവർ 2-6-2004-ൽ മരണപ്പെട്ടുവെന്നും ബോധിപ്പിച്ചിരുന്നതും "അയാളുടെ വീട് 1999-ാമാണ്ടിലെ ചുഴലിക്കാറ്റിൽ അടിപ്പെടുകയും തത്ഫലമായി അയാളുടെ വീട് വെള്ളപ്പൊക്കത്തിൽ മുങ്ങിപ്പോകുകയും അയാളുടെ വീട് ചെളികൊണ്ടുണ്ടാക്കിയതിനാലും ആസ്ബറ്റോസ് ഷീറ്റിനാൽ മൂടപ്പെട്ടതാകയാലും അവരുടെ ഭൂരിഭാഗം ജംഗമസ്വത്തുക്കളും നശിച്ചുപോയിട്ടുള്ളതാണെന്നും" അയാൾ വീണ്ടും ബോധിപ്പിച്ചിട്ടുള്ളതുമാണ്. അതുകൊണ്ട്, മേൽ രേഖകൾ അപ്പീൽവാദിയുടെ കൈവശത്തോ ആ സമയത്ത് അവ ലഭ്യമായിരുന്നതോ അല്ലാത്തതാണ്. അപ്പീൽവാദി പറയുന്നതനുസരിച്ച്, മേൽ രേഖകൾ ആവശ്യപ്പെട്ടിട്ടുള്ള ആ കേസ് അപ്പീൽവാദികളുടെ ബന്ധുക്കൾ ഫയൽ ചെയ്തിട്ടുള്ളതും മേൽ രേഖകൾ ഹാജരാക്കുന്നതിലേക്ക് ഒരു അപേക്ഷ അവർ ഫയൽ ചെയ്തത് അപ്പീൽവാദിയെ അവരുടെ കുടുംബകാര്യങ്ങളിലേക്ക് സമ്മർദ്ദം ചെലുത്താൻ വേണ്ടിയായിരുന്നു എന്നതാണ്.

6. അതിനാൽ, ഈ കോടതി മുമ്പാകെയുള്ള അപ്പീൽവാദിയുടെ കേസ്, അയാൾക്ക് കൈമാറിയ രേഖകൾ തിരികെ നൽകാൻ കഴിയില്ല എന്തെന്നാൽ മേൽ രേഖകൾ, രേഖകളുടെ ന്യായാവകാശമുള്ള ഉടമസ്ഥന് കൈമാറി കഴിഞ്ഞുവെന്നും ഈ രേഖകൾ നശിച്ചുകൂടി പോയിട്ടുള്ളതാണെന്നും എന്നതാണ്.

7. ബന്ധപ്പെട്ട കോടതി ഈ സംഗതി ഗൗരവമായി എടുത്തിരുന്നതിനാൽ അപ്പീൽ വാദിക്കെതിരെ രേഖകൾ ഉറപ്പിന്മേൽ തിരിച്ചുനൽകിയിട്ടില്ലാത്തതിനാൽ കോടതിയലക്ഷ്യ കേസ് എടുക്കുന്നതിനായി റഫറൻസ് നടത്തിയിട്ടുള്ളതും ഹൈക്കോടതി മുമ്പാകെ സംഗതി വയ്ക്കുകയും ചോദ്യം ചെയ്യപ്പെട്ട ഉത്തരവിലൂടെ അപ്പീൽവാദി കോടതിയലക്ഷ്യത്തിന് കുറ്റക്കാരനാണെന്ന് ഹൈക്കോടതി അന്തിമ തീരുമാനത്തിലെത്തുകയും അതുകൊണ്ട് അയാളെ ശിക്ഷിക്കുകയും ചെയ്തു.

8. കക്ഷികൾക്കു വേണ്ടി ഹാജരാകുന്ന പാണ്ഡിത്യമുളള അഭിഭാഷകൻ പറഞ്ഞത് കേട്ടശേഷം അപ്പീൽവാദി കോടതിക്ക് കൊടുത്ത ഉറപ്പിന്റെ മന:പ്പൂർവ്വമായ ലംഘനം നടത്തിയിട്ടില്ലാത്തതും അതിന് അയാളെ കോടതിയലക്ഷ്യ കുറ്റം ചുമത്തുന്നതിന് കഴിയാത്തതുമാണ് എന്നതാണ് ഞങ്ങളുടെ കാഴ്ചപ്പാട്.

9. ഇപ്പോഴത്തെ കേസിൽ, ഈ രേഖകൾ അപ്പീൽവാദി അതിന്റെ ന്യായാവകാശ ഉടമസ്ഥയായ അയാളുടെ മാതാവ്, മരണപ്പെട്ട ശാർദാബായിക്ക് കൈമാറിയിട്ടുണ്ടെന്നുളളതും മേൽ വസ്തുത അയാളുടെ മാതാവ് മറ്റൊരു നിയമനടപടിയിൽ ഒരു സത്യവാങ്മൂലം ഫയൽ ചെയ്തതിലൂടെ സമ്മതിച്ചിരുന്നതുമാണ്. പിന്നീട്, മേൽ രേഖകൾ, വെളളപ്പൊക്കം മൂലം നശിച്ചുപോയിട്ടുളളതും അതുകൊണ്ട് അപ്പീൽവാദിക്ക് അത് കോടതിക്ക് തിരിച്ചു നൽകാൻ സാധ്യമല്ലാതായിട്ടുളളതുമാണ്.

10. 1971-ലെ കോടതിയലക്ഷ്യ ആക്റ്റിലെ 2(ബി) വകുപ്പ് താഴെപ്പറയും പ്രകാരം വായിക്കാവുന്നതാണ്:

> "2(ബി) "സിവിൽ അലക്ഷ്യം" എന്നാൽ ഏതെങ്കിലും വിധിന്യായം, ഡിക്രി, നിർദ്ദേശം, ഉത്തരവ്, റിട്ട്, അല്ലെങ്കിൽ ഒരു കോടതിയുടെ മറ്റു നടപടി എന്നിവയിലേതെങ്കിലിന്റേയും മന:പ്പൂർവ്വമായ അനുസരണകേടോ അതോ ഒരു കോടതിക്ക് കൊടുത്ത ഒരു ഉറപ്പിന്റെ മന:പൂർവ്വമായ ലംഘനമോ എന്നർത്ഥമാകുന്നു; "

11. "സിവിൽ അലക്ഷ്യം"ന്റെ മുകളിൽപ്പറഞ്ഞ നിർവ്വചനം പരിശോധിക്കുമ്പോൾ കോടതിയലക്ഷ്യത്തിന് ഏതെങ്കിലും ഒരാളെ കുറ്റക്കാരനാണെന്ന് കണ്ടെത്തണമെങ്കിൽ ബന്ധപ്പെട്ട ആൾ മനഃപൂർവ്വമായി ഏതെങ്കിലും വിധിന്യായത്തേയോ, ഡിക്രിയേയോ, നിർദ്ദേശത്തേയോ, ഉത്തരവിനേയോ, റിട്ടിനേയോ കോടതിയുടെ മറ്റേതെങ്കിലും നടപടിയേയോ മനഃപൂർവ്വമായി അനുസരിക്കാതിരിക്കുകയോ അതോ മനഃപൂർവ്വമായി കോടതിയ്ക്ക് കൊടുത്ത ഉറപ്പ് ലംഘിക്കുകയോ ചെയ്യേണ്ടതാണെന്നത് വളരെ വ്യക്തമാണ്.

12. ഇപ്പോഴത്തെ കേസിൽ, ഇവിടെ മുകളിൽപ്പറഞ്ഞ വസ്തുതകളിൽ നിന്ന്, അപ്പീൽവാദിക്ക് കോടതിക്കു കൊടുത്ത ഉറപ്പിന്മേൽ ലംഘനം നടത്താൻ ഉദ്ദേശ്യമില്ലാതിരുന്നുവെന്നത് സുവ്യക്തമാണ്. ഈ രേഖകൾ മുമ്പ് തന്നെ അയാൾ അയാളുടെ മാതാവിന് നൽകിയിട്ടുളളതും അവർക്ക് വേണ്ടിയാണ് കോടതിയിൽ നിന്നും അയാൾ അത് ഏറ്റെടുത്തത്-മേൽ രേഖകൾ, പിന്നീട് ഒരു പ്രകൃതി ദുരന്തത്താൽ നശിച്ചുപോയിട്ടുളളതുമാകയാൽ അപ്പീൽവാദിക്ക് ആ രേഖകൾ ഭൗതികമായി ഹാജരാക്കുവാൻ കഴിയുന്നതല്ലാത്തതാണ്. മേല്പറഞ്ഞ വസ്തുതകൾ അറിഞ്ഞതിന് ശേഷം ഞങ്ങളുടെ അഭിപ്രായത്തിൽ കോടതി അപ്പീൽവാദിയോട് ഈ രേഖകൾ ഹാജരാക്കാൻ നിർദ്ദേശിക്കാൻ പാടില്ലായിരുന്നു. എന്തെന്നാൽ അപ്പീൽ വാദിക്ക് രേഖകൾ ഹാജരാക്കാൻ സാധിക്കുകയില്ലായിരുന്നു. കോടതിയുടെ ഭാഗത്തു നിന്ന് ചെയ്യാൻ സാധിക്കാത്ത ചില കാര്യം ചെയ്യാൻ നിർദ്ദേശിക്കുന്നത് ന്യായ

മല്ലാത്തതും അങ്ങനെ ചെയ്യാൻ സാധിക്കാത്ത കാര്യം ചെയ്യാൻ ആവശ്യപ്പെടുകയും അയാൾ അത് ചെയ്യാൻ പരാജയപ്പെടുകയുമാണെങ്കിൽ അയാളെ കോടതിയലക്ഷ്യത്തിന് കുറ്റക്കാരനാണെന്ന് വിധിക്കുന്നതിന് കഴിയാത്തതുമാണ്.

13. ഹൈക്കോടതി, അപ്പീൽവാദി കുറ്റക്കാരനാണെന്ന് വിധിച്ചതും അയാൾ ചുമത്തിയ ശിക്ഷ അനുഭവിച്ചു കഴിഞ്ഞുവെന്നുള്ളതും അപലപനീയമാണ്. കോടതിക്ക് നൽകിയ ഉറപ്പിൽനിന്നും മനഃപൂർവ്വമായ യാതൊരു ലംഘനവുമല്ല നടത്തിയിട്ടുള്ളത് എന്നതിനാൽ കോടതിയലക്ഷ്യം നടത്തിയതിന് അപ്പീൽവാദി കുറ്റക്കാരനല്ല എന്ന് ഞങ്ങൾ വിധിക്കുന്നു.

14. മേൽപ്പറഞ്ഞ കാരണങ്ങളാൽ ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായത്തോട് ഞങ്ങൾ യോജിക്കാത്തതും അതുകൊണ്ട് ഞങ്ങൾ ആയത് ദുർബലപ്പെടുത്തുകയും ചെലവുകൾക്ക് വേണ്ടി യാതൊരു ഉത്തരവില്ലാതെ അപ്പീൽ അനുവദിക്കുകയും ചെയ്യുന്നു.

*————————*

# ബഹു. സുപ്രീം കോടതി മുമ്പാകെ

ബഹു. ജസ്റ്റിസ് അനിൽ ആർ ദവേ

ബഹു. ജസ്റ്റിസ് എൽ. നാഗേശ്വര റാവു

നിതു

*അഭി*

ഷീലാ റാണിയും മറ്റുള്ളവരും

സിവിൽ അപ്പീൽ നം. 9823/2016

(പ്രത്യേകാനുമതി ഹർജി (സിവിൽ) നം. 21187/2015-ൽ നിന്ന് ഉത്ഭവിച്ചത്)

2016 സെപ്റ്റംബർ 28-ന് വിധി കല്പിച്ചത്

## വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ

### വിധിന്യായത്തിലെ പ്രസക്തഭാഗങ്ങൾ

1964-ലെ കുടുംബ പെൻഷൻ സ്കീം-പഞ്ചാബ് സർക്കാർ-ഖണ്ഡം 4 (ii)-1956-ലെ ഹിന്ദു പിന്തുടർച്ച ആക്റ്റ്-വകുപ്പ് 8 & പട്ടികയിലെ ക്ലാസ്സ് I ഈ കേസിൽ പെൻഷൻ കൊടുക്കേണ്ടത് സ്കീമിലെ വ്യവസ്ഥകൾ പ്രകാരമാണെന്നും പെൻഷൻ കിട്ടാൻ സ്കീം പ്രകാരം അർഹതയുള്ള ഒരേയൊരാൾക്ക് അത് കിട്ടുമെന്നും ഇവിടെ കുറിക്കേണ്ടതു പ്രസക്ത മായതാണ്. ഈ കോടതിയിൽ സമാനമായ തർക്കവിഷയം വയലറ്റ് ഐസക് (ശ്രീമതി) അഭി യൂണിയൻ ഓഫ് ഇൻഡ്യ (1991) 1 എസ്സിസി 725 എന്ന കേസിൽ ഉത്ഭവിച്ചിരുന്നതും ബന്ധപ്പെട്ട വ്യവസ്ഥകൾ പരിഗണിച്ചതിനുശേഷം കുടുംബ പെൻഷൻ മരണപ്പെട്ടയാളിന്റെ സ്വത്തിന്റെ ഭാഗമാ കുന്നില്ലയെന്നും അതുകൊണ്ട് ഒരു ജീവനക്കാരനു പോലും അയാളുടെ ഒസ്യത്ത് വഴി അതു കിട്ടുവാൻ അർഹതയുള്ള ആൾക്കല്ലാതെ ആരോ ഒരാൾക്ക് അതു കൊടുക്കണമെന്നുള്ള ഒരു നിർദ്ദേശത്താൽ അതു തീരുമാനിക്കുന്നതിന് അവകാശമില്ലാത്തതുമാണെന്ന തീരുമാന ത്തിൽ ഈ കോടതി എത്തിയിട്ടുള്ളതുമാണ്. നിലവിലത്തെ കേസിൽ, സ്കീമിലെ വ്യവസ്ഥകൾ പ്രകാരം അപ്പീൽവാദി വിധവയാണ് പെൻഷന് അർഹതയുള്ള ഏക കുടുംബാംഗം, അതുകൊണ്ട്, എതിർകക്ഷി അമ്മയ്ക്ക് പെൻഷനിൽ യാതൊരു അവകാശവും കിട്ടുന്നതല്ല. തീർച്ചയായും മരണപ്പെട്ട ശ്രീ യശ്പാലിന് മറ്റു ആസ്തികൾ ഉണ്ടെങ്കിൽ എതിർകക്ഷി അമ്മയ്ക്ക് 50% ഓഹരി കിട്ടുമെന്നത് തർക്കമില്ലാത്തതാണ്, ശ്രീ യശ്പാൽ യാതൊരു ഒസ്യത്തും തയ്യാറാക്കിയി ല്ലെങ്കിൽ മരണപ്പെട്ട ശ്രീ. യശ്പാൽ ഒസ്യത്ത് എഴുതാതെ മരണ പ്പെട്ടതാണെന്നും അയാൾ ഒരു ഒസ്യത്തും ഒപ്പിട്ട് പൂർത്തീകരിച്ചിട്ടില്ലാ യെന്നുമാണ് കാണുന്നത്.

**മേൽപ്പറഞ്ഞ കാരണങ്ങളാൽ, ഞങ്ങളുടെ അഭിപ്രായത്തിൽ, എതിർകക്ഷി അമ്മയ്ക്കും പെൻഷനിൽ 50% ഓഹരി കിട്ടും എന്ന നിർദ്ദേശം നൽകിയതുവഴി ഹൈക്കോടതി ഒരു തെറ്റ് ചെയ്തിട്ടുണ്ട്. മേൽപ്പറഞ്ഞ നിയമസ്ഥിതിയിൽ, മുഴുവൻ പെൻഷനും അപ്പീൽവാദി വിധവയ്ക്കു നൽകേണ്ടതാണ്. അപ്പീൽ അനുവദിച്ചു.**

വിധിന്യായം

ജസ്റ്റിസ് അനിൽ ആർ ദവേ

1. അനുമതി നൽകി.

2. എതിർകക്ഷികൾക്കുവേണ്ടി ഹാജരാകുന്ന പാണ്ഡിത്യമുള്ള അഭിഭാഷകൻ നോട്ടീസ് നൽകുന്നത് ഉപേക്ഷിക്കുകയും പാണ്ഡിത്യമുള്ള അഭിഭാഷകന്റെ അഭ്യർത്ഥന പ്രകാരം അതേ ദിവസം അപ്പീൽ കേട്ടിട്ടുള്ളതുമാണ്.

3. ചാണ്ടിഗറിലെ പഞ്ചാബ് & ഹരിയാന ഹൈക്കോടതി സി.ആർ നം. 6012/2014-ലെ 2015 ഏപ്രിൽ 21-ൽ പാസ്സാക്കിയ ഉത്തരവിൽ സങ്കടപ്പെട്ട് ഒരു സർക്കാർ ജീവനക്കാരന്റെ വിധവ പഞ്ചാബ് സർക്കാരിന്റെ 1964-ലെ കുടുംബ പെൻഷൻ സ്കീമിലെ (ഇനിമേൽ 'സ്കീം' എന്ന് പരാമർശിക്കപ്പെടും) വ്യവസ്ഥകൾ അനുസരിച്ച് അവർക്ക് മുഴുവൻ പെൻഷനും നൽകിയിട്ടില്ല എന്ന ഒരു പരാതിയുമായി ഈ കോടതിയെ സമീപിച്ചു.

4. ഇപ്പോഴുള്ള വ്യവഹാരത്തിനിടയാക്കിയ വസ്തുതകൾ ചുരുക്കത്തിൽ താഴെ പറയും പ്രകാരമാണ്:

അപ്പീൽവാദിയുടെ ഭർത്താവ്, ശ്രീ. യശ്പാൽ, ഹരിയാന സർക്കാരിന് കീഴിലുള്ള ജില്ലാ മലേറിയ ആഫീസറുടെ ആഫീസിൽ കമ്പ്യൂട്ടർ ഡി.ഒ.ഡി ആയി ജോലി നോക്കിവരികയായിരുന്നു. അയാളുടെ മരണശേഷം, വിധവയ്ക്ക് നൽകേണ്ട കുടുംബ പെൻഷൻ മാസത്തിൽ രൂപ 2,153/- ആയി തീരുമാനിച്ചു. 1-ാം നമ്പർ എതിർകക്ഷി, യഥാർത്ഥത്തിൽ എതിർക്കപ്പെടേണ്ടതായിട്ടുള്ള ഒരു എതിർകക്ഷി, മരണപ്പെട്ട ശ്രീ യശ്പാലിന്റെ അമ്മയാണ്, മരണപ്പെട്ട ശ്രീ യശ്പാൽ ഹരിയാന സർക്കാരിനെ സേവിച്ചതു സംബന്ധിച്ച് കൊടുക്കേണ്ടതായ പെൻഷൻ അവർക്ക് കിട്ടുന്നതിലേയ്ക്കായി ഒരു പിന്തുടർച്ചാ സർട്ടിഫിക്കറ്റ് കിട്ടുന്നതിലേയ്ക്കായി റോഹ്ട്ടാക്ക്, സിവിൽ ഡിവിഷനിൽ 2005-ലെ സ്യൂട്ട് നം. 30/എസ്.സി ഫയൽ ചെയ്തിട്ടുള്ളതാണ്. മേൽ കേസിൽ അപ്പീൽവാദി ഹാജരായി, അവർ മരണപ്പെട്ട ശ്രീ യശ്പാലിന്റെ വിധവയാകയാൽ പെൻഷന് അർഹതയുണ്ടെന്ന് ഒരു അവകാശ മുന്നയിക്കുകയും ചെയ്തിരുന്നതും എന്നാൽ, മരണപ്പെട്ട ശ്രീ യശ്പാലിന്റെ സഹോദരി, അവർ മേൽകേസിൽ ഒരു എതിർകക്ഷിയായി, അവർക്ക് 1-ാം എതിർകക്ഷിക്ക് അനുകൂലമായി പിന്തുടർച്ചാ സർട്ടിഫിക്കറ്റ് നൽകുന്നതിൽ എതിർപ്പില്ല എന്നു പ്രസ്താവിച്ച് ഒരു കാര്യവിവരപത്രിക ഫയൽ ചെയ്തിട്ടുള്ളതുമാണ്.

5. ബന്ധപ്പെട്ട കക്ഷികളെ കേട്ടതിനുശേഷം, റോഹ്ട്ടാക്ക്, (സീനിയർ ഡിവിഷൻ)-ലെ പാണ്ഡിത്യമുള്ള സിവിൽ ജഡ്ജി മേൽകേസിലെ വാദിയായിരുന്ന മരണപ്പെട്ട ശ്രീ യശ്പാലിന്റെ അമ്മയും സഹോദരിയും പിന്തുടർച്ചാ സർട്ടിഫിക്കറ്റിനു അർഹരല്ലെന്നും ഇപ്പോഴത്തെ അപ്പീൽവാദി, മേൽകേസിലെ എതിർകക്ഷി നം. 3, മരണപ്പെട്ടയാളുടെ വിധവയാകയാൽ, മരണപ്പെട്ട ശ്രീ യശ്പാൽ നൽകിയിട്ടുള്ള സേവനങ്ങളെ സംബന്ധിച്ച് കൊടുക്കേണ്ടതായ പെൻഷനെ സംബന്ധിച്ചുള്ള പിന്തുടർച്ചാ സർട്ടിഫിക്കറ്റിന് അർഹതപ്പെടുന്നു എന്ന തീരുമാനത്തിലെത്തി കേസ്

തള്ളിയിട്ടുള്ളതാണ്. 2013 ഏപ്രിൽ 25-ന് മേൽ വിധിന്യായം പുറപ്പെടുവിച്ചിട്ടുള്ളതാണ്.

6. മേൽപ്രസ്താവിച്ച വിധിന്യായത്തിൽ സങ്കടപ്പെട്ട് 1-ാം നമ്പർ എതിർകക്ഷി. അതായത് മരണപ്പെട്ട ശ്രീ യശ്പാലിന്റെ അമ്മ റോഹ്ട്ടാക്ക് അഡീഷണൽ ജില്ലാ കോടതിയിൽ സിവിൽ അപ്പീൽ നം. 88/2013 ഫയൽ ചെയ്തു. മേൽ അപ്പീൽ 2014 ജൂലൈ 2-ലെ വിധിന്യായവും ഉത്തരവും വഴി തള്ളിയിട്ടുള്ളതാണ്.

7. ആദ്യ അപ്പീൽ കോടതി പുറപ്പെടുവിച്ച വിധിന്യായത്തിൽ സങ്കടപ്പെട്ട്, എതിർകക്ഷി അമ്മ സി.ആർ.നം. 6012/2014 എന്ന സിവിൽ റിവിഷൻ, ചാണ്ടിഗറിലെ പഞ്ചാബ് & ഹരിയാന ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്തു.

8. ബന്ധപ്പെട്ട കക്ഷികളെ കേട്ടശേഷം, ഹിന്ദു പിന്തുടർച്ച ആക്റ്റിലെ 8-ാം വകുപ്പ് അനുസരിച്ച് എതിർകക്ഷിയായ അമ്മ മരണപ്പെട്ട ശ്രീ യശ്പാലിന്റെ ഒരവകാശി കൂടിയായതിനാൽ പിന്തുടർച്ചാ സർട്ടിഫിക്കറ്റിന് അർഹയാണെന്ന് വീക്ഷിച്ചു കൊണ്ട് മേൽ റിവിഷൻ ഹർജി അനുവദിക്കപ്പെട്ടു.

9. ഹൈക്കോടതി പാസ്സാക്കിയ മേൽ പ്രസ്താവിച്ചിട്ടുള്ള വിധിയിൽ സങ്കടപ്പെട്ടു കൊണ്ടാണ് ഇപ്പോഴത്തെ അപ്പീൽ അപ്പീൽവാദി-മരണപ്പെട്ട ശ്രീ യശ്പാലിന്റെ വിധവ ഫയൽ ചെയ്തിരിക്കുന്നത്.

10. സ്കീമിലെ വ്യവസ്ഥകൾ പ്രകാരം പെൻഷന് അർഹതയുള്ള ഏകയാൾ അപ്പീൽവാദിയാണെന്ന് അപ്പീൽവാദിക്കു വേണ്ടി ഹാജരാകുന്ന പാണ്ഡിത്യമുള്ള അഭിഭാഷകൻ ബോധിപ്പിച്ചു. മേൽപ്പറഞ്ഞ സ്കീമിന് അനുസൃതമായുള്ള പെൻഷൻ കൊടുത്തി ട്ടുള്ളതും അതുകൊണ്ട്, മരണപ്പെട്ടയാളുടെ മറ്റ് ആസ്തികളെ പോലെ പെൻഷൻ കണക്കാക്കരുതെന്നും സ്കീമിന്റെ വ്യവസ്ഥകളനുസരിച്ച് അപ്പീൽവാദിക്ക് മാത്രമേ പെൻഷന് അർഹതയുള്ളൂവെന്നും പാണ്ഡിത്യമുള്ള അഭിഭാഷകൻ ബോധിപ്പിച്ചു. ഈ സാഹചര്യത്തിൽ, മരണപ്പെട്ട ശ്രീ യശ്പാൽ നൽകി യിട്ടുള്ള സേവനത്തെ സംബന്ധിച്ച് കൊടുക്കേണ്ടതായ പെൻഷനിൽ എല്ലാ നിയമാനുസൃത അവകാശികൾക്കും ഒരോഹരിയുണ്ട് എന്ന് നിരീക്ഷിച്ചതിലൂടെ ഹൈക്കോടതിക്ക് തെറ്റ് പറ്റിയിരിക്കുന്നു വെന്ന് പാണ്ഡിത്യമുള്ള അഭിഭാഷകൻ അഭിപ്രായപ്പെട്ടു.

11. വിധവയ്ക്ക് മാത്രമാണ് പെൻഷന് അർഹതയുള്ളൂവെന്നും മറ്റാർക്കും അതിന് അർഹതയില്ലെന്നുമുള്ള വ്യവസ്ഥ ചെയ്യുന്ന സ്കീമിലെ വ്യവസ്ഥകളിൽ പാണ്ഡിത്യമുള്ള അഭിഭാഷകൻ ആശ്രയമർപ്പിച്ചു. സ്കീമിലെ വ്യവസ്ഥകൾ സൂചിപ്പിച്ചു കൊണ്ടും ഹൈക്കോടതി പാസ്സാക്കിയ ചോദ്യംചെയ്യപ്പെട്ട ഉത്തരവ് സ്കീമിലെ വ്യവസ്ഥകൾക്കനുസൃതമല്ലാ ത്തതിനാൽ റദ്ദാക്കുന്നതിനും ദുർബലപ്പെടുത്തുന്നതിനും അർഹമാണെന്ന് അദ്ദേഹം ബോധിപ്പിക്കുകയും ചെയ്തു.

12. നേരേമറിച്ച്, എതിർകക്ഷി അമ്മയ്ക്കു വേണ്ടി ഹാജരാകുന്ന പാണ്ഡിത്യമുള്ള അഭിഭാഷകൻ അവർ ഒരു ഹിന്ദു ക്ലാസ്-1 അവകാശിയും മരണപ്പെട്ട ശ്രീ യശ്പാൽ ഒസ്യത്ത് എഴുതാതെ മരണപ്പെട്ടതിനാലും അയാൾ അയാളുടെ വിധവയെയും അമ്മയെയും അതിജീവിച്ചതിനാലും അവർക്ക്, മരണപ്പെട്ട ശ്രീ യശ്പാലിന്റെ ആസ്തിയുടെ ഒന്നു പകുതി ഓഹരിക്ക് അർഹതയുണ്ടായിരിക്കുന്നു എന്ന് ബോധിപ്പിച്ചു. ഹൈക്കോടതി പാസ്സാക്കിയ ചോദ്യംചെയ്യപ്പെടുന്ന ഉത്തരവ് ന്യായമായതും യോജിച്ചതുമാണെന്ന് പാണ്ഡിത്യമുള്ള അഭിഭാഷകൻ ബോധിപ്പിച്ചു.

13. സർക്കാരിനുവേണ്ടി ഹാജരാകുന്ന പാണ്ഡിത്യമുള്ള അഭിഭാഷകൻ അപ്പീൽ വാദിയുടെ കേസിനെ പിന്താങ്ങുകയും സ്കീമിൽ ''കുടുംബം'' എന്ന പദം നിർവ്വചിച്ചിട്ടുള്ളതും, ഈ കേസിൽ പെൻഷനർഹതയുള്ളത് മരണ പ്പെട്ടയാളുടെ വിധവ മാത്രമാണെന്നും, അതുകൊണ്ട് മുഴുവൻ പെൻഷൻ തുകയും അപ്പീൽവാദിക്ക് കൊടുക്കുവാൻ കഴിയുന്ന രീതിയിൽ ചോദ്യം ചെയ്യപ്പെട്ട ഉത്തരവ് റദ്ദാക്കപ്പെടുന്നതിനും ദുർബലപ്പെടുത്തുന്നതിനും അർഹതപ്പെടുന്നുവെന്ന് ബോധിപ്പിക്കുകയും ചെയ്തു.

14. ഞങ്ങൾ കക്ഷികൾക്കുവേണ്ടി ഹാജരാകുന്ന പാണ്ഡിത്യമുള്ള അഭിഭാഷകരെ കേൾക്കുകയും സ്കീമിന്റെ വ്യവസ്ഥകൾ പരിശോധിക്കുകയും ചെയ്തു.

15. മരണപ്പെട്ട ശ്രീ യശ്പാൽ നൽകിയിട്ടുള്ള സേവനങ്ങളെ സംബന്ധിച്ച് കൊടുക്കേണ്ടതായ പെൻഷനെപ്പറ്റിയുള്ള സ്കീമിലെ വ്യവസ്ഥകൾ നമുക്ക് നോക്കാം. സ്കീമിലെ ഖണ്ഡം 4 (ii)-ൽ "കുടുംബം" എന്ന പദം നിർവ്വചിക്കുകയും അത് താഴെ പറയുംപ്രകാരം വായിക്കാവുന്നതുമാണ്:-

"4 (ii) "കുടുംബം" ഈ സ്കീമിന്റെ ഉദ്ദേശ്യത്തിലേയ്ക്കായി ഉദ്യോഗസ്ഥന്റെ താഴെപ്പറയുന്ന ബന്ധുക്കളും ഉൾപ്പെടുന്നതാണ്:-

(എ) ഭാര്യ, ഒരു ആൺ ഉദ്യോഗസ്ഥന്റെ കാര്യത്തിൽ;

(ബി) ഭർത്താവ്, ഒരു പെൺ ഉദ്യോഗസ്ഥയുടെ കാര്യത്തിൽ;

(സി) മൈനറായ ആൺമക്കൾ;

(ഡി) അവിവാഹിതരായ മൈനറായ പെൺമക്കൾ;

(ഇ) വിധവ/നിയമപരമായി വിവാഹ ബന്ധം വേർപെടുത്തിയ പെൺമക്കൾ; കൂടാതെ

(എഫ്) ഒരു അവിവാഹിതനായ ഉദ്യോഗസ്ഥന്റെ മാതാപിതാക്കൾ".

16. എതിർകക്ഷിയായ അമ്മയെ സംബന്ധിച്ചിടത്തോളം, (എഫ്) ഉപ ഖണ്ഡത്തിലെ വ്യവസ്ഥകൾ പ്രകാരം ഒരു അവിവാഹിതനായ ഉദ്യോഗസ്ഥന്റെ മാതാപിതാക്കൾ കുടുംബത്തിന്റെ ഒരു ഭാഗമാണെന്നും അതുകൊണ്ട് അയാൾ വിവാഹിതനായിരുന്നതിനാൽ എതിർകക്ഷി അമ്മയെ, മരണപ്പെട്ട ശ്രീ യശ്പാലിന്റെ കുടുംബത്തിൽ, ഉൾപ്പെടുത്താൻ കഴിയുന്നതല്ല എന്ന കാരണത്താലാണ് അവരെ കുടുംബത്തിന്റെ നിർവ്വചനത്തിൽ ഉൾപ്പെടുത്താതിരുന്നത്.

17. 1956-ലെ ഹിന്ദു പിന്തുടർച്ച ആക്റ്റിലെ വ്യവസ്ഥകളനുസരിച്ച് ഒസ്യത്ത് എഴുതാതെ മരണപ്പെടുന്ന ഒരു ഹിന്ദുവിന്റെ വസ്തുക്കൾ പട്ടികയിലെ ക്ലാസ്സ്-I-ൽ വിവരിച്ചു പറഞ്ഞിരിക്കുന്ന ആളുകൾക്ക് മേൽ ആക്റ്റിലെ 8-ാം വകുപ്പിലെ വ്യവസ്ഥകളനുസരിച്ച് ആദ്യം പോകും, അതുകൊണ്ട് മരണപ്പെട്ട ശ്രീ യശ്പാലിന്റെ സ്വത്തുക്കളെ സംബന്ധിച്ച് മരണപ്പെട്ട ശ്രീ യശ്പാലിന്റെ ക്ലാസ്സ്-I അവകാശികളിൽ അകത്തു വരുന്ന മറ്റൊരു കുടുംബാംഗവും ജീവിച്ചിരിപ്പില്ല എന്നാകുന്ന പക്ഷം അവ എതിർകക്ഷി അമ്മയ്ക്കും അപ്പീൽ വാദിയായ ഭാര്യയ്ക്കുമിടയിൽ വീതിക്കേണ്ടതാകുന്നു. എന്നാൽ, ഈ കേസിന്റെ സാഹചര്യത്തിൽ, പെൻഷനെ സംബന്ധിച്ച് അത് വ്യത്യസ്തമാണ്.

18. ഈ കേസിൽ പെൻഷൻ കൊടുക്കേണ്ടത് സ്കീമിലെ വ്യവസ്ഥകൾ പ്രകാരമാണെന്നും പെൻഷൻ കിട്ടാൻ സ്കീം പ്രകാരം അർഹതയുള്ള ഒരേ ഒരാൾക്ക് അത് കിട്ടുമെന്നും ഇവിടെ കുറിക്കേണ്ടത് പ്രസക്തമായതാണ്. ഈ കോടതിയിൽ സമാനമായ തർക്കവിഷയം വയലറ്റ് ഐസക് (ശ്രീമതി) അഭി യൂണിയൻ

ഓഫ് ഇൻഡ്യ (1991) 1 എസ്സിസി 725 എന്ന കേസിൽ ഉത്ഭവിച്ചിരുന്നതും ബന്ധപ്പെട്ട വ്യവസ്ഥകൾ പരിഗണിച്ചതിനുശേഷം കുടുംബ പെൻഷൻ മരണപ്പെട്ടയാളിന്റെ സ്വത്തിന്റെ ഭാഗമാകുന്നില്ലയെന്നും അതുകൊണ്ട് ഒരു ജീവനക്കാരനുപോലും അയാളുടെ ഒസ്യത്ത് വഴി അതു കിട്ടുവാൻ അർഹതയുള്ള ആൾക്കല്ലാതെ ആരോ ഒരാൾക്ക് അതു കൊടുക്കണമെന്നുള്ള ഒരു നിർദ്ദേശത്താൽ അതു തീരുമാനിക്കുന്നതിന് അവകാശമില്ലാത്തതുമാണെന്ന തീരുമാനത്തിൽ ഈ കോടതി എത്തിയിട്ടുള്ളതുമാണ്. നിലവിലത്തെ കേസിൽ, സ്കീമിലെ വ്യവസ്ഥകൾ പ്രകാരം അപ്പീൽവാദി വിധവയാണ് പെൻഷന് അർഹതയുള്ള ഏക കുടുംബാംഗം, അതുകൊണ്ട്, എതിർകക്ഷി അമ്മയ്ക്ക് പെൻഷനിൽ യാതൊരു അവകാശവും കിട്ടുന്നതല്ല. മരണപ്പെട്ട ശ്രീ യശ്പാലിന് മറ്റു ആസ്തികൾ ഉള്ളപക്ഷം ശ്രീ യശ്പാൽ യാതൊരു ഒസ്യത്തും തയ്യാറാക്കിയിട്ടില്ലെങ്കിൽ തീർച്ചയായും എതിർകക്ഷി അമ്മയ്ക്ക് 50% ഓഹരി കിട്ടുമെന്നത് തർക്കമില്ലാത്തതാണ്, മരണപ്പെട്ട ശ്രീ യശ്പാൽ ഒസ്യത്ത് എഴുതാതെ മരണപ്പെട്ടതാണെന്നും അയാൾ ഒരു ഒസ്യത്തും ഒപ്പിട്ട് പൂർത്തീ കരിച്ചിട്ടില്ലായെന്നുമാണ് കാണുന്നത്.

19. മേൽപ്പറഞ്ഞ കാരണങ്ങളാൽ, ഞങ്ങളുടെ അഭിപ്രായത്തിൽ, എതിർകക്ഷി അമ്മയ്ക്കും പെൻഷനിൽ 50% ഓഹരി കിട്ടും എന്ന നിർദ്ദേശം നൽകിയതുവഴി ഹൈക്കോടതി ഒരു തെറ്റ് ചെയ്തിട്ടുണ്ട്. മേൽപ്പറഞ്ഞ നിയമസ്ഥിതിയിൽ, മുഴുവൻ പെൻഷനും അപ്പീൽവാദി വിധവയ്ക്കു നൽകേണ്ടതാണ്.

20. ഈ സാഹചര്യത്തിൽ, ചോദ്യം ചെയ്യപ്പെട്ട ഉത്തരവ് ദുർബലപ്പെടുത്തുകയും അപ്പീൽവാദി വിധവയ്ക്ക് മാത്രമാണ് പെൻഷൻ കൊടുക്കേണ്ടതെന്നും എതിർകക്ഷി അമ്മയ്ക്കല്ല എന്നും നിർദ്ദേശിക്കുകയും ചെയ്യുന്നു.

21. ചെലവിനായി ഒരുത്തരവുമില്ലാതെ അപ്പീൽ അനുവദിച്ചതായി തീരുമാനിച്ചു തീർപ്പാക്കുന്നു.

*——————*

# ബഹു. സുപ്രീം കോടതി മുമ്പാകെ

**ബഹു. ജസ്ററിസ് മദൻ ബി ലോകുർ**
**ബഹു. ജസ്ററിസ് ദീപക് ഗുപ്ത**

**എം. ശങ്കരനാരായണൻ**
*അഭി*
**ബാംഗ്ലൂരിലെ ഡെപ്യൂട്ടി കമ്മീഷണറും മറ്റുളളവരും**

**സിവിൽ അപ്പീൽ നമ്പർ 4937/2017**

**(പ്രത്യേകാനുമതി ഹർജ്ജി (സിവിൽ) നമ്പർ 20459/2014-ൽ നിന്നും ഉത്ഭവിച്ചത്)**
**കൂടെ**
**ആശ ചാക്കോയും മറ്റുളളവരും**
*അഭി*
**കർണ്ണാടക സംസ്ഥാനവും മറ്റൊരാളും**

**സീവിൽ അപ്പീൽ നമ്പർ 4939/2017**

**(പ്രത്യേകാനുമതി ഹർജ്ജി (സിവിൽ) നമ്പർ 12595/2014-ൽ നിന്നും ഉത്ഭവിച്ചത്)**

**2017 ഏപ്രിൽ 10-ന് വിധി കല്പിച്ചത്**

## വിധിന്യായത്തിലെ പ്രസക്തഭാഗങ്ങൾ

**കർണ്ണാടക ഭൂനികുതി ആക്റ്റ്-വകുപ്പ് 67 പ്രകാരം സർക്കാരും ഭൂവുടമകളും തമ്മിലുളള ഭൂവുടമസ്ഥതാ തർക്കം തീരുമാനിക്കുന്നതിന് കഴിയുന്നതല്ല. 1900-ൽ നടന്നിട്ടുളള കൈമാറ്റ കരണത്തിൽ ഉളള വഞ്ചനാരോപണം വിശ്വസിക്കുവാൻ കഴിയുന്നതല്ല. അപ്പീലുകൾ അനുവദിച്ചു.**

### വിധിന്യായം

ജസ്റ്റിസ് ദീപക് ഗുപ്ത

അനുമതി നൽകി

1. ഈ സിവിൽ അപ്പീലുകളിൽ പൊതുവായിട്ടുളള നിയമ ചോദ്യങ്ങളും വസ്തുതകളുടെ ചോദ്യങ്ങളും ഉൾപ്പെടുന്നതുകൊണ്ട് അവ പൊതുവായ വിധിയിലൂടെ തീർപ്പാക്കപ്പെടുന്നു.

2. ലാൻസുലോട്ട് റിക്കറ്റ്സ് എന്ന ഒരാൾ ബാംഗ്ലൂരിൽ സ്ഥിതിചെയ്യുന്ന 24 ഏക്കറുകൾ 12 ഗുന്താസ് അളവുളള "ബ്യൂല്യൂ" എന്നറിയപ്പെടുന്ന അയാളുടെ വസ്തു 25-08-1900 തീയതിയിൽ ഒരു കൈമാറ്റ കരണത്തിലൂടെ വിറ്റു എന്നതാണ് പ്രസക്തമായ വസ്തുത. ഈ കൈമാറ്റ കരണം മൈസൂർ ദിവാന് അനുകൂലമായിട്ടാണ് ഒപ്പിട്ട് പൂർത്തികരിച്ചിട്ടുളളത്. അതിനുശേഷം, വിവിധ സന്ദർഭങ്ങളിൽ,

സ്വാതന്ത്ര്യലഭ്യതക്ക് മുമ്പായും അതിന് ശേഷവും രണ്ടു കാലത്തും ഈ എസ്റ്റേറ്റിന്റെ ഭാഗങ്ങൾ മുമ്പുണ്ടായിരുന്ന മൈസൂർ സംസ്ഥാനത്തിനുവേണ്ടി ആർജ്ജിച്ചിരുന്നു എന്നതിൽ തർക്കമില്ലാത്തതാണ്.

3. ബാംഗ്ലൂർ നഗരത്തിന്റെ ഹൃദയത്തിൽ ഈ "ബ്യൂല്യൂ" എസ്റ്റേറ്റ് പ്രത്യക്ഷമായും സ്ഥിതിചെയ്യുന്നു. "ബ്യൂല്യൂ" എസ്റ്റേറ്റിൽ ആട്രിയ എന്ന പേരിൽ നടത്തിവരുന്ന ഒരു ഹോട്ടലിനോട് ചേർന്ന് കർണ്ണാടക പബ്ലിക് സർവ്വീസ് കമ്മിഷൻ ഓഫിസിന് ഒരു അതിർത്തി ഉണ്ടായിരുന്നതായി കാണുന്നു. ഈ എസ്റ്റേറ്റിൽ അപ്പീൽവാദി എം. ശങ്കരനാരായണന്റെ വാസഗൃഹമുൾപ്പെടെ മറ്റു വാണിജ്യനിർമ്മിതികളും വാസഗൃഹങ്ങളും ധാരാളം ഉണ്ട്.

4. 1900-ാമാണ്ടിൽ യഥാർത്ഥ ഉടമയായ ലാൻസ്‌ലോട്ട് റിക്കറ്റ്സ്, മൈസൂർ ദിവാന് അനുകൂലമായി ഈ വസ്തു കൈമാറ്റം ചെയ്തിട്ടുള്ളതായി കാണിച്ച് 14.05.2004-ൽ കർണ്ണാടക പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറി ഒരു പരാതി അയച്ചിരുന്നു. എന്നാൽ ഈ വസ്തു മൈസൂറിലെ ആദ്യത്തെ രാജകുമാരി അവരുടെ സ്വകാര്യ നിധിയിൽ നിന്നും വാങ്ങിച്ചതായിട്ടാണ് വ്യാജമായി കാണിച്ചിട്ടുള്ളത്. മൈസൂർ ദിവാന് അനുകൂലമായിട്ട് മാത്രമാണ് 25.08.1900-ൽ ഒപ്പിട്ടു പൂർത്തീകരിച്ച യഥാർത്ഥ കൈമാറ്റകരണമെന്ന് അത് ആരോപിക്കുന്നു. കൂടാതെ, വിലയാധാരത്തിന് യാതൊരു സ്റ്റാമ്പു ഡ്യൂട്ടിയും അടച്ചിട്ടില്ലെന്നും അതുകൊണ്ട് ആ വില്പന പൂർണ്ണമായും നിയമവിരുദ്ധമോ മൈസൂർ സംസ്ഥാനത്തിന് അനുകൂലമായിട്ടുള്ള വില്പനയോ ആണെന്നും "ബ്യൂല്യൂ" എസ്റ്റേറ്റ് ആദ്യത്തെ രാജകുമാരിയുടെ വ്യക്തിഗതവസ്തു അല്ല എന്നും അതിൽ പരാതിപ്പെടുന്നു. അതേ പരാതിയിൽ, 1956-ാമാണ്ട് "ബ്യൂല്യൂ" എസ്റ്റേറ്റിൽ നിന്നും 6 ഏക്കർ ഭൂമി മൈസൂർ സർക്കാർ ഏറ്റെടുത്തിട്ടുണ്ടെന്നും, ആ നടപടി ക്രമത്തിൽ, രാജകുമാരി ലീലാവതി ദേവിയെ എസ്റ്റേറ്റിന്റെ ഉടമയായി കാണിച്ചിരുന്നു എന്നും സൂചിപ്പിക്കുന്നു. 1959-ാം മാണ്ട് എസ്റ്റേറ്റിന്റെ മറ്റ് കുറച്ച് ഭാഗങ്ങളും ഏറ്റെടുത്തെന്നും ഈ സമയം കെ.ബാസവരാജ് അരശിനെയാണ് ഉടമയായി കാണിച്ചിട്ടുള്ളത്. 24 ഏക്കർ 12 ഗുന്താസിൽ നിന്നും 20 ഏക്കർ 9 ഗുന്താസ് ഭൂമി ആർജ്ജിച്ചിരുന്നെന്നും അത് ഒരു കളവായ ആർജ്ജനമാണെന്നും ഉടമകൾക്ക് യാതൊരു അവകാശവും നൽകുന്നതല്ല എന്നും പരാതിപ്പെടുന്നു.

5. ഈ പരാതിയുടെ ഫലമായി, 1964-ലെ കർണ്ണാടക ഭൂനികുതി ആക്റ്റ് (ചുരുക്കത്തിൽ "ദി കെഎൽആർ ആക്റ്റ്"") വകുപ്പ് 67 പ്രകാരമുള്ള സമ്മറി നടപടികൾ ഈ ഭൂമിയിലെ താമസക്കാർക്കെതിരായി ആരംഭിച്ചു. ഈ നടപടിയിൽ സങ്കടപ്പെട്ടു കൊണ്ട് കക്ഷികളിൽ ഒരുവൾ-ശ്രീമതി. ആശ ചാക്കോ സിവിൽ അപ്പിൽ നമ്പർ 4939 /2017-ലെ [പ്രത്യേകാനുമതി ഹർജി (സിവിൽ) നമ്പർ 12595/2014-ൽ നിന്നും ഉത്ഭവിച്ചത്] അപ്പീൽവാദി കർണ്ണാടക ഹൈക്കോടതി മുമ്പാകെ ഒരു റിട്ട് ഹർജി ഫയൽ ചെയ്തു, എന്നാൽ മറ്റു കക്ഷികൾ അപ്പലേറ്റ് ട്രിബ്യൂണൽ മുമ്പാകെയാണ് അപ്പീലുകൾ ഫയൽ ചെയ്തത്. പാണ്ഡിത്യമുള്ള സിംഗിൾ ജഡ്ജി, കർണ്ണാടക സംസ്ഥാനം പാസാക്കിയ ഉത്തരവിന് അത് പാസാക്കുന്നതിനുള്ള അധികാരിത സംസ്ഥാനത്തിന് ഇല്ല എന്ന കാരണത്താൽ റദ്ദാക്കി.

6. കർണ്ണാടക സർക്കാർ, ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ച് മുമ്പാകെ പാണ്ഡിത്യമുള്ള സിംഗിൾ ജഡ്ജിയുടെ വിധിന്യായത്തിനെതിരായി ഒരു അപ്പീൽ ബോധിപ്പിച്ചു. അപ്പീൽവാദി എം.ശങ്കര

നാരായണൻ അപ്പലേറ്റ് ട്രിബ്യൂണൽ മുമ്പാകെ അയാൾ ഫയൽ ചെയ്തിരുന്ന അപ്പീൽ ഹൈക്കോടതിയിലേക്ക് മാറ്റി നൽകുന്നതിന് അപേക്ഷിച്ചു. ഈ പ്രാർത്ഥന കർണ്ണാടക ഹൈക്കോടതി നിരസിച്ചു. അതിനുശേഷം അപ്പീൽവാദി പ്രത്യേകാനുമതി ഹർജ്ജി (സിവിൽ)നമ്പർ 25034/2011 മുഖേന അയാളുടെ കേസ്സ് മാറ്റി നൽകുന്നതിന് ഈ കോടതിയെ സമീപിച്ചു. ഈ ഹർജ്ജി അനുവദിക്കുകയും ആ ഉത്തരവിന്റെ പ്രായോഗിക ഭാഗം താഴെ പറയും വിധം വായിക്കാവുന്നതുമാണ്:-

"3. കർണ്ണാടക അപ്പലേറ്റ് ട്രിബ്യൂണൽ (കെഎറ്റി) മുമ്പാകെയുള്ള എം.ശങ്കരനാരായണൻ അഭി ഡെപ്യൂട്ടി കമ്മീഷണറും മറ്റുള്ളവരും എന്ന് തലക്കെട്ടോടുകൂടിയ അപ്പീൽ നമ്പർ 690/2005, ഹൈക്കോടതിയിലെ റിട്ട് അപ്പീൽ നമ്പർ 643/2009-നോടൊപ്പം ആയതും കേൾക്കുന്നതിനായി ഹൈക്കോടതിയിലേക്ക് കൈമാറ്റം ചെയ്യുന്നതിനായി അപ്പീൽവാദി ഹൈക്കോടതിയിൽ അപേക്ഷിച്ചു. ഹൈക്കോടതി അപേക്ഷ തള്ളിക്കളഞ്ഞു. കെ.എ.റ്റി മുമ്പാകെ തീർപ്പാക്കാനുള്ള അപ്പീൽ ട്രിബ്യൂണൽ തന്നെ കേട്ട് തീർപ്പാക്കേണ്ടതാണെന്നും അത് റിട്ട് അപ്പീലുമായി കൂട്ടിച്ചേർക്കാൻ കഴിയുന്നതല്ല എന്നും അപ്പീൽ തള്ളിക്കളയുന്ന വേളയിൽ ഹൈക്കോടതി നിരീക്ഷിച്ചു.

4. ഹൈക്കോടതി മുമ്പാകെ നിലവിലിരിക്കുന്ന റിട്ട് അപ്പീൽ നമ്പർ 643/2009-ലെ തർക്കത്തിലെ വസ്തുത പരിഗണിക്കുമ്പോൾ അപ്പീൽവാദി കെ.എ.റ്റി മുമ്പാകെ ബോധിപ്പിച്ചിട്ടുള്ള അപ്പീലുമായി വിശാലമായി സാമ്യത ഉള്ളതിനാൽ വാദത്തിലെ ആധിക്യവും അതുപോലെതന്നെ വിധിന്യായങ്ങളിലെ അഭിപ്രായവ്യത്യാസവും ഒഴിവാക്കുന്നതിനായി കെ.എ.റ്റി മുമ്പാകെ നിലവിലിരിക്കുന്ന അപ്പീൽ ഹൈക്കോടതിയിലേക്ക് മാറ്റി നൽകുന്നതിന് ഹൈക്കോടതിയിൽ നിക്ഷിപ്തമായ അധികാരിതയുടെ വിനിയോഗിക്കലിൽ അത് പരാജയപ്പെട്ടു എന്നതാണ് ഞങ്ങളുടെ കാഴ്ചപ്പാട്.

5. ഞങ്ങൾ, അതനുസരിച്ച്, അപ്പീൽ അനുവദിക്കുകയും കെ.എ.റ്റി മുമ്പാകെ നിലവിലിരിക്കുന്ന "എം.ശങ്കരനാരായണൻ അഭി ഡെപ്യൂട്ടി കമ്മീഷണർ ബാംഗ്ലൂരും മറ്റുള്ളവരും" എന്ന തലക്കെട്ടോടു കൂടിയിട്ടുള്ള അപ്പീൽ നമ്പർ 690/2005 ഹൈക്കോടതി മുമ്പാകെ നിലവിലിരിക്കുന്ന "കർണ്ണാടക സംസ്ഥാനവും മറ്റൊരാളും അഭി ആശ ചാക്കോയും മറ്റുള്ളവരും" എന്ന തലക്കെട്ടോടുകൂടിയ റിട്ട് അപ്പീൽ നമ്പർ 643/2009-നോടൊപ്പം അതും കേട്ട് തീരുമാനിക്കുന്നതിനായി കൈമാറ്റം ചെയ്യുന്നതിന് നിർദ്ദേശിക്കുകയും ചെയ്യുന്നു. രജിസ്ട്രാർ, കെഎറ്റി അപ്പീൽ നമ്പർ 690/2005 റിക്കാർഡുകളും നടപടികളുംസഹിതം ഈ ഉത്തരവിന്റെ പകർപ്പ് കൈപ്പറ്റുന്ന തീയതി മുതൽ നാല് ആഴ്ചകൾ കവിയാതെയും കഴിയുന്നത്രയും വേഗത്തിലും ഹൈക്കോടതിയിലേക്ക് കൈമാറ്റം ചെയ്യേണ്ടതാണ് ചിലവുകൾ ഒന്നും ഇല്ല."

ശ്രീമതി ആശ ചാക്കോയുടെ കേസ്സിൽ ഹർജിക്കാരിക്ക് ട്രിബ്യൂണലിനെ സമീപിക്കാമെന്ന ഫലവത്തായ പകരമായ പരിഹാരം ഉളളതിനാൽ റിട്ട് ഹർജ്ജി ന്യായീകരിക്കത്തക്കതല്ലെന്ന മുഖ്യമായ കാരണത്താൽ കർണ്ണാടക സർക്കാർ ഫയൽ ചെയ്ത റിട്ട് അപ്പീൽ അനുവദിക്കപ്പെട്ടു. അപ്പീൽവാദി എം.ശങ്കരനാരായണന്റെ കൈമാറ്റം ചെയ്യപ്പെട്ട അപ്പീലിനെ സംബന്ധിച്ചിടത്തോളം, ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത അപ്പീലായതുകൊണ്ട് അത് ട്രിബ്യൂണലിന്റെ തീരുമാനത്തിനായി തിരിച്ചു നൽകുന്നതാണ് ഉചിതമെന്നും ഹൈക്കോടതി വിധിച്ചു. പാണ്ഡിത്യമുളള ഡിവിഷൻ ബെഞ്ചിന്റെ വിധിന്യായത്തിൽ സങ്കടമനുഭവിച്ചുകൊണ്ടാണ് ഈ രണ്ട് അപ്പീലുകളും ഫയൽ ചെയ്യപ്പെട്ടിട്ടുളളത്.

7. അപ്പീൽവാദികൾക്ക് വേണ്ടിയുളള പാണ്ഡിത്യമുളള സീനിയർ അഭിഭാഷകൻ ശ്രീ.കെ.കെ വേണുഗോപാൽ, കർണ്ണാടക സർക്കാരിന് വേണ്ടിയുളള പാണ്ഡിത്യമുളള അഭിഭാഷകൻ ശ്രീ.ജെ.എൻ.രഘുപതി എന്നിവരെ ഞങ്ങൾ വിശദമായി കേട്ടു. ഈ കേസ്സിൽ സംസ്ഥാന സർക്കാരിന്റെ നടപടി പ്രതീക്ഷക്കപ്പുറമായി കാലഹരണപ്പെട്ട

താണെന്നതാണ് ശ്രീ.വേണുഗോപാലിന്റെ പ്രധാന വാദം. വസ്തുവിന്റെ ആർജ്ജനം 1900-ൽ നടന്നതാണെന്നും കർണ്ണാടക സർക്കാരിന്റെ ഉടമസ്ഥതയിലുള്ള വസ്തു ആണെന്ന അവകാശവാദം ഉന്നയിച്ചു കൊണ്ട് 100 വർഷത്തിലധികരിച്ചതിനു ശേഷം നോട്ടീസുകൾ പുറപ്പെടുവിക്കുന്നതിന് സംസ്ഥാന സർക്കാരിന് കഴിയുന്നതല്ലാത്തതുമാണ്. 1900-ലെ വിലയാധാരം സൂക്ഷ്മമായി പരിഗണിക്കുമ്പോൾ അത് ഒരു വിലയാധാരമാണെന്നും അത് ആദ്യത്തെ രാജകുമാരിക്ക് അനുകൂലമായിട്ട് ഒപ്പിട്ട് പൂർത്തികരിച്ചതാണെന്നും വ്യക്തമായി കാണിക്കുന്നതിനാൽ പരാതിക്കാധാരം തന്നെ കളവാണെന്ന് കൂടി ബോധിപ്പിച്ചു. കെഎൽആർ ആക്റ്റ് വകുപ്പ് 67 പ്രകാരം നടപടി ആരംഭിക്കുന്നതിന് സംസ്ഥാനത്തിന് യാതൊരു അധികാരിതയും ഇല്ലെന്നതാണ് രണ്ടാമത്തെ വാദം.

8. ഈ ഘട്ടത്തിൽ, യഥാർത്ഥ കൈമാറ്റകരണത്തെപ്പറ്റി സൂചിപ്പിക്കുന്നത് ഉചിതമായേക്കാവുന്നതാണ് ഈ കൈമാറ്റ കരണം. ലാൻസ്‌ലോട്ട് റിക്കറ്റ്സ് മൈസൂർ ദിവാന് ഒപ്പിട്ടു പൂർത്തീകരിച്ച് നൽകിയതാണെന്ന് കാണാവുന്നതും, എന്നാൽ കൈമാറ്റ കരണത്തിന്റെ അടിഭാഗത്ത് ആയത് രജിസ്റ്റർ ചെയ്തതാണെന്നും രൂ.128.50 ഫീ ആയി അടച്ചതാണെന്നും ഉള്ള ഒരു കുറിപ്പ് ഉള്ളതുമാണെന്നതിൽ യാതൊരു സംശയവും ഇല്ല. സംസ്ഥാനത്തെ ആർക്കൈവ്സിൽ നിന്നും ഹാജരാക്കപ്പെട്ട ഒരു മെമ്മോ രേഖയിൽ കൊണ്ടുവരപ്പെട്ടിട്ടുള്ളതും ആയത് മൈസൂർ മഹാരാജാവിന് മൈസൂർ ദിവാൻ സമർപ്പിച്ചിട്ടുള്ള ഒരു മെമ്മോ ആണെന്നും കാണിക്കുന്നു. ഈ മെമ്മോയിൽ, രാജാവ് ആഗ്രഹിച്ചതുപോലെ, മിസ്റ്റർ ലാൻസ്‌ലോട്ട് റിക്കറ്റ്സിന്റെ വീട് ആദ്യത്തെ രാജകുമാരി ജയലക്ഷമ്മാനി ആവരു-ന് വേണ്ടി വാങ്ങുന്നതിന് മൈസൂർ ദിവാൻ ഏർപ്പാട് ചെയ്തുവെന്ന് പ്രസ്താവിച്ചിരിക്കുന്നു, ആദ്യത്തെ രാജകുമാരിയുടെ അക്കൗണ്ട്, തുക നീക്കിയിരിപ്പ്, അവർക്ക് കിട്ടുന്ന അടുത്തുൺ, ആദ്യത്തെ രാജകുമാരിയുടെ നിധിയിൽ നിന്നും എങ്ങനെ ഈ വീട് വാങ്ങുന്നതിന് തുക വിനിയോഗിക്കാമെന്നും ഉള്ള വിവരങ്ങൾ എന്നിവ അതിൽ ഉണ്ട്. ഈ മെമ്മോ 03.08.1900-ൽ സമർപ്പിച്ചിട്ടുള്ളതും 04.08.1900-ന് അംഗീകരിച്ചിട്ടുള്ളതുമാണ്. ഈ മെമ്മോയുടെ ഒരു വശത്ത്, രാജാവ് അനുമതി നൽകുന്നതിന് മുമ്പ് ആദ്യത്തെ രാജകുമാരിയോട് ഈ കാര്യം വിശദീകരിക്കണമെന്നും തടസ്സം നീക്കി സുരക്ഷിതമാക്കണമെന്നും കുറിച്ചിട്ടുള്ളത് സൂചിപ്പിക്കുന്നത് സന്ദർഭോചിതമായേക്കാവുന്നതാണ്. ഇത് ചെയ്തിട്ടുള്ളതും 4-8-1900-ന് അനുമതി നൽകിയിട്ടുള്ളതുമാണ്, അതിനു ശേഷമാണ് 25-8-1900-ൽ കൈമാറ്റകരണം ഒപ്പിട്ട് പൂർത്തികരിക്കപ്പെട്ടിട്ടുള്ളത്.

9. കാര്യം ഇവിടെ അവസാനിക്കുന്നില്ല. മുകളിൽ സൂചിപ്പിച്ചതുപോലെ, ആകെയുള്ള വിസ്തീർണ്ണം 24 ഏക്കറും 12 ഗുന്താസുമാണ്. 1918-19 വർഷത്തിൽ മൈസൂർ സർക്കാരും മൈസൂർ കൊട്ടാരത്തിലെ കൺട്രോളറും തമ്മിൽ ആദ്യത്തെ രാജകുമാരിയുടെ ഭൂമിയിലെ ചില കൈയേറ്റങ്ങളെ സംബന്ധിച്ച് എഴുത്തുകൾ കൈമാറിയിട്ടുണ്ട്. അതിലേയ്ക്ക് ആദ്യത്തെ രാജകുമാരിയ്ക്ക് രൂ. 2300/- നഷ്ടപരിഹാരമായി നൽകുന്നതിന് സർക്കാർ അന്തിമമായി സമ്മതിച്ചു. വീണ്ടും 1948-ൽ എസ്റ്റേറ്റിന്റെ കുറച്ചുഭാഗം ഏറ്റെടുക്കുന്നതിനായി സർക്കാർ ആവശ്യപ്പെട്ടതായും കാണുന്നുണ്ട്. 11-12-1948-ൽ ആ സ്ഥലം ആദ്യത്തെ രാജകുമാരിയുടെ ഉടമസ്ഥതയിലുള്ള “ബ്യൂല്യൂ” എസ്റ്റേറ്റിന്റെ ഭൂമി ആയതുകൊണ്ട് അതിന്റെ ആർജ്ജനവുമായിട്ടുള്ള എല്ലാ എഴുത്തുകളും അവരെ അഭിസംബോധന ചെയ്തു കൊണ്ടാവണമെന്ന് കാണിച്ച്

ഹുസൂർ സെക്രട്ടറി മൈസൂർ സർക്കാരിന് ഒരു കത്ത് എഴുതി നൽകിയിട്ടുണ്ട്. 06.08.1949-ൽ "ബ്യൂല്യൂ" എസ്റ്റേറ്റിൽ നിന്നും 12680 സ്ക്വയർ യാർഡ് രൂ. 1,95,000/-ന് ആർജ്ജിച്ചിട്ടുള്ളതും ആ നഷ്ടപരിഹാരം ആദ്യത്തെ രാജകുമാരിക്ക് നൽകിയിട്ടുള്ളതുമാണ്.

10. ആദ്യത്തെ രാജകുമാരി 1918-ാമാണ്ടിൽ ഒരു ശ്രീ. കാന്തരാജേ അരശിനെ വിവാഹം ചെയ്തിട്ടുണ്ടെന്നും അവർക്ക് ശ്രീമതി ലീലാവതി ദേവി എന്ന മകൾ ഉണ്ടെന്നും സൂചിപ്പിക്കേണ്ടത് യുക്തമായേക്കാവുന്നതാണ്. ശ്രീമതി ലീലാവതി ദേവി അവരുടെ മാതാപിതാക്കളുടെ മരണശേഷം "ബ്യൂല്യൂ" എസ്റ്റേറ്റിന്റെ ഉടമയായി തീരുകയും, അവരുടെ മരണശേഷം അവരുടെ ഭർത്താവ് കെ.ബാസവരാജ് അരശ് ആ വസ്തുവിന്റെ ഉടമയായി പിന്തുടരുകയും ചെയ്തു.

11. 02.08.1956-ൽ, മൈസൂർ സർക്കാർ മറ്റൊരു ഭാഗം ഭൂമി ആർജ്ജിക്കുകയും ആദ്യത്തെ രാജകുമാരിയുടെ മകളായ രാജകുമാരി ലീലാവതി ദേവിക്ക് വീണ്ടും നഷ്ടപരിഹാരം നൽകുകയും ചെയ്തു. "ബ്യൂല്യൂ" എസ്റ്റേറ്റിന്റെ മറ്റൊരു ഭാഗം 1959-ാമാണ്ടിൽ ആർജ്ജനം ചെയ്യുകയും കെ. ബാസവരാജ് അരശിന് നഷ്ടപരിഹാരം നൽകുകയും ചെയ്തു.

12. രാജകുമാരി ലീലാവതി ദേവിക്കും കെ.ബാസവരാജ് അരശിനും അവരുടേതായ കുട്ടികൾ ഇല്ലാത്തതിനാൽ അവർ ഒരു കെ.ബി. രാമചന്ദ്രരാജ് അരശിനെ ദത്തെടുക്കുകയും അയാളുടെ മാതാപിതാക്കളുടെ മരണശേഷം അയാൾ ആ വസ്തുക്കളുടെ ഉടമസ്ഥനായിത്തീരുകയും ചെയ്തു. അയാൾ 12-12-1973-ന് അപ്പീൽവാദി എം.ശങ്കരനാരായണന് അനുകൂലമായി ഒരു വിലയാധാരം ഒപ്പിട്ടു പൂർത്തീകരിച്ചു. റവന്യു റിക്കാർഡിലും ഈ രജിസ്റ്റർ ചെയ്യൽ 1973-ൽ രേഖപ്പെടുത്തിയിട്ടുണ്ട്.

13. ശ്രീമതി ആശ ചാക്കോയുടെ കേസ്സിനെ സംബന്ധിച്ചിടത്തോളം, കെ.ബി. രാമചന്ദ്രരാജ് അരശ് വസ്തുവിന്റെ ഒരു ഭാഗം 15.4.1971-ലെ വിലയാധാരം മുഖേന ശ്രീമതി. എം.മീനാക്ഷി അമ്മക്ക് വിറ്റിട്ടുള്ളതാണ്. എം.മീനാക്ഷി അമ്മ, അതിനുശേഷം, ഡോ. അമ്മു നായർക്ക് അനുകൂലമായി ഒരു മരണശാസനം ഒപ്പിട്ടു പൂർത്തീകരിക്കുകയും അവരെ വസ്തുവിന്റെ ആ ഭാഗത്തെ ഉടമയായി റിക്കാർഡിൽ ചേർക്കുകയും ചെയ്തു. ഡോ. അമ്മു നായർ ഈ വസ്തുവിനെ ആശ ചാക്കോ, നിഖിലാനന്ദ് നായർ, നിത്യാനന്ദ് എൻ. നായർ എന്നിവർക്ക് മരണശാസനം ചെയ്തു.

14. 14-5-2004-ലെ പരാതിക്ക് ശേഷം, കെഎൽആർ ആക്റ്റ് വകുപ്പ് 67(2) പ്രകാരം കർണ്ണാടക സർക്കാർ ഒരു നോട്ടീസ് പുറപ്പെടുവിച്ചു. ഈ നോട്ടീസിനെ എതിർത്തുകൊണ്ട് ഹൈക്കോടതി മുമ്പാകെ ആശ ചാക്കോ, നിഖിലാനന്ദ് നായർ, നിത്യാനന്ദ് എൻ. നായർ എന്നിവർ ഒരു റിട്ട് ഹർജി ഫയൽ ചെയ്യുകയും 05.02.2009-ൽ റിട്ട് ഹർജി നമ്പർ 16974/2005-ൽ താഴെപ്പറയുന്ന പദങ്ങളിൽ റിട്ട്ഹർജി അനുവദിച്ചുകൊണ്ട് പാണ്ഡിത്യമുള്ള സിംഗിൾ ജഡ്ജി ഉത്തരവ് പാസ്സാക്കുകയും ചെയ്തു:

> "24. നിലവിലത്തെ കേസ്സിൽ സമ്മതിക്കപ്പെട്ട സാഹചര്യങ്ങളെ സംബന്ധിച്ച്, ശ്രീ. ലാൻസ്‌ലോട്ട് റിക്കറ്റ്സ് 1900-ാമാണ്ടിൽ യഥാർത്ഥത്തിൽ വിറ്റിട്ടുള്ള വസ്തുവിനെ ഭാഗിക്കുകയും ഉപഭാഗങ്ങളാക്കി ധാരാളം കക്ഷികൾക്ക് വർഷങ്ങളായി വിവിധ വ്യക്തികൾ വിറ്റിട്ടുള്ളതും ഹർജ്ജിക്കാർ അതിലെ ഒരു ഭാഗം രജിസ്റ്റർ ചെയ്ത രേഖകൾ പ്രകാരം ആർജ്ജിച്ചിട്ടുള്ളതും വസ്തുവിന്റെ മറ്റുഭാഗങ്ങളെ സംബന്ധിച്ചുള്ള നിർബന്ധിത ആർജ്ജന നടപടികളിൽ വ്യക്തി ഉടമസ്ഥാവകാശം സർക്കാർ തന്നേയും പൊരുത്തപ്പെടുവിധം സമ്മതിച്ചിട്ടുള്ളതുകൊണ്ടും അവരെ വകുപ്പ് 67-നെ അവലംബിച്ചുകൊണ്ട് പുറത്താക്കു

വാൻ കഴിയാത്തതുമാണ്. വഞ്ചന എല്ലാം കലുഷമാക്കിയേക്കാം എന്ന തത്വം പോലും ഇതിൽ അങ്ങനെ ആയേക്കാവുന്നതാണ്.

25. ആശ്രയം അർപ്പിച്ചിട്ടുള്ള ഈ കോടതിയുടെ ഡിവിഷൻ ബെഞ്ചിന്റെ വിധിന്യായത്തിൽ താല്ക്കാലിക വിളവെടുപ്പിന് സർക്കാർ അനുവദിച്ചു നൽകിയിട്ടുള്ളതും പിന്നീട് അനുവദിച്ചു കിട്ടിയവർ അപ്പീൽവാദികൾക്ക് അന്യാധീനപ്പെടുത്തിയിട്ടുള്ളതുമായ ഭൂമിയെ സംബന്ധിച്ചിടത്തോളം, ആ കേസ്സിൽ, അന്വേഷണം നടത്തുന്നതിലേക്ക് മാത്രം ഫലമായിട്ടുള്ളതും റവന്യു റിക്കാർഡുകളിൽ അപ്പീൽ വാദികൾക്ക് അനുകൂലമായി ഉൾക്കുറിപ്പുകൾ ചേർത്തിട്ടുളളത് റൗണ്ട് ചെയ്യുകയും സർക്കാരിന്റെ പേർ പകരം ചേർക്കപ്പെട്ടിട്ടുള്ളതുമാണ്. ഉടമസ്ഥാവകാശം സംബന്ധിച്ചുള്ള തർക്കം വിസ്തരിച്ച് തീർപ്പാക്കപ്പെടുകയോ ഉടമസ്ഥാവകാശം അസംഗതമായേക്കാമെന്ന് വിധിക്കപ്പെടുന്നത് സംബന്ധിച്ചുള്ള ഒരു നിരീക്ഷണം നടത്തുകയോ ചെയ്തിട്ടില്ലാത്തതുമാണ്. പ്രസ്തുത വിധിന്യായം, നിലവിലത്തെ കേസ്സിലെ വസ്തുതകൾക്ക് പ്രസക്തമായേക്കാവുന്നതല്ല.

26. കൂടാതെ, വകുപ്പ് 67(2), ഒരു കുടിയൊഴിപ്പിക്കൽ ഉത്തരവ് പാസ്സാക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നില്ല, വകുപ്പ് 67(3)-ന്റെ വെളിച്ചത്തിൽ, സർക്കാർ ഭൂമിയെ സംബന്ധിച്ച് അവകാശവാദം ഉന്നയിച്ചിട്ടുള്ള ആൾക്ക് ഒരു വർഷത്തെ സമയം നൽകേണ്ടതും എതിർകക്ഷികളെ ഒഴിപ്പിക്കുന്നതിലേക്കും അവർ സർക്കാരിലേക്ക് ഈ ഉത്തരവ് കൈപ്പറ്റി 21 ദിവസങ്ങൾക്കകം അവരുടെ കൈവശാവകാശം അവർ തിരിച്ചേൽപ്പിക്കണം എന്നും നിർദ്ദേശിച്ചുകൊണ്ടുള്ള ചോദ്യം ചെയ്യപ്പെട്ട ഉത്തരവിന് യാതൊരു അധികാരിതയും ഇല്ലാത്തതും ആണ്."

ആദ്യത്തെ രാജകുമാരിക്ക് അനുകൂലമായി 25-8-1900-ൽ ലാൻസ്ലോട്ട് റിക്കറ്റ്സ് ഒപ്പിട്ടു പൂർത്തികരിച്ച കൈമാറ്റ പ്രമാണം വ്യാജമായിട്ടുള്ളതെന്ന അവകാശവാദത്തിൽ അധികാരസ്ഥാനം അന്തിമമായി എത്തിച്ചേർന്നിട്ടില്ലെന്ന് വിധിക്കപ്പെട്ടു. മുമ്പുണ്ടായിരുന്ന രാജകുടുംബം വഞ്ചന പ്രവർത്തിച്ചിരുന്നു എന്ന് ഒരു അനുമാനവും ഉന്നയിച്ചിട്ടില്ലെന്നുംകൂടി വിധിക്കപ്പെടുകയും അതുകൊണ്ട് പാണ്ഡിത്യമുള്ള സിംഗിൾ ജഡ്ജി മുഴുവൻ നടപടികളെയും റദ്ദാക്കുകയും ചെയ്തു. ഞങ്ങൾ മുകളിൽ നേരത്തെ സൂചിപ്പിച്ചതുപോലെ, കർണ്ണാടക സർക്കാർ ഒരു അപ്പീൽ ഫയൽ ചെയ്യുകയും റിട്ട് ഹർജിക്കാരൻ(ർ) അപ്പലേറ്റ് ട്രിബ്യൂണലിനെ സമീപിക്കുകയാണ് ഉചിതമായ പരിഹാരം എന്ന കാരണത്തിൽ ആ അപ്പീൽ അനുവദിക്കപ്പെടുകയും ചെയ്തു.

15. കെഎൽആർ ആക്റ്റ് വകുപ്പ് 67 താഴെപ്പറയും വിധം വായിക്കാവുന്നതാണ്:

**"67. പൊതു റോഡുകൾ മുതലായവയും, മറ്റുള്ളവരുടെ വസ്തു അല്ലാത്തതുമായ എല്ലാ ഭൂമിയും സർക്കാരിന് സ്വന്തമായിരിക്കുമെന്ന്.—**

(1) എല്ലാ പൊതു റോഡുകളും, തെരുവുകളും, ഇടവഴികളും, പാതകളും, പാലങ്ങളും, ചാലുകളും, ചിറകളും, വേലികളും അവയിലോ അവയ്ക്കു പുറമേയോ ഉള്ളതും, കടൽപ്പരപ്പിലും തുറമുഖങ്ങളിലും ഉയർന്ന ജല അടയാളത്തിന് താഴെയുള്ള ഉൾക്കടലുകളിലും നദികളിലും, അരുവികളിലും, ചെറുപുഴകളിലും, പൊയ്കകളിലും, തടാകങ്ങളിലും എല്ലാ തോടുകളിലും, ജലമാർഗ്ഗങ്ങളിലും കെട്ടിനിൽക്കുന്നതും ഒഴുകുന്നതുമായ ജലത്തിലും വ്യക്തികളുടെയോ, വസ്തു കൈവശം വെക്കുന്നതിന് നിയമപരമായി യോഗ്യരായ വ്യക്തികളുടെ സംഗ്രഹത്തിന്റേയോ അല്ലാതെ എവിടെയെല്ലാം സ്ഥിതിചെയ്യുന്ന എല്ലാ ഭൂമിയിലും കൂടാതെ അതിലും അതിന്റെ പുറത്തും അത്തരം ആളുകളുടെ ഏതെങ്കിലും അവകാശങ്ങൾ സ്ഥാപിക്കപ്പെടുന്നിടത്ത് ഒഴികെയും കൂടാതെ കാലാകാലങ്ങളിൽ നിലവിലുള്ള ഏതെങ്കിലും നിയമത്തിൽ മറ്റുവിധത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത് ഒഴികെയും, അവയിലും അവക്ക് പുറമേയും എല്ലാ അവകാശങ്ങൾ ഉള്ളതായി ഇതിനാൽ പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളതും അതിനോട് അനുബന്ധിച്ചിട്ടുള്ളതും സർക്കാരിന്റെ ഭൂമി ആകുന്നതാണ്.

വിശദീകരണം.—ഈ വകുപ്പിൽ, "ഉയർന്ന ജല അടയാളം" എന്നത് വർഷത്തിലെ ഏതെങ്കിലും കാലത്തുണ്ടായ സാധാരണ വേലിയേറ്റ

ത്തിൽ എത്തിചേർന്ന ഉയർന്നസ്ഥാനം എന്നർത്ഥമാകുന്നു.

(2) ഏതെങ്കിലും വസ്തുവോ ഏതെങ്കിലും വസ്തുവിലോ വസ്തുവിന്റെ മീതയോ ഉളള എന്തെങ്കിലും അവകാശമോ സർക്കാരോ സർക്കാരിന് വേണ്ടിയോ അല്ലെങ്കിൽ ഏതെങ്കിലും ആൾ സംസ്ഥാന സർക്കാരിനെതിരായോ അവകാശവാദം ഉന്നയിക്കുമ്പോൾ, ഡെപ്യൂട്ടി കമ്മീഷണറോ, ഡെപ്യൂട്ടി കമ്മീഷണറുടെ പദവിയിൽ കുറയാത്ത ഒരു സർവ്വേ ഉദ്യോഗസ്ഥനോ ഔപചാരികമായ അന്വേഷണത്തിന് ശേഷം അവകാശവാദം തീരുമാനിച്ചുകൊണ്ട് ഒരു ഉത്തരവ് പാസാക്കുന്നത് നിയമാനുസൃതമായിരിക്കുന്നതാണ്.

(3) ഉപവകുപ്പ് (2) പ്രകാരമുളള ഒരു ഉത്തരവിലോ അതിൽ നിന്നുളള അപ്പീലിലോ റിവിഷനിലോ സങ്കടമനുഭവിക്കുന്ന യാതൊരാൾക്കും അത്തരം ഉത്തരവ് തീയതി മുതൽ ഒരു വർഷം വരെയുളള ഒരു കാലയളവിൽ ആ ഉത്തരവിനെതിരായി ഒരു സിവിൽ അന്യായം ബോധിപ്പിക്കാവുന്നതും സിവിൽ അന്യായത്തിലുളള അന്തിമതീരുമാനം കക്ഷികൾക്ക് ബാധകമാകുന്നതുമാണ്".

ഈ വകുപ്പിന്റെ ഒരു ലളിതമായ വായനയിൽ പൊതുറോഡുകളും, തെരുവുകളും, ഇടവഴികൾ മുതലായവയും മറ്റുളളവരുടെ വസ്തുക്കളല്ലാത്ത എല്ലാ ഭൂമിയും സർക്കാരിന് സ്വന്തമാകുന്നതാണ് എന്ന് കാണാവുന്നതാണ്. ഏതെങ്കിലും മറ്റ് ആളിന്റെ ഉടമസ്ഥതയിൽ രേഖപ്പെടുത്തിയിട്ടുളള വസ്തുവോ വസ്തു കൈവശം വെക്കുന്നതിന് നിയമപരമായി കഴിയുന്ന ആൾക്കാരുടെയോ വസ്തുവോ ആകുന്നിടത്ത് വകുപ്പ് 67-ലെ വ്യവസ്ഥകൾ ബാധകമാകുന്നതല്ല. 100 വർഷങ്ങൾക്ക് അധികമായി വസ്തു കൈവശം വെച്ചിട്ടുളള ആളുകളുടെ ഉടമസ്ഥാവകാശ തർക്കം വ്യവഹരിക്കുന്നതിന് വകുപ്പ് 67 പ്രയോഗിക്കുവാൻ കഴിയുന്നതല്ല. 25-8-1900-ൽ കൈമാറ്റ കരണം ഒപ്പിട്ട് പൂർത്തീകരിക്കുന്നതിന് മുമ്പായി ആദ്യത്തെ രാജകുമാരിക്കുവേണ്ടി എസ്റ്റേറ്റ് വസ്തു വാങ്ങുന്നതായും അതിലേക്കുളള തുക അവരുടെ വ്യക്തിഗത നിധിയിൽ നിന്നും നൽകുന്നതാണെന്നും കാണിച്ച് മൈസൂർ ദിവാൻ മൈസൂരിലെ മഹാരാജാവിന് ഒരു കുറിപ്പ് സമർപ്പിച്ചിരുന്നു. ആദ്യ രാജകുമാരിയെ വിവരം അറിയിക്കണമെന്നും അവരുടെ അനുമതി വാങ്ങിക്കണമെന്നും കൂടി അദ്ദേഹം മഹാരാജാവിനോട് അപേക്ഷിച്ചിരുന്നു. 1900-ാമാണ്ടിൽ, മൈസൂരിലെ മഹാരാജാവും അദ്ദേഹത്തിന്റെ ദിവാനും ആദ്യ രാജകുമാരിക്ക് അനുകൂലമായിട്ട് മൈസൂർ സംസ്ഥാനത്തിനെതിരെ വഞ്ചന നടത്തുന്നതിന് കൂട്ടു ചേർന്നതായി വിശ്വസിക്കുന്നതിന് ആകുന്നില്ല.

16. മുകളിൽ വിശദമാക്കിയിട്ടുളള വസ്തുതകളിൽ നിന്നും "ബ്യൂല്യൂ" എസ്റ്റേറ്റിൽ നിരവധി ആർജ്ജനങ്ങൾ നടന്നിട്ടുണ്ടെന്ന് വ്യക്തമാണ്. രാഷ്ട്രത്തിന്റെ സ്വാതന്ത്ര്യലബ്യതക്ക് മുമ്പും പിമ്പും ആകെയുളള 24 ഏക്കറുകൾ 12 ഗുന്താസുകളിൽ നിന്നും 20 ഏക്കറുകൾക്ക് അധികം ഭൂമി മൈസൂർ സർക്കാർ ആർജ്ജിച്ചിട്ടുളളതാണ്. യാതൊരു തടസ്സവും ആരും തന്നെ ഉന്നയിച്ചിട്ടില്ല. ഭൂമി സർക്കാരിനെ സംബന്ധിച്ചതായ ഭൂമി ആണെങ്കിൽ അതിന്റെ സ്വന്തം ഭൂമി സർക്കാരിന് ആർജ്ജിക്കേണ്ടതായിട്ടുണ്ടോ? ഈ ചോദ്യത്തിന് ഉത്തരം ലഭിച്ചിട്ടില്ല. 1971-ാമാണ്ടിനുശേഷമാണ് നിരവധി ഇടപാടുകൾ നടന്നിട്ടുളളതും ഈ എസ്റ്റേറ്റിന്റെ ഭാഗങ്ങൾ വിറ്റിട്ടുളളതും/ഒരാളിൽ നിന്നും മറ്റൊരാളിലേക്ക് കൈമാറ്റം ചെയ്തിട്ടുളളതും. റവന്യൂ രേഖകളിൽ ഉൾക്കുറിപ്പുകൾ ചേർത്തിട്ടുളളതും സർക്കാർ യാതൊരു തടസ്സവും ഉന്നയിച്ചിട്ടില്ലാത്തതുമാണ്. യാതൊരു മുറുമുറുപ്പും ഇല്ലാതെ വിലയാധാരങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 2004-ാമാണ്ടിലാണ് കർണ്ണാടക പബ്ലിക്ക് സർവ്വീസ് കമ്മിഷനിലെ കുറച്ച്

ഉദ്യോഗസ്ഥർ പരാതി ഫയൽ ചെയ്തത്. ഇതിനകം തന്നെ, എസ്റ്റേറ്റിന്റെ വിവിധ ഭാഗങ്ങളിലായി ഹോട്ടലുകൾ വാണിജ്യ നിർമ്മിതികൾ, വാസസ്ഥലങ്ങൾ എന്നിവ സംജാതമായി.

17. യഥാർത്ഥ കൈമാറ്റ കരണം ഒപ്പിട്ട് പൂർത്തീകരിച്ചു 104 വർഷങ്ങൾക്ക് ശേഷവും ആ എസ്റ്റേറ്റിന്റെ വിവിധ ഭൂമി ആർജ്ജിച്ചതിനുശേഷവും യഥാർത്ഥ കൈമാറ്റ കരണം വ്യാജമാണെന്നും അതിനുശേഷം നടത്തിയിട്ടുള്ള കൈമാറ്റങ്ങൾ എല്ലാം വഞ്ചനാപരമായി നടത്തിയിട്ടുള്ളതും, അപ്രകാരം അവ അസാധുവാണെന്നും അപേക്ഷിക്കുവാൻ സർക്കാരിനെ അനുവദിക്കുന്നതിന് ഞങ്ങൾക്ക് കഴിയുന്നതല്ല. ഇതിൽ ധാരാളം യഥാർത്ഥ ക്രേതാക്കൾ ഉള്ളതുകൊണ്ടും, മറ്റുവിധത്തിലായാൽപോലും, ആദ്യകൈമാറ്റം അസാധുവാണെന്ന് വിധിക്കുന്നതിന് ഞങ്ങൾ അനുകൂലിക്കുന്നില്ല.

18. എന്നുമാത്രമല്ല, വകുപ്പ് 67-ന്റെ ഒരു ലളിത വായനയിൽ അത് പൊതുറോഡുകളേയും തെരുവുകളേയും ഇടവഴികൾ മുതലായവയേയും വ്യക്തികളുടെയോ നിയമപ്രകാരം വസ്തു കൈവശമാക്കാവുന്ന ആളുകളുടെ സംഗ്രഹത്തിന്റേയോ വസ്തുക്കളല്ലാത്ത അത്തരം ഭൂമികൾക്കു മാത്രമേ ബാധകമാകുകയുള്ളു എന്ന് വ്യക്തമായി സൂചിപ്പിക്കുന്നു. വകുപ്പ് 67-ന്റെ അടിസ്ഥാനത്തിൽ സർക്കാരും വ്യക്തികളും തമ്മിലുള്ള ഭൂവുടമസ്ഥതാത്തർക്കം തീരുമാനിക്കുവാൻ കഴിയുന്നതല്ല. കർണ്ണാടക പബ്ലിക് സർവ്വീസ് കമ്മീഷന്റെ സെക്രട്ടറി അയാളുടെ പരാതിയിൽ, 100 വർഷങ്ങൾക്ക് അധികകാലം മുമ്പ് ഒപ്പിട്ട് പൂർത്തീകരിച്ച കൈമാറ്റ കരണം ആദ്യ രാജകുമാരിക്ക് അനുകൂലമായിട്ടുള്ളത് വ്യാജമായ അവകാശവാദമെന്ന് അഭിപ്രായപ്പെട്ടിട്ടുള്ളത് വകുപ്പ് 67 പ്രകാരം നടപടി സ്വീകരിക്കുന്നതിനുള്ള ഉചിതമായ കാരണമല്ല. എസ്റ്റേറ്റിന്റെ ഭൂമി സംബന്ധിച്ച് പിന്നീടുള്ള കൈമാറ്റങ്ങളും വ്യാജമാണെന്ന് വിധിക്കുന്നതിന് കഴിയുന്നതല്ലാത്തതാണ്. വ്യാജമാണെന്നത് വാദിക്കുകയും തെളിയിക്കുകയും ചെയ്യേണ്ടതാണ്. അത് അനുമാനിക്കാൻ കഴിയാത്തതാണ്. വകുപ്പ് 67 പ്രകാരമുള്ള നടപടികൾക്ക് അധികാരിത ഇല്ലെന്നുള്ള പാണ്ഡിത്യമുള്ള സിംഗിൾ ജഡ്ജിയുടെ വിധി ന്യായീകരിക്കത്തക്കതാണെന്ന അഭിപ്രായമാണ് ഞങ്ങൾക്കുള്ളത്. ആ നടപടികൾ കാലഹരണ കാലാവധിക്കപ്പുറത്തുള്ളതാണെന്ന് എന്ന അഭിപ്രായവും ഞങ്ങൾക്കുണ്ട്.

19. ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ച് വകുപ്പ് 67-ന്റെ അടിസ്ഥാനത്തിൽ സങ്കടപ്പെടുന്ന കക്ഷികൾക്ക് ഒരു സിവിൽ ഹർജ്ജിയോ കെഎൽആർ ആക്റ്റിന്റെ വകുപ്പ് 49 പ്രകാരം ഉത്തരവിനെതിരായി കർണ്ണാടക അപ്പലേറ്റ് ട്രിബ്യൂണൽ മുമ്പാകെ ഒരു അപ്പീലോ ഫയൽ ചെയ്യാമെന്ന് വിധിച്ചിട്ടുണ്ട്. അത് അവകാശയോഗ്യതക്കനുസൃതമായി തീരുമാനിച്ചിട്ടില്ലാത്തതാണ്. നിലവിലത്തെ കേസ്സിന്റെ പ്രത്യേകമായിട്ടുള്ള വസ്തുതകളും സാഹചര്യമനുസരിച്ച് ഉടമസ്ഥാവകാശം സംബന്ധിച്ച തർക്കം 100 വർഷങ്ങൾ അധികമായതിനും ശേഷമാണ് ഉന്നയിച്ചിട്ടുള്ളതെന്ന് കാണിക്കുന്നതിന് തെളിവ് ഉണ്ടെന്നും, പ്രത്യേകിച്ചും സമകാലീന തെളിവുകളും ആ എസ്റ്റേറ്റിൽ നിന്നും ഉള്ള പിന്നീടുള്ള ആർജ്ജനങ്ങളും, സ്വാതന്ത്ര്യം ലഭിക്കുന്നതിനുമുമ്പ് മൈസൂർ മഹാരാജാവും സ്വാതന്ത്ര്യാനന്തരം മൈസൂർ സർക്കാരും രണ്ടുപേരും, നടത്തിയിട്ടുള്ളതിനാൽ വഞ്ചനാപരം എന്ന ആരോപണം വിശ്വസിക്കുവാൻ കഴിയാത്തതാണ്. ഭാരതത്തിന്റെ ഭരണഘടനയുടെ അനുച്ഛേദം 227 പ്രകാരം അധികാരിത ഇല്ലാത്ത നോട്ടീസ് അസാധുവാക്കുന്നതിന് കഴിയേണ്ടതാണ്.

20. മേൽ ചർച്ചയുടെ അടിസ്ഥാനത്തിൽ പാണ്ഡിത്യമുള്ള സിംഗിൾ ജഡ്ജിയുടെ വിധിന്യായത്തെ റദ്ദാക്കുന്നതിൽ ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ചിന് തെറ്റുപറ്റിയതായി ഞങ്ങൾക്ക് വ്യക്തമായ അഭിപ്രായം ഉണ്ട്. "ബ്യൂല്യൂ" എസ്റ്റേറ്റ് ആദ്യ രാജകുമാരിക്കുവേണ്ടി ആദ്യ രാജകുമാരിയുടെ വ്യക്തിഗതനിധിയിൽ നിന്നും തുക നൽകികൊണ്ട് മൈസൂർ ദിവാൻ വാങ്ങിയതാണെന്ന് വിധിക്കുന്നു അതുകൊണ്ട് കർണ്ണാടക സർക്കാരിന് ആ വസ്തുവിന്മേൽ യാതൊരു അവകാശവും ഇല്ലാത്തതാണ്. തത്ഫലമായി, അപ്പീലുകൾ അനുവദിക്കപ്പെടുന്നതും ഹൈക്കോടതി ഡിവിഷൻ ബെഞ്ചിന്റെ വിധിന്യായത്തെ അസ്ഥിരപ്പെടുത്തുകയും പാണ്ഡിത്യമുള്ള സിംഗിൾ ജഡ്ജിയുടെ വിധിന്യായത്തെ പുന:സ്ഥാപിക്കുകയും ചെയ്യുന്നു. കൂടാതെ അപ്പീൽ വാദിയായ എം.ശങ്കരനാരായണൻ ഫയൽ ചെയ്ത അപ്പീൽ ഹൈക്കോടതിയിലേയ്ക്ക് കൈമാറ്റം ചെയ്യപ്പെട്ട് പാണ്ഡിത്യമുള്ള സിംഗിൾ ജഡ്ജിയുടേയും ഈ കോടതിയുടേയും വിധിന്യായങ്ങളുടെ അടിസ്ഥാനത്തിൽ തീരുമാനിക്കപ്പെടുകയും ചെയ്യുന്നു.

*————*

# ബഹു. സുപ്രീം കോടതി മുമ്പാകെ

ബഹു. ചീഫ് ജസ്റ്റിസ് ജഗദീശ് സിംഗ് ഖേഹർ

ജസ്റ്റിസ് ദീപക് മിശ്ര

ജസ്റ്റിസ് ജെ. ചെലമേശ്വർ

ജസ്റ്റിസ് രഞ്ജൻ ഗൊഗോയി

ജസ്റ്റിസ് പ്രഫുല്ല സി. പന്ത്

ജസ്റ്റിസ് ഉദയ് ഉമേഷ് ലളിത്

കേരള സർക്കാർ

*അഭി*

ഗോവിന്ദ സ്വാമി

ക്രിമിനൽ അപ്പീൽ നമ്പരുകൾ 1584-1585/2014

നിന്നുള്ള

പുനഃപരിശോധന ഹർജ്ജി (ക്രിമിനൽ) നമ്പരുകൾ 655-656/2016

നിന്നുള്ള

തിരുത്തൽ ഹർജ്ജി (ക്രിമിനൽ) നമ്പരുകൾ 19-20/2017

2017 ഏപ്രിൽ 27-ന് വിധി കല്പിച്ചത്

## വിധിന്യായത്തിലെ പ്രസക്തഭാഗങ്ങൾ

**തിരുത്തൽ ഹർജ്ജികളിലും പ്രസക്തമായ രേഖകളിലും കൂടി കടന്നു പോകുമ്പോൾ 2002 (4) എസ്.സി.സി 388-ൽ റിപ്പോർട്ട് ചെയ്ത *രൂപ അശോക് ഹുറ അഭി അശോക് ഹുറയും മറ്റൊരാളും* എന്ന ഈ കോടതിയുടെ വിധിന്യായത്തിൽ സൂചിപ്പിച്ചിട്ടുള്ള പരിധികൾക്കുള്ളിൽ ഉണ്ടാക്കിയിട്ടുള്ള ഒരു കേസ്സല്ല. ഹർജ്ജികൾ തള്ളിക്കളഞ്ഞു.**

## ഉത്തരവ്

തിരുത്തൽ ഹർജ്ജികളിലും പ്രസക്തമായ രേഖകളിലും കൂടി കടന്നു പോകുമ്പോൾ 2002 (4) എസ്.സി.സി 388-ൽ റിപ്പോർട്ട് ചെയ്ത *രൂപ അശോക് ഹുറ അഭി അശോക് ഹുറയും മറ്റൊരാളും* എന്ന ഈ കോടതിയുടെ വിധിന്യായത്തിൽ സൂചിപ്പിച്ചിട്ടുള്ള പരിധികൾക്കുള്ളിൽ ഉണ്ടാക്കിയിട്ടുള്ള ഒരു കേസ്സല്ല എന്നതാണ് ഞങ്ങളുടെ വിചിന്തിതമായ അഭിപ്രായം.

അതനുസരിച്ച് ഈ തിരുത്തൽ ഹർജ്ജികൾ തള്ളിക്കളഞ്ഞു.

# ഹൈക്കോടതി വിധിന്യായങ്ങൾ

# ബഹു. കേരള ഹൈക്കോടതി മുമ്പാകെ

ബഹു. ജസ്റ്റിസ് കെ.സുരേന്ദ്രമോഹൻ

&

ബഹു. ജസ്റ്റിസ് മേരി ജോസഫ്

റിട്ട് ഹർജി (ക്രിമിനൽ) നം. 294/2016 (എസ്)

തങ്കമ്മ കോശി

*അഭി*

കേരള സർക്കാരും മറ്റുള്ളവരും

2016 ആഗസ്റ്റ് 19-ന് വിധി കല്പിച്ചത്

## വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ

**വിവാഹം ചെയ്യുന്ന കക്ഷികൾ രണ്ട് വ്യത്യസ്തവും വിഭിന്നവുമായ ആയ മതങ്ങളിൽപ്പെടുന്ന പക്ഷം, 1954-ലെ പ്രത്യേക വിവാഹ ആക്റ്റ് പ്രകാരം അത് രജിസ്റ്റർ ചെയ്താൽ മാത്രമെ നിയമസാധുതയുള്ള ഒരു വിവാഹം നടത്തുന്നതിന് സാധിക്കുകയുള്ളൂ. അല്ലാത്ത പക്ഷം കക്ഷികളിൽ ഒരാൾ മരണപ്പെടുമ്പോഴോ, തമ്മിലുള്ള തർക്കങ്ങൾ മൂലം കക്ഷികൾ വേർപിരിയുമ്പോഴോ, പിൻതുടർച്ചാവകാശത്തെ സംബന്ധിച്ച പ്രശ്നങ്ങൾ ഉടലെടുത്തേക്കാം. അപ്രകാരമുള്ള സാഹചര്യം മറ്റ് പല സങ്കീർണ്ണതകൾ ഉടലെടുക്കാൻ കൂടി കാരണമായേക്കാവുന്നതാണ്. ആയതിനാൽ തദ്ദേശാധികാര സ്ഥാപനങ്ങളും അത്തരം മറ്റ് സാമൂഹ്യ സ്ഥാപനങ്ങളും നിയന്ത്രണം പാലിക്കേണ്ടതും, നിയമസാധുതയുള്ള ഒരു വിവാഹം നടന്നിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തിയശേഷം മാത്രം സാക്ഷ്യപത്രങ്ങൾ നൽകുന്നത് ഉചിതമായിരിക്കുന്നതാണ്- ഹർജ്ജി നിർദ്ദേശ ങ്ങളോടെ തീർപ്പാക്കുന്നു.**

## വിധിന്യായം

ജസ്റ്റിസ് കെ. സുരേന്ദ്രമോഹൻ

19 വയസുള്ള നീനു എലിസബത്ത് എബ്രഹാമിന്റെ മുത്തശ്ശി തന്റെ മൂത്ത മകൻ എബ്രഹാം കോശിയുടെ മകളായ അവരെ, 5-ാം എതിർകക്ഷിയുടെ അധീനതയിലും തടഞ്ഞുവെക്കലിലും നിന്നും ബന്ദിയെ മോചിതയാക്കുന്നതിലേയ്ക്കായി ഒരു ഹേബിയസ് കോർപ്പസ് റിട്ട് പുറപ്പെടുവിക്കണം എന്നതിനാണ് ഈ റിട്ട് ഹർജി ഫയൽ ചെയ്തിരിക്കുന്നത്.

2. ഹർജിക്കാരിയുടെ മകൻ, എബ്രഹാം കോശി, 6-7-2002-ന്, അയാളുടെ മകൾക്ക് 5 വയസുള്ളപ്പോൾ മരണമടഞ്ഞു. ഹർജിക്കാരി തിരുവനന്തപുരത്ത് നാലാഞ്ചിറയിലുള്ള അവരുടെ ഇളയമകന്റെ കുടുംബത്തോടൊപ്പം താമസി ക്കുന്നു. ബന്ദിയുടെ മാതാവ് 2004-ൽ പുനർവിവാഹം ചെയ്ത് അവരുടെ ഭർത്താവു മൊത്ത്, കുവൈറ്റിൽ താമസിക്കുകയാണ്. ബന്ദി അവളുടെ 10-ാം ക്ലാസുവരെ കുവൈറ്റിൽ ആണ് പഠിച്ചത്. അവളുടെ പ്ലസ് 2 വിദ്യാഭ്യാസത്തിനായിട്ടാണ് അവളെ ഭാരതത്തിലേക്ക് കൊണ്ടുവന്നത്. പ്ലസ് 2

പൂർത്തിയാക്കിയതിനുശേഷം, അവൾ കോതമംഗലം എൽദോ മാർ ബസേലിയസ് കോളേജിനു കീഴിൽ പ്രവർത്തിച്ചു വരുന്ന പുതുപ്പാടിയിലെ സ്കൂൾ ഓഫ് മീഡിയ ആന്റ് ഡിസൈനിംഗിൽ അവൾ ബി.എ. അനിമേഷന്റെ ഒരു ബിരുദ കോഴ്സിനു ചേർന്നു. പുതുപ്പാടി വുളവൂർ ജംഗ്ഷനിൽ ഒരു ജയിംസ് വില്ലയിൽ നടത്തിവന്നിരുന്ന ഒരു ഹോം സ്റ്റേയിൽ താമസിച്ചുകൊണ്ടാണ് അവൾ പഠനം നടത്തിവന്നിരുന്നത്. അവധിക്കാലങ്ങളിൽ ബന്ദി ഒന്നുകിൽ ഹർജിക്കാരിയുടെ ഗൃഹത്തിലോ അല്ലെങ്കിൽ അവളുടെ മാതൃഗൃഹത്തിലോ ആയിരിക്കും.

3. മേൽപറഞ്ഞ സാഹചര്യങ്ങളിൽ പുതുപ്പാടിയിലെ ഹോം സ്റ്റേ ഉടമസ്ഥനിൽ നിന്നും 11.8.2016-ന് അവരുടെ അനുവാദം കൂടാതെ ബന്ദി സ്ഥലം വിട്ടതായി തനിക്ക് വിവരം ലഭിച്ചു എന്നാണ് ഹർജിക്കാരി പറയുന്നത്. ഹർജിക്കാരിയും അവരുടെ ഇളയമകനും ചേർന്ന് അവളുടെ മൊബൈൽ ഫോണിൽ സംസാരിക്കുവാൻ ശ്രമിച്ചു. വൈകുന്നേരത്തിൽ, അവർ അവളുമായി സംസാരിച്ചപ്പോൾ ഹർജിക്കാരിയുടെ ഇളയമകനോട് അവൾ തന്റെ അമ്മയുടെ പിതാവിന്റെ ചെങ്ങന്നൂരിലെ വീട്ടിലേക്കുള്ള യാത്രാമദ്ധ്യെ ആണ് എന്നാണ് മറുപടി പറഞ്ഞത്. എന്നാൽ അവൾ അവിടെ എത്തിയില്ല. മേൽപറഞ്ഞ സാഹചര്യങ്ങളിൽ, അവർ പോലീസിൽ പരാതി നൽകി. ക്രൈ.നം.1875/2016 രജിസ്റ്റർ ചെയ്തു. തുടർന്ന് തിരുവനന്തപുരത്ത് ഒരു ടാക്സി ഡ്രൈവർ ആയി ജോലി നോക്കിവരുന്ന 5-ാം എതിർകക്ഷി, യുവതിയെ തട്ടിക്കൊണ്ട്പോയതായി അവർക്ക് വിവരം ലഭിച്ചു. അവൾ 5-ാം എതിർ കക്ഷിയുമൊത്ത് വലിയമലയിലെ ഒരു വീട്ടിൽ ഉണ്ടായിരുന്നുവെന്നാണ് പോലീസ് നടത്തിയ അന്വേഷണത്തിൽ വെളിവാക്കപ്പെട്ടത്. ഹർജിക്കാരിയുടെ കുടുംബാംഗങ്ങൾ 5-ാം എതിർകക്ഷിയുടെ വീട്ടിൽ പോയിരുന്നെങ്കിലും അയാൾ അവർക്ക് ബന്ദിയെ കാണാൻ അനുമതി നൽകിയില്ല എന്നും ആരോപിക്കുന്നു. അതിനാൽ, 5-ാം എതിർകക്ഷിക്ക് ബന്ദിയെ തടഞ്ഞുവെയ്ക്കാൻ യാതൊരു അവകാശവുമില്ല എന്ന വാദം ഉന്നയിച്ചാണ് ഈ റിട്ട് ഹർജി ഫയൽ ചെയ്തിരിക്കുന്നത്.

4. ബന്ദിയെ ഇന്നേദിവസം ഞങ്ങൾക്ക് മുൻപിൽ ഹാജരാക്കണം എന്നു നിർദ്ദേശിച്ചുകൊണ്ടുള്ള ഒരു ഉത്തരവ് 16.8.2016-ന് ഞങ്ങൾ പാസ്സാക്കിയിരുന്നു. അതനുസരിച്ച്, ബന്ദി 5-ാം എതിർകക്ഷിയോടൊപ്പം ഞങ്ങൾക്ക് മുൻപിൽ ഹാജരായി. ഞങ്ങൾ ബന്ദിയുമായി സംവദിച്ചു. എസ്.എൻ.ഡി.പി യോഗം, നെടുമങ്ങാട് യൂണിയൻ, പഴകുറ്റി പി.ഒ., നെടുമങ്ങാട്, എസ്.എൻ.ഡി.പി യോഗം ശാഖ നം. 1386 - ചന്ദ്രമംഗലം നൽകിയ ഒരു വിവാഹ സാക്ഷ്യപത്രം, അവൾ കോടതിയിൽ വച്ച് ഞങ്ങൾക്ക് കൈമാറി. സാക്ഷ്യപത്രത്തിലെ തീയതി 13.8.2016 ആണ്. 5-ാം എതിർകക്ഷിയുമായി ബന്ദിയുടെ വിവാഹം ആനാട്, എസ്.എൻ.ഡി.പി. ശാഖ ആഫീസിൽ വെച്ച് ശാഖയുടെ ആഭിമുഖ്യത്തിൽ 12.8.2016-ന് രാവിലെ 9.30-നും രാവിലെ 10-നും ഇടയ്ക്ക് നടന്നതായി എസ്.എൻ.ഡി.പി. യോഗം സെക്രട്ടറി അത് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. അവരുടെ വിവാഹം വിവാഹ രജിസ്റ്റർ 1-ാം നമ്പർ പുസ്തകത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതായും അതിൽ പ്രസ്താവിച്ചിരിക്കുന്നു. അപേക്ഷകയും 5-ാം എതിർകക്ഷിയും തമ്മിൽ വിവാഹം കഴിക്കാൻ താത്പര്യപ്പെടുന്നത് സംബന്ധിച്ച വിവരത്തിന് നോട്ടീസ് നൽകിയതിന്റെ അടിസ്ഥാനത്തിൽ 1954-ലെ പ്രത്യേക വിവാഹ ആക്റ്റിന്റെ 51-ാം വകുപ്പ് പ്രകാരം ഒടുക്കിയ പണത്തിന് 12.8.2016 തീയതിയിൽ നൽകിയ കൈപ്പറ്റ് രസീതും ബന്ദി ഞങ്ങൾക്ക് മുമ്പാകെ

ഹാജരാക്കി. ആയതിനാൽ, 12-9-2016-ന് ശേഷമുളള ഏത് ദിവസവും കക്ഷികൾക്ക് അവരുടെ വിവാഹം രജിസ്റ്റർ ചെയ്യാവുന്ന ഒരു സ്ഥിതിയാണെന്ന് ഞങ്ങളെ അറിയിക്കുകയും ചെയ്തു. 12.8.2016-ലെ അവരുടെ വിവാഹശേഷം പ്രസ്തുത വിവാഹം നിയമപരമാണെന്ന ധാരണയിൽ അവർ ഭാര്യാഭർത്താക്കന്മാരെപോലെ ഒന്നിച്ചു കഴിഞ്ഞു വരികയായിരുന്നുവെന്ന് ബന്ദിയും, അതോടൊപ്പം 5-ാം എതിർകക്ഷിയും, ഞങ്ങളെ അറിയിക്കുകയും ചെയ്തു.

5. ഹർജിക്കാരിക്ക് ബന്ദിയുമായി കോടതിയിൽ വച്ച് അന്യോന്യം സംവദിക്കാൻ ഞങ്ങൾ അനുമതി നൽകി. അപ്രകാരം അന്യോന്യം സംവദിച്ചതിനു ശേഷം ബന്ദി, അവൾ 5-ാം എതിർകക്ഷിയുമായി വിവാഹിതയായെന്നും ആയതിനാൽ അവൾ അയാളോടൊത്ത് ജീവിക്കുവാൻ ആഗ്രഹിക്കുന്നുവെന്നും ഉളള നിലപാടെടുത്തു. എന്നിരുന്നാൽതന്നെയും ബന്ദിയും 5-ാം എതിർകക്ഷിയുമായി നിയമസാധുതയുളള വിവാഹം നടന്നിട്ടില്ല എന്നത് ഞങ്ങൾ ശ്രദ്ധിച്ചു.

6. 12-8-2016-ന് ബന്ദിയും 5-ാം എതിർകക്ഷിയും തമ്മിൽ വിവാഹിതരായി എന്ന് സാക്ഷ്യപ്പെടുത്തികൊണ്ടുളള ഒരു സാക്ഷ്യപത്രം നെടുമങ്ങാട് യൂണിയൻ എസ്.എൻ.ഡി.പി. യോഗം നൽകി എന്നത് സത്യം ആണ്. എന്നാൽ പ്രസ്തുത സാക്ഷ്യപത്രം തെറ്റിദ്ധരിപ്പിക്കുന്നതും, നിയമത്തിന്റെ ദൃഷ്ടിയിൽ യാതൊരു സാധുതയില്ലാത്തതും ആണ്. 5-ാം എതിർകക്ഷി ഒരു ഹിന്ദുവാണ് എന്നാൽ ബന്ദി ഒരു ക്രിസ്ത്യാനിയും ആണെന്നതാണ് ഇതിനുകാരണം. സാക്ഷ്യപത്ര പ്രകാരം, വിവാഹം ശാഖാ ആഫീസിൽ വെച്ച് നടന്നതായാണ് കാണപ്പെടുന്നത്. എസ്.എൻ. ഡി.പി. യോഗത്തിന്റെ ശാഖാ ആഫീസിൽ വച്ച് എപ്രകാരം ഒരു വിവാഹം നടത്തുവാൻ സാധിക്കും എന്നതും കൂടി വ്യക്തമല്ലാത്തതാണ്. കക്ഷികൾ തമ്മിൽ നിയമപരമായി വിവാഹം ചെയ്തതായി സാക്ഷ്യപ്പെടുത്തി കൊണ്ടുളള അത്തരം സാക്ഷ്യപത്രം എന്ത് അടിസ്ഥാനത്തിൽ എസ്.എൻ.ഡി.പി. യോഗം നൽകി എന്നത് ഞങ്ങൾക്ക് അറിയില്ല. ആ സാക്ഷ്യപത്രത്തിൽനിന്നും സാമ്പ്രദായികമായ രീതിയിൽ ഒരു വിവാഹം നടത്തിയിട്ടുള്ളതായി പോലും ഞങ്ങൾക്ക് കണ്ടെത്താൻ സാധിക്കുന്നില്ല. എസ്.എൻ.ഡി.പി. ശാഖ ആഫീസിൽവെച്ച് 5-ാം എതിർകക്ഷിയും ബന്ദിയും തമ്മിൽ വിവാഹിതരായി എന്ന് മാത്രമാണ് അതിൽനിന്നും വ്യക്തമാകുന്നത്. ഞങ്ങളുടെ അറിവിൽ യാതൊരു നിയമമോ, മതപരമായ സമ്പ്രദായമോ ആചാരമോ അത്തരത്തിലുള്ള ഒരു വിവാഹത്തിന് അനുമതി നൽകുന്നില്ല.

7. നിയമപരമായും ഉത്തരവാദിത്വത്തോടെയും അതിന്റെ പ്രവർത്തനങ്ങൾ നടത്തേണ്ടതാണെന്ന് കരുതപ്പെടുന്ന എസ്.എൻ.ഡി.പി. യോഗം പോലെയുളള ഒരു സംഘടന ഈ കേസിലെ പോലെ തെറ്റിദ്ധരിക്കപ്പെടുന്ന അത്തരം ഒരു സാക്ഷ്യപത്രം നൽകുന്നത് ഞങ്ങളെ ആശങ്കപ്പെടുത്തുന്ന ഒരു സംഗതി ആകുന്നു. തങ്ങൾ നിയമപരമായി വിവാഹിതരായിയെന്നും അതിനാൽ തങ്ങൾ ഭാര്യാഭർത്താക്കന്മാർ ആണ് എന്നും ഉളള തെറ്റായ വിശ്വാസത്തിന്മേലാണ് ബന്ദിയും 5-ാം എതിർകക്ഷിയും ഭാര്യാ ഭർത്താക്കന്മാരെ പോലെ ഒന്നിച്ചു ജീവിച്ചു വരുന്നത്. ഒന്നുകിൽ ഒരു വിവാഹം സാമ്പ്രദായികപരമോ ഒരു സമുദായത്തിന്റെ മതപരമായ ആചാരത്തിനനുസൃതമായോ അല്ലെങ്കിൽ വിവാഹങ്ങളെ സംബന്ധിക്കുന്ന നിയമവ്യവസ്ഥകൾക്കനുസൃതമായോ നടന്നെങ്കിൽ മാത്രമേ അതിന് നിയമസാധുത ഉണ്ടാകുകയുളളൂവെന്നത് എസ്.എൻ.ഡി.പി

യോഗം അറിഞ്ഞിരിക്കാൻ ബാദ്ധ്യസ്ഥരാണ്. കക്ഷികൾ രണ്ട് വ്യത്യസ്തവും വിഭിന്നവുമായ ആയ മതങ്ങളിൽപ്പെടുന്ന പക്ഷം, 1954-ലെ പ്രത്യേക വിവാഹ ആക്റ്റ് പ്രകാരം ആയത് രജിസ്റ്റർ ചെയ്താൽ മാത്രമെ നിയമസാധുതയുള്ള ഒരു വിവാഹം നടത്തുന്നതിന് സാധിക്കുകയുള്ളൂ. ഇപ്രകാരം തെറ്റിദ്ധാരണാജനകമായ സാക്ഷ്യപത്രങ്ങൾ നൽകുക വഴി എസ്.എൻ.ഡി.പി യോഗം പോലെ ഉത്തരവാദിത്വപ്പെട്ട സംഘടന കളുടെ സമൂഹത്തിലെ സ്ഥാനം ഇല്ലാതാകുമെന്ന് കുറഞ്ഞപക്ഷം പറയേണ്ടിയിരിക്കുന്നു. ഇപ്രകാരം ഒരു അഭിപ്രായപ്രകടനം നടത്താൻ ഞങ്ങൾ നിർബന്ധിതരാകുവാൻ കാരണം എന്തെന്നാൽ ശിവഗിരി മഠത്തിൽ വച്ച് ചില ചടങ്ങുകൾ നടത്തിയശേഷം മുമ്പ് വിവാഹി തരായ കക്ഷികൾ അതിനുശേഷം പ്രത്യേക വിവാഹ ആക്റ്റിന്റെ വ്യവസ്ഥകൾക്ക് അനുസൃതമായി സാധുതയുള്ള ഒരു വിവാഹം നടത്തിയതുമായി ബന്ധപ്പെട്ട് ഞങ്ങൾ തീർപ്പാക്കിയ മറ്റൊരു കേസിലെ വസ്തുത ഞങ്ങൾ ശ്രദ്ധിച്ചിരുന്നു. പ്രസ്തുത സ്ഥാപനം നൽകിയ ഒരു സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ 2008-ലെ കേരള വിവാഹങ്ങളുടെ രജിസ്ട്രേഷൻ (പൊതു) ചട്ടങ്ങളുടെ വ്യവസ്ഥകൾക്കനുസൃതമായി ബന്ധപ്പെട്ട തദ്ദേശാധികാര സ്ഥാപനം വിവാഹം രജിസ്റ്റർ ചെയ്യുകയും ചെയ്തു. അപ്രകാരമുള്ള ചെയ്തികൾ, അതുപോലെയുള്ള സംഘടനകളിലും തദ്ദേശാധികാര സ്ഥാപന ങ്ങളുടെ അധികാരികളിലും ഉത്തമവിശ്വാസം അർപ്പിക്കുന്ന സാധാരണമനുഷ്യന്റെ മനസ്സുകളിൽ ആശയക്കുഴപ്പം സൃഷ്ടിക്കുന്നതാണ്. സമാനസ്വഭാവമുള്ള സാക്ഷ്യപത്രങ്ങൾ നൽകുമ്പോൾ സാധാരണ മനുഷ്യരെ വഴിതെറ്റിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നതിനായി അപ്രകാരമുള്ള ഭാരവാഹികൾ വേണ്ടത്ര ശ്രദ്ധയും കരുതലും എടുക്കേണ്ടതാണ്. ഈ റിട്ട് ഹർജി ഈ കോടതി മുമ്പാകെ വന്നതൊന്നു കൊണ്ടു മാത്രമാണ് ഇപ്പോഴത്തെ സാക്ഷ്യപത്രത്തെപ്പറ്റി ഞങ്ങൾക്ക് അറിയാൻ സാധിച്ചിട്ടുള്ളത്. തങ്ങളുടെ ബന്ധം നിയമപരവും, സാധുതയുള്ളതുമാണെന്ന തെറ്റായ വിശ്വാസത്തിൽ ഭാര്യാഭർത്താക്കന്മാരായി ജീവിച്ചുവരുന്ന മറ്റു പല സംഭവങ്ങളും ഉണ്ടായേക്കാം. അപ്രകാരമുള്ള വിവാഹങ്ങളിൽ കൂടി ജനിക്കുന്ന സന്തതികൾ എങ്ങനെയായാലും നിയമാനുസൃതമല്ലാത്തവരായിരിക്കും. കക്ഷികളിൽ ഒരാളോ മറ്റൊരാളോ മരണപ്പെടുമ്പോഴോ, തമ്മിലുള്ള തർക്കങ്ങൾ മൂലം കക്ഷികൾ വേർപിരിയുമ്പോഴോ പിൻതുടർച്ചാ വകാശത്തെ സംബന്ധിച്ച പ്രശ്നങ്ങൾ ഉടലെടുത്തേക്കാം. അപ്രകാരമുള്ള സാഹചര്യം മറ്റ് പല സങ്കീർണ്ണതകളും ഉടലെടുക്കാൻ കൂടി കാരണമായേക്കാവുന്നതാണ്. ആയതിനാൽ തദ്ദേശാധികാര സ്ഥാപനങ്ങളും അത്തരം മറ്റ് സാമൂഹ്യ സ്ഥാപനങ്ങളും നിയന്ത്രണം പാലിക്കേണ്ടതും, നിയമസാധുതയുള്ള ഒരു വിവാഹം നടന്നിട്ടുണ്ടോ എന്ന് ഉറപ്പു വരുത്തിയശേഷം മാത്രം സമാനസ്വഭാവത്തിലുള്ള സാക്ഷ്യപത്രങ്ങൾ നൽകുന്നത് ഉചിതമായിരി ക്കുന്നതാണ്.

8. മുൻപ് മുകളിൽ സൂചിപ്പിച്ചത് പോലെ ഈ കേസിലും, നിയമസാധുതയുള്ള വിവാഹം നടന്നിട്ടില്ലാത്തതിനാൽ, കൂടുതൽ താമസം വരുത്താതെ 1954-ലെ പ്രത്യേക വിവാഹ ആക്റ്റിലെ വ്യവസ്ഥകൾക്ക് അനുസൃതമായി കക്ഷികൾ അവരുടെ വിവാഹം രജിസ്റ്റർ ചെയ്യേണ്ടത് ആവശ്യമാണ്. മുൻപ് സൂചിപ്പിച്ചതുപോലെ, വിവാഹിതരാകാനുള്ള ആഗ്രഹം അറിയിച്ചുകൊണ്ടുള്ള നോട്ടീസ് അവർ നൽകികഴിഞ്ഞു. ആയതിനാൽ നിയമം വ്യവസ്ഥ ചെയ്യുന്ന കാത്തിരിപ്പ് സമയത്തിന് ശേഷം അവർക്ക് അവരുടെ വിവാഹം നടത്താവുന്നതും, അവരുടെ വിവാഹത്തിന്റെ സാക്ഷ്യപത്രം ഞങ്ങൾക്ക് മുൻപാകെ ഹാജരാക്കാവുന്നതും ആണ്.

ഈ റിട്ട് ഹർജി തദനുസൃതമായി ചുവടെയുള്ള നിർദ്ദേശങ്ങളോടെ തീർപ്പാക്കുന്നു:

(i) സാമ്പ്രദായികപരമായിട്ടോ മതപരമായിട്ടോ നടത്തിയതായി ആരോപിക്കുന്ന വിവാഹം നിയമപ്രകാരം ശരിയായതും സാധുതയുള്ളതുമാണെന്ന് ഉറപ്പു വരുത്താതെ വിവാഹങ്ങൾ രജിസ്റ്റർ ചെയ്യരുതെന്ന് 2008-ലെ കേരള വിവാഹങ്ങളുടെ രജിസ്ട്രേഷൻ (പൊതു) ചട്ടങ്ങൾ പ്രകാരം, വിവാഹങ്ങൾ രജിസ്റ്റർ ചെയ്യാനുള്ള കർത്തവ്യം പ്രാധികാരപ്പെടുത്തിയിട്ടുള്ള തദ്ദേശാധികാര സ്ഥാപനങ്ങൾക്ക് ആവശ്യമായ മാർഗ്ഗരേഖകൾ ഒന്നാം എതിർകക്ഷി പുറപ്പെടുവിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു. മറ്റൊരു രീതിയിൽ പറഞ്ഞാൽ, സാമ്പ്രദായികപരമായ ഒരു വിവാഹം സാധുത യുള്ളതായി അംഗീകരിക്കണമെങ്കിൽ, കക്ഷികൾ അതേ മതവിഭാഗത്തിൽപ്പെടേണ്ടതും അവർ അവരുടെ മതാചാരപ്രകാരം വിവാഹം ചെയ്യുന്നതിന് യോഗ്യരാവേണ്ടതും ആവശ്യമാണ്. അതുപോലെ തന്നെ മത ആചാരങ്ങൾ അനുശാസിക്കുന്ന സാമ്പ്രദായിക രീതിയുടെയും ആചാരങ്ങളുടെയും ഒപ്പം അതാത് മതത്തിന്റെ ആചാരങ്ങളും രീതികളും നിഷ്കർഷിച്ചിട്ടുള്ള സ്ഥലത്ത് വെച്ച് അനുവദിച്ചിട്ടുള്ള അത്തരം ചടങ്ങുകളോടെ വിവാഹം നടത്തിയിട്ടുണ്ടോ എന്നും ഉറപ്പ് വരുത്തേണ്ടത് ആവശ്യമാണ്. മേൽപറഞ്ഞ വസ്തുതകൾ സാക്ഷ്യപ്പെടുത്തി കൊണ്ട് അധികാരപ്പെട്ട മത സ്ഥാപനങ്ങളുടെ ഭാരവാഹികൾ നൽകുന്ന ഒരു സാക്ഷ്യപത്രം അത്തരം സാമ്പ്രദായികപരമായി നടന്ന ഒരു വിവാഹത്തിന്റെ തെളിവായി സ്വീകരിക്കുവാൻ കഴിയുന്നതാണ്.

(ii) രണ്ട് വ്യത്യസ്ത മതവിഭാഗങ്ങളിൽപ്പെട്ട ആളുകൾ തമ്മിലുള്ള വിവാഹങ്ങൾ അത്തരം സംഘടനകളുടെ കാർമ്മികത്വത്തിൽ നടത്തിയ തായി സാക്ഷ്യപ്പെടുത്തി എസ്.എൻ.ഡി.പി. യോഗവും ശിവഗിരി മഠവും മറ്റ് സമാന സംഘടനകളും പോലുള്ള സംഘടനകൾ നൽകിയേക്കാവുന്ന സാക്ഷ്യപത്രങ്ങളുടെ രീതിയെ നിയന്ത്രിക്കുന്നതിലേയ്ക്ക് ഉചിതമാകുന്ന ഉത്തരവുകൾ പുറപ്പെടുവിക്കേണ്ടതാണ്.

(iii) ബന്ദിയും അതോടൊപ്പം 5-ാം എതിർകക്ഷിയും 1954-ലെ പ്രത്യേക വിവാഹ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി അവരുടെ വിവാഹം രജിസ്റ്റർ ചെയ്യേണ്ടതും 22.9.2016-ന് പ്രസ്തുത രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ ഒരു പകർപ്പ് ഞങ്ങൾ മുമ്പാകെ സമർപ്പിക്കേണ്ടതും ആണ്. പ്രസ്തുത ദിവസം അവർ കോടതിയിൽ ഹാജരാകേണ്ടതാണ്. ഇതിനിടയിൽ, എസ്.എൻ.ഡി.പി. യോഗം നൽകിയ വിവാഹ സാക്ഷ്യപത്രത്തിന്റെ ബലത്തിൽ ബന്ദിയും 5-ാം എതിർകക്ഷിയും ഭാര്യാഭർത്താക്കന്മാരെ പോലെ കഴിഞ്ഞു വന്നിരുന്നതിനാൽ, അവർക്ക് ഒന്നിച്ചു താമസിക്കുന്നതിന് അനുമതി നൽകിയിരിക്കുന്നു.

വിവാഹസാക്ഷ്യപത്രം സമർപ്പിക്കുന്നതിനായി 22-09-2016-ന് പോസ്റ്റ് ചെയ്യുക.

*—————*

# ബഹു. കേരള ഹൈക്കോടതി മുമ്പാകെ

**ബഹു. ജസ്റ്റിസ് പി.ബി. സുരേഷ്കുമാർ**

**അഗസ്റ്റിൻ കളത്തിൽ മാത്യു**

*അഭി*

**വിവാഹ ആഫീസർ (സബ് രജിസ്ട്രാർ)**

**റിട്ട് ഹർജ്ജി നം. 26008/2016 (എ)**

**2016 സെപ്റ്റംബർ 23-ന് വിധി കല്പിച്ചത്**

## വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ

**രേഖകളിലുള്ള വസ്തുതകൾ സംശയത്തിന് അതീതമായി സൂചിപ്പിക്കുന്നത് എന്തെന്നാൽ ഹർജികക്ഷിയും അയാളുടെ വിവാഹമോചിത യായ ഭാര്യയും സ്വമേധയായും ഫലപ്രദമായും യു.എ.ഇ പേഴ്സണൽ സ്റ്റാറ്റസ് കോടതിയുടെ അധികാര പരിധിയ്ക്ക് വഴങ്ങുകയും, പ്രസ്തുത ഫാറത്തിന്റെ അധികാര പരിധി അവർക്ക് ബാധകമായിട്ടുള്ള വിവാഹം സംബന്ധിച്ചിട്ടുള്ള നിയമത്തിലെ വ്യവസ്ഥകൾക്ക് അനുസൃത മാകുന്നില്ലെങ്കിലും പരസ്പരം വിവാഹ മോചനത്തിനു സമ്മതിച്ചിട്ടുള്ളതുമാണ് എന്നതാണ്. ഈ സാഹചര്യത്തിൽ, ഭാരതത്തി ലുള്ള കോടതികൾ എക്സിബിറ്റ് പി-4 വിവാഹമോചന സർട്ടിഫിക്കറ്റ് അംഗീകരിക്കേണ്ടതാണ്. ഹർജി അനുവദിക്കപ്പെട്ടു.**

### വിധിന്യായം

ഈ റിട്ട് ഹർജ്ജിയിൽ എതിർകക്ഷി പുറപ്പെടുവിച്ചിട്ടുള്ള എക്സിബിറ്റ് പി-5 അറിയിപ്പ് ആണ് ചോദ്യം ചെയ്യപ്പെട്ടിരിക്കുന്നത്.

2. ഹർജികക്ഷി ഒരു ഡയാന ചീരൻ ചാക്കുണ്ണിയെ വിവാഹം ചെയ്തിട്ടുള്ളതാണ്. അവർ രണ്ടുപേരും യുണൈറ്റഡ് അറബ് എമിറേറ്റ്സിൽ (യു.എ.ഇ) ജോലി ചെയ്തുവരികയായിരുന്നു. ഹർജ്ജികക്ഷിക്ക് യു.എ.ഇ പേഴ്സണൽ സ്റ്റാറ്റസ് കോടതിയിൽ നിന്നും പരസ്പര സമ്മതത്താൽ അയാളുടെ ഭാര്യയിൽ നിന്നും വിവാഹമോചനം കിട്ടിയിട്ടുണ്ടെന്നതാണ് അയാളുടെ കേസ്. എക്സിബിറ്റ് പി-2 ഇതുമായി ബന്ധപ്പെട്ട് ഹർജികക്ഷി അയാളുടെ വിവാഹമോചിതയായ ഭാര്യയുമായി ഏർപ്പെട്ടിട്ടുള്ള ധാരണാപത്രവും, എക്സിബിറ്റ് പി-3 ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിൽ വിവാഹ മോചനം ആവശ്യപ്പെടുന്നതിനു വേണ്ടി അവരെ യു.എ.ഇ പേഴ്സണൽ സ്റ്റാറ്റസ് നിയമം നം. 28/2005-ന് വിധേയമാക്കാൻ വേണ്ടി അവർ ഏർപ്പെട്ടി ട്ടുള്ള കരാറുമാണ്. ഹർജികക്ഷിക്ക് യു.എ.ഇ പേഴ്സണൽ സ്റ്റാറ്റസ് കോടതി നൽകിയിട്ടുള്ള വിവാഹമോചന സർട്ടിഫിക്കറ്റാണ് എക്സിബിറ്റ് പി-4. എക്സിബിറ്റ് പി-4 വിവാഹമോചന സർട്ടിഫിക്കറ്റിന്റെ ബലത്തിൽ മറ്റൊരു സ്ത്രീയെ വിവാഹം ചെയ്യുന്നതിനായി ഹർജികക്ഷി 1954-ലെ പ്രത്യേക വിവാഹ ആക്റ്റ് പ്രകാരം ഭാരതത്തിലുള്ള വിവാഹ ആഫീസർക്ക്

നോട്ടീസ് നൽകുക യുണ്ടായി. പ്രസ്തുത നോട്ടീസിന്റെ മറുപടിയായി, നിശ്ചയിച്ചിട്ടുള്ള വിവാഹം നടത്തുന്നതിന് എക്സിബിറ്റ് പി-4 വിവാഹമോചന സർട്ടിഫിക്കറ്റ്, അതിനെ ഭാരതത്തിലുള്ള ഒരു കോടതി സ്ഥിര പ്പെടുത്തിയെങ്കിൽ മാത്രമേ പ്രാവർത്തിക മാക്കപ്പെടുന്നതിന് കഴിയുകയുള്ളൂ എന്ന് ഹർജികക്ഷിയെ വിവാഹ ആഫീസർ അറിയിച്ചിട്ടുള്ളതാണ്. ഇതുമായി ബന്ധപ്പെട്ട് ഹർജികക്ഷിക്ക് വിവാഹ ആഫീസർ നൽകിയിട്ടുള്ള അറിയിപ്പാണ് എക്സിബിറ്റ് പി-5. ഹർജ്ജികക്ഷി പറയുന്നതനുസരിച്ച്, വിവാഹ ആഫീസർ യു.എ.ഇ പേഴ്സണൽ സ്റ്റാറ്റസ് കോടതി പുറപ്പെടുവിച്ചിട്ടുള്ള എക്സിബിറ്റ് പി-4 സർട്ടിഫിക്കറ്റിൽ നടപടിയെടുക്കാൻ പ്രസ്തുത നിയമത്തിൻ കീഴിൽ കടപ്പെട്ടിരിക്കുന്നു. അയാൾ അതുകൊണ്ട്, എക്സിബിറ്റ് പി-5 അറിയിപ്പ് അസ്ഥിരപ്പെടുത്തുവാനും അയാൾ നോട്ടീസ് നൽകിയിട്ടുള്ള വിവാഹം നടത്താൻ വിവാഹ ആഫീസറെ നിർദ്ദേശിക്കുന്ന തിനുമുള്ള ഉത്തരവുകൾ തേടുന്നു.

3. ഇക്കാര്യത്തിന് വിവാഹ ആഫീസർ ഒരു പത്രിക ഫയൽ ചെയ്തിട്ടുണ്ട്. പ്രസ്തുത പത്രികയിൽ, ഹർജികക്ഷിയും അയാളുടെ വിവാഹമോചിതയായ ഭാര്യയും ക്രിസ്ത്യാനി കളാണെന്നും, ഹർജികക്ഷി വിവാഹ മോചനം സമ്പാദിച്ചിട്ടുള്ള യു.എ.ഇ പേഴ്സണൽ സ്റ്റാറ്റസ് കോടതി, കക്ഷികൾക്ക് ബാധകമായ ഭാരതത്തിലെ നിയമം അംഗീകരിച്ചിട്ടില്ലെന്നും, ഹർജികക്ഷിക്ക് ലഭിച്ചിട്ടുള്ള വിവാഹമോചനം മുസ്ലീം വ്യക്തി നിയമം അനുസരിച്ചാണെന്നും ആയതു കൊണ്ട് ഒരു ഭാരത കോടതിയ്ക്ക് സിവിൽ നടപടി നിയമസംഹിതയിലെ 13-ാം വകുപ്പിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വിവാഹമോചനം അംഗീകരിക്കുവാൻ കഴിയുകയില്ലെന്നും വിവാഹ ആഫീസർ വാദിച്ചു.

4. ഹർജികക്ഷിക്കുവേണ്ടിയുള്ള പാണ്ഡിത്യമുള്ള അഭിഭാഷകനേയും എതിർ കക്ഷിക്കുവേണ്ടി യുള്ള സംസ്ഥാനത്തിന്റെ പാണ്ഡിത്യമുള്ള അറ്റോർണിയേയും കേട്ടു.

5. ഹർജികക്ഷിയും അദ്ദേഹത്തിന്റെ വിവാഹമോചിതയായ ഭാര്യയും ഭാരതത്തിലെ പൗരന്മാരും ക്രിസ്ത്യൻ സമുദായത്തിൽപ്പെട്ട വരുമാണ്. അവർ ക്രിസ്ത്യൻ മതാചാരപ്രകാരം വിവാഹിതരാ യിട്ടുള്ളതിനാൽ 1869-ലെ ഭാരത വിവാഹമോചന ആക്റ്റ് അനുസരിച്ചു മാത്രമേ അവർക്ക് വിവാഹമോചനം നേടുന്നതിന് കഴിയുകയുള്ളൂ എന്നുള്ളത് അവിതർക്കിതമാണ്. യു.എ.ഇ പേഴ്സണൽ സ്റ്റാറ്റസ് കോടതി കക്ഷികൾക്ക് ബാധകമായിട്ടുള്ള പ്രസ്തുത നിയമം അംഗീകരിക്കുന്നില്ലായെന്നതും തർക്കമറ്റ വസ്തുതയാണ്. അന്താരാഷ്ട്ര നിയമ ത്തിന്റെ ശരിയല്ലാത്ത ഒരു വീക്ഷണമോ ഭാരതത്തിന്റെ നിയമം ബാധകമാകുന്ന കേസുകളിൽ അങ്ങനെയുള്ള നിയമത്തെ അംഗീകരി ക്കാൻ ഉള്ള ഒരു വിസമ്മതമോ വിദേശ വിധി ന്യായത്തിന്റെ നടപടികളുടെ കാണുന്ന വശത്തിൽ അധിഷ്ഠിതമായി കാണപ്പെടു ന്നിടത്ത് അത് അന്തിമമായതല്ല എന്ന് സിവിൽ നടപടി നിയമസംഹിതയിലെ 13-ാം വകുപ്പ് വ്യവസ്ഥ ചെയ്യുന്നു. അതിനാൽ, യു.എ.ഇ പേഴ്സണൽ സ്റ്റാറ്റസ് കോടതി നൽകിയിട്ടുള്ള എക്സിബിറ്റ് പി-4 വിവാഹമോചന സർട്ടിഫിക്കറ്റ് ഈ റിട്ട് ഹർജിയിൽ ഹർജികക്ഷി തേടുന്ന പരിഹാരങ്ങൾ നൽകുവാൻ അന്തിമമായി സ്വീകരിക്കാമോ എന്നതാണ് ഇതിലെ ചോദ്യം.

6. സന്ദർഭത്തിന്റെ ആവശ്യകത പരിഗണിച്ചു കൊണ്ട്, വ്യക്തിപരവും കുടുംബപരവുമായ കാര്യങ്ങളിൽ, പ്രത്യേകിച്ചും വിവാഹ സംബന്ധമായ തർക്കങ്ങളിൽ വിദേശ വിധിന്യായങ്ങൾ അംഗീകരിക്കുന്നതിനുവേണ്ടി വ്യക്തമായ ചട്ടങ്ങൾ ഉണ്ടാകണമെന്ന് പരമോന്നത



5/163/2017 - 7

കോടതി വൈ. നരസിംഹറാവു അഭി വൈ. വെങ്കടലക്ഷ്മി (1991) 3 എസ്.സി.സി 451 എന്ന കേസിൽ താഴെ കൊടുത്തിരിക്കുന്നതു പോലെ സിവിൽ നടപടി നിയമസംഹിതയുടെ 13-ാം വകുപ്പ് വ്യാഖ്യാനിക്കുന്നു:

> "20. മുകളിലത്തെ ചർച്ചയിൽ നിന്നും ഈ രാജ്യത്ത് വിവാഹ സംബന്ധമായ ഒരു വിദേശ വിധിന്യായം അംഗീകരിക്കുന്ന തിനുവേണ്ടി താഴെപ്പറയുന്ന ചട്ടം ഗ്രഹിച്ചെടുക്കാൻ കഴിയുന്നതാണ്. വിദേശ കോടതി അനുമാനിച്ചെടുത്ത അധികാരിതയും അതേപോലെതന്നെ പരിഹാരം നൽകി യിരിക്കുന്ന കാരണങ്ങളും കക്ഷികളുടെ വിവാഹം നടന്നിട്ടുള്ള നിയമത്തിന് അനുസൃതമായിരിക്കേണ്ടതാണ്. ഈ ചട്ടത്തിനുള്ള ഒഴിവാക്കലുകൾ താഴെ പറയും പ്രകാരമാണ്. (i) എതിർകക്ഷി കുടിയേറി പാർത്തിട്ടുള്ളിടത്തോ പതിവായും സ്ഥിരമായും താമസിച്ചിട്ടുള്ളതുമായ സ്ഥലത്തിലെ ഫോറത്തിൽ വിവാഹം സംബന്ധിച്ചിട്ടുളള നടപടി ഫയൽ ചെയ്യുകയും കക്ഷികൾ വിവാഹിതരായിട്ടുള്ള വിവാഹം സംബന്ധി ച്ചിട്ടുള്ള നിയമത്തിൻകീഴിൽ ലഭ്യമായിട്ടുള്ള ഒരു കാരണത്തിൽ പരിഹാരം അനുവദിക്കുകയും ചെയ്തിട്ടുള്ളിടത്ത് (ii) മുകളിൽ ചർച്ച ചെയ്തതുപോലെ എതിർകക്ഷി സ്വമേധയായാലും ഫലപ്രദമായും ഫോറത്തിന്റെ അധികാരപരിധിക്ക് വഴങ്ങുകയും കക്ഷികൾ വിവാഹിത രായിട്ടുള്ള വിവാഹം സംബന്ധിച്ചിട്ടുള്ള നിയമത്തിൻകീഴിൽ ലഭ്യമായിട്ടുള്ള ഒരു കാരണത്തിനെ അടിസ്ഥാനമാക്കി അവകാശം തർക്കിച്ചിട്ടുളളിടത്ത്; (iii) ഫോറത്തിന്റെ അധികാരപരിധി, കക്ഷികൾ വിവാഹിതരായിട്ടുള്ള വിവാഹം സംബന്ധിച്ചിട്ടുള്ള നിയമത്തിലെ വ്യവസ്ഥകൾക്ക് അനുസൃത മല്ല എന്നുവരികിലും പരിഹാരം അനുവദിച്ചു നൽകുന്നതിന് എതിർകക്ഷി സമ്മതം നൽകിയിട്ടുള്ളിടത്ത്.".

ഇവിടെ പ്രകടമാകുന്ന പൊതുവായുള്ള നിയമം എന്തെന്നാൽ വിവാഹം സംബന്ധിച്ചുള്ള ഒരു വിദേശ വിധിന്യായം ഭാരതത്തിൽ അംഗീകരിക്കാൻ കഴിയുന്നത് വിദേശ കോടതി ഏറ്റെടുത്തിട്ടുള്ള അധികാരിതയും അതേ പോലെതന്നെ പരിഹാരം നൽകുന്ന കാരണങ്ങളും കക്ഷികൾ വിവാഹം ചെയ്തിട്ടുള്ള വിവാഹം സംബന്ധിച്ചുള്ള നിയമത്തിനു അനുസൃതമാകുമ്പോൾ മാത്രമാണ്, കക്ഷികളുടെ വിവാഹം സംബന്ധിച്ചുള്ള നിയമത്തിലെ നിബന്ധനകൾക്ക് അനുസൃതമല്ല ഫോറത്തിന്റെ അധികാരപരിധി എങ്കിൽ എതിർകക്ഷി സ്വമേധയാലും ഫലപ്രദമായും ഫോറത്തിന്റെ അധികാര പരിധിയ്ക്ക് വഴങ്ങുകയും പരിഹാരം അനുവദിച്ചു നൽകുന്നതിന് സമ്മതം നൽകുകയുമാണെങ്കിൽ അത്തരം വിധിന്യായങ്ങളെ ഭാരതത്തിൽ തീർച്ചയായും അന്തിമമായി സ്വീകരിക്കുവാൻ കഴിയുന്നതാണ്. മുകളിൽ പ്രതിപാദിച്ചതു പോലെ, രേഖയിലുള്ള വസ്തുതകൾ സംശയത്തിനു അതീതമായി സൂചിപ്പിക്കുന്നത് എന്തെന്നാൽ, ഹർജി കക്ഷിയും അയാളുടെ വിവാഹ മോചിതയായ ഭാര്യയും സ്വമേധയാലും ഫലപ്രദമായും യു.എ.ഇ പേഴ്സണൽ സ്റ്റാറ്റസ് കോടതിയുടെ അധികാരപരിധിയ്ക്ക് വഴങ്ങുകയും, പ്രസ്തുത ഫോറത്തിന്റെ അധികാരപരിധി അവർക്ക് ബാധകമായിട്ടുള്ള വിവാഹം സംബന്ധിച്ചുള്ള നിയമത്തിലെ വ്യവസ്ഥകൾക്കും അനുസൃതമല്ലെങ്കിലും പരസ്പരം വിവാഹമോചനത്തിനു സമ്മതിച്ചിട്ടുള്ളതുമാണ് എന്നതാണ്. ഈ സാഹചര്യങ്ങളിൽ, ഭാരതത്തിലുള്ള കോടതികൾ എക്സിബിറ്റ് പി-4 വിവാഹമോചന സർട്ടിഫിക്കറ്റ് അംഗീകരിക്കേണ്ടതാണെന്നതാണ് എന്റെ കാഴ്ചപ്പാട്.

7. ഫലത്തിൽ, റിട്ട് ഹർജി അനുവദിച്ചിരിക്കുന്നു. എക്സിബിറ്റ് പി-5 അറിയിപ്പ് റദ്ദാക്കുകയും പ്രത്യേക വിവാഹ ആക്റ്റ് പ്രകാരം പ്രസ്തുത ആക്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വ്യവസ്ഥകൾക്ക് അനുസൃതമായി ഹർജികക്ഷി നോട്ടീസ് നൽകിയിട്ടുള്ളതിനാൽ എതിർ കക്ഷിയോട് വിവാഹം ചടങ്ങുകളനുസരിച്ച് നടത്തുവാൻ നിർദ്ദേശിക്കുകയും ചെയ്യുന്നു,

# ബഹു. കേരള ഹൈക്കോടതി മുമ്പാകെ

ബഹു. ചീഫ് ജസ്റ്റിസ് മോഹൻ എം. ശാന്തനഗൗഡർ

&

ബഹു. ജസ്റ്റിസ് സതീഷ് നൈനാൻ

കേരള വാട്ടർ അതോരിറ്റിയും മറ്റൊരാളും

*അഭി*

വി.കെ. ശങ്കരൻകുട്ടിയും മറ്റുള്ളവരും

റിട്ട് അപ്പീൽ നം. 1556/2016

2016 ഒക്ടോബർ 27-ന് വിധി കല്പിച്ചത്

## വിധിന്യായത്തിലെ പ്രസക്തഭാഗങ്ങൾ

1986-ലെ കേരള ജലവിതരണവും അഴുക്കുചാലും ആക്റ്റിന്റെയും അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള റഗുലേഷനുകളുടെയും വ്യവസ്ഥകൾ പ്രകാരവും വാട്ടർ കണക്ഷൻ കിട്ടുന്ന സംഗതിയിൽ വ്യക്തിഗത അപ്പാർട്ട്മെന്റ് ഉടമസ്ഥരെ സ്വതന്ത്രമായി വീടുകളുള്ള ഉടമസ്ഥരുമായി താരതമ്യം ചെയ്യുവാൻ കഴിയുകയില്ല. ഒരേ പുരയിടത്തിൽ സ്ഥിതി ചെയ്യുന്നതും എന്നാൽ വെവ്വേറെ വീട്ടുനമ്പറുകൾ ഉൾക്കൊണ്ടിരിക്കുന്നതുമായ ഒന്നോ അതിലധികമോ വീടുകളുടെ സംഗതിയിൽ റഗുലേഷൻ 7 (ഡി) ബാധകമാകാവുന്നതും ഒരു അപ്പാർട്ട്മെന്റ് സമുച്ചയത്തിന് അത് ബാധകമാകുവാൻ കഴിയാത്തതുമാണ്.

## വിധിന്യായം

ചീഫ് ജസ്റ്റീസ് മോഹൻ എം. ശാന്തനഗൗഡർ

28-03-2016-ാം തീയതി ഡബ്ല്യൂ.പി (സി) നം. 16110/2015-ൽ പാസ്സാക്കിയ വിധിന്യായത്തിനെതിരെ അതിലെ 2-ഉം 3-ഉം എതിർ കക്ഷികൾ ഫയൽ ചെയ്തിട്ടുള്ളതാണ് ഈ റിട്ട് അപ്പീൽ.

റിട്ട് ഹർജിക്കാർ/ഇതിലെ എതിർ കക്ഷികൾ 1-ഉം 2-ഉം ഫയൽ ചെയ്തിട്ടുള്ള അപേക്ഷ 1991-ലെ കേരള ജല അതോറിറ്റി (ജലവിതരണ) റഗുലേഷനുകളിലെ (ഇതിനുശേഷം ചുരുക്കത്തിൽ 'റഗുലേഷനുകൾ' എന്നാണ് പറയുക) റഗുലേഷൻ 7 (ഡി)-യുടെ അടിസ്ഥാനത്തിൽ പരിഗണിക്കുവാൻ അപ്പീൽ വാദികളോടു ചോദ്യം ചെയ്യപ്പെട്ടിട്ടുള്ള വിധിന്യായത്തിലൂടെ പാണ്ഡിത്യമുള്ള സിംഗിൾ ജഡ്ജി നിർദ്ദേശിച്ചു.

അവർക്ക് വാട്ടർ കണക്ഷൻ ലഭ്യമാക്കുന്നതിനും അവർക്ക് വ്യക്തിഗത ഗാർഹിക കണക്ഷന് അവകാശമുണ്ടെന്നും പ്രഖ്യാപിക്കുന്നതിന് കേരള ജല അതോരിറ്റിക്ക് (ചുരുക്കത്തിൽ, "കെ.ഡബ്ല്യൂ.എ") നിർദ്ദേശം നൽകണം എന്ന് ആവശ്യപ്പെട്ടുകൊണ്ടാണ് എതിർകക്ഷികൾ 1-ഉം, 2-ഉം, മേല്പറഞ്ഞ റിട്ട് ഹർജിയുമായി ഈ കോടതിയെ സമീപിച്ചിട്ടുള്ളത്.

റിട്ട് ഹർജിക്കാർ അവരുടെ ഓരോരുത്തരുടേയും ഉടമസ്ഥതയിലുള്ള വ്യക്തിഗത അപ്പാർട്ട്മെന്റുകളിലേയ്ക്ക് പ്രത്യേകം കണക്ഷനുകൾ മാത്രം ആവശ്യപ്പെടുന്നതിനാൽ, റഗുലേഷൻ 7 (ജി) യുടെ അടിസ്ഥാനത്തിൽ അപ്പാർട്ട്മെന്റ് സമുച്ചയത്തിന് മുഴുവനുമായി അപേക്ഷിക്കുവാൻ റിട്ട് ഹർജിക്കാരോട് നിർദ്ദേശിക്കുവാൻ കഴിയില്ലെന്ന് ചോദ്യം ചെയ്തിട്ടുള്ള വിധിന്യായത്തിൽ പാണ്ഡിത്യമുള്ള സിംഗിൾ ജഡ്ജി വിധിച്ചിട്ടുള്ളതാണ്. ഈ നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ, റിട്ട് ഹർജിക്കാർക്ക് അനുകൂലമായി മറ്റു ചില നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്.

2. 64 അപ്പാർട്ട്മെന്റുകൾ ഉൾക്കൊള്ളുന്ന അപ്പാർട്ട്മെന്റ് സമുച്ചയത്തിലെ രണ്ട് ഫ്ളാറ്റുകളുടെ ഉടമസ്ഥരാണ് 1-ഉം 2-ഉം എതിർ കക്ഷികൾ എന്നത് തർക്കമില്ലാത്തതാണ്. അപ്പീൽവാദികളിൽ നിന്നും നേരിട്ട് വ്യക്തിഗത വാട്ടർ കണക്ഷനും കൂടി അവരുടെ ആവശ്യമാണ്. കെ.ഡബ്ല്യു.എ പൊതുവായി അപ്പാർട്ട്മെന്റ് സമുച്ചയത്തിൽ വിതരണം ചെയ്യുന്ന ജലം മറ്റുള്ളവരുമായി പങ്കിടുവാൻ അവർ ആഗ്രഹി ക്കുന്നില്ല, അക്കാരണത്താൽ കെ.ഡബ്ല്യു.എയിൽ നിന്നും വ്യക്തിഗത കണക്ഷനുകൾ കിട്ടുന്ന തിനുള്ള അവരുടെ ശ്രമം പരാജയപ്പെട്ടശേഷം അവർ ഈ കോടതിയെ സമീപിച്ചിട്ടുള്ളതാണ്.

3. 1986-ലെ കേരള ജലവിതരണവും അഴുക്കുചാലും ആക്റ്റിന്റെ (ചുരുക്കത്തിൽ, '1986-ലെ ആക്റ്റ്') വകുപ്പ് 38 എ-ലെ വ്യവസ്ഥകളും റഗുലേഷൻ 7 (ജി)യുമായി റഗുലേഷനുകളിലെ അനുബന്ധം-സി, കൂട്ടിവായിച്ചതിനുശേഷം അതിനു പിന്നിലുള്ള ഉദ്ദേശ്യവും പാണ്ഡിത്യമുള്ള സിംഗിൾ ജഡ്ജി അവഗണിച്ചിട്ടുള്ളതായി ഞങ്ങൾ മനസ്സി ലാക്കുന്നു. മേൽപ്പറഞ്ഞ വ്യവസ്ഥകളുടെ ഒരു വായനയിൽ, അപ്പാർട്ട്മെന്റ് സമുച്ചയത്തിലെ ബന്ധപ്പെട്ട അപ്പാർട്ട്മെന്റ് ഉടമസ്ഥർക്ക് വ്യക്തിപരമായി വാട്ടർ കണക്ഷൻ കിട്ടുന്നതിന് അപേക്ഷ നൽകുന്നതിന് സാധ്യമല്ല എന്നത് വളരെയധികം സ്പഷ്ടമാണ്. 1986-ലെ ആക്റ്റിന്റെയും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള റഗുലേഷനുകളുടെയും വ്യവസ്ഥകൾ പ്രകാരം വ്യക്തിഗത അപ്പാർട്ട്മെന്റ് ഉടമസ്ഥരെ സ്വതന്ത്രമായി വീടുകളുള്ള ഉടമസ്ഥരുമായി താരതമ്യം ചെയ്യുവാൻ ഈ കാര്യത്തിൽ കഴിയുകയില്ല. ഒരേ പുരയിടത്തിൽ സ്ഥിതി ചെയ്യുന്നതും എന്നാൽ വെവ്വേറെ വീട്ടുനമ്പറുകൾ ഉൾക്കൊണ്ടിരിക്കുന്നതുമായ ഒന്നോ അതിലധികമോ വീടുകളുടെ സംഗതിയിൽ റഗുലേഷൻ 7 (ഡി) ബാധകമാകാവുന്നതും ഒരു അപ്പാർട്ട്മെന്റ് സമുച്ചയത്തിന് അത് ബാധകമാകുവാൻ കഴിയാത്തതുമാണ്. പരിഗണന യിലിരിക്കുന്ന കേസിൽ ഉൾപ്പെട്ട വസ്തുതകളും സാഹചര്യങ്ങളും പരിഗണിക്കുമ്പോൾ ഇവിടെ റഗുലേഷൻ 7 (ജി) ബാധക മാകുന്നതും പ്രസ്തുത റഗുലേഷൻ അനുബന്ധം -സി യോടൊപ്പം പരിഗണിക്കേണ്ടതു മാണ്.

അപ്പാർട്ട്മെന്റ് സമുച്ചയത്തിന്റെ അധികാര പ്പെടുത്തിയ പ്രതിനിധി അപ്പാർട്ട്മെന്റ് സമുച്ചയത്തിലേക്ക് വാട്ടർ കണക്ഷൻ ആവശ്യ പ്പെട്ടുകൊണ്ട് അപേക്ഷ നൽകണമെന്നാണ് ഈ വ്യവസ്ഥകൾ സ്പഷ്ടമാക്കുന്നത്.

4. ഈ കോടതിയുടെ ഡിവിഷൻ ബെഞ്ച് 31-03-2016-ൽ തീർപ്പാക്കിയ ഡബ്ല്യു.എ.നം. 202/2016, ഡബ്ല്യു.എ.നം.205/2016 എന്നിവയിലെ രണ്ട് വിധിന്യായങ്ങളിലും ഈ കേസിൽ ഉൾപ്പെട്ടിട്ടുള്ള ചോദ്യം പൂർണ്ണമായും ഉൾക്കൊള്ളുന്നതും ആയതിൽ ഈ കോടതി, പാണ്ഡിത്യമുള്ള സിംഗിൾ ജഡ്ജി പാസ്സാക്കിയ സമാന വിധിന്യായങ്ങൾ റദ്ദാക്കിയശേഷം, റിട്ട്

ഹർജിക്കാരോട് കെ.ഡബ്ല്യു.എ-യെ സമീപിക്കുവാനും റഗുലേഷനുകളിലെ 7 (ജി) റഗുലേഷനനുസൃതമായി വാട്ടർ കണക്ഷൻ ആവശ്യപ്പെടുന്നതിനും നിർദ്ദേശിച്ചു.

5. ഡബ്ല്യു.എ.നം.202/2016-ലും, 205/2016-ലും എത്തിച്ചേർന്ന തീരുമാനത്തിൽ സൂചിപ്പിച്ചിട്ടുള്ള കാരണങ്ങളുമായി യോജിക്കാതിരിക്കുവാൻ യാതൊരു കാരണവും ഞങ്ങൾ കാണുന്നില്ല. ആകയാൽ, ചോദ്യം ചെയ്യപ്പെട്ട വിധിന്യായം റദ്ദാക്കുവാൻ ഉതകുന്നതും ഞങ്ങൾ അപ്രകാരം ചെയ്യുന്നതും ആകുന്നു. അനന്തരഫലമായി, ഡബ്ല്യു.പി.(സി) നം. 16110/2015 തള്ളിയിരിക്കുന്നു. ഉചിതമായ നിവൃത്തികൾക്കായി റഗുലേഷൻ 7(ജി) പ്രകാരം കെ.ഡബ്ല്യു.എ-യെ സമീപിക്കുവാൻ റിട്ട് ഹർജിക്കാർക്ക് സ്വാതന്ത്ര്യമുണ്ടാ യിരിക്കുന്നതാണ്. അത്തരം ഒരു അപേക്ഷ ലഭിക്കുന്നപക്ഷം, കെ.ഡബ്ല്യു.എ ആയത് കഴിയുന്നത്ര വേഗത്തിൽ, എന്നാൽ അത്തരം അപേക്ഷ ലഭിച്ചതിൽ നിന്നും ഒരു മാസ ത്തിനപ്പുറമുള്ള പരിധിക്ക് മുമ്പായി പരിഗണിക്കേണ്ടതാണ്.

റിട്ട് അപ്പീൽ അപ്രകാരം അനുവദിച്ചിരിക്കുന്നു.

*——————*

## ബഹു. കേരള ഹൈക്കോടതി മുമ്പാകെ

ബഹു. ജസ്റ്റിസ് അനു ശിവരാമൻ

മാവിള സതി

*അഭി*

കേരള സർക്കാരും മറ്റുള്ളവരും

റിട്ട് ഹർജ്ജി നം. 9108/2014

2016 നവംബർ 4-ന് വിധി കല്പിച്ചത്

### വിധി ന്യായത്തിലെ പ്രസക്തഭാഗങ്ങൾ

2007-ലെ മാതാപിതാക്കളുടെയും മുതിർന്ന പൗരൻമാരുടെയും **സംരക്ഷണവും ക്ഷേമവും ആക്റ്റ്, മുതിർന്ന പൗരന്മാർക്ക് ശരിയായ സംരക്ഷണവും പരിപാലനവും ഉറപ്പാക്കുന്ന തിനാണ് നിർമ്മിച്ചിട്ടുളളത്. കൂടപ്പിറപ്പുകൾ തമ്മിലുളള വസ്തുതർക്കങ്ങളിൽ ഒരു ഉപകരണമായി ഇതിനെ ഉപയോഗി ക്കുവാൻ കഴിയുകയില്ല. ആക്റ്റിനെ അവലംബിച്ചു കൊണ്ട് നടപ്പിലാക്കാ നുദ്ദേശിക്കുന്നത് 3-ാം എതിർ കക്ഷിക്ക് അവളുടെ കുട്ടികളാൽ സംരക്ഷിക്ക പ്പെടുവാനും പരിപാലിക്കപ്പെടുവാനുമുളള കാതലായ അവകാശമാണ്.**

### വിധിന്യായം

2007-ലെ മാതാപിതാക്കളുടെയും മുതിർന്ന പൗരൻമാരുടെയും സംരക്ഷണവും ക്ഷേമവും ആക്റ്റ്, (ഇതിനുശേഷം''ആകറ്റ്'' എന്നാണ് പരാമർശിക്കപ്പെടുക) പ്രകാരം രൂപീകരി ച്ചിട്ടുളള മെയിന്റനൻസ് ട്രിബ്യൂണൽ പുറപ്പെടുവിച്ച എക്സിബിറ്റ് പി1 ഉത്തരവിനെ തർക്കിച്ചു കൊണ്ടാണ് ഈ റിട്ട് ഹർജി ഫയൽ ചെയ്തിരിക്കുന്നത്. ഹർജിക്കാരി 3-ാം എതിർ കക്ഷിയുടെ മകളാണ്. മൂന്നു കുട്ടികളുളള 3-ാം എതിർകക്ഷി അവളുടെ സ്വത്തുക്കൾ ഹർജിക്കാരി ഉൾപ്പെടെയുളള അവളുടെ മക്കൾക്ക് ഇഷ്ടദാനം നൽകിയിട്ടുളളതാണെന്ന് ഹർജിക്കാരിക്കു വേണ്ടിയുളള പാണ്ഡിത്യമുളള അഭിഭാഷകൻ വാദിച്ചിരിക്കുന്നു. 23 സെന്റ് വസ്തു, 3-ാം എതിർകക്ഷിക്ക്, ആദായങ്ങൾ എടുക്കുവാനുളള അവകാശവും വസ്തു വിലുളള തറവാട് കെട്ടിടത്തിൽ താമസിക്കുവാനുളള അവകാശവും നിലനിർത്തിക്കൊണ്ട് ഹർജി ക്കാരിക്ക് ഏല്പിച്ചുകൊടുത്തിരുന്നതാണ്. അതിനു ശേഷം, 3-ാം എതിർകക്ഷി ഹർജി ക്കാരിയോടൊപ്പം താമസിച്ചു വരിക യായിരുന്നു. പിന്നീട്, 2012-വർഷത്തിൽ, 3-ാം എതിർകക്ഷി എക്സിബിറ്റ് പി5 ധനനിശ്ചയാധാരം മുഖേന 10 സെന്റ് അളവുളള വസ്തു കൂടി ഹർജിക്കാരിയെ ഏല്പിച്ചു കൊടുത്തു. ഹർജിക്കാരിയുടെ സഹോദരനായ 4-ാം എതിർകക്ഷി 3.8.2013-ൽ 3-ാം എതിർകക്ഷിയെ അയാളുടെ വീട്ടിലേക്ക് കൊണ്ടുപോയി. അതിനുശേഷം, 3-ാം എതിർകക്ഷിയെ സംരക്ഷിച്ചുകൊളളാമെന്ന വ്യവസ്ഥയിൽ ഹർജിക്കാരിക്ക് 41 സെന്റ് വസ്തു ഏല്പിച്ചുകൊടുത്തിരുന്നുവെങ്കിലും ഹർജിക്കാരി, 3-ാം എതിർകക്ഷിയെ

വീട്ടിൽനിന്നും പുറത്താക്കിയെന്നും അമ്മയെ സംരക്ഷിക്കുവാൻ വിസമ്മതിക്കുകയും ചെയ്യുന്നുവെന്നും ആരോപിച്ചു കൊണ്ട് 4-ാം എതിർകക്ഷിയുടെ ദുഷ്പ്രേരണയാൽ ആക്റ്റ് പ്രകാരം 2-ാം എതിർകക്ഷി മുമ്പാകെ എം.സി.സി നം.73/2013 ഫയൽ ചെയ്തിട്ടുള്ളതാണ്. 3-ാം എതിർകക്ഷിക്ക് പ്രതിമാസ ജീവനാംശമായി രൂപ 500 നൽകുന്നതിനും എക്സിബിറ്റ് പി5 ധനനിശ്ചയാധാരം നം. 3530/2012-ൽ ഉൾക്കൊള്ളുന്ന 10 സെന്റ് വസ്തു തിരിച്ചു കൈമാറി കൊടുക്കുന്നതിനും ഹർജിക്കാരിയോട് നിർദ്ദേശിച്ചുകൊണ്ട് 2-ാം എതിർകക്ഷി 12.12.2013-ലെ എക്സിബിറ്റ് പി1 ഉത്തരവ് പാസാക്കുകയുണ്ടായി. കരാറിൽ രേഖ പ്പെടുത്തിയിട്ടുള്ളതായി കരുതാവുന്ന പ്രസ്തുത ഉത്തരവാണ് ഈ റിട്ട് ഹർജിയിൽ തർക്കിച്ചിരിക്കുന്നത്.

2. ഹർജിക്കാരിക്ക് വേണ്ടിയുള്ള പാണ്ഡിത്യ മുള്ള അഭിഭാഷകനെയും പാണ്ഡിത്യമുള്ള സർക്കാർ അഭിഭാഷകനെയും 3-ഉം 4-ഉം എതിർകക്ഷികൾക്കു വേണ്ടി ഹാജരായിട്ടുള്ള പാണ്ഡിത്യമുള്ള അഭിഭാഷകനെയും കേട്ടു

3. 2-ാം എതിർകക്ഷി പുറപ്പെടുവിച്ചിട്ടുള്ള എക്സിബിറ്റ് പി1 ഉത്തരവ്, ആക്റ്റ് പ്രകാരമുള്ള നിയമപരമായ ആവശ്യകതകൾ നിറവേറ്റി യിട്ടില്ലാത്തതാകയാൽ റദ്ദാക്കുവാൻ ബാദ്ധ്യസ്ഥ മാണെന്ന് ഹർജിക്കാരിക്കുവേണ്ടിയുള്ള പാണ്ഡിത്യമുള്ള അഭിഭാഷകൻ വാദിച്ചു. 4-ാം എതിർകക്ഷിയുടെ ദുഷ്പ്രേരണയിൽ മാത്രമാണ് 3-ാം എതിർകക്ഷി 2-ാം എതിർകക്ഷി മുമ്പാകെ അന്യായം ഫയൽ ചെയ്തിട്ടുള്ളതെന്ന് ബോധിപ്പിച്ചിരിക്കുന്നു. വാദം കേൾക്കുന്ന സമയത്തോ അനുരഞ്ജന യോഗത്തിലോ ഹർജിക്കാരിക്ക് അന്യായത്തിന്റെ ഒരു പകർപ്പ് നൽകിയിട്ടില്ലെന്നും എക്സിബിറ്റ് പി1 ലഭിച്ചതിനുശേഷം മാത്രമാണ് ഹർജിക്കാരി 3-ാം എതിർകക്ഷി ഫയൽ ചെയ്ത പരാതിയുടെ ഒരു പകർപ്പിനുവേണ്ടി അപേക്ഷിച്ചതെന്നും ആയത് അവൾക്ക് നൽകിയിട്ടുള്ളതെന്നും വാദിക്കുക യുണ്ടായി. പരാതിക്ക് മറുപടി നൽകുവാൻ ഹർജിക്കാരിക്ക് ഒരവസരം നൽകിയിട്ടില്ലെന്നും കൂടി വാദിക്കുക യുണ്ടായി. 12-12-2013-ൽ ഹർജിക്കാരി അനുരഞ്ജന ആഫീസറന്മാരുടെ മുമ്പിൽ ഹാജരായപ്പോൾ 2-ാം എതിർകക്ഷിക്ക് ഒരു റിപ്പോർട്ട് സമർപ്പിക്കുന്ന തിലേക്കായി ചില കടലാസുകളിൽ ഒപ്പിടുവാൻ നിർദ്ദേശിച്ചിരുന്നുവെന്നും ഹർജിക്കാരിക്കു വേണ്ടിയുള്ള പാണ്ഡിത്യമുള്ള അഭിഭാഷകൻ ബോധിപ്പിച്ചു. അവരുടെ കാര്യങ്ങൾ ചെയ്യുവാൻ പ്രാപ്തിയുള്ള 74 വയസുള്ള 3-ാം എതിർകക്ഷിയെ അശക്തയും അക്ഷരജ്ഞാനമില്ലാത്തവരുമായി ചിത്രീകരിക്കുകയും അവരുടെ വിരലടയാളം എക്സിബിറ്റ് പി2 പരാതിയിൽ പതിപ്പിച്ചിട്ടുള്ളതായും ബോധിപ്പിച്ചിരിക്കുന്നു. ആക്റ്റിന്റെ 23-ാം വകുപ്പ് പ്രകാരം ഒരു മുതിർന്ന പൗരന്റെ സ്ഥാവരവസ്തു കൈമാറ്റം അസാധുവായി പ്രഖ്യാപിക്കുന്നതിന്, രണ്ട് ഉപാധികൾ തൃപ്തിപ്പെടുത്തേണ്ടതുണ്ട്; (1) കൈമാറ്റം വാങ്ങിയ ആൾ കൈമാറ്റം ചെയ്തയാൾക്ക് അടിസ്ഥാന സദൃശ സൗകര്യങ്ങളും ഭൗതിക ആവശ്യങ്ങളും നൽകുക എന്ന ഉപാധിയ്ക്കു വിധേയമായിട്ടായിരിക്കണം കൈമാറ്റം; കൂടാതെ

(2) അത്തരം സദൃശസൗകര്യങ്ങളും ഭൗതിക ആവശ്യങ്ങളും നൽകുവാൻ കൈമാറ്റം വാങ്ങിയ ആൾ വിസമ്മതിക്കുകയോ പരാജയപ്പെടുകയോ ചെയ്തിട്ടുണ്ടാവണം. 2-ാം എതിർകക്ഷി സ്വീകരിച്ചിട്ടുള്ള നടപടി നിയമവിരുദ്ധവും ഏകപക്ഷീയവുമാണെന്നും ബോധിപ്പിച്ചു. 3-ാം എതിർകക്ഷി ഹർജിക്കാരിക്ക് വസ്തു

കൈമാറ്റം ചെയ്തത് സ്നേഹവാത്സല്യം കൊണ്ടുമാത്ര മാണെന്നും ഹർജിക്കാരി 3-ാം എതിർകക്ഷിക്ക് അടിസ്ഥാനസദൃശ സൗകര്യങ്ങളും അടിസ്ഥാന ഭൗതിക ആവശ്യങ്ങളും നൽകണമെന്നുള്ള ഒരു ഉപാധിയിൽ അല്ലെന്നും ഹർജിക്കാരിയുടെ പാണ്ഡിത്യമുള്ള അഭിഭാഷകൻ പ്രത്യേകമായി വാദിച്ചു. 3-ാം എതിർ കക്ഷിയെ സംരക്ഷിക്കേണ്ടതും പരിപാലി ക്കേണ്ടതും അവളുടെ കർത്തവ്യ മായി ഹർജിക്കാരി കണക്കാക്കുന്ന തിനാൽ എക്സിബിറ്റ് പി1 ഉത്തരവിൽ ജീവനാംശ മായി രൂപ 500/- മാസംതോറും നൽകണമെന്ന് നിർദ്ദേശിക്കുന്ന ഭാഗത്തെപ്പറ്റി അവൾ തർക്കിക്കുന്നില്ല.

4. ഹർജിക്കാരി 3-ാം എതിർകക്ഷിയെ പരിപാലിക്കുമെന്ന ഒരു വ്യക്തമായ ധാരണയിലാണ് ഹർജിക്കാരിക്ക് 41 സെന്റ് വസ്തു ദാനം ചെയ്തിട്ടുള്ളതെന്നും എന്നാൽ, അവളുടെ പേരിൽ സ്വത്ത് ലഭിച്ചശേഷം ഹർജിക്കാരി അവളെ ക്രൂരമായാണ് പരിചരിച്ചിരുന്നതെന്നും മറ്റു പലതിന്റെയും കൂട്ടത്തിൽ പ്രസ്താവിച്ചു കൊണ്ട്, 3-ാം എതിർകക്ഷി ഒരു എതിർ സത്യവാങ്മൂലം ഫയൽ ചെയ്തിട്ടുള്ളതാണ്. ഹർജിക്കാരിയിൽ നിന്നും 10 സെന്റ് വസ്തു തിരിച്ചുകിട്ടുന്നതിന് 4-ാം എതിർകക്ഷി 3-ാം എതിർകക്ഷിയെ പ്രേരിപ്പി ക്കുകയാണെന്ന ആരോപണം 3-ാം എതിർകക്ഷി നിഷേധി ച്ചിട്ടുള്ളതാണ്. ഹർജിക്കാരിക്ക് പരാതിയുടെ ഒരു പകർപ്പ് നൽകിയിട്ടില്ല എന്ന വാദം തെറ്റാണെന്ന് എതിർ സത്യവാങ്മൂലത്തിൽ പ്രസ്താവിച്ചിരി ക്കുന്നു. സമൻസും പരാതിയുടെ ഒരു പകർപ്പും കിട്ടിയ തിനുശേഷമാണ് ഹർജിക്കാരി 2-ാം എതിർകക്ഷിയുടെ മുമ്പിൽ ഹാജരായി രുന്നതെന്നും പരാതിയുടെ ഉള്ളടക്കം മുഴുവൻ അറിഞ്ഞതിനു ശേഷമാണ് അവൾ ഒത്തുതീർപ്പ് നടപടികളിൽ പങ്കെടുത്തി ട്ടുള്ളതും ഒത്തുതീർപ്പിലെ ഉള്ളടക്കത്തെ പ്പറ്റിയുള്ള പൂർണ്ണമായ അറിവോടെയാണ് അവൾ ഒപ്പിട്ടതെന്നും ബോധിപ്പിച്ചിരിക്കുന്നു. കൂടാതെ, ഇഷ്ടദാനയാധാരം ഒപ്പിടുന്ന സമയത്ത് വാക്കു കൊടുത്തിരുന്നതുപോലെ, 3-ാം എതിർ കക്ഷിയെ സംരക്ഷിക്കണമെന്ന ബാദ്ധ്യതയിൽ നിന്നും ഒഴിഞ്ഞുമാറുന്നതിനു മാത്രമാണ് ഹർജിക്കാരിയുടെ ശ്രമമെന്നും കൂടി ബോധിപ്പി ച്ചിരിക്കുന്നു.

5. ഇരു ഭാഗത്തുനിന്നും ഉയർത്തിയ വാദങ്ങൾ ഞാൻ പരിഗണിച്ചു. ഹർജിക്കാരി ശബ്ദം ഉയർത്തിയിട്ടുള്ള പ്രധാന പരാതി, അവൾക്ക് എക്സിബിറ്റ് പി5 പ്രകാരം ഇഷ്ടദാനം കൊടുത്ത പത്ത് സെന്റ് വസ്തു 3-ാം എതിർകക്ഷിക്ക് തിരിച്ചുകൈമാറി കൊടുക്കണ മെന്ന എക്സിബിറ്റ് പി1-ലെ ഉപാധിയെ സംബന്ധിച്ചാണ്. ഒത്തു തീർപ്പിലെ അത്തരം ഏതെങ്കിലും ഉപാധിയിൽ അവൾ ഒരിക്കലും സമ്മതിച്ചിരുന്നില്ലെന്ന് ഹർജിക്കാരി വാദിച്ചിരി ക്കുന്നു. ഹർജിയിലെ ഉള്ളടക്കം മുഴുവനായി എടുക്കുകയാണെങ്കിൽ, വസ്തു തിരിച്ചുകൈമാറി കൊടുക്കുന്നതിനു ഒരു നിർദ്ദേശം പുറപ്പെടു വിക്കുന്നതിനോ എക്സിബിറ്റ് പി5 അസാധുവാണെന്ന് വിധിക്കുന്നതിനോ പോലും ഉള്ള ഒരു വ്യവഹാരകാരണം വെളിപ്പെടുത്തുന്നില്ല എന്നും വാദിച്ചിട്ടുള്ളതാണ്. അവൾ ഒരിക്കലും അവളുടെ അമ്മയെ സംരക്ഷിക്കാൻ വിസമ്മതി ച്ചിട്ടില്ലെന്നും അവരെ സംരക്ഷിക്കുവാനും അവർക്ക് അഭയം നൽകുവാനും തയ്യാറായിരുന്നു വെന്നും കൂടി അവൾ വാദിക്കുന്നു. ഒരു കരാർ രേഖപ്പെടുത്തുന്ന തിനായി നിർണ്ണയിച്ചിട്ടുള്ള നടപടി അനുരഞ്ജന ആഫീസറോ എക്സിബിറ്റ് പി1 ഉത്തരവ് പുറപ്പെടുവിക്കും മുമ്പ് ട്രിബ്യൂണലോ പിൻതുടർന്നിട്ടില്ലെന്നും കൂടി വാദിച്ചിട്ടുണ്ട്.

6. ഹർജിക്കാരി എപ്പോഴും അവളുടെ അമ്മയെ പരിപാലിക്കുന്നതിനും സംരക്ഷിക്കുന്ന തിനും തയ്യാറായിരുന്നുവെന്ന് ഇപ്പോൾ വാദിച്ചിട്ടുണ്ട്. രേഖകളിലുളള വാദപ്രതിവാദ ങ്ങളിലേക്കു പോകുമ്പോൾ 3-ാം എതിർ കക്ഷിയുടെ എക്സിബിറ്റ് പി2 പരാതി 21.10.2013-ൽ ആരംഭിച്ചതായി കാണുന്നു. എക്സിബിറ്റ് പി1 ഉത്തരവ് 12-12-2013-ലേതാണെന്നു കാണപ്പെടുന്നു. ഹർജിക്കാരി അവളുടെ അമ്മയെ സംരക്ഷിക്കുന്നതിൽ യഥാർത്ഥത്തിൽ വിസമ്മതിച്ചിട്ടുളളതായി രേഖകളിലുളള ഒന്നുംതന്നെ കാണിക്കുന്നില്ല. അവൾ അമ്മയോടൊപ്പം തറവാടുവീട്ടിൽ താമസിക്കുകയായിരുന്നുവെന്നും ആയത് എക്സിബിറ്റ് പി5-ൽ ഉൾപ്പെട്ട വസ്തുവല്ലെന്നുമുളള വ്യക്തമായ ഒരു കേസ് ഹർജിക്കാരിക്ക് ഉണ്ട്. 3-ാം എതിർകക്ഷിയെ 4-ാം എതിർകക്ഷി അവിടെനിന്നും കൂട്ടികൊണ്ടു പോയി. 4-ാം എതിർകക്ഷിയുടെയും അയാളുടെ ഭാര്യയുടെയും പ്രേരണയാൽ മാത്രമാണ് ഹർജി ഫയൽ ചെയ്തിട്ടുള്ളതെന്നും കൂടി വാദിച്ചിരിക്കുന്നു.

7, ഈ ആക്റ്റ് നിർമ്മിച്ചിട്ടുള്ളത് മുതിർന്ന പൗരന്മാർക്ക് ശരിയായ സംരക്ഷണവും പരിപാലനവും ഉറപ്പാക്കുന്നതിനാണ്. കൂടപ്പിറപ്പുകൾ തമ്മിലുള്ള സ്വത്തുതർക്കങ്ങളിൽ ഒരു ഉപകരണമായി ഇതിനെ ഉപയോഗിക്കുവാൻ കഴിയുകയില്ല. 3-ാം എതിർകക്ഷിക്ക് അവളുടെ കുട്ടികളാൽ സംരക്ഷിക്കപ്പെടുവാനും പരി പാലിക്കപ്പെടുവാനുമുള്ള കാതലായ അവകാശ മാണ് ആക്റ്റിനെ അവലംബിച്ചുകൊണ്ട് നടപ്പിലാക്കാനുദ്ദേശിക്കുന്നത്. ഹർജിക്കാരിയുടെ പ്രത്യേകമായ വാദം കണക്കിലെടുക്കുമ്പോൾ, അവൾ ഒരിക്കലും അങ്ങനെ ചെയ്യുവാൻ വിസമ്മതിച്ചിട്ടില്ലാത്തതും എക്സിബിറ്റ് പി1 കരാറിലെ വസ്തുതകൾ അവൾ മനസ്സിലാക്കാതെ രേഖപ്പെടുത്തിയിട്ടുള്ളതുമാണ് എന്നതാണ്. ഹർജിക്കാരി അവളുടെ അമ്മയെ സംരക്ഷിക്കണ മെന്ന നിർദ്ദേശത്താൽ നീതിയുടെ താല്പര്യം സംരക്ഷിക്കപ്പെടും എന്നതാണ് എന്റെ അഭിപ്രായം.

പരിണിതഫലമായി, എക്സിബിറ്റ് പി-1 റദ്ദു ചെയ്തിരിക്കുന്നു. ഹർജിക്കാരിക്കും അവളുടെ അമ്മയെ സംരക്ഷിക്കുന്നതിനുള്ള ഉത്തരവാദിത്വ മുണ്ടെന്ന് നിർദ്ദേശിക്കുന്നു. 3-ാം എതിർകക്ഷി ഹർജിക്കാരിയോടൊപ്പം പോകുന്നതിനും താമസിക്കുന്നതിനും സമ്മതിക്കുക യാണെങ്കിൽ, അവളെ നല്ല രീതിയിൽ നോക്കേണ്ടതും എല്ലാ ചെലവുകളും ഹർജിക്കാരി വഹിക്കേണ്ടതുമാണ്. 3-ാം എതിർകക്ഷിക്ക് ഹർജിക്കാരിയോടൊപ്പം പോകുന്നതിനും താമസിക്കുന്നതിനും താല്പര്യ മില്ലെങ്കിൽ, എക്സിബിറ്റ് പി-1-ൽ സമ്മതിച്ചിട്ടുള്ള രൂപ 500-ന് പകരം അമ്മയുടെ വ്യക്തിപരമായ ചെലവുകൾക്കായി 2016 നവംബർ മുതൽ ആരംഭിച്ച് എല്ലാ മാസവും 10-ാം തീയതിക്കോ അതിനു മുമ്പായോ രൂപ 5000/- (അയ്യായിരം രൂപ) ഹർജിക്കാരി നൽകേണ്ടതാണ്. മുകളിൽ നിർദ്ദേശിച്ചിട്ടുള്ളതുപോലെ ജീവനാംശം നൽകുന്നതിൽ ഹർജിക്കാരി എന്തെങ്കിലും വീഴ്ചവരുത്തുന്നപക്ഷം, 3-ാം എതിർ കക്ഷിക്ക് വീണ്ടും ട്രിബ്യൂണലിനെ സമീപിക്കുവാനുള്ള സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതാണ്.

അപ്രകാരം ഈ റിട്ട് ഹർജി ഉത്തരവായിരിക്കുന്നു.

*——————*



5/163/2017 - 8

# ബഹു. കേരള ഹൈക്കോടതി മുമ്പാകെ

ബഹു. ജസ്റ്റിസ് കെ.റ്റി. ശങ്കരൻ
&
ബഹു. ജസ്റ്റിസ് കെ. എബ്രഹാം മാത്യു

ആർ. രവികുമാർ
അഭി
കൊല്ലം ശക്തികുളങ്ങര പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടറും മറ്റുള്ളവരും
ഡബ്ല്യൂ.പി (സി) നം. 13464/2016 (ജി)
2016 നവംബർ 18–ന് വിധി കല്പിച്ചത്

## വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ

**2011–ലെ കേരള പോലീസ് ആക്റ്റിലെ വ്യവസ്ഥകൾ ഒന്നുംതന്നെ ഒരു പോലീസ് സബ് ഇൻസ്പെക്ടർക്ക് ഒരു ഹോട്ടലുടമയോട്, രാത്രി ചില സമയങ്ങൾക്ക് ശേഷം അത് അടയ്ക്കണം എന്ന രീതിയിലുള്ള നിർദ്ദേശം നൽകുവാൻ അധികാരം നൽകുന്നില്ല. സാമൂഹ്യവിരുദ്ധർ ഹോട്ടൽ സന്ദർശിക്കുന്നു എന്നതും ഹോട്ടലിന്റെ പരിസര പ്രദേശങ്ങളിൽ സാമൂഹ്യവിരുദ്ധർ രാത്രി കാലങ്ങളിൽ കുറ്റകൃത്യങ്ങൾ നടത്തിവരുന്നു എന്നതും രാത്രി 11 മണിയ്ക്ക് ശേഷം ഹോട്ടൽ അടയ്ക്കുന്നതിന് ഒരു ഹോട്ടൽ ഉടമയ്ക്ക് നിർദ്ദേശം നൽകുവാൻ പര്യാപ്തമായ വാദഗതിയല്ല.**

റിട്ട് ഹർജ്ജി അനുവദിച്ചിരിക്കുന്നു.

## വിധിന്യായം

ജസ്റ്റിസ് കെ.റ്റി. ശങ്കരൻ

രാത്രികാലങ്ങളിൽ സാമൂഹ്യവിരുദ്ധർ ഹോട്ടലിൽ പോകാറുണ്ടെന്ന കാരണത്താലും ഹോട്ടൽ പരിസരത്തിന് സമീപം കണ്ടയ്നർ ലോറികളും, ചരക്ക് കയറ്റുന്ന വാഹനങ്ങളും പാർക്ക് ചെയ്യുന്നതിന്റെ ഫലമായി ഗതാഗത തടസ്സം സൃഷ്ടിക്കപ്പെടുന്നു എന്ന കാരണ ത്താലും, ഒരു പോലീസ് സബ് ഇൻസ്പെക്ടർക്ക് ഒരു ഹോട്ടൽ ഉടമയോട് രാത്രി 11–ന് ശേഷം അയാളുടെ ഹോട്ടൽ അടയ്ക്കണം എന്ന് നിർദ്ദേശിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുവാൻ കഴിയുമോ എന്നതാണ് ഈ റിട്ട് ഹർജ്ജിയിൽ ഉൾപ്പെട്ടിട്ടുള്ള ചോദ്യം.

2. ഹർജിക്കാരൻ ശക്തികുളങ്ങരയിൽ ശ്രീ ഭദ്രാ ഹോട്ടൽ നടത്തിവരികയാണ്. ഹോട്ടൽ പ്രവർത്തിപ്പിക്കാൻ അധികൃതരിൽ നിന്ന് ആവശ്യമായ ലൈസൻസുകളും രജിസ്ട്രേഷനും, സർട്ടിഫിക്കറ്റുകളും അയാൾക്ക് ലഭിച്ചിട്ടുണ്ട്. എക്സിബിറ്റ് പി. 1 ഹെൽത്ത് കാർഡും, കൊല്ലം കോർപ്പറേഷൻ നൽകിയ ലൈസൻസും, ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് അതോരിറ്റി ഓഫ് ഇന്ത്യ നൽകിയ തിരിച്ചറിയൽ കാർഡും, അയാൾക്ക് ഹോട്ടൽ പ്രവർത്തിപ്പിക്കാൻ അധികാരമുള്ളതായി കാണിക്കുന്നു. ഈ ഹോട്ടലിന് പാർപ്പിട സൗകര്യം ഇല്ലാത്തതാണ്. ഹോട്ടൽ സ്ഥിതി ചെയ്യുന്ന പ്രദേശത്ത് പകലും രാത്രിയിലും മത്സ്യബന്ധന പ്രവർത്തനങ്ങൾ നടന്നുവരുന്നു. ആ പ്രദേശത്ത് മൂന്നോ നാലോ പെട്രോൾബങ്കുകളും, നാലിലധികം

ഹോട്ടലുകളും ഉണ്ടെന്ന് പ്രസ്താവിച്ചിരിക്കുന്നു. രണ്ട് വർക്ക്ഷോപ്പുകൾ അടുത്തായി സ്ഥിതി ചെയ്യുന്നു. ആ സ്ഥലത്ത് അർദ്ധരാത്രി സമയത്ത് പോലും, ബിസിനസ്സ് പ്രവർത്തനങ്ങൾ നടന്നുവരുന്നതായിട്ട് പ്രസ്താവിച്ചിരിക്കുന്നു. അർദ്ധരാത്രിയിലും അതിരാവിലെയും ബോട്ടുകൾ മത്സ്യബന്ധനത്തിനായി കടലിലേയ്ക്ക് കൊണ്ടു പോകും. ശക്തികുളങ്ങര പോലീസ്സ്റ്റേഷൻ ചോദ്യം ചെയ്യപ്പെട്ടിരിക്കുന്ന ഹോട്ടലിന് 150 മീറ്റർ അകലെയായാണ് സ്ഥിതിചെയ്യുന്നത്. ഹർജിക്കാരൻ തന്റെ കുടുംബത്തോടൊപ്പം മേല്പറഞ്ഞ ഹോട്ടലിന് അടുത്തായിട്ടാണ് താമസിക്കുന്നത്. ദിനവും 24 മണിക്കൂർ ഹോട്ടൽ പ്രവർത്തിക്കുന്നു. ബിസിനസ്സും ഈ സമയങ്ങളിൽ നടത്തിവരുന്നു.

3. അങ്ങനെയിരിക്കെ, ഒന്നാം എതിർകക്ഷി (ശക്തികുളങ്ങര പോലീസ് സ്റ്റേഷൻ, പോലീസ് സബ്-ഇൻസ്പെക്ടർ), ഹർജിക്കാരന് പറയുവാനുള്ളത് കേൾക്കാനുള്ള അവസരം കൂടി നൽകാതെ രാത്രി 11-ന് ശേഷം ഹർജിക്കാരൻ ഹോട്ടൽ അടയ്ക്കണം എന്ന് നിർദ്ദേശിച്ചുകൊണ്ടുള്ള എക്സിബിറ്റ് പി.5 ഉത്തരവ് പുറപ്പെടുവിച്ചു. ആ ഹോട്ടൽ പരിസരം സാമൂഹ്യവിരുദ്ധരുടെ പ്രവർത്തന കേന്ദ്രമായി മാറിയിരിക്കുന്നതായി എക്സിബിറ്റ് പി-5-ൽ പ്രസ്താവിച്ചിരിക്കുന്നു. ഹർജിക്കാരന് നിരവധി താക്കീതുകൾ നൽകിയിരുന്നെങ്കിലും അയാൾ അവയൊക്കെ അവഗണിച്ചതായും പ്രസ്താവിച്ചിരിക്കുന്നു. ഹോട്ടൽ പരിസരത്ത് വഴക്കുകൾ നടക്കുക പതിവായിരുന്നു. വലിയ കണ്ടയ്നർ ലോറികളുടേയും, ട്രക്കുകളുടേയും പാർക്കിംഗ് കാരണം, ഗതാഗത തടസ്സം പോലും സംഭവി ക്കാറുണ്ടായിരുന്നു. ഈ കാരണങ്ങളാൽ, രാത്രി 11 മണിക്ക് ശേഷം ഹോട്ടൽ അടയ്ക്കാൻ ഹർജിക്കാരനോട് നിർദ്ദേശിച്ചിരുന്നു.

4. ഹർജിക്കാരൻ റിട്ട് ഹർജിയിൽ എടുത്ത പ്രധാന നിലപാടുകൾ എന്തെന്നാൽ: (1) എക്സിബിറ്റ് പി-5 ഉത്തരവ് ഏകപക്ഷീയവും, വിവേചനപരവും അധികാര പരിധിയിൽപെടാത്തതും ആണ്. (2) എക്സിബിറ്റ് പി-5 ഉത്തരവ് പാസ്സാക്കുന്നതിന് മുമ്പ് ഹർജിക്കാരന് പറയുവാനുള്ളത് കേൾക്കുന്നതിനുള്ള അവസരം നിഷേധിച്ചിട്ടുള്ളതും അങ്ങനെ, എക്സിബിറ്റ് പി-5 ഉത്തരവ് സ്വാഭാവിക നീതിയുടെ തത്വങ്ങൾ ലംഘിക്കുന്നതും ആണ്; കൂടാതെ (3) എക്സിബിറ്റ് പി-5 ഉത്തരവിന്റെ ഫലമായി ഹർജിക്കാരന് അനുച്ഛേദം 19(1) (ജി)-യുടെ കീഴിലുള്ള അയാളുടെ മൗലിക അവകാശം ഉല്ലംഘിക്കപ്പെട്ടു.

5. എക്സിബിറ്റ് പി-5 ഉത്തരവ് അസ്ഥിരപ്പെടുത്തുന്നതിലേയ്ക്ക് ഒരു സെർഷ്യോറെറൈ റിട്ട് പുറപ്പെടുവിക്കുക, ഹർജിക്കാരനെ ബുദ്ധിമുട്ടിക്കുന്നതിൽ നിന്നും അയാളുടെ ബിസിനസ്സിൽ ഇടപെടുന്നതിൽ നിന്നും ഒന്നാം എതിർകക്ഷിയോട് നിർദ്ദേശിച്ചുകൊണ്ട് ഒരു മാൻഡമസ് റിട്ട് പുറപ്പെടുവിക്കുക എന്നിവയാണ് ഹർജിക്കാരൻ അപേക്ഷിച്ചിരിക്കുന്ന നിവൃത്തികൾ.

6. ഒന്നാം എതിർകക്ഷി, അയാളുടെ സത്യവാങ്മൂലത്തിൽ, മറ്റ് പലതിനോടൊപ്പം,ഈ പറയുന്ന കാര്യങ്ങളും പ്രസ്താവിച്ചു: ശക്തികുളങ്ങരയിലും കാവനാട്ടും, സമീപത്തുള്ള പ്രദേശങ്ങളിലും, മോഷണശ്രമങ്ങളും മോഷണങ്ങളും വ്യാപകമാണെന്ന് വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ കടകളും, അങ്ങാടികളും രാത്രി 11 മണി മുതൽ വെളുപ്പിന് 4 മണി വരെ തുറക്കുവാനോ പ്രവർത്തിക്കുവാനോ പാടുള്ളതല്ല എന്ന് നിർദ്ദേശങ്ങൾ നൽകിയിരുന്നു. ചില തുണിക്കടകൾ, ബേക്കറി മുതലായവയിൽ നിന്നും മോഷണം നടന്നതായി അറിയിച്ചിരുന്നു. അർദ്ധരാത്രിയിലും, "അനുകൂലമല്ലാത്ത രാത്രി സമയങ്ങളിലും",

കള്ളൻമാരും, സാമൂഹ്യവിരുദ്ധരും കാവനാട് കവലയ്ക്ക് സമീപം താവളമടിച്ചിരുന്നു. ശക്തികുളങ്ങര പോലീസ്സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു കേസിൽപ്പെട്ട കുപ്രസിദ്ധ മോഷ്ടാവ്, അതായത്, നാവായിക്കുളം ദീപു, 23-03-2016-ന് ശ്രീ ഭദ്ര ഹോട്ടലിൽ ഒരു വേള സന്ദർശനം നടത്തിയിരുന്നു. ദീപുവിനേയും സന്തോഷിനേയും അറസ്റ്റ് ചെയ്തിട്ടുണ്ട്. ശ്രീ ഭദ്ര ഹോട്ടലിൽ ഏറ്റുമുട്ടലുകൾ നടക്കുകയും, കുറ്റകൃത്യങ്ങൾ രജിസ്റ്റർ ചെയ്യുകയും ചെയ്തു. വാഹനങ്ങൾ ന്യായരഹിതമായി പാർക്ക് ചെയ്തിട്ട് ഡ്രൈവർമാരും, മറ്റ് തൊഴിലാളികളും രാത്രികാലങ്ങളിൽ ഹോട്ടൽ സന്ദർശിക്കാൻ പോകുന്നതിനാൽ റോഡ് തടസ്സങ്ങൾ സ്ഥിരമായി ഉണ്ടാകാറുണ്ടായിരുന്നു. ഈ പ്രവർത്തികൾ നിയന്ത്രിക്കുന്നതിനായാണ് എക്സിബിറ്റ് പി-5 ഉത്തരവ് പുറപ്പെടുവിച്ചത്. കാവനാട് കവലയിൽ രാത്രിയിൽ സാമൂഹ്യവിരുദ്ധരെ തടയാൻ വേണ്ടി മാത്രമാണ് പോലീസ് നടപടി സ്വീകരിച്ചിട്ടുള്ളത്. ഹർജിക്കാരനെ ഒരിക്കലും പോലീസ് ബുദ്ധി മുട്ടിച്ചിട്ടില്ല.

7. ഹോട്ടൽ പ്രവർത്തിക്കാൻ നിരവധി ഉപാധികൾ ഉൾക്കൊള്ളുന്ന എക്സിബിറ്റ് പി-1 ഹെൽത്ത് കാർഡ്, രാത്രി 11 മണിക്ക് ശേഷം ഹോട്ടൽ പ്രവർത്തിച്ചുകൂടാ എന്ന് വ്യവസ്ഥ ചെയ്യുന്നില്ല. ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് അതോരിറ്റി ഓഫ് ഇന്ത്യയും അത്തരം ഏതെങ്കിലും ഉപാധി നിഷ്കർഷിച്ചിട്ടില്ല. ഹോട്ടൽ പ്രവർത്തിപ്പിക്കുന്നതിനുള്ള ലൈസൻസുകൾ നൽകുന്ന സമയത്തും അത്തരം നിബന്ധന ഒന്നും തന്നെ ഒരു അധികാരിയും ഉണ്ടാക്കിയിട്ടില്ല.

8. കേരള പോലീസ് ആക്റ്റിന്റെ അഞ്ചാം അദ്ധ്യായത്തിൽ ഒരു പോലീസ് ആഫീസറുടെ കർത്തവ്യങ്ങളും ഉത്തരവാദിത്വങ്ങളും നിഷ്കർഷിക്കുന്ന വ്യവസ്ഥകൾ അടങ്ങി യിരിക്കുന്നു. കേരള പോലീസ് ആക്റ്റിന്റെ ആറാം അദ്ധ്യായത്തിൽ 72 മുതൽ 83 വരെയുള്ള വകുപ്പുകൾ അടങ്ങുന്നു. ഏതെങ്കിലും പൊതു ആവശ്യത്തിനായി ഏതെങ്കിലും തെരുവോ അല്ലെങ്കിൽ പൊതുസ്ഥലമോ താല്ക്കാലികമായി നീക്കിവയ്ക്കുന്നതിനായും അപ്രകാരം നീക്കിവെച്ചിട്ടുള്ള പ്രദേശത്ത് ആളുകൾ പ്രവേശിക്കുന്നതിനെ നിരോധിക്കുന്നതിനും 76-ാം വകുപ്പ് ജില്ലാ പോലീസ് മേധാവിക്ക് അധികാരം നൽകുന്നു. അത്തരം ഉത്തരവുകൾ സർക്കാരിന്റെ ഉത്തരവിനു വിധേയമായും പൊതുവായി വിളംബരം നൽകിയതിനു ശേഷവും പാസ്സാ ക്കേണ്ടതാണ്. 77-ാം വകുപ്പ് ജില്ലാ പോലീസ് മേധാവിയെ പ്രത്യേകമായതോ അല്ലെങ്കിൽ പൊതു വായതോ ആയ നിർദ്ദേശങ്ങൾ പുറപ്പെടു വിക്കുവാൻ അധികാരപ്പെടുത്തുന്നു. 78-ാം വകുപ്പ് പൊതുസമാധാനമോ പൊതു സുരക്ഷയോ പാലിക്കുന്നതിലേയ്ക്ക് അനിവാര്യമായ നടപടി എടുക്കുന്നതിന് ജില്ലാ പോലീസ് മേധാവിക്ക് അധികാരം നൽകുന്നു. 79-ാം വകുപ്പ് ക്രമ സമാധാന പരിപാലനം നിലനിർത്തുന്നതിന്റെ താല്പര്യത്തിലേയ്ക്കും അല്ലെങ്കിൽ പൊതു സമാധാനമോ പൊതുസുരക്ഷയോ പരിപാലിക്കുന്നതിനും ഉതകുന്ന വിധത്തിലുള്ള നടപടി സ്വീകരിക്കാൻ ജില്ലാ പോലീസ് മേധാവിയെ അധികാരപ്പെടുത്തുന്നു. 80-ാം വകുപ്പ് തദ്ദേശാധികാരസ്ഥാനങ്ങളുമായും ജില്ലാ പോലീസ് മേധാവിയുമായും കൂടിയാലോചിച്ച്, കാലാകാലങ്ങളിൽ ഏതെങ്കിലും തദ്ദേശപ്രദേശത്ത് അതിൽ പരാമർശിച്ചിട്ടുള്ള ആവശ്യങ്ങൾക്കുമായി റഗുലേഷനുകൾ ഉണ്ടാക്കി വിജ്ഞാപനം ചെയ്യുന്നതിനും, ജില്ലാ മജിസ്ട്രേറ്റിന് അധികാരം നൽകുന്നു. 81-ാം വകുപ്പ് തർക്കങ്ങൾ നിലനിൽക്കുന്ന ആൾക്കൂട്ടങ്ങളിലെ ക്രമസമാധാനം നിലനിർത്തുന്നതിനായി വകുപ്പിൽ പരാമർശിച്ചിട്ടുള്ള പ്രകാരം ഉചിതമായ ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നു. കേരള പോലീസ് ആക്റ്റിലെ വ്യവസ്ഥകൾ ഒന്നുംതന്നെ ഒരു പോലീസ് സബ് ഇൻസ്പെക്ടർക്ക് ഒരു ഹോട്ടലുടമയോട്, രാത്രി ചില

സമയങ്ങൾക്ക് ശേഷം അത് അടയ്ക്കണം എന്ന രീതിയിലുള്ള നിർദ്ദേശം നൽകിക്കൊണ്ട് എക്സിബിറ്റ് പി-5 പോലെ ഉള്ള ഏതെങ്കിലും ഉത്തരവ് പുറപ്പെടുവിക്കാനുള്ള യാതൊരു അധികാരവും നൽകുന്നില്ല. പോലീസ് സബ് ഇൻസ്പെക്ടർക്ക് എക്സ്ബിറ്റ് പി-5 ഉത്തരവ് പുറപ്പെടുവിക്കുവാൻ അധികാരപ്പെടുത്തുന്ന നിയമത്തിലെ ഏതെങ്കിലും വ്യവസ്ഥയെ ചൂണ്ടിക്കാണിക്കാൻ പാണ്ഡിത്യമുള്ള സർക്കാർ അഭിഭാഷകന് സാധിച്ചില്ല.

9. ഭാരതത്തിന്റെ ഭരണഘടനയുടെ അനുച്ഛേദം 19(1) (ജി)-ൽ പ്രതിഷ്ഠാപിതമായ രീതിയിൽ ഏതെങ്കിലും വൃത്തിയിൽ ഏർപ്പെടു കയോ ഏതെങ്കിലും തൊഴിലോ, വ്യാപാരമോ ബിസിനസ്സ് നടത്തുകയോ ചെയ്യുവാനും ഉള്ള അവകാശം എല്ലാ പൗരൻമാർക്കും ഉണ്ട്. പ്രസ്തുത അവകാശത്തിനുള്ള നിയന്ത്രണം അനുച്ഛേദം 19-ന്റെ ഖണ്ഡം (6)-ൽ ഉൾക്കൊണ്ടിട്ടുള്ളതും ഉപഖണ്ഡം (ജി)-യിലുള്ള യാതൊന്നും നിലവിലുള്ള ഏതെങ്കിലും നിയമത്തിന്റെ പ്രവർത്തനത്തെ, ആ നിയമം മേൽപ്പറഞ്ഞ ഉപഖണ്ഡം (ജി)-യാൽ നൽകിയിട്ടുള്ള അവകാശം പ്രയോഗിക്കുന്നതിൽ പൊതുജന താത്പര്യങ്ങൾക്ക് വേണ്ടി ന്യായമായ നിയന്ത്രണങ്ങൾ ചുമത്തുന്നിടത്തോളം, ബാധിക്കുകയോ അങ്ങനെയുള്ള നിയന്ത്ര ണങ്ങൾ ചുമത്തുന്ന ഏതെങ്കിലും നിയമം നിർമ്മിക്കുന്നതിൽ നിന്ന് രാഷ്ട്രത്തെ തടയുകയോ ചെയ്യുന്നതല്ലാത്തതാണെന്നും അത് വ്യവസ്ഥ ചെയ്യുന്നു. എക്സിബിറ്റ് പി-5-ൽ അടങ്ങിയിരിക്കുന്ന നിയന്ത്രണങ്ങൾ ചുമത്തു വാൻ സാധിക്കുന്ന രീതിയിലുള്ള യാതൊരു നിയമവും നിലവിൽ ഇല്ല.

10. അവകാശങ്ങൾ ആണ് പരിമിതികൾ അല്ല അടിസ്ഥാനപരമായിട്ടുള്ളത്, ആ അവകാശങ്ങൾ അവധാനതയോടെ സംരക്ഷിക്കുന്നതും, പ്രതിരോധിക്കുന്നതും രാജ്യത്തെ സുപ്രീം കോടതിയുടേയും മറ്റ് എല്ലാ കോടതികളുടേയും കർത്തവ്യമാണ്. മൗലികാവകാശം ഉണ്ടോ ഇല്ലയോ എന്ന ചോദ്യം അതിനെ നിയന്ത്ര ണത്തിന് വിധേയമാക്കുവാൻ കഴിയുമോ എന്നതിനെ ആശ്രയിച്ചാകുവാൻ പാടുള്ളതല്ല. അനുച്ഛേദം 19-നെ സംബന്ധിച്ചിടത്തോളം സ്വാതന്ത്ര്യം ആണ് അടിസ്ഥാനപരമായത്, അല്ലാതെ പൊതുനിയമനിഷേധമല്ല. നിയന്ത്രണങ്ങൾ അംഗീകരിച്ച വിഷയവുമായി അവയ്ക്കുള്ള ബന്ധത്തിന്റെ ആഴമനുസരിച്ചു മാത്രമേ അനുവദനീയമാകൂ. 19(1) (എ) മുതൽ (ജി) വരെയുള്ള അനുച്ഛേദങ്ങൾ ഉറപ്പുനൽകുന്ന സ്വാതന്ത്ര്യങ്ങളുടെമേൽ, അനുച്ഛേദങ്ങൾ 19(2) മുതൽ 19(6) വരെയുള്ള പരിമിതികൾ ഏർപ്പെടുത്തുക വഴി അവ ഒരു ഇരട്ട ഉദ്ദേശ്യം നിറവേറ്റുന്നു, അതായത്; ഒരു വശത്ത് ഈ സ്വാതന്ത്ര്യങ്ങൾ അനിയന്ത്രിതമല്ല എന്നാൽ വ്യവസ്ഥാപനങ്ങൾക്ക് വിധേയമാണെന്ന് വ്യക്തമാക്കുന്നു; മറുവശത്ത്, അവർ ഈ സ്വാതന്ത്ര്യങ്ങളെ നിയന്ത്രണ വിധേയ മാക്കുന്നതിനായി നിയമ നിർമ്മാണസഭയുടെ അധികാരങ്ങളിന്മേൽ ഒരു പരിമിതി നിശ്ചയിക്കുന്നു. 19(2) മുതൽ 19(6) വരെയുള്ള അനുച്ഛേദങ്ങളുടെ ആവശ്യകതയ്ക്ക് അപ്പുറം ഈ സ്വാതന്ത്ര്യങ്ങളെ ഒരു നിയമ നിർമ്മാണസഭയ്ക്ക് പരിമിതപ്പെടുത്താൻ കഴിയുന്നതല്ല. (കാണുക: ദുർഗ്ഗ ദാസ് ബസു-ഭാരതത്തിന്റെ ഭരണഘടന കമന്ററികൾ, 8-ാം പതിപ്പ്, 2-ാം ലക്കം-2122-ാം പുറം-റാം സിംഗ് അഭി ഡൽഹി സർക്കാർ: എഐആർ 1951 എസ്സി 27; റ്റി.എം.എ.പൈ ഫൗണ്ടേഷൻ അഭി കർണ്ണാടക സർക്കാർ: (2002) 8 എസ്സിസി 481; മനേക ഗാന്ധി അഭി യൂണിയൻ ഓഫ് ഇൻഡ്യ എഐആർ 1978 എസ്സി 597 പരാമർശിക്കുന്നു.)

11. ഒരു ഹോട്ടൽ നടത്തുക എന്നത് പൊതു ജനതാത്പര്യത്തിന് ഉപദ്രവകരമായതല്ല. മറുവശത്ത്, അത് പൊതു ജനങ്ങളുടെ ആവശ്യങ്ങൾക്കായിട്ടുള്ള ഭക്ഷണം എത്തിച്ചു കൊടുക്കുന്നു. അഞ്ചാം എതിർകക്ഷിക്ക്, ഹർജിക്കാരൻ

എന്തെങ്കിലും കുറ്റം ചെയ്തതായി യാതൊരു പരാതിയുമില്ല. യാതൊരു കുറ്റകൃത്യവും അയാൾക്കെതിരെ രജിസ്റ്റർ ചെയ്തിട്ടില്ല. സാമൂഹ്യവിരുദ്ധർ ഹോട്ടൽ സന്ദർശിക്കുന്നു എന്നത്, രാത്രി 11 മണിയ്ക്ക് ശേഷം ഹോട്ടൽ അടയ്ക്കുന്നതിന് ഒരു ഹോട്ടൽ ഉടമയ്ക്ക് നിർദ്ദേശം നൽകുവാൻ പര്യാപ്തമായ ഒരു വാദഗതിയല്ല. സാമൂഹ്യവിരുദ്ധർ തദ്ദേശ പ്രദേശങ്ങളിൽ കുറ്റകൃത്യങ്ങൾ നടത്തിവരുന്നു എന്നതും രാത്രി 11 മണിക്ക് ശേഷം ഹോട്ടൽ നടത്തുന്നത് തടയാൻ ഉതകുന്ന ഒരു വാദഗതിയല്ല. ഏതെങ്കിലും വ്യക്തി എന്തെങ്കിലും കുറ്റകൃത്യം ചെയ്തിട്ടുണ്ടെങ്കിൽ അത് അന്വേഷിച്ച് പ്രതികളെ പിടികൂടേണ്ടത് പോലീസാണ്. കുറ്റകൃത്യങ്ങൾ നടക്കുന്നത് തടയാനും പോലീസിന് കഴിയും. ഹർജിക്കാരൻ ഏതെങ്കിലും കുറ്റകൃത്യം ചെയ്തുവെന്നോ അല്ലാത്തപക്ഷം ഏതെങ്കിലും കുറ്റകൃത്യം ചെയ്യുന്നതിനായുള്ള ഗൂഢാലോചന ഹോട്ടൽ പരിസരത്ത് വച്ച് നടന്നിട്ടുണ്ടെന്നോ എന്ന് ഒന്നാം എതിർകക്ഷിക്ക് പരാതി ഇല്ലാത്തിടത്തോളം, അനുവദനീയമായ മണിക്കൂറുകളിൽ ഹോട്ടൽ പ്രവർത്തിപ്പിക്കുന്നതിൽ നിന്ന് ഹർജിക്കാരനെ തടഞ്ഞതിൽ അയാളെ നീതീകരിക്കാനാവില്ല.

12. സ്വാഭാവിക നീതി തത്വങ്ങളുടെ ലംഘനം നടത്തിക്കൊണ്ടാണ് എക്സിബിറ്റ് പി-5 ഉത്തരവ് പാസ്സാക്കിയിരിക്കുന്നത്. ആ കാരണത്താലും എക്സിബിറ്റ് പി-5 ഉത്തരവ് നിലനിൽക്കുന്നതല്ല.

13. മേൽ പറഞ്ഞ കാരണങ്ങളാൽ, മുമ്പ് സൂചിപ്പിച്ചതുപോലെ എക്സിബിറ്റ് പി-5 ഉത്തരവ് നിയമവിരുദ്ധവും ഹർജിക്കാരന്റെ മൗലികാവകാശം ഉല്ലംഘിക്കുന്നതായും ഞങ്ങൾ കരുതുന്നു. അതിൻപ്രകാരം എക്സിബിറ്റ് പി-5 ഉത്തരവ് അസ്ഥിരപ്പെടുത്തുന്നു. പോലീസിന്റെ ഭാഗത്ത് നിന്നും ഉപദ്രവം ഉണ്ടായതായ ഏതെങ്കിലും പ്രത്യേക സംഭവം ഹർജിക്കാരൻ ചൂണ്ടിക്കാണിച്ചിട്ടില്ലാത്തതിനാൽ, അക്കാര്യ ത്തിൽ ഏതെങ്കിലും ഉത്തരവ് പുറപ്പെടുവി ക്കേണ്ട ആവശ്യകതയില്ല.

ഫലത്തിൽ മുകളിൽ സൂചിപ്പിച്ച പരിധിവരെ റിട്ട് ഹർജി അനുവദിച്ചിരിക്കുന്നു.

*——————*

# ബഹു. കേരള ഹൈക്കോടതി മുമ്പാകെ

**ബഹു. ജസ്റ്റിസ് ഷാജി.പി. ചാലി**

**കേരള ഫാർമസിസ്റ്റ്സ് ഓർഗനൈസേഷൻ**

*അഭി*

**കേരള സർക്കാരും മറ്റുള്ളവരും**

**റിട്ട് ഹർജി (സിവിൽ) നം. 11396/2016**

**2016 ഡിസംബർ 1-ന് വിധി കല്പിച്ചത്**

## വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ

**1948-ലെ ഫാർമസി ആക്റ്റ്- ആക്റ്റുകളുടേയും ചട്ടങ്ങളുടേയും 2015-ലെ റഗുലേഷ നുകളുടേയും വ്യവസ്ഥകൾ പിന്തുടരുന്നതിന് സ്വകാര്യ മേഖലയിലേയും പൊതുമേഖല യിലേയും എല്ലാ മെഡിക്കൽ ഷോപ്പുകളും മരുന്നു വിതരണ യൂണിറ്റുകളും ബാദ്ധ്യ സ്ഥരാണ്-റിട്ട് ഹർജി അനുവദിക്കപ്പെടുന്നു.**

## വിധിന്യായം

ഹർജികക്ഷി ഫാർമസിസ്റ്റുകളുടെ ഒരു രജിസ്റ്റേർഡ് സംഘടനയാണ്. 1948-ലെ ഫാർമസി ആക്റ്റ്, 1940-ലെ ഡ്രഗ്സ് ആന്റ് കോസ്മറ്റിക്സ് ആക്റ്റ്, 1945-ലെ ചട്ടങ്ങൾ, 2015-ലെ ഫാർമസി പ്രാക്ടീസ് റഗുലേഷനുകൾ, ഫാർമസിസ്റ്റുകളുടെ പ്രവൃത്തി സമയം നിയന്ത്രിക്കുന്ന നിയമം എന്നിവയിലെ വ്യവസ്ഥയുടെ ലംഘനമാണ് ഈ റിട്ട് ഹർജിയിൽ ഹർജികക്ഷി ഉയർത്തിയിട്ടുള്ള പരാതി. ഹർജികക്ഷിയുടെ അഭിപ്രായത്തിൽ മുകളിൽ പറഞ്ഞിരിക്കുന്ന നിയമങ്ങളിലെ വ്യവസ്ഥകൾ പ്രകാരം യോഗ്യത നേടിയ ഫാർമസിസ്റ്റിന്റെ അഭാവത്തിലാണ് മരുന്ന് വിതരണം നടത്തുന്നതെന്നും സ്വകാര്യ, പൊതു മേഖലകളിലെ വിവിധ മരുന്നു വിതരണ യൂണിറ്റുകൾ നടത്തിയിട്ടുള്ള നിയമവിരുദ്ധ നടപടികൾ മുകളിൽ പറഞ്ഞിട്ടുള്ള ആക്റ്റിന്റെയും ചട്ടങ്ങളുടെയും വ്യവസ്ഥ കൾക്ക് അനുസൃതമാണോ എന്ന് ഉറപ്പാക്കുന്നതിനായി സർക്കാർ ഒരു നടപടികളും എടുക്കുന്നില്ല എന്നുമാണ്. ഇവയാണ് ഈ റിട്ട് ഹർജിയുടെ അടിസ്ഥാന വസ്തുതകൾ.

2. 1948-ലെ ഫാർമസി ആക്റ്റ് പ്രകാരം കേരളത്തിൽ ഫാർമസിയുടെ പ്രൊഫഷനും പ്രാക്ടീസും നിയന്ത്രിക്കുന്നതിന് കൗൺസിൽ എന്ന പ്രധാന ഉദ്ദേശ്യത്തോടു കൂടി കേരള സംസ്ഥാന ഫാർമസി കൗൺസിൽ സ്ഥാപിച്ചിട്ടുള്ളതായി 4-ാം എതിർകക്ഷി ഒരു എതിർസത്യവാങ്മൂലം സമർപ്പിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാന ത്തിൽ പ്രസ്തുത ആക്റ്റിന്റെ വകുപ്പ് 32(2) പ്രകാരം യോഗ്യരായിട്ടുള്ള ആളുകൾക്ക് ഒരു രജിസ്റ്റേർഡ് ഫാർമസിസ്റ്റ് ആയി കൗൺസിൽ രജിസ്ട്രേഷൻ നൽകി ക്കൊണ്ടിരിക്കുകയാണ്. കൗൺസിൽ, ഫാർമസി ആക്റ്റ്, ചട്ടങ്ങൾ, 2015-ലെ ഫാർമസി പ്രാക്ടീസ് റഗുലേഷനുകൾ എന്നിവ കർശനമായി നടപ്പിലാക്കുന്നതിനു വേണ്ടി എല്ലാ ജില്ലകളിലും ഫാർമസി ഇൻസ്പെക്ടർമാരെയും കൂടി നിയമി ച്ചിട്ടുണ്ട്. മരുന്നുകൾ ശേഖരിച്ചു വയ്ക്കുകയും ആയതിനെ വിതരണം

ചെയ്യുകയും ചെയ്യുന്ന മെഡിക്കൽ സ്റ്റോറുകൾ ഫാർമസി ഇൻസ്പെക്ടന്മാർ സ്ഥിരമായി പരിശോധിക്കാറുണ്ടെന്നും കൂടി പ്രസ്താവിച്ചിട്ടുണ്ട്. 2015-ലെ ഫാർമസി പ്രാക്ടീസ് റഗുലേഷനുകൾ, 15-01-2015-ലെ ഭാരത ഗസറ്റിൽ വിജ്ഞാപനം ചെയ്തിട്ടുള്ളതും അതിന്റെ അടിസ്ഥാനത്തിൽ എക്സിബിറ്റ് പി-3 സർക്കുലർ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. പ്രചാരത്തിലുള്ള ചട്ടങ്ങളും റഗുലേഷനുകളും മെഡിക്കൽ ഷോപ്പുകൾ അനുസരിക്കേണ്ടതാണെന്നും ബോധിപ്പിച്ചി ട്ടുണ്ട്. സംസ്ഥാന സർക്കാരിന്റേതായിട്ടുള്ള എല്ലാ മരുന്നു വിതരണ യൂണിറ്റുകളും നിയമത്തിന്റെയും 2015-ലെ റഗുലേഷനുകളുടെയും വ്യവസ്ഥകൾ നിരുപാധികമായി പിന്തുടരേണ്ടതാണെന്നും കൂടി പ്രസ്താവിച്ചിട്ടുണ്ട്.

3. ഏകദേശം സമാനരീതിയിലുള്ള ഒരു എതിർസത്യവാങ്മൂലം മൂന്നാം എതിർകക്ഷിയും സമർപ്പിച്ചിട്ടുള്ളതും ഒരു ഫാർമസിസ്റ്റ് ഇല്ലാതെ സ്വകാര്യ മേഖലയിലോ പൊതുമേഖലയിലോ മരുന്നുകളുടെ വിതരണം നടത്തുവാൻ കഴിയുകയില്ലെന്നുള്ള അഭിപ്രായം തന്നെ 3-ാം എതിർകക്ഷിയ്ക്കും ഉള്ളതിനാൽ എതിർ സത്യവാങ്മൂലത്തിൽ ഉയർത്തിയിട്ടുള്ള വാദങ്ങൾ ആവർത്തിക്കേണ്ടതിന്റെ ആവശ്യമില്ല.

4. കോടതിയിലുടനീളം അവർ നടത്തിയ സമർപ്പണങ്ങളും, രേഖകളുടെ സൂക്ഷ്മ പരിശോധനയും, ബന്ധപ്പെട്ട കക്ഷികൾ ഉന്നയിച്ച വാദങ്ങളും കണക്കിലെടുക്കുമ്പോൾ ബന്ധപ്പെട്ട ആക്റ്റുകളുടെയും, ചട്ടങ്ങളുടെയും 2015-ലെ റഗുലേഷനുകളുടെയും വ്യവസ്ഥകൾ പിന്തുടരുന്നതിന് സ്വകാര്യമേഖലയിലെയും പൊതുമേഖലയിലെയും എല്ലാ മെഡിക്കൽ ഷോപ്പുകളും സ്വകാര്യ മേഖലയിലേയും പൊതുമേഖലയിലേയും എല്ലാ മരുന്നു വിതരണ യൂണിറ്റുകളും ബാദ്ധ്യസ്ഥരാണെന്ന വിചിന്തനം ചെയ്ത അഭിപ്രായത്തിലാണ് ഞാൻ. സാഹചര്യം അപ്രകാരമായിരിക്കെ, പ്രസ്തുത യൂണിറ്റുകൾ വ്യവസ്ഥകളും റഗുലേഷനുകളും നിരുപാധികമായി പിന്തുടർന്നുകൊണ്ടാണ് മരുന്നുകൾ വിതരണം ചെയ്യുന്നതെന്നും പ്രസ്തുത യൂണിറ്റുകളിൽ യോഗ്യരായ ഫാർമസിസ്റ്റിനെ ആണ് നിയോഗിക്കുന്നതെന്നും ഉറപ്പു വരുത്തുന്നതിനുള്ള ഒരു നിർദ്ദേശം എതിർ കക്ഷികളോട് ഉണ്ടായിരിക്കുന്നതാണ്. എന്തെങ്കിലും ലംഘനം ഏതെങ്കിലും മെഡിക്കൽ ഷോപ്പുകളോ വിതരണ യൂണിറ്റോ നടത്തിയിട്ടുണ്ടെങ്കിൽ അത്തരം ആളുകൾക്കെതിരെ വീഴ്ച കൂടാതെ കർശന നടപടി എടുക്കേണ്ടതാണ്. ചട്ടങ്ങളിലും റഗുലേഷനുകളിലും വ്യവസ്ഥ ചെയ്തിട്ടുള്ള പ്രവൃത്തി സമയവും കൃത്യമായി പ്രയോഗത്തിൽ വരുത്തിയിട്ടുണ്ടെന്നും കൂടി എതിർകക്ഷികൾ ഉറപ്പാക്കേ ണ്ടതാണ്.

അപ്രകാരം റിട്ട് ഹർജി തീർപ്പാക്കിയിരിക്കുന്നു.

*——————*

# ബഹു. കേരള ഹൈക്കോടതി മുമ്പാകെ

ബഹു. ചീഫ് ജസ്റ്റിസ് മോഹൻ എം. ശാന്തനഗൗഡർ

&

ബഹു. ജസ്റ്റിസ് സതീഷ് നൈനാൻ

വിഷ്ണു പ്രകാശ്. എ

*അഭി*

കോഴിക്കോട് സർവ്വകലാശാലയും മറ്റൊരാളും

റിട്ട് അപ്പീൽ നം. 2420/2016

2016 ഡിസംബർ 14-ന് വിധി കല്പിച്ചത്

## വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ

**എല്ലാ സെമസ്റ്ററുകളിലേയും ഒരു പേപ്പറിന് മാത്രം പരാജയപ്പെട്ടിട്ടുള്ളതും, പ്രസക്തമായ പേപ്പറിന് 30% മാർക്ക് വാങ്ങിയിട്ടുള്ളതുമായ പരീക്ഷാർത്ഥികൾക്ക് (എൽ.എൽ.ബി കോഴ്സ് ഇന്റേണൽ അസ്സസ്സ്മെന്റ് ഇല്ലാത്ത പഴയ സ്കീം പൂർത്തിയാക്കിയവർ) ഫലം തീർപ്പു കല്പിക്കുന്നതിലേയ്ക്കായി 20 മാർക്ക് വരെ മോഡറേഷൻ അനുവദിക്കുന്നതായിരിക്കും. മോഡറേഷൻ ബാഹ്യപരീക്ഷകളുടെ കാര്യത്തിൽ മാത്രം ബാധകമായിരിക്കും. ഒരു വിഷയത്തിന് 30% മാർക്ക് ലഭിച്ച് പരാജയപ്പെട്ടത് ഒഴിച്ച് മറ്റെല്ലാ പേപ്പറുകൾക്കും ആദ്യ ശ്രമത്തിൽതന്നെ വിജയിച്ച വിദ്യാർത്ഥികളെ സഹായിക്കുക എന്നതായിരുന്നു സർവ്വകലാശാലയുടെ ഉദ്ദേശ്യം.**

## വിധിന്യായം

ചീഫ് ജസ്റ്റിസ് മോഹൻ എം. ശാന്തനഗൗഡർ

ഡബ്ല്യു.പി (സി) നം. 31866/2016-ൽ 06-10-2016-ന് പാസ്സാക്കിയിട്ടുള്ള വിധിന്യായം ആണ് ഈ അപ്പീലിന് ആസ്പദമായ വിഷയം. പരാജിതനായ റിട്ട് ഹർജിക്കാരൻ ഈ ഇൻട്രാ കോടതി അപ്പീൽ മുഖേന ഈ കോടതിയെ സമീപിച്ചിരിക്കുകയാണ്.

2. അപ്പീൽവാദി/റിട്ട് ഹർജിക്കാരൻ പഞ്ചവത്സര എൽ.എൽ.ബി കോഴ്സിലെ ഒരു വിദ്യാർത്ഥിയാണ്. ഇന്നാളുവരെ, നിരവധി വിഷയങ്ങളിൽ തുടർച്ചയായി പരാജയപ്പെടുകയും പിന്നീടുള്ള സപ്ലിമെന്ററി പരീക്ഷകളിലൂടെ അവയൊക്കെ പൂർത്തിയാക്കുകയും ചെയ്തശേഷം അപ്പീൽവാദി 9-ാം സെമസ്റ്ററിലെ ഒരു വിഷയം അതായത്, ലേബർ ലോ-I ഒഴികെ, കോഴ്സ് പൂർത്തിയാക്കി.

3. പ്രസ്തുത വിഷയത്തിനെ സംബന്ധിച്ചിടത്തോളം അയാൾ എഴുതിയ ഏറ്റവും പുതിയ സപ്ലിമെന്ററി പരീക്ഷയിൽ അയാൾക്ക് 30 മാർക്ക് മാത്രമേ ലഭിച്ചിട്ടുള്ളൂ. 13-03-2013-ലെ എക്സിബിറ്റ് പി-2 ഉത്തരവിന്റെ ആനുകൂല്യത്തിലൂടെ പ്രസ്തുത വിഷയത്തിലും കൂടി അവൻ വിജയിച്ചതായി പ്രഖ്യാപിക്കുന്നതിനായിട്ടാണ്, അപ്പീൽവാദി സർവ്വകലാശാലയെ സമീപിച്ചിരുന്നത്. എക്സിബിറ്റ് പി-2 ഉത്തരവ് ഇപ്രകാരം വായിക്കാവുന്നതാണ്:-

"മുകളിൽ ആദ്യത്തേതായി ഉദ്ധരി ച്ചിട്ടുള്ള രേഖ പ്രകാരം ബി.ടെക് വിദ്യാർത്ഥികൾക്ക് മോഡറേഷൻ അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ എൽ.എൽ.ബി വിദ്യാർത്ഥികൾക്ക് പ്രത്യേക മോഡറേഷൻ അനുവദിക്കണമെന്ന അഭ്യർത്ഥന ബോർഡ് ഓഫ് സ്ററഡീസിനും, ഫാക്കൽറ്റിക്കും, അക്കാദമിക് കൗൺസിലും മുമ്പാകെ സമർപ്പിക്കാൻ വൈസ് ചാൻസലർ ഉത്തരവിട്ടതായി പരീക്ഷാഭവനിലെ ഇ.പി.ആർ സെക്ഷൻ, അറിയിച്ചു.

മുകളിൽ പ്രതിപാദിച്ചിരിക്കുന്ന രണ്ടാമത്തെ രേഖ അനുസരിച്ച് 12-06-2012-ലെ പി.ഡബ്ല്യു/ജെസിഇ/ബി.ടെക്/എം.ഐ.എസ്.സി/2012 (എസ്.എഫ്) നമ്പർ ഉത്തരവ് പ്രകാരം ബി.ടെക് വിദ്യാർത്ഥികൾക്ക് മോഡറേഷൻ അനുവദിക്കണമെന്ന പരീക്ഷാർത്ഥികളുടെ നിവേദനം 07-11-2012-ന് നടന്ന ബോർഡ് ഓഫ് സ്റ്റഡീസ് ഇൻ ലാ (യു.ജി) പരിശോധിച്ചു. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 06-08-2012-ലെ വിധിന്യായവും, ഇതുമായി ബന്ധപ്പെട്ട് ഒന്നാമതായി പരാമർശിച്ചിട്ടുള്ള അനൗദ്യോഗിക കുറിപ്പ് മുഖാന്തിരം ബഹുമാനപ്പെട്ട വൈസ് ചാൻസലർ ബോർഡിനോട് നടത്തിയ പരാമർശവും ബോർഡ് സൂക്ഷ്മമായി പരിശോധിച്ചു. എൽ.എൽ.ബി കോഴ്സ് (ഇന്റേണൽ അസ്സസ്സ്മെന്റ് ഇല്ലാത്ത പഴയ സ്കീം) പൂർത്തിയാക്കിയവരും എന്നാൽ ഒരു വിഷയത്തിനു മാത്രം എല്ലാ സെമസ്റ്ററു കളിലും പരാജയപ്പെട്ടിട്ടുള്ളതുമായവരുടെ ഫലം തീർപ്പു കല്പിക്കുന്നതിന് മാത്രമായി പ്രത്യേക മോഡറേഷൻ പരീക്ഷാർത്ഥികൾക്ക് അനുവദി ക്കാൻ ശിപാർശ ചെയ്യാൻ ബോർഡ് ഐകകണ്ഠേന തീരുമാനിച്ചു. പ്രസക്തമായ വിഷയത്തിന്റെ പേപ്പറിന് 30% മാർക്ക് വാങ്ങിയ പരീക്ഷാർത്ഥികൾക്ക് പരമാവധി 20 മാർക്ക് മോഡറേഷനായി നൽകാമെന്നും, ബാഹ്യ പരീക്ഷകളുടെ സംഗതിയിൽ മാത്രം മോഡറേഷൻ ബാധകമാക്കുകയും ചെയ്യാം എന്നും ബോർഡ് സൂചിപ്പിച്ചു.

മുകളിൽ മൂന്നാമതായി പ്രതിപാദിച്ചിരിക്കുന്ന രേഖയിൽ 09-01-2013-ന് നടന്ന നിയമ ഫാക്കൽട്ടിയുടെ യോഗത്തിൽ മേൽപ്പറഞ്ഞ പ്രകാരം എൽ.എൽ.ബി (ഇന്റേണൽ അസ്സസ്സ്മെന്റ് ഇല്ലാത്ത പഴയ സ്കീം) വിദ്യാർത്ഥികൾക്ക് പ്രത്യേക മോഡറേഷൻ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട 07-11-2012-ന് ബോർഡ് ഓഫ് സ്റ്റഡീസ് ഇൻ ലാ (യു.ജി) യുടെ 1-ാം ഇനപ്രകാരമുള്ള പ്രസ്തുത പ്രമേയം ഐകകണ്ഠമായി അംഗീകരിക്കുകയും അത് മുകളിൽ നാലാമതായി പ്രതിപാദിച്ചിരിക്കുന്ന രേഖയാൽ അക്കാദമിക് കൗൺസിൽ അംഗീകരിച്ചു.

ഫാക്കൽറ്റിയും, അക്കാദമിക് കൗൺസിലും അംഗീകരിച്ച 07-11-2012-ലെ ബോർഡ് ഓഫ് സ്റ്റഡീസ് ഇൻ ലാ (യു.ജി)-യുടെ മേൽതീരുമാനം നടപ്പാക്കുന്നതിന് ഇതിനാൽ അംഗീകാരം നൽകുന്നതോടൊപ്പം ഇനി പറയുന്ന ഉത്തരവുകളും പുറപ്പെടുവിക്കുന്നു.

1. എല്ലാ സെമസ്റ്ററുകളിലേയും ഒരു പേപ്പറിന് മാത്രം പരാജയപ്പെട്ടിട്ടുള്ളതും, പ്രസക്തമായ പേപ്പറിന് 30% മാർക്ക് വാങ്ങിയിട്ടുള്ളതുമായ പരീക്ഷാർത്ഥികൾക്ക് (എൽ.എൽ.ബി കോഴ്സ് ഇന്റേണൽ അസ്സസ്സ്മെന്റ് ഇല്ലാത്ത പഴയ സ്കീം പൂർത്തിയാക്കിയവർ) ഫലം തീർപ്പു കല്പിക്കുന്നതിലേയ്ക്കായി 20 മാർക്ക് വരെ മോഡറേഷൻ അനുവദിക്കുന്നതായിരിക്കും.

2. മോഡറേഷൻ ബാഹ്യ പരീക്ഷകളുടെ കാര്യത്തിൽ മാത്രം ബാധകമായിരിക്കും".

ഇപ്പോൾ, അപ്പീൽവാദി ഒരേയൊരു വിഷയത്തിൽ മാത്രമാണ് പരാജയപ്പെട്ടിട്ടുള്ളതെന്നും അതിനാൽ പ്രസ്തുത ഉത്തരവ് പ്രകാരം പരമാവധി മോഡറേഷനായ 20 മാർക്കിന് അയാൾ അർഹനാണെന്നതാണ് അയാൾ പറയുന്നത്.

4. സർവ്വകലാശാല മുമ്പാകെ തന്റെ ശ്രമം പരാജയപ്പെട്ടതോടെ, അയാൾ ഡബ്ല്യു.പി (സി) നം. 31866/2016 ലൂടെ ഈ കോടതിയെ സമീപിച്ചു വെങ്കിലും ചോദ്യം ചെയ്യപ്പെട്ടിരിക്കുന്ന വിധിന്യായത്തിലൂടെ അതും തള്ളപ്പെട്ടു.

5. അപ്പീൽവാദിക്ക് സമാനമായ ധാരാളം പരീക്ഷാർത്ഥികൾക്ക് സർവ്വകലാശാല വ്യാഖ്യാനിച്ച ഉത്തരവ് മുഖേന 20 മാർക്ക് മോഡറേഷന്റെ ആനുകൂല്യം ലഭിച്ചിട്ടുണ്ടെന്ന് റെക്കോഡിലുള്ള വസ്തുത

യിലേക്ക് ഞങ്ങളുടെ ശ്രദ്ധ ക്ഷണിച്ചുകൊണ്ട് അപ്പീൽവാദിയുടെ പാണ്ഡിത്യമുള്ള അഭിഭാഷകൻ ബോധിപ്പിച്ചു. റിട്ട് ഹർജിക്കാരന്റെ കാര്യത്തിൽ മാത്രം ഈ ആനുകൂല്യം അനുവദിച്ചുകൊടുത്തിട്ടില്ല.

6. എക്സിബിറ്റ് പി-2 ഉത്തരവിൽ, മറ്റ് വിഷയങ്ങൾ സപ്ലിമെന്ററി പരീക്ഷകളിൽ കൂടി മാത്രം വിജയിച്ച ഒരു വിദ്യാർത്ഥിക്ക്, എക്സിബിറ്റ് പി-2 ഉത്തരവിന്റെ ആനുകൂല്യം ലഭിക്കില്ല എന്ന് ഒരിടത്തും പ്രതിപാദിക്കുന്നില്ല എന്ന് അയാൾ കൂടുതലായി ബോധിപ്പിച്ചു. അപ്രകാരം ഒരു ഖണ്ഡം ഇല്ലാത്തിട ത്തോളം താൻ എക്സിബിറ്റ് പി-2 ഉത്തരവിന്റെ ആനുകൂല്യത്തിന് അർഹനാണ് എന്നതാണ് അപ്പീൽവാദിയുടെ പക്ഷം. തന്റെ കേസ് ബലപ്പെടുത്തുന്നതിനായി 10-07-2015-ന് ഡബ്ല്യു.പി (സി) നം. 17524/2015-ൽ ഈ കോടതി പാസ്സാക്കിയ വിധിന്യായം കൂടി അപ്പീൽവാദിയുടെ പാണ്ഡിത്യമുള്ള അഭിഭാഷകൻ ആശ്രയിച്ചു.

7. ഈ കോടതി മേല്പറഞ്ഞ ഡബ്ല്യു.പി (സി) നം. 17524/2015-ൽ പാസ്സാക്കിയ വിധിന്യായത്തിൽ, സപ്ലിമെന്ററി പരീക്ഷയിൽ പങ്കെടുത്ത വിദ്യാർത്ഥികൾക്ക് മോഡറേഷൻ നൽകാൻ സർവ്വകലാശാലയ്ക്ക് വിരോധമുള്ള പക്ഷം, നിലപാട് വ്യക്തമാക്കി അവർ ഉത്തരവ് പുറപ്പെടുവിക്കേണ്ട താണെന്ന് ഈ കോടതി നിരീക്ഷിച്ചത് യാതൊരു സംശയവുമില്ലാത്ത സത്യമാണ്. എക്സിബിറ്റ് പി-2 ഉത്തരവിൽ സപ്ലിമെന്ററി വിദ്യാർത്ഥികളെ ഒഴിവാക്കാത്തിട ത്തോളം, യുക്തിയുക്തമായ ഒരേയൊരു നിഗമനത്തിൽ എത്തിച്ചേരാവുന്നതെന്തെന്നാൽ, എക്സിബിറ്റ് പി-1-ൽ വ്യവസ്ഥ ചെയ്തിട്ടുള്ളതു പോലെ സപ്ലിമെന്ററി പരീക്ഷകളിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികളും മോഡറേഷന് അർഹ രാണെന്നതാണ്.

8. എല്ലാ ബഹുമാനത്തോടെയും, ഞങ്ങൾക്ക് ആ നിലപാട് അംഗീകരിക്കാൻ കഴിയുന്നില്ല. ഞങ്ങൾ എക്സിബിറ്റ് പി-2 ഉത്തരവ് ശ്രദ്ധാപൂർവ്വം വായിച്ചു. എൽ.എൽ.ബി കോഴ്സ് (ഇന്റേണൽ അസ്സസ്സ്മെന്റ് ഇല്ലാത്ത പഴയ സ്കീം) പൂർത്തിയാക്കിയതും എന്നാൽ എല്ലാ സെമസ്റ്ററുകളിലും ഒരേയൊരു വിഷയ ത്തിനുമാത്രം പരാജയപ്പെട്ട പരീക്ഷാർത്ഥി കൾക്ക് പ്രത്യേക മോഡറേഷൻ നൽകുന്നതിന് ശിപാർശ ചെയ്യുവാൻ ബോർഡ് ഐകകണ്ഠേന തീരുമാനിച്ചു എന്ന് പ്രസ്തുത ഉത്തരവിന്റെ 2-ാം ഖണ്ഡികയിൽ നിന്നും തികച്ചും വ്യക്തമാണ്.

9. എല്ലാ സെമസ്റ്ററുകളിലും ഒരേ ഒരു പേപ്പറിന് മാത്രം പരാജയപ്പെട്ട ഒരു വിദ്യാർത്ഥിയുടെ കാര്യത്തിൽ എക്സിബിറ്റ് പി-2-ന്റെ ആനുകൂല്യം അനുവദിക്കാവുന്ന താണെന്ന് വ്യക്തമാണ്. മുമ്പാകെയുള്ള വിഷയത്തിൽ, അപ്പീൽവാദി വ്യത്യസ്ത സെമസ്റ്ററുകളിൽ പല വിഷയങ്ങൾക്ക് പരാജയപ്പെട്ടു എന്നത് തർക്കമില്ലാത്ത സംഗതിയാണ്. ഉദാഹരണത്തിന്, എക്സിബിറ്റ് പി-1 സീരീസിലുള്ള രേഖകൾ പരിശോധിച്ചാൽ മതിയാകും. അപ്പീൽവാദി 2012, ഏപ്രിൽ മാസത്തിൽ നടന്ന IX-ാം സെമസ്റ്റർ പരീക്ഷകളിൽ അഞ്ച് വിഷയങ്ങൾക്ക് പരാജയപ്പെട്ടെന്ന് ഈ രേഖകൾ വ്യക്തമാക്കുന്നു. 2013 മാർച്ച് മാസത്തിൽ നടന്ന IX-ാം സെമസ്റ്റർ പരീക്ഷയിലും അയാൾ നാല് വിഷയങ്ങൾക്ക് പരാജയപ്പെട്ടിരുന്നു. അതുപോലെ 2013 നവംബർ മാസത്തിൽ നടന്ന IX-ാം സെമസ്റ്റർ സപ്ലിമെന്ററി പരീക്ഷയിൽ അയാൾ മൂന്ന് വിഷയങ്ങളിൽ പരാജയപ്പെട്ടിരുന്നു. ഹർജിക്കാരൻ വിവിധ വിഷയങ്ങളിൽ വിവിധ സെമസ്റ്ററുകളിൽ തുടർച്ചയായി പരാജയപ്പെട്ടിരുന്നു എന്നാണ് ഈ

വസ്തുതകൾ ഒക്കെയും വ്യക്തമായി വെളിവാക്കുന്നത്. ആത്യന്തികമായി, ആവർത്തിച്ചു നടന്ന സപ്ലിമെന്ററി പരീക്ഷകളിൽ നിരവധി ശ്രമങ്ങൾക്കു ശേഷം ആ പേപ്പറുകൾ അവന് ലഭിച്ചു. ഇപ്പോഴും, IX-ാം സെമസ്റ്ററിലെ ലേബർ ലോ I-ൽ അവന് വിജയിക്കുവാനായി അവശേഷിക്കുന്നു. ഒരു വിഷയത്തിന് 30% മാർക്ക് ലഭിച്ച് പരാജയപ്പെട്ടത് ഒഴിച്ച് മറ്റെല്ലാ പേപ്പറുകൾക്കും ആദ്യ ശ്രമത്തിൽ തന്നെ വിജയിച്ച വിദ്യാർത്ഥികളെ സഹായിക്കുക എന്നതായിരുന്നു സർവ്വകലാശാലയുടെ ഉദ്ദേശ്യം. അത്തരം വിദ്യാർത്ഥികൾക്ക് മാത്രമേ എക്സിബിറ്റ് പി-2 ഉത്തരവിന്റെ ആനുകൂല്യം നൽകാവൂ, പ്രസ്തുത വസ്തുതകൾക്കും സാഹചര്യ ത്തിന്റേയും അടിസ്ഥാനത്തിൽ അപ്പീൽവാദിക്ക് മേൽപ്പറഞ്ഞ ആനുകൂല്യത്തിന് അർഹത യില്ല. തത്ഫലമായി യാതൊരു ഇടപെടലു കളുടേയും ആവശ്യകതയില്ല.

അപ്പീൽ പരാജയപ്പെടുകയും ആയത് തള്ളിക്കളയുകയും ചെയ്യുന്നു.

*——————*

# ബഹു. കേരള ഹൈക്കോടതി മുമ്പാകെ

ബഹു. ജസ്ററിസ് എ.എം.ഷഫീക്ക്

&

ബഹു. ജസ്ററിസ് കെ.രാമകൃഷ്ണൻ

കബീർ

*അഭി*

നസ്രിൻ

ആദ്യ ഹർജ്ജി (കുടുംബ കോടതി) നം. 702/2016

2017 ജനുവരി 5-ന് വിധി കല്പിച്ചത്

## വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ

**ബാർ കൗൺസിൽ ഓഫ് ഇന്ത്യ ചട്ടങ്ങൾ - ചട്ടം 6 - ഒരു അഭിഭാഷകനെ വക്കാലത്തു ഒഴിയാൻ നിർദ്ദേശിക്കുന്നതിന് രണ്ട് നിബന്ധനകൾ പാലിക്കേണ്ടതുണ്ട്. ഒന്നാമതായി ഹാജരാകുന്ന അഭിഭാഷകൻ വക്കാലത്ത് ഒഴിയണമെന്ന നിർദ്ദേശം അദ്ദേഹം ഹാജരാകുന്ന കക്ഷിയുടെ താല്പര്യത്തെ ധർമ്മസങ്കടത്തിൽപ്പെടുത്താതെയും രണ്ടാമതായി അഭിഭാഷകനെ ഒരു സാക്ഷിയായി വിസ്തരിക്കുകയെന്നത് ഒഴിച്ചുകൂടാൻ പറ്റാത്തതും ഈ വേർപെടുത്തൽ അദ്ദേഹം ആർക്കുവേണ്ടിയാണോ ഹാജരാകുന്നത് ആ കക്ഷിയുടെ താല്പര്യങ്ങളെ ധർമ്മസങ്കടത്തിൽ പ്പെടുത്തുന്നില്ലായെന്നതുമാണ്.**—ഹർജ്ജി തള്ളിക്കളഞ്ഞു.

### വിധിന്യായം

ജസ്റ്റിസ് എ.എം. ഷഫീക്ക്

ഇതിലെ ഹർജിക്കാരൻ എക്സിബിറ്റ് പി 5-ലെ എതിർകക്ഷിക്ക് വേണ്ടി ഹാജരാകുന്ന അഭിഭാഷകനെ എതിർ കക്ഷിയെ പ്രതിനിധികരിക്കുന്നതിൽ നിന്നും നീക്കം ചെയ്യുന്നതിനായി ഒരു അപേക്ഷ ഫയൽ ചെയ്യുകയും കുടുംബകോടതി, 3/9/2016-ലെ ഉത്തരവ് പ്രകാരം ഒ.പി നമ്പർ 137/2010-ലെ ഐ. എ. നമ്പർ 1396/2015-നെ തള്ളിക്കളഞ്ഞുകൊണ്ട് നിരസിക്കുകയും ചെയ്തതിനെതിരെ തർക്കിച്ചുകൊണ്ട് ഫയൽ ചെയ്തിട്ടുള്ളതാണ് ഈ ആദ്യ ഹർജി.

2. ബാർ കൗൺസിൽ ഓഫ് ഇന്ത്യ ചട്ടങ്ങളിലെ 6-ാം ചട്ട പ്രകാരം കേസിലെ ഒരു കക്ഷിക്കു വേണ്ടി ഹാജരാകുന്ന ഒരു അഭിഭാഷകന്, അതിലെ ഏതെങ്കിലും അംഗം അഭിഭാഷകനുമായി ബന്ധമുള്ളതോ അതിൽ സൂചിപ്പിച്ചിട്ടുള്ള ബന്ധത്തിനകത്തുവരുന്നതോ ആണെങ്കിൽ, ഒരു നിരോധനമുണ്ട് എന്നായിരുന്നു ഹർജിക്കാരൻ പ്രാർത്ഥിച്ചിട്ടുള്ള പ്രധാന തർക്കം. ഈ കേസിൽ അഭിഭാഷകനെ ഒരു സാക്ഷിയായി വിസ്തരിക്കാൻ ഹർജിക്കാരൻ

ഉദ്ദേശിക്കുന്നുവെന്നും അതുകൊണ്ട് എതിർകക്ഷിക്കുവേണ്ടി ഹാജരാകുവാൻ അഭിഭാഷകനെ അനുവദിക്കരുതെന്നും വീണ്ടും തർക്കിച്ചിരിക്കുന്നു.

3. മേൽ തർക്കങ്ങൾ എതിർകക്ഷി നിഷേധിക്കുകയും അവരുടെ ആക്ഷേപം ഫയൽ ചെയ്യുകയും മറ്റു പലതിന്റെയും കൂട്ടത്തിൽ ഹർജിക്കാരൻ തർക്കിച്ചിട്ടുള്ളതുപോലെ അഭിഭാഷകനെ മാറ്റുന്നതിനുതകുന്ന യാതൊരു കാരണവും ഇല്ല എന്നു തർക്കിക്കുകയും ചെയ്തു.

4. കുടുംബ കോടതി സംഗതി വിശദമായി പരിഗണിച്ചശേഷം ഈ കേസിൽ ഉൾപ്പെടുന്ന വസ്തുതകളിൽ അഭിഭാഷകനെ ഒരു സാക്ഷിയായി വിസ്തരിക്കേണ്ടതില്ലെന്നും കാര്യവിവര പത്രികയിൽ ഉന്നയിച്ചിട്ടുള്ള എതിർവാദങ്ങൾ തെളിയിക്കുന്നതിന് എതിർകക്ഷിക്കു വേണ്ടി ഹാജരാകുന്ന അഭിഭാഷകൻ പ്രധാനപ്പെട്ട ഒരു സാക്ഷിയാണെന്ന് സ്ഥാപിക്കുന്നതിന് ന്യായമായ കാരണങ്ങളൊന്നും കാണിച്ചിട്ടില്ലായെന്നും നിരീക്ഷിച്ചു.

5. ഹർജിക്കാരന്റെ പാണ്ഡിത്യമുള്ള അഭിഭാഷകൻ ദാമ്പത്യബന്ധത്തെപ്പറ്റിയുള്ള തർക്കത്തിൽ ഈ അഭിഭാഷകൻ ഉൾപ്പെട്ടിട്ടുള്ള ഒരു തർക്കം ഉണ്ട് എന്നു തർക്കിക്കുന്നതിന് ഈ സംഗതിയിൽ ഫയൽ ചെയ്തിട്ടുള്ള കാര്യവിവര പത്രികയിൽ ആശ്രയം അർപ്പിച്ചു. ഖണ്ഡിക 11-ൽ ചൂണ്ടിക്കാട്ടിയത് സൂചിപ്പിക്കുന്നതെന്തന്നാൽ എതിർകക്ഷിക്കു വേണ്ടി ഹാജരാകുന്ന അഭിഭാഷകൻ മറ്റു ചിലരുമായി കൂട്ടു ചേർന്ന് ഹർജിക്കാരന്റെ വീട്ടിൽ നിന്നും ജംഗമ വസ്തുക്കളിലെ ചില ഇനങ്ങൾ നീക്കം ചെയ്യുന്നതിന് ചേർന്നു പ്രവർത്തിച്ചിട്ടുണ്ടെന്നും അതിനാൽ, ഹർജിക്കാരൻ പറയുന്നതനുസരിച്ച് അഭിഭാഷകൻ ഒരു യോജിച്ച സാക്ഷിയാണെന്നതുമാണ്.

6. അന്യായം എ-യും ബി-യും പട്ടിക വസ്തുക്കളിൽ ഒന്നാം ഹർജിക്കാരന്റെ അവകാശം സ്ഥാപിച്ചു കിട്ടുന്നതിനും തുക ഈടാക്കി കിട്ടുന്നതിനുമായുള്ള ഒരു പ്രഖ്യാപനം തേടിക്കൊണ്ടാണ് ഈ ആദ്യ ഹർജി ഫയൽ ചെയ്തിരിക്കുന്നത്.

7. ഒരു കക്ഷിക്കു വേണ്ടി ഹാജരാകുന്ന അഭിഭാഷകനെ എതിർ കക്ഷിയുടെ പ്രേരണയിൽ നീക്കം ചെയ്യാമോ എന്ന ചെറിയ ചോദ്യമാണ് ഈ സംഗതിയിൽ പരിഗണിക്കേണ്ടതായിട്ടുള്ളത്. ഹർജിക്കാരിയുടെ പാണ്ഡിത്യമുള്ള അഭിഭാഷകൻ ഈ കോടതിയുടെ *അബ്ദു അഭി വീരാവു* (1991 (1) കെ എൽ റ്റി 116) എന്ന കേസിലെ വിധിന്യായത്തിൽ ആശ്രയം അർപ്പിക്കുന്നു. മേൽ കേസിൽ പരിഗണിച്ച ചോദ്യം, ഒരു കേസിൽ ഹാജരാകുന്ന അഭിഭാഷകനെ എതിർകക്ഷിക്ക് ഒരു സാക്ഷിയായി വിളിച്ചു വരുത്താമോയെന്നതായിരുന്നു. മേൽ സംഗതി പരിഗണിക്കവേ, കോടതിക്ക് അഭിഭാഷകനെ വക്കാലത്ത് ഉപേക്ഷിക്കുന്നതിനോ കേസിൽ നിന്നും പിന്മാറുന്നതിനോ നിർദ്ദേശിക്കാമോ എന്ന ചോദ്യവും കൂടി ഈ കോടതി പരിഗണിച്ചു. 7-ാം ഖണ്ഡികയിൽ താഴെ പറഞ്ഞിരിക്കുന്ന പ്രകാരം വിധിച്ചിട്ടുണ്ട്:-

> "7. പരിഗണനയ്ക്കായി വന്നിട്ടുള്ള അടുത്ത വീക്ഷണമാണ് കോടതിക്ക് അഭിഭാഷകനെ വക്കാലത്ത് ഉപേക്ഷിക്കുന്നതിനോ കേസിൽ നിന്നും പിന്മാറുന്നതിനോ നിർദ്ദേശിക്കാമോ എന്നതാണ്. ഈ കോടതി *മരിക്കാർ (മോട്ടേഴ്സ്) ലിമിറ്റഡ് അഭി രവികുമാർ* (1988 (2) കെ എൽ റ്റി 986)-ൽ കോടതിയോ ബന്ധപ്പെട്ട അധികാരസ്ഥാനമോ മുകളിൽ സൂചിപ്പിച്ചതരത്തിലുള്ള അന്വേഷണത്തിനുശേഷം അഭിഭാഷകനെ കേസിൽ നിന്നും വേർപ്പെടുത്തുന്നത് അഭിഭാഷകൻ ഹാജരാകുന്ന കക്ഷിയുടെ താല്പര്യങ്ങളെ ധർമ്മസങ്കടത്തിൽപ്പെടുത്തും എന്ന അഭിപ്രായത്തിലാണെങ്കിൽ ആ അഭിഭാഷകനോട് വക്കാലത്ത് ഉപേക്ഷിക്കുവാൻ ആവശ്യപ്പെടേണ്ടതില്ല എന്ന് വിധിച്ചിട്ടുണ്ട്. കോടതിയോ

അധികാരസ്ഥാനമോ അഭിഭാഷകനെ ഒരു സാക്ഷിയായി വിസ്തരിക്കുന്നത് ഒഴിച്ചുകൂടാൻ പാടില്ലാത്തത് ആണെന്നും അതുകൊണ്ട് അഭിഭാഷകനെ കേസിൽ നിന്നും വേർപ്പെടുത്തുന്നത് അദ്ദേഹം ഹാജരാക്കുന്ന കക്ഷിയുടെ താല്പര്യങ്ങളെ ധർമ്മസങ്കടത്തിൽപ്പെടുത്തില്ലായെന്ന് കാണുന്ന പക്ഷം ബന്ധപ്പെട്ട കോടതിയ്ക്കോ അല്ലെങ്കിൽ അധികാരസ്ഥാനത്തിനോ അഭിഭാഷകനോട് വക്കാലത്ത് ഉപേക്ഷിക്കുവാൻ ആവശ്യപ്പെടുവാൻ കഴിയുന്നതാണ് എന്നും കൂടി വിധിച്ചിട്ടുണ്ട്. പാറ്റ്നാ ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ചിന് *ഛത്രപതി ശിവജി അഭി സർക്കാർ* (എ ഐ ആർ 1990 പാട്ന 157) എന്ന കേസിൽ ഈ വീക്ഷണത്തെപ്പറ്റി പരിഗണിക്കുവാൻ ഒരവസരമുണ്ടായി. "ഔപചാരിക സ്വഭാവമുള്ള തെളിവാണ് അഭിഭാഷകൻ നൽകേണ്ടതെന്ന് തോന്നുന്നപക്ഷമോ അഭിഭാഷകന്റെ സഹായത്തിൽ നിന്നും കക്ഷിയെ സമ്മതിക്കാതിരിക്കുന്ന ഉദ്ദേശത്തിനോ ഏതെങ്കിലും ഗൂഢോദ്ദ്യേശത്തോടെയോ ആണെങ്കിൽ ഉടനെ അങ്ങനെയുള്ള ഒരപേക്ഷ തള്ളിക്കളയാൻ ബാദ്ധ്യസ്ഥമാണ്. ഈ കേസിൽ സൂക്ഷ്മ പരിശോധനയും സന്ദർഭത്തെക്കുറിച്ചുള്ള പരിശോധനയും കൂടിയേ കഴിയൂ. എന്നാൽ, കേസിലെ അഭിഭാഷകനെ മാറ്റുന്നതിനുള്ള പ്രാർത്ഥന ഉത്തമ വിശ്വാസപൂർവ്വവും, ഗൂഢലക്ഷ്യങ്ങളില്ലാതെയും മുൻവിധി ഇല്ലാതാക്കുന്നതിലേയ്ക്കോ നീതിയുടെ സംഭവിക്കൽ അഭിവൃദ്ധിപ്പെടുത്തുന്നതിലേയ്ക്കായിട്ടുള്ളതുമാണ് എന്ന് കോടതി കാണുന്നപക്ഷം ഉചിതമായതും മുഖ്യ സാക്ഷിയുമായ അഭിഭാഷകനെ കേസിൽ ഇനിയും അഭിഭാഷകനായി ഹാജരാകുവാൻ പാടില്ലായെന്ന് വിധിക്കേണ്ടത് കോടതിയുടെ കർത്തവ്യമാണ്" എന്ന് വിധിച്ചിരുന്നു. എതിർകക്ഷിക്ക് വേണ്ടിയുള്ള അഭിഭാഷകനെ കേസിൽ നിന്നും പിന്മാറ്റുന്നത് കക്ഷികളുടെ താല്പര്യങ്ങളെ ധർമ്മസങ്കടത്തിലാക്കും എന്ന് കാണിച്ചിട്ടില്ല. വാദിഭാഗത്തെ ഒരു സാക്ഷിയായി ഹാജരാകുന്നതിലേയ്ക്ക് വക്കാലത്ത് ഉപേക്ഷിക്കുവാനും കേസിൽ നിന്നും പിന്മാറുവാനും നിർദ്ദേശിക്കാൻ കോടതിയ്ക്ക് അതുകൊണ്ട് എല്ലാ അവകാശവും ഉണ്ട്. കീഴ് കോടതി വാദിക്ക് പ്രതിഭാഗം അഭിഭാഷകനെ ഒരു സാക്ഷിയായി വിളിച്ചു വരുത്തുവാൻ മുമ്പ് അനുവദിച്ച് പാസ്സാക്കിയ ഉത്തരവ് അതുകൊണ്ട് പുനഃസ്ഥാപിക്കേണ്ടതാണ്".

8. വക്കാലത്ത് ഒഴിയാൻ അഭിഭാഷകന് ഒരു നിർദ്ദേശം കോടതി നൽകണമെന്നുണ്ടെങ്കിൽ അത് സംബന്ധിച്ച് ആവശ്യമായ അന്വേഷണം നടത്തേണ്ടതും അഭിഭാഷകനെ കേസിൽ നിന്നും വേർപെടുത്തുന്നത് അഭിഭാഷകൻ പ്രതിനിധീകരിച്ചു ഹാജരായിരുന്ന കക്ഷിയുടെ താല്പര്യത്തെ ധർമ്മസങ്കടത്തിലാക്കുന്നില്ല എന്ന അഭിപ്രായത്തിലെത്തണമെന്നും സുവ്യക്തമാണ്. അഭിഭാഷകനെ ഒരു സാക്ഷിയായി വിസ്തരിക്കുകയെന്നത് ഒഴിച്ചുകൂടാൻപറ്റാത്തതും അതുകൊണ്ട് അഭിഭാഷകനെ കേസിൽ നിന്നും വേർപെടുത്തുന്നത് ആർക്കുവേണ്ടിയാണോ അദ്ദേഹം ഹാജരാകുന്നത് ആ കക്ഷിയുടെ താല്പര്യത്തെ ധർമ്മസങ്കടത്തിലാക്കുന്നില്ലായെന്ന് കോടതിയോ അല്ലെങ്കിൽ അധികാരസ്ഥാനമോ തീരുമാനിക്കുന്ന പക്ഷം ബന്ധപ്പെട്ട കോടതിക്ക് അഭിഭാഷകനോട് വക്കാലത്ത് ഒഴിയാൻ ആവശ്യപ്പെടുവാൻ കഴിയുന്നതാണ് എന്നും കൂടി വിധിക്കുകയും ഉണ്ടായി.

9. ഒരു അഭിഭാഷകനെ വക്കാലത്തു ഒഴിയാൻ നിർദ്ദേശിക്കുന്നതിന് രണ്ട് നിബന്ധനകൾ പാലിക്കേണ്ടതുണ്ട്. ഒന്നാമതായി ഹാജരാകുന്ന അഭിഭാഷകൻ വക്കാലത്ത് ഒഴിയണമെന്ന നിർദ്ദേശം അദ്ദേഹം ഹാജരാകുന്ന കക്ഷിയുടെ താല്പര്യത്തെ ധർമ്മസങ്കടത്തിൽപ്പെടുത്താതെയും രണ്ടാമതായി അഭിഭാഷകനെ ഒരു സാക്ഷിയായി വിസ്തരിക്കുകയെന്നത് ഒഴിച്ചുകൂടാൻ പറ്റാത്തതും ഈ വേർപെടുത്തൽ അദ്ദേഹം ആർക്കു വേണ്ടിയാണോ ഹാജരാകുന്നത് ആ കക്ഷിയുടെ താല്പര്യങ്ങളെ ധർമ്മസങ്കടത്തിൽപ്പെടുത്തുന്നില്ലായെന്നതുമാണ്. നിലവിലത്തെ കേസിൽ, ഹർജിക്കാരൻ അദ്ദേഹത്തിന്റെ ഭാഗത്തുനിന്നും അഭിഭാഷകനെ സാക്ഷിയാക്കിയ ഏതെങ്കിലും സാക്ഷിപ്പട്ടിക ഫയൽ ചെയ്തിട്ടില്ലായെന്നും രണ്ടാമതായി, ആവശ്യപ്പെട്ടിട്ടുള്ള പരിഹാരങ്ങൾ പരിഗണിക്കുന്ന

തിന് എതിർകക്ഷിക്കുവേണ്ടി ഹാജരാകുന്ന അഭിഭാഷകനെ അദ്ദേഹം ഒരു മുഖ്യ സാക്ഷിയാക്കിട്ടില്ലാത്തതിനാൽ കാര്യ വിവരപത്രികയിൽ ഉന്നയിച്ചിട്ടുള്ള തർക്കങ്ങൾ തെളിയിക്കുന്നതിന് വിസ്തരിക്കേണ്ട അത്യാവശ്യമില്ലായെന്നും കുടുംബക്കോടതി അന്തിമമായി എത്തിച്ചേർന്നു. അഭിഭാഷകനെ വക്കാലത്ത് ഒഴിയുവാൻ നിർദ്ദേശിച്ചാൽ അതു എതിർകക്ഷിയുടെ താല്പര്യത്തെ ധർമ്മസങ്കടത്തിൽപ്പെടുത്തും എന്നുകൂടി വിധിച്ചു, അതിനും പുറമെ, വാദിഭാഗത്തിനുവേണ്ടിയുള്ള സാക്ഷികളുടെ തെളിവെടുക്കലും പൂർത്തിയായിട്ടുള്ളതുമാണ്.

10. കുടുംബക്കോടതിയുടെ കണ്ടെത്തലുകളിലൂടെ കടന്നു പോകുമ്പോൾ ഞങ്ങളെ മേൽ ഉത്തരവിൽ ഇടപെടാൻ സഹായിക്കുന്ന തെറ്റ് കുടുംബക്കോടതിയുടെ ഭാഗത്ത് നിന്നും ഞങ്ങൾ കാണുന്നില്ല. എക്സിബിറ്റ് പി3-യിൽ ചില സാമഗ്രികളുടെ മോഷണവുമായി ബന്ധപ്പെട്ട് അഭിഭാഷകനെ ഒരു സാക്ഷിയായി വിസ്തിരിക്കുവാൻ സാധ്യതയുണ്ടെന്ന് പ്രസ്താവിച്ചിട്ടുണ്ടെങ്കിലും ഈ അഭിഭാഷകനെ വിസ്തരിക്കാതെ തന്നെ ഹർജിക്കാരന് മോഷണം തെളിയിക്കുന്നതിന് സ്വാതന്ത്ര്യ മുണ്ടായിരിക്കുന്നതാണ്. കാര്യ വിവരപത്രികയിലെ 11-ാം ഖണ്ഡികയിൽ ആരോപിക്കപ്പെട്ട മോഷണത്തിന്റെ സമയത്ത് മറ്റനവധി ആളുകൾ അവിടെയുണ്ടായിരുന്നുവെന്ന് പ്രസ്താവിച്ചിരിക്കുന്നു. മറ്റുവിധത്തിലായാൽ പോലും, മോഷണത്തെ സംബന്ധിച്ചുള്ള ആരോപണത്തെ സംബന്ധിച്ച് യാതൊരു പരാതിയും ഫയൽ ചെയ്തിട്ടില്ലാത്തതുമാണ്. അത് നിലവിൽ ഉണ്ടെങ്കിൽ തന്നെയും മറ്റു തെളിവുകൾ ഹാജരാക്കി അതിന്റെ നിലനില്പ് തെളിയിക്കുന്നതിൽ നിന്നും ഹർജിക്കാരനെ യാതൊന്നും തടയുന്നതല്ല. അതുകൊണ്ട്, കുറ്റം ആരോപിക്കപ്പെട്ട ഉത്തരവിൽ ഇടപെടേണ്ടത് ആവശ്യമാണ് എന്ന് ഞങ്ങൾ ചിന്തിക്കുന്നില്ല.

ആദ്യഹർജ്ജി (കുടുംബ കോടതി) തള്ളിക്കളയുന്നു.

# ബഹു. കേരള ഹൈക്കോടതി മുമ്പാകെ

ബഹു. ജസ്റ്റിസ് തോട്ടത്തിൽ ബി. രാധാകൃഷ്ണൻ

&

ബഹു. ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ

ദ ക്ലാരിസ്റ്റ് മെഡിക്കൽ ട്രസ്റ്റ് ഓഫ് ദി എസ്.എച്ച് പ്രോവിൻസ്, എറണാകുളം, സാൻജോ ഹോസ്പിറ്റൽ, പെരുമ്പാവൂരും മറ്റൊരാളും

*അഭി*

റവന്യൂ വകുപ്പ് സെക്രട്ടറിയും മറ്റൊരാളും

റിട്ട് അപ്പീൽ നം. 707/2015

2017 ജനുവരി 10-ന് വിധി കല്പിച്ചത്

## വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ

1975-ലെ കേരള കെട്ടിട നികുതി ആക്റ്റ്-വകുപ്പ് 3(1)-ഇൻഡ്യൻ നഴ്സിംഗ് കൗൺസിൽ റഗുലേഷൻ നമ്പർ 21-കോളേജിനായി ഒരു അവശ്യ ചികിത്സാലയ സംബന്ധിയായ സൗകര്യത്തോടു കൂടിയുള്ളതും കൃത്യമായ വാർഷിക പ്രവേശനത്തോടും കൂടിയ ഒരു പ്രധാന/ അഫിലിയേറ്റ് ചെയ്ത ആശുപത്രിയുള്ള ഒരു നഴ്സിംഗ് സ്കൂൾ ഉണ്ടായിരിക്കണമെന്നാണ് ഞങ്ങൾ മനസ്സിലാക്കുന്നത്. എന്നിരുന്നാലും, എല്ലാ നഴ്സിംഗ് കോളേജിനും അല്ലെങ്കിൽ നഴ്സിംഗ് സ്കൂളിനും ഒരു ഉപാംഗ സ്ഥാപനമായി അതിനോട് ബന്ധിപ്പിച്ചിട്ടുള്ള ഒരു ആശുപത്രി ഉണ്ടാവണം എന്ന് ഒരു രീതിയിലും പറയുന്നില്ല. സ്കൂളോ, കോളേജ് ഓഫ് നഴ്സിംഗോ ഒരു ആശുപത്രിയുമായി അഫിലിയേറ്റ് ചെയ്തിട്ടുണ്ടാവണമെന്നും ആയത് അതേ മാനേജ്മെന്റിന്റെയോ ഒരു വ്യത്യസ്ത മാനേജ്മെന്റിന്റെയോ ഭാഗമാകണമെന്നുമാണ് ഈ റഗുലേഷൻ അർത്ഥമാക്കുന്നത്. ആ ആശുപത്രി അതേ മാനേജ്മെന്റിന്റെ കീഴിലാണെങ്കിൽ, തീർച്ചയായും, അത് ഇതിൽ 'പ്രധാന ഹോസ്പിറ്റൽ' എന്ന വാക്കിന്റെ അർത്ഥത്തിനുള്ളിൽ ഉൾപ്പെടുന്നതാണ് അല്ലെങ്കിൽ അതിനെ ഒരു അഫിലിയേറ്റഡ് ആശുപത്രി ആയി എടുക്കാവുന്നതുമാണ്. ആയതിനാൽ എന്താണ് ആവശ്യമാകുന്നതെന്തന്നാൽ, വിദ്യാർത്ഥികൾക്ക് ചികിത്സാലയ സംബന്ധിയായ സൗകര്യങ്ങൾ സജ്ജീകരിക്കുന്ന തിനായി റഗുലേഷനുകളിൽ നിർണ്ണയിച്ചിട്ടുള്ള അടിസ്ഥാന സൗകര്യ ആവശ്യങ്ങൾക്ക് അനുസരിച്ച് പ്രവർത്തിക്കുന്ന ഒരു ആശുപത്രിയുമായി കോളേജിനോ സ്കൂൾ ഓഫ് നഴ്സിംഗിനോ അഫിലിയേഷൻ ഉണ്ടായിരിക്കണം എന്നതു മാത്രമാണ്. എന്നിരുന്നാലും, എല്ലാ സ്കൂളിനും കോളേജ് ഓഫ് നഴ്സിംഗിനും അതിന്റെ ഒരു ഭാഗമായി പ്രവർത്തിക്കുന്ന ഒരു ആശുപത്രി ഉണ്ടായിരിക്കണമെന്ന് ഇത് ഒരു തരത്തിലും അർത്ഥമാക്കുന്നില്ല. അതുകൊണ്ട്, അപ്പീൽ വാദികളുടെ പാണ്ഡിത്യമുള്ള അഭിഭാഷകൻ നടത്തിയ സമർപ്പണങ്ങൾ അനുവദിച്ചു കൊടുക്കുന്ന


5/163/2017 - 10

**തിന് ഞങ്ങൾക്ക് കഴിയുകയില്ല-റിട്ട് അപ്പീൽ തള്ളുന്നു.**

വിധിന്യായം

ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ

1975-ലെ കേരള കെട്ടിട നികുതി ആക്റ്റ് (ചുരുക്കത്തിൽ, 'ആക്റ്റ്') പ്രകാരം കെട്ടിട നികുതി അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കുന്നതിനുള്ള അവകാശവാദം, അതിന്റെ എല്ലാ നിറത്തിലും വർണ്ണത്തിന്റെ സാന്ദ്രതയിലും വ്യത്യസ്തത കളിലും മുഖച്ഛായയിലും ഉറപ്പിച്ചിട്ടുള്ളത് ഒരു വ്യവസ്ഥയിൽ, അതായത്, അതിലെ വകുപ്പ് 3(1)-ൽ ആണ്. അത്തരം എല്ലാ ഒഴിവാക്കലു കളുടെയും അസ്തിത്വം സങ്കല്പിച്ചിരി ക്കുന്നത് ഈ വ്യവസ്ഥയെ ആശ്രയിച്ചിരി ക്കുന്നതിനാൽ, ആയതിന്റെ വ്യാപ്തിയി ലേയ്ക്കും പരിധിയിലേക്കും പ്രയാണം ചെയ്യുന്നതിനായി ആയതിന്റെ ഒരു വായന ആവശ്യമായിരിക്കുന്നതും ആകയാൽ, ആയത് താഴെപ്പറയും പ്രകാരം ഉദ്ധരിച്ചിട്ടുള്ളതുമാണ്:

"3. ഒഴിവാക്കലുകൾ.—ഈ ആക്റ്റിലെ യാതൊന്നും തന്നെ—

(എ) കേരള സർക്കാരിന്റെയോ, ഭാരത സർക്കാരിന്റെയോ ഏതെങ്കിലും തദ്ദേശ അധികാരസ്ഥാനത്തിന്റെയോ ഉടമസ്ഥത യിലുള്ള കെട്ടിടങ്ങൾക്ക്; കൂടാതെ

(ബി) മതപരവും, ധർമ്മപരവും വിദ്യാഭ്യാസപരവുമായ ആവശ്യങ്ങൾക്കായി അല്ലെങ്കിൽ ഫാക്ടറികളായോ വർക്ക് ഷോപ്പുകളോ (അല്ലെങ്കിൽ കന്നുകാലി/പന്നി/ കോഴിവളർത്തൽ ഫാമുകൾ അല്ലെങ്കിൽ പോളിഹൗസുകൾ) ആയി മുഖ്യമായും ഉപയോഗിച്ചിട്ടുള്ള കെട്ടിട ങ്ങൾക്ക്

ബാധകമാകുന്നതല്ല.

*വിശദീകരണം* I.— ഈ ഉപവകുപ്പിന്റെ ആവശ്യങ്ങൾക്കായി "ധർമ്മപരമായ ആവശ്യംട്ട എന്നതിൽ ദരിദ്രർക്കുള്ള സഹായവും സൗജന്യ വൈദ്യസഹായവും" ഉൾപ്പെടുന്നു.

2. ഈ വകുപ്പിന്റെ പ്രത്യക്ഷത്തിലുള്ള ഒരു വായനയിൽ പോലും അതിന്റെ വ്യവസ്ഥകൾ പ്രകാരമുള്ള ഒഴിവാക്കൽ അവകാശ പ്പെടുന്നതിനും നിയമപരമായി അനുവദിച്ചു കൊടുക്കുന്നതിനും ഇതിൽ ഇനം തിരിച്ചിട്ടുള്ള ആവശ്യങ്ങൾക്കായി പ്രധാനമായും ഉപയോഗി ക്കുന്ന കെട്ടിടങ്ങൾക്കു മാത്രമേ കഴിയുള്ളൂ. പ്രത്യക്ഷത്തിൽ, ഒരു കെട്ടിടത്തിന്റെ പ്രധാന ഉപയോഗം വിദ്യാഭ്യാസപരമായ ആവശ്യത്തി നാണെങ്കിൽ, അതിന് അത്തരം ഒഴിവാക്കൽ നൽകുന്നതിന് യോഗ്യമാണ്. ഇവിടെയുള്ള ചോദ്യം, നഴ്സിംഗിൽ അദ്ധ്യാപനം പ്രദാനം ചെയ്യുന്ന ഒരു സ്ഥാപനം അതിന്റെ ചികിത്സാലയ സംബന്ധിയായ ആവശ്യങ്ങൾക്കായി ഒരു ആശുപത്രിയുമായി ബന്ധിപ്പിക്കുകയോ അഫിലിയേറ്റ് ചെയ്യുകയോ ചെയ്തിട്ടു ണ്ടെങ്കിൽ ആയതിനെ മുഖ്യമായും വിദ്യാഭ്യാസ ആവശ്യത്തിന് ഉപയോഗിച്ചു വരുന്ന ഒന്നായി കണക്കാക്കുവാൻ സാധിക്കുമോ എന്നതാണ്. ഈ അപ്പീലിലെ അപ്പീൽവാദിയുടെ തർക്കങ്ങളാണ് ഈ ചോദ്യങ്ങളിലെ സ്വീകാരദ്യോതകമായ അവകാശവാദം .

3. മുകളിൽ സൂചിപ്പിച്ചിട്ടുള്ള കാരണ ങ്ങളാൽ, അപ്പീൽവാദികൾ നടത്തിക്കൊണ്ടു വന്ന ഒരു ആശുപത്രിക്ക് കെട്ടിടനികുതി അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കുന്ന തിനുള്ള അവരുടെ അവകാശവാദത്തെ എതിർത്തുകൊണ്ട് റിട്ട് ഹർജി തള്ളിയ പാണ്ഡിത്യമുള്ള സിംഗിൾ ജഡ്ജിയുടെ വിധിന്യായത്തിനെതിരെയാണ് അവർ ഈ അപ്പീൽ ഫയൽ ചെയ്തിരിക്കുന്നത്.

4. അപ്പീൽവാദികൾക്കു വേണ്ടിയുള്ള പാണ്ഡിത്യമുള്ള അഭിഭാഷകൻ ശ്രീ. വി.എം. കുര്യനേയും സഹായിച്ച, ശ്രീ. ഐസക് റ്റി. പോളിനേയും എതിർകക്ഷി കൾക്കുവേണ്ടി ഹാജരാകുന്ന പാണ്ഡിത്യ മുള്ള സർക്കാർ അഭിഭാഷകനേയും ഞങ്ങൾ കേൾക്കുക യുണ്ടായി.

5. അപ്പീൽവാദികൾ, അവർ ബി.എസ്.സി നഴ്സിംഗിന്റേയും എം.എസ്.സി നഴ്സിംഗിന്റേയും ബിരുദ ത്തിലേക്ക് നയിക്കുന്ന വിദ്യാഭ്യാസ പാഠ്യക്രമങ്ങൾ നിർദ്ദേശിക്കുന്ന ഒരു കോളേജ് ഓഫ് നഴ്സിംഗ് പോലെതന്നെ ഒരു സ്കൂൾ ഓഫ് നഴ്സിംഗും നടത്തുന്നതായും നഴ്സിംഗ് കൗൺസിൽ ഓഫ് ഇന്ത്യ പുറപ്പെടുവിച്ച റഗുലേഷനുകൾ പ്രകാരം ആധികാരികമായി ആവശ്യമായി ട്ടുള്ളതുപോലെ ഓരോ പ്രോഗ്രാമിനും അടിസ്ഥാനപരമായ ചികിത്സാ സൗകര്യ ത്തിനായി 120-150 കിടക്കകളുള്ള ഒരു പ്രധാന/അഫിലിയേറ്റഡ് ആശുപത്രി അവർക്കുണ്ടായിരിക്കണമെന്നും അവകാശ പ്പെടുന്നു. സാൻജോ ഹോസ്പിറ്റൽ എന്ന പേരിൽ ഒരു ആശുപത്രി നടത്തുവാൻ അവർ അപ്രകാരം ബാദ്ധ്യസ്ഥരാണെന്നും ആയത് റഗുലേഷനുകൾ പ്രകാരമുള്ള പ്രധാന ആശുപത്രിയായി അവർ നിലനിർത്തുന്നു വെന്നും പ്രസ്തുത ആശുപത്രി, അവർ നടത്തുന്ന കോളേജ് ഓഫ് നഴ്സിംഗിനും സ്കൂൾ ഓഫ് നഴ്സിംഗിനും ചികിത്സാ സംബന്ധിയായ സൗകര്യങ്ങൾ നൽകുന്നതിനാൽ ആശുപത്രി കെട്ടിടത്തിനായുള്ള കെട്ടിട നികുതി അടയ്ക്കുന്നതിൽ നിന്നുള്ള ഒഴിവാക്കലിന് അവർക്ക് അർഹത യുണ്ടെന്നും അവർ സ്പഷ്ടമായി പറയുന്നു. പ്രസ്തുത ആശുപത്രി പ്രധാനമായും വിദ്യാഭ്യാസപരമായ ആവശ്യങ്ങൾ ക്കായി സ്ഥാപിച്ചിട്ടുള്ളതാണെന്ന അംഗീകൃത തത്വത്തിൽ തീർച്ചയായും അടിസ്ഥാന പ്പെടുത്തിയിട്ടുള്ളതാണ് ഈ അവകാശ വാദം.

6. അപ്പീൽവാദികൾ നടത്തുന്ന കോളേജ് ഓഫ് നഴ്സിംഗും, സ്കൂൾ ഓഫ് നഴ്സിംഗും നിസ്സംശയമായും ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം കെട്ടിട നികുതി അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്ക പ്പെട്ടിട്ടുള്ളതാണ്. എന്നിരുന്നാലും, ആശുപത്രിയുടെ കാര്യത്തിൽ, അത്തരം ഒഴിവാക്കൽ സർക്കാർ നിരസിച്ചിട്ടുള്ളതും, ആയതിന്റെ ഒരു അനന്തര ഫലമായി, നികുതി ചുമത്തൽ അധികാരിയായിട്ടുള്ള തഹസീൽദാർ, ആക്റ്റ് പ്രകാരം ആശുപത്രി കെട്ടിടത്തിനു നികുതി നിർണ്ണയിക്കുവാൻ ഒരു ഉത്തരവ് പുറപ്പെടു വിക്കുകയും ചെയ്തു. ഒഴിവാക്കൽ നിരസിച്ചുകൊണ്ടുള്ള സർക്കാരിന്റെയും ആശുപത്രിയ്ക്ക് നികുതി നിർണ്ണയിക്കുന്ന തഹസീൽദാരുടെയും ഉത്തരവുകളിൽ തർക്കം ഉന്നയിച്ചു കൊണ്ടാണ് അപ്പീൽവാദികൾ റിട്ട് ഹർജി സമർപ്പിച്ചിരുന്നത്. ഈ ഉത്തരവുകൾ റിട്ട് ഹർജിയിൽ യഥാക്രമം എക്സിബിറ്റ് പി-9-ഉം പി-10-ഉം ആയും ഹാജരാക്കി യിട്ടുണ്ട്.

7. എങ്ങനെയായാലും, ഒരു മെഡിക്കൽ കോളേജുമായി ബന്ധിപ്പിച്ചിട്ടുള്ള ഒരു ആശുപത്രിയ്ക്ക് ആക്റ്റ് പ്രകാരമുള്ള നികുതി ചുമത്തലിൽ നിന്നും ഒഴിവാക്കൽ അവകാശ പ്പെടുന്നതിന് അർഹതയുണ്ടോ എന്നുള്ള തർക്കത്തിന് ഈ കോടതിയുടെ ഡിവിഷൻ ബഞ്ച് *ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് അഭി കേരള സർക്കാരും മറ്റുള്ളവരും* എന്ന (2011 (4) കെ.എൽ.റ്റി 106) റിപ്പോർട്ട് ചെയ്തിട്ടുള്ള വിധിയിൽ അനുകൂലമല്ലാതെ ഉത്തരം നൽകിയിട്ടുള്ള തിനാൽ അപ്പീൽവാദികൾ അതുസംബന്ധിച്ച് നടത്തിയിട്ടുള്ള പ്രാർത്ഥനകൾക്ക് അർഹരല്ല എന്ന് അഭിപ്രായപ്പെട്ടുകൊണ്ട് പാണ്ഡിത്യ മുള്ള സിംഗിൾ ജഡ്ജി റിട്ട് ഹർജി തള്ളിയിട്ടുള്ളതാണ്. തീർച്ചയായും, ഒരു മെഡിക്കൽ കോളേജുമായി ബന്ധിപ്പി ച്ചിട്ടുള്ള ഒരു ആശുപത്രിയ്ക്കും കൂടി അതൊരു വിദ്യാഭ്യാസ സ്ഥാപനമാണെന്ന സിദ്ധാന്തവൽക്കരണത്തിൻകീഴിൽ കെട്ടിട നികുതി അടയ്ക്കുന്നതിൽ നിന്നും യാതൊരു ഒഴിവാക്കലും അവകാശപ്പെടുവാൻ കഴിയുന്ന തല്ലെന്ന നിയമം പ്രസ്താവിക്ക

പ്പെട്ടിട്ടുള്ളതിനാൽ, ഒരു കോളേജ് ഓഫ് നഴ്സിംഗോ ഒരു സ്കൂൾ ഓഫ് നഴ്സിംഗോ അഫിലിയേറ്റ് ചെയ്തിട്ടുള്ള ഒരു ആശുപത്രിക്ക് മെച്ചമായ ഗുണമോ ദോഷമോ ഭവിക്കുന്നതല്ലാത്തതും കൂടുതലായി യാതൊന്നും അവകാശ പ്പെടുവാൻ കഴിയുന്നതല്ലാത്തതുമാണ്. പാണ്ഡിത്യമുള്ള സിംഗിൾ ജഡ്ജി ബഹു. സുപ്രീം കോടതിയുടെ *എസ്.എച്ച്. മെഡിക്കൽ സെന്റർ ഹോസ്പിറ്റൽ അഭി കേരള സർക്കാർ* (2014 (1) കെ.എൽ.റ്റി 316 (എസ്സി)) എന്ന കേസിലെ വിധിന്യായവും പരാമർശിച്ചിട്ടുള്ളതും ആയത് ഒരു മെഡിക്കൽ കോളേജുമായി ബന്ധിപ്പി ച്ചിട്ടുള്ള ഒരു ആശുപത്രി സൗജന്യമായി വൈദ്യസഹായം നൽകുമ്പോൾ മാത്രമേ വിദ്യാഭ്യാസപരമായ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന ഒരു കെട്ടിടമായി കണക്കാ ക്കുവാൻ കഴിയുകയുള്ളൂ എന്ന ദൃഢ പ്രസ്താവത്തിന്റെ ഒരു ആജ്ഞയുമാണ്. പാണ്ഡിത്യമുള്ള സിംഗിൾ ജഡ്ജി, ഈ വിധിന്യായങ്ങൾ നിരീക്ഷിച്ചുകൊണ്ട്, റിട്ട് ഹർജി തള്ളുകയും, അപ്പീൽവാദികൾ ആ വിധിന്യായത്തെ ഈ അപ്പീലിൽ തർക്കിക്കുവാൻ ഇപ്പോൾ തിരഞ്ഞെടുത്തി ട്ടുള്ളതുമാണ്.

8. ബി.എസ്.സി നഴ്സിംഗ്, എം.എസ്.സി നഴ്സിംഗ് കോഴ്സുകളിൽ രണ്ടിനുമായി 56 വിദ്യാർത്ഥികൾക്ക് വർഷത്തിൽ പ്രവേശനം നൽകുന്ന സാൻജോ സ്കൂൾ ഓഫ് നഴ്സിംഗ്, സാൻജോ കോളേജ് ഓഫ് നഴ്സിംഗ് എന്ന പേരിൽ നഴ്സിംഗിന്റെ ഒരു സ്കൂളും ഒരു കോളേജും അപ്പീൽവാദികൾ നടത്തുന്നതായി റിക്കാർഡിലുള്ള വാദപ്രതിവാദരേഖകളിൽ നിന്നും കോടതിയിലെ സമർപ്പണങ്ങളിൽ നിന്നും ഞങ്ങൾ മനസ്സിലാക്കുന്നു. സാൻജോ ഹോസ്പിറ്റൽ എന്ന പേരിൽ അവർ നടത്തുന്ന ആശുപത്രി നഴ്സിംഗ് കോളേജിന്റെയും സ്കൂളിന്റെയും പ്രധാന ആശുപത്രി ആണെന്നും അത് ആയതിന്റെ ഒരു അവിഭാജ്യഭാഗമായിരിക്കെ, ഒരു വിദ്യാഭ്യാസ സ്ഥാപനമായി കരുതേണ്ടതും അപ്രകാരം കെട്ടിട നികുതി അടയ്ക്കുന്ന തിൽ നിന്നും ഒഴിവാക്കലിന് അർഹത യുള്ളതുമാണെന്നും അവർ ഊന്നി ഉറപ്പിച്ചുപറയുന്നു. ഒരു സ്കൂളിന്റെയും കോളേജ് ഓഫ് നഴ്സിംഗിന്റെയും പ്രധാന/ അഫിലിയേറ്റഡ് ആശുപത്രി ആകുന്ന ആശുപത്രി കെട്ടിടത്തിന്റെ പ്രധാന ഉപയോഗം വിദ്യാഭ്യാസ ആവശ്യത്തി നാണെന്നും അപ്രകാരം ഒഴിവാക്കലിന് അനുവാദം നൽകിയിട്ടുള്ളതാണെന്നും അപ്പീൽവാദി കൾക്കുവേണ്ടിയുള്ള പാണ്ഡിത്യമുള്ള അഭിഭാഷകൻ ശക്തമായി വാദിച്ചു. കെട്ടിട നികുതിയിൽ നിന്നും ഒഴിവാക്കുന്നതിനുള്ള ആശുപത്രിയുടെ അവകാശത്തിന് സ്കൂളിനും കോളേജ് ഓഫ് നഴ്സിംഗിനും ഒരു പ്രധാന/അഫിലിയേറ്റഡ് ആശുപത്രി ഇല്ലാതെ നിലനിൽക്കുവാൻ സാധിക്കുകയില്ല എന്ന വസ്തുതയിൽ അതിന്റെ അടിസ്ഥാനപരമായ അസന്നിഗ്ദ്ധ യാഥാർത്ഥ്യമുണ്ടെന്നും ആ ആശുപത്രി വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അനിവാര്യ മായതും ഒഴിച്ചുകൂടാനാവാത്തതുമായ ഒരു ഉപാംഗമാകയാൽ, ആയതിനെ അതിന്റെ ഒരു ഭാഗമായി കണക്കാക്കേണ്ടതും അപ്രകാരം ആക്റ്റിൻ കീഴിൽ ഒഴിവാക്കലിന് അർഹതയുള്ളതു മാണെന്ന് അദ്ദേഹം പറയുന്നു. അദ്ദേഹം ഇന്ത്യൻ നഴ്സിംഗ് കൗൺസിലിന്റെ റഗുലേഷനുകൾ പ്രത്യേകം പരാമർശിക്കുകയും കോളേജിനെ പ്രവർത്തനത്തിന് പ്രാപ്തമാക്കുന്നതിനായി സ്കൂളിനും കോളേജ് ഓഫ് നഴ്സിംഗിനും ഒരു പ്രത്യേക അവകാശത്തോടുകൂടിയ ആശുപത്രി ഉണ്ടാവണമെന്ന് നിയമപരമായി അനുശാസിച്ചി ട്ടുണ്ടെന്നും അക്കാരണ ത്താൽ ആശുപത്രിക്ക് നഴ്സിംഗ് സ്കൂളിൽ നിന്നും കോളേജിൽ നിന്നും വേറിട്ട് ഒരു നിലനിൽപ് ഉണ്ടാകുന്നതിന് കഴിയുന്ന തല്ലെന്നും ചൂണ്ടിക്കാട്ടുന്നു.

9. ഈ സമർപ്പണങ്ങൾക്ക് ഇന്ത്യൻ നഴ്സിംഗ് കൗൺസിൽ പുറപ്പെടുവിച്ചിട്ടുള്ള റഗുലേഷൻ നം. 21 ആയ എക്സിബിറ്റ് പി-8 റഗുലേഷനുകളിൽ അതിന്റെ യുക്തി യുക്തത ഉള്ളതായി ഞങ്ങൾ മനസ്സി ലാക്കുന്നു. എന്താണ് ഇതിൽ പ്രസ്താവി ച്ചിരിക്കുന്നതെന്തെന്നാൽ കോളേജി നായി ഒരു അവശ്യ ചികിത്സാലയ സംബന്ധി യായ സൗകര്യത്തോടു കൂടിയുള്ളതും കൃത്യമായ വാർഷിക പ്രവേശനത്തോടും കൂടിയ ഒരു പ്രധാന/അഫിലിയേറ്റ് ചെയ്ത ആശുപത്രിയുള്ള ഒരു നഴ്സിംഗ് സ്കൂൾ ഉണ്ടായിരിക്കണമെന്നാണ് ഞങ്ങൾ മനസ്സിലാക്കുന്നത്. എന്നിരുന്നാലും, എല്ലാ നഴ്സിംഗ് കോളേജിനും അല്ലെങ്കിൽ നഴ്സിംഗ് സ്കൂളിനും ഒരു ഉപാംഗ സ്ഥാപനമായി അതിനോട് ബന്ധിപ്പിച്ചിട്ടുള്ള ഒരു ആശുപത്രി ഉണ്ടാവണം എന്ന് ഒരു രീതിയിലും പറയുന്നില്ല. സ്കൂളോ, കോളേജ് ഓഫ് നഴ്സിംഗോ ഒരു ആശുപത്രിയുമായി അഫിലിയേറ്റ് ചെയ്തി ട്ടുണ്ടാവണമെന്നും ആയത് അതേ മാനേജ് മെന്റിന്റെയോ ഒരു വ്യത്യസ്ത മാനേജ് മെന്റിന്റെയോ ഭാഗമാകണമെന്നുമാണ് ഈ റഗുലേഷൻ അർത്ഥമാക്കുന്നത്. ആ ആശുപത്രി അതേ മാനേജ്മെന്റിന്റെ കീഴിലാണെങ്കിൽ, തീർച്ചയായും, അത് ഇതിൽ 'പ്രധാന ഹോസ്പിറ്റൽ' എന്ന വാക്കിന്റെ അർത്ഥത്തി നുള്ളിൽ ഉൾപ്പെടുന്നതാണ് അല്ലെങ്കിൽ അതിനെ ഒരു അഫിലിയേറ്റഡ് ആശുപത്രി ആയി എടുക്കാവുന്നതുമാണ്. ആയതിനാൽ എന്താണ് ആവശ്യമാകുന്നതെന്നാൽ, വിദ്യാർത്ഥികൾക്ക് ചികിത്സാലയ സംബന്ധിയായ സൗകര്യങ്ങൾ സജ്ജീ കരിക്കുന്നതിനായി റഗുലേഷനുകളിൽ നിർണ്ണയിച്ചിട്ടുള്ള അടിസ്ഥാന സൗകര്യ ആവശ്യങ്ങൾക്ക് അനുസരിച്ച് പ്രവർത്തിക്കുന്ന ഒരു ആശുപത്രി യുമായി കോളേജിനോ സ്കൂൾ ഓഫ് നഴ്സിംഗിനോ അഫിലിയേഷൻ ഉണ്ടായിരിക്കണം എന്നതുമാത്രമാണ്. എന്നിരുന്നാലും, എല്ലാ സ്കൂളിനും കോളേജ് ഓഫ് നഴ്സിംഗിനും അതിന്റെ ഒരു ഭാഗമായി പ്രവർത്തിക്കുന്ന ഒരു ആശുപത്രി ഉണ്ടായി രിക്കണമെന്ന് ഇത് ഒരു തരത്തിലും അർത്ഥ മാക്കുന്നില്ല. അതുകൊണ്ട്, അപ്പീൽവാദികളുടെ പാണ്ഡിത്യമുള്ള അഭിഭാഷകൻ നടത്തിയ സമർപ്പണങ്ങൾ അനുവദിച്ചുകൊടുക്കുന്നതിന് ഞങ്ങൾക്ക് കഴിയുകയില്ല.

10. ഒരു ആശുപത്രി നിലനിൽക്കുന്നത്, ഒരു കോളേജിന്റെയോ, സ്കൂൾ ഓഫ് നഴ്സിംഗി ന്റെയോ ആവശ്യത്തിനു മാത്രമാണെന്ന അവകാശം ഉന്നയിച്ചിട്ടുള്ള തായി ഞങ്ങൾക്ക് ശരിയെന്ന് സങ്കല്പി ക്കുന്നതിന്, അത്തരം സ്കൂളിലെയോ കോളേജിലെയോ വിദ്യാർത്ഥി കളുടെ ആവശ്യങ്ങൾക്ക് മാത്രമാണ് ആശുപത്രി ഒരുക്കിക്കൊടുക്കുന്നതെന്നും ആശുപത്രി യിൽ നിന്നുള്ള എല്ലാ ലാഭവും വരുമാനവും സ്കൂളിന്റെ അല്ലെങ്കിൽ കോളേജ് ഓഫ് നഴ്സിംഗിന്റെ, ഒരു പക്ഷേ വിദ്യാർത്ഥി കളുടെ വിദ്യാഭ്യാസത്തിന്, സഹായധനം നൽകുന്നതിനുകൂടി ഉപയോഗിച്ചു വരികയാണെന്നും അവകാശം ഉന്നയിക്കുന്ന ആൾ വെളിപ്പെടുത്തേണ്ടതായിട്ടുണ്ട്. ഇത് അങ്ങനെ ആയിരുന്നുവെങ്കിൽ, അപ്പീൽ വാദികൾക്ക് അവർ ആശുപത്രി ലാഭത്തിനുവേണ്ടിയല്ല നടത്തുന്നതെന്നും ആയതിനാൽ, ബഹു. സുപ്രീം കോടതിയുടെ *എസ്.എച്ച്. മെഡിക്കൽ സെന്റർ ഹോസ്പിറ്റലിലെ* വിധിന്യായത്തിന് (മുകളിൽ സൂചിപ്പിച്ചത്) അനുസൃതമായി ഒഴിവാക്കലിനു അവർക്ക് അവകാശ മുണ്ടെന്നും ഒരു പക്ഷേ, സമർപ്പിക്കുവാൻ കഴിയുമായിരുന്നു. ആശുപത്രി വൈദ്യസഹായം സൗജന്യമായി നൽകുന്നി ല്ലെങ്കിലും, ആശുപത്രിയിൽ നിന്നുള്ള എല്ലാ തുകകളോ, കിട്ടുന്ന എല്ലാ ലാഭമെങ്കിലുമോ, വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു വേണ്ടി ഉപയോഗിക്കുകയാണെന്നൊരു കേസ് അപ്പീൽവാദികൾക്ക് ഉണ്ടായിരുന്നെങ്കിൽ അവർക്ക്, ഒഴിവാക്കൽ അവകാശപ്പെടുന്ന

തിന് ഒരു നല്ല അടിത്തറ ഒരുപക്ഷേ ആർജ്ജിച്ചിരുന്നു എന്ന് ഞങ്ങൾ സംശയിക്കേണ്ടിയിരുന്നു. അപ്പീൽ വാദികളുടെ കേസ് തികച്ചും വിരുദ്ധമാണ്. ആശുപത്രി സൗജന്യ വൈദ്യസഹായം നൽകുന്നില്ലെന്നും ഇത് സ്കൂളിന്റേയും കോളേജ് ഓഫ് നഴ്സിംഗിന്റേയും ഉദ്ദേശ്യത്തിന് മാത്രമല്ല ലക്ഷ്യമാക്കിയിട്ടുള്ള തെന്നും അവർ സമ്മതിക്കുന്നു. ആശുപത്രി യിൽനിന്നുള്ള എല്ലാ ലാഭവും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കായി ഉപയോഗിക്കുന്നു വെന്നോ ആശുപത്രി വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ആവശ്യങ്ങൾ ക്കായി മാത്രമാണ് നടത്തിക്കൊണ്ടു പോകുന്ന തെന്നോ എന്ന് അവർ ഒരു തരത്തിലും സമ്മതിക്കുന്നില്ല. അത് അങ്ങനെ യാണെങ്കിൽ, തീർച്ചയായും, അപ്പീൽ വാദികൾ ഉയർത്തി ക്കൊണ്ടുവന്ന തർക്ക വിഷയങ്ങളിൽ മുകളിൽ സൂചിപ്പിച്ചിട്ടുള്ള കീഴ്‌വഴക്കങ്ങൾ സ്പഷ്ടമായും ഉൾക്കൊണ്ടിട്ടുള്ള ഒരു കേസാണിത്.

വിഷയത്തിന്റെ അത്തരം സ്ഥിതിയിൽ, ഞങ്ങൾ പാണ്ഡിത്യമുള്ള സിംഗിൾ ജഡ്ജിയുടെ വിധിന്യായത്തോട് പൂർണ്ണമായും യോജിക്കുകയും അതിൽ നിന്നും ഏതെങ്കിലും ഒരു രീതിയിൽ വ്യതിചലിക്കുവാൻ കാരണമൊന്നും കാണാ ത്തതുമാണ്. ആയതിനാൽ ഞങ്ങൾ, ഈ റിട്ട് അപ്പീൽ തള്ളുന്നു.

# ബഹു. കേരള ഹൈക്കോടതി മുമ്പാകെ

ബഹു. ജസ്ററിസ് പി ഉബൈദ്

രതീഷ്

*അഭി*

കേരള സർക്കാർ

ക്രിമിനൽ അപ്പീൽ നം. 578/2012ട്

2017 ജനുവരി 13-ന് വിധി കല്പിച്ചത്

## വിധിന്യായത്തിലെ പ്രസക്തഭാഗങ്ങൾ

**യുവതി നൽകിയിട്ടുള്ള തെളിവിന്റെ ഒരു അപഗ്രഥനത്തിൽ അവരുടെ വീട്ടിൽവച്ച് പല സന്ദർഭങ്ങളിൽ പ്രതിയുമായി ലൈംഗികബന്ധം ഉണ്ടായിരുന്നുവെന്നാണ് കാണുന്നത്. ഒരു സാധാരണ യുവതിയെയോ വിദ്യാഭ്യാസമില്ലാത്ത യുവതിയെയോ കൂടി വിവാഹ വാഗ്ദാനത്തിന്മേൽ ഒന്നോ അല്ലെങ്കിൽ രണ്ടോ തവണയിൽ കൂടുതൽ ചതിക്കുവാൻ കഴിയാത്തതാണ്. പിഡബ്യൂ 1 എഞ്ചിനീയറിംഗിൽ ബിരുദമുള്ള അഭ്യസ്ത വിദ്യയുള്ള യുവതിയാണ്. വിവാഹ വാഗ്ദാനത്തിന്മേൽ പല സന്ദർഭങ്ങളിലായി അവരെ എളുപ്പത്തിൽ ചതിക്കുവാൻ കഴിയുമെന്നത് തികച്ചും അവിശ്വസനീയമാണ്. പ്രതി പിന്തിരിഞ്ഞതിനും ഒരു മീരയെ വിവാഹം ചെയ്യുവാൻ തീരുമാനിച്ചതിനും ശേഷം, പരാതിക്കാരി അയാളെയും മീരയെയും പിന്തിരിപ്പിക്കുന്നതിനായി സാധ്യമായ എല്ലാ വഴികളും പരീക്ഷിക്കുകയും അവരുടെ ശ്രമത്തിൽ അവർ പരാജയപ്പെടുകയും ചെയ്തപ്പോൾ ബലാൽസംഗം ആരോപിച്ച് അവർ ഒരു പരാതി നൽകിയതായാണ് കാണുന്നത്. ഫലത്തിൽ ഈ അപ്പീൽ അനുവദിക്കപ്പെടുന്നു.**

## വിധിന്യായം

അപ്പീൽവാദി, എറണാകുളം സെഷൻസ് കോടതിയുടെ എസ്.സി.നമ്പർ 125/2010-ൽ ഐപിസി വകുപ്പ് 376 പ്രകാരം അയാൾക്കെതിരെയുള്ള കുറ്റസ്ഥാപനവും ശിക്ഷാവിധിയും ഇതിൽ തർക്കിക്കുന്നു. ഈ കേസിൽ പരാതി ഫയൽ ചെയ്ത പരാതിക്കാരി വിദ്യാസമ്പന്നയായ 27 വയസ്സ് പ്രായമുള്ള ഒരു യുവതിയാണ്.

2. പ്രതി പരാതിക്കാരിയെ വിവാഹം ചെയ്തുകൊള്ളാമെന്ന ഒരു കളവായ വാഗ്ദാനത്തിൽ, അവളെ വശീകരിക്കുകയും എറണാകുളത്തെ ഒരു ഹോട്ടലിൽ കൊണ്ടുപോകുകയും അവിടുത്തെ ഒരു മുറിയിൽ വച്ച് ബലാൽക്കാരമായി അവൻ അവളെ ലൈംഗിക ബന്ധത്തിന് വിധേയമാക്കി എന്നും അതിനുശേഷം മൂന്ന് സന്ദർഭങ്ങളിൽ അവളുടെ വീട്ടിൽ വച്ച് അവൻ അവളെ വിവാഹം ചെയ്യുമെന്ന ഒരു വാഗ്ദാനത്താൽ യുവതിയെ അപ്രകാരം ലൈംഗിക ബന്ധത്തിനു വിധേയമാക്കുകയും ചെയ്തു എന്നതാണ് പ്രോസിക്യൂഷൻ കേസ്. അയാൾ വാഗ്ദാനത്തിൽ നിന്നും പിന്തിരിഞ്ഞപ്പോൾ, പരാതിക്കാരി 03.04.2008-ൽ ആത്മഹത്യ ചെയ്യാൻ ശ്രമിച്ചതായും ബലാൽസംഗം ആരോപിച്ചുകൊണ്ട് 04.08.2008-ൽ അവൾ പരാതി നൽകിയതായും ആരോപിച്ചിരിക്കുന്നു. എറണാകുളം ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി - I മുമ്പാകെയാണ് പരാതി ഫയൽ ചെയ്തിരുന്നത്. പാണ്ഡിത്യ

മുള്ള മജിസ്ട്രേറ്റ് ക്രിമിനൽ നടപടി നിയമ സംഹിതയിലെ വകുപ്പ് 156(3) പ്രകാരം പരാതി അന്വേഷണത്തിനായി അയച്ചുകൊടുത്തു. പോലീസ് ക്രൈം രജിസ്റ്റർ ചെയ്യുകയും അന്വേഷണത്തിനുശേഷം ഐ.പി.സിയിലെ വകുപ്പുകൾ 420, 376, 306 എന്നിവ പ്രകാരം അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടുളളതുമാണ്.

3. എറണാകുളത്തെ പാണ്ഡിത്യമുള്ള അഡീഷണൽ സെഷൻസ് ജഡ്ജി (അഡ്ഹോക്-II) മുമ്പാകെ പ്രതി ഹാജരാകുകയും ഐ.പി.സിയിലെ വകുപ്പുകൾ 420, 376, 306 എന്നിവ പ്രകാരം അയാൾക്കെതിരെ തയ്യാറാക്കിയ ചാർജ്ജുകളിൽ അയാൾ അപരാധി അല്ലെന്ന് വാദിക്കുകയും ചെയ്തു. പ്രോസിക്യൂഷൻ, പരാതിക്കാരിഉൾപ്പെടെ എട്ട് സാക്ഷികളെ വിസ്തരിക്കുകയും എക്സിബിറ്റ് പി1 മുതൽ പി13 വരെ രേഖകൾ തെളിയിക്കുകയും ചെയ്തു. ക്രിമിനൽ നടപടി നിയമസംഹിതയിലെ വകുപ്പ് 313 പ്രകാരം വിസ്തരിച്ചപ്പോൾ, പ്രതിയെ കുറ്റക്കാരനാക്കിയ സാഹചര്യങ്ങൾ നിഷേധിക്കുകയും പ്രണയ നൈരാശ്യം കാരണം അയാൾക്കെതിരെ കെട്ടിച്ചമച്ച ഒരു കളവായ കേസാണിതെന്ന ഒരു പ്രതിവാദം ഉന്നയിക്കുകയും ചെയ്തു. മറ്റൊരുവിധത്തിൽ പറയുമ്പോൾ, സമ്മതത്തോടെയെന്ന എതിർവാദവും പ്രതിഭാഗം ഉന്നയിച്ചു. പ്രതിവാദത്തിൽ വാക്കാലുള്ള ഒരു തെളിവും, പ്രതി നൽകിയില്ല, എന്നാൽ എക്സിബിറ്റ് ഡി1 മുതൽ ഡി4 വരെ തെളിയിക്കപ്പെട്ടിട്ടുണ്ട്. ഈ രേഖകളിൽ പ്രതിയ്ക്കുവേണ്ടി പിന്നീട് വിവാഹത്തിന് ആലോചിച്ച ഒരു മീരയ്ക്ക് പരാതിക്കാരി എഴുതിയ ഒരു കത്തും ഈ അന്യായം ഫയൽ ചെയ്തശേഷം പരാതിക്കാരി പ്രതിയ്ക്കയച്ച ഒരു ഇ-മെയിൽ സന്ദേശവുമുൾപ്പെടുന്നു. മുഴുവൻ തെളിവിന്റെയും ഒരു വിലയിരുത്തലിൽ, ഐ പി സി വകുപ്പ് 376 പ്രകാരം പ്രതി കുറ്റക്കാരനാണെന്ന് വിചാരണക്കോടതി കണ്ടെത്തി. കുറ്റസ്ഥാപനത്തിനുമേൽ 21.4.2012-ലെ വിധിന്യായപ്രകാരം അയാളെ ഏഴുവർഷം വെറും തടവു ശിക്ഷയ്ക്കു വിധേയമാക്കുവാനും 10,000രൂപ പിഴയൊടുക്കുവാനും ശിക്ഷിച്ചിട്ടുളളതാണ്. കുറ്റക്കാരനാണെന്നു വിധിച്ചിട്ടുളള പ്രസ്തുത വിധിന്യായത്തിൽ സങ്കടപ്പെട്ട് പ്രതി അപ്പീലിന് വന്നിട്ടുളളതാണ്.

4. ഇരുഭാഗവും കേട്ടതിലും പരാതിക്കാരി നൽകിയ മൊഴിയും വിചാരണമദ്ധ്യേ അവർ സമ്മതിച്ചിട്ടുളള എക്സിബിറ്റുകൾ ഡി1 മുതൽ ഡി4 വരെയുളള രേഖകൾ ഉൾപ്പെടെയുളള മുഴുവൻ വസ്തുതകളുടെയും ഒരു പരിശോധനയിൽ പരാതിക്കാരിയ്ക്കും പ്രതിയ്ക്കും ഇടയിൽ സംഭവിച്ചിട്ടുളളതെന്തായാലും, അത് പൊതുസമ്മതത്തോടെ ഉളളതാണെന്നതിനാൽ പ്രതിഭാഗം പ്രസ്താവന അംഗീകരിക്കാവുന്നതാണെന്ന് ഞാൻ തീരുമാനിക്കുന്നു. തീർച്ചയായും, പി ഡബ്ല്യൂ 1 ആയി വിസ്തരിച്ചിട്ടുളള പരാതിക്കാരി എക്സിബിറ്റ് പി1 പരാതിയിലുളള ആരോപണങ്ങൾക്കനുസൃതമായാണ് തെളിവ് നൽകിയിരിക്കുന്നത്. യുവതി നൽകിയിട്ടുളള തെളിവിന്റെ ഒരു അപഗ്രഥനത്തിൽ അവരുടെ വീട്ടിൽവച്ച് പല സന്ദർഭങ്ങളിൽ പ്രതിയുമായി ലൈംഗിക ബന്ധം ഉണ്ടായിരുന്നുവെന്നാണ് കാണുന്നത്. ഒരു സാധാരണ യുവതിയെയോ വിദ്യാഭ്യാസമില്ലാത്ത യുവതിയെയോ കൂടി വിവാഹ വാഗ്ദാനത്തിന്മേൽ ഒന്നോ അല്ലെങ്കിൽ രണ്ടോ തവണയിൽ കൂടുതൽ ചതിക്കുവാൻ കഴിയാത്തതാണ്. പി ഡബ്ല്യൂ 1 എഞ്ചിനീയറിംഗിൽ ബിരുദമുളള അഭ്യസ്തവിദ്യയുളള യുവതിയാണ്. വിവാഹ വാഗ്ദാനത്തിന്മേൽ പല സന്ദർഭങ്ങളിലായി അവരെ എളുപ്പത്തിൽ ചതിക്കുവാൻ കഴിയുമെന്നത് തികച്ചും അവിശ്വസനീയമാണ്. സമ്മതിച്ചിട്ടുളളതു പോലെ, അവരുടെ മാതാപിതാക്കൾ ദൂരെയായിരുന്നപ്പോൾ മൂന്നോ നാലോ അത്തരം സന്ദർഭങ്ങൾ അവരുടെ വീട്ടിൽ

വച്ചായിരുന്നു. ഈ കേസിൽ, പരാതിക്കാരിക്ക് പ്രതിയുമായി പല സന്ദർഭങ്ങളിൽ അവരുടെ വീട്ടിൽ വച്ച് ഉണ്ടായിട്ടുളള ലൈംഗിക ബന്ധം അവരുടെ സമ്മതത്തോടെയാണെന്ന് കണ്ടെത്തുന്നതിന് ആഴത്തിലുളള അന്വേഷണം ആവശ്യമില്ല.

5. പ്രതിക്ക് വിവാഹത്തിനായി ആലോചിച്ച യുവതിക്ക് എക്സിബിറ്റ് പി1 പരാതി ഫയൽ ചെയ്യുന്നതിന് മുമ്പ് ഇര എഴുതിയ ഒരു കത്താണ് എക്സിബിറ്റ് ഡി1. അവൾക്ക് പ്രതിയുമായി അവിഹിത ഇടപാടുണ്ടെന്നും ഈ ബന്ധത്തിന്റെയും അവിശുദ്ധ കൂട്ടുകെട്ടിന്റെയും ഭാഗമായി അവൾക്ക് അയാളുമായി പല സന്ദർഭങ്ങളിൽ ലൈംഗിക ബന്ധമുണ്ടായിട്ടുണ്ടെന്നും ഈ കത്ത് വ്യക്തമായി കാണിക്കുന്നു. പരാതിക്കാരി സമ്മതിച്ചിട്ടുളള എക്സിബിറ്റ് ഡി1 കത്തിൽ നിന്നും ലൈംഗികബന്ധത്തിനുളള സമ്മതം മനസ്സിലാക്കാവുന്നതാണ്. എക്സിബിറ്റ് പി1 പരാതി ഫയൽ ചെയ്ത ശേഷം പ്രതിക്ക് പരാതിക്കാരി അയച്ച ഇ-മെയിൽ സന്ദേശമാണ് എക്സിബിറ്റ് ഡി4. വിചാരണമദ്ധ്യേ ഈ സന്ദേശത്തിന്റെ കർത്തൃത്വവും അതിലെ ഉളളടക്കവും അവർ പൂർണ്ണമായിട്ടും സമ്മതിച്ചിട്ടുളളതാണ്. അവർ പരാതിയിൽ ആരോപിച്ചിട്ടുളളതു പോലെ യഥാർത്ഥത്തിൽ അവരെ ഏതെങ്കിലും ഹോട്ടൽ മുറിയിലേയ്ക്ക് കൊണ്ടുപോയിട്ടില്ലായെന്നും അവർ പരാതിപ്പെട്ടത് യാദൃച്ഛികമായി സംഭവിച്ചുപോയതും അവരുടെ അഭിഭാഷകൻ നിർദ്ദേശിച്ച പോലെയോ,പഠിപ്പിച്ചുകൊടുത്തതുപോലെയോ മാത്രമാണ് അന്വേഷണ മദ്ധ്യേ മൊഴി നൽകുകകൂടി ചെയ്തതെന്നും ഇത് കാണിക്കുന്നു. പരാതിക്കാരിയും പ്രതിയുമായിട്ടുളള അടുപ്പമോ ബന്ധമോ വാസ്തവത്തിൽ നിയമപ്രകാരമല്ലാത്തതും അവിശുദ്ധവും ആണെന്നും ഈ ബന്ധത്തിന്റെ ഒരു ഭാഗമായി അവർ അവരെത്തന്നെ പല സന്ദർഭത്തിലും പൂർണ്ണസമ്മതത്തോടും ഇഷ്ടത്തോടുംകൂടി അയാൾക്കു സമർപ്പിച്ചിട്ടുണ്ടെന്നും എക്സിബിറ്റ് ഡി4 സന്ദേശം വിശ്വാസയോഗ്യമായും കൂടുതൽ ചികയാതെയും തെളിയിക്കുന്നതാണ്. എന്നിരുന്നാലും, ചില അഭിപ്രായ വ്യത്യാസങ്ങൾ ഉടലെടുത്തപ്പോഴോ അല്ലെങ്കിൽ അവർക്കു മാത്രമറിയാവുന്ന കാരണത്താൽ പ്രതി ബന്ധത്തിൽ നിന്നും പിന്തിരിഞ്ഞപ്പോഴോ, അവർ ബലാൽസംഗമാരോപിച്ച് ഒരു പരാതി നൽകി. പരാതിക്കാരിക്ക് പ്രതിയുമായി ഒരിക്കലോ ഒന്നിൽ കൂടുതലോ തവണ ലൈംഗികബന്ധം ഉണ്ടായിട്ടുണ്ടെങ്കിൽ അത് അവരുടെ പൂർണ്ണ സമ്മതത്തോടെയായിരുന്നു എന്നും അവർക്ക് അയാളുമായിട്ടുളള അവിശുദ്ധ ബന്ധത്തിന്റെ ഭാഗമായതാണതെന്നുമാണ് എക്സിബിറ്റ് ഡി1-ഉം ഡി4-ഉം രേഖകളാൽ എനിക്ക് ശരിക്കും ബോധ്യപ്പെട്ടിട്ടുണ്ട്. പ്രതി പിന്തിരിഞ്ഞതിനും ഒരു മീരയെ വിവാഹം ചെയ്യുവാൻ തീരുമാനിച്ചതിനുശേഷം, പരാതിക്കാരി അയാളെയും മീരയെയും പിന്തിരിപ്പിക്കുന്നതിനായി സാധ്യമായ എല്ലാ വഴികളും പരീക്ഷിക്കുകയും അവരുടെ ശ്രമത്തിൽ അവർ പരാജയപ്പെടുകയും ചെയ്തപ്പോൾ ബലാൽസംഗം ആരോപിച്ച് അവർ ഒരു പരാതി നൽകിയതായാണ് കാണുന്നത്. ഇ-മെയിലിലൂടെ അയച്ച എക്സിബിറ്റ് ഡി4 സന്ദേശത്തിൽ അവർ എഴുതിയിരിക്കുന്നത് അവർ കോടതിയിൽ വരുമെന്നും പ്രതി അവരെ ഒരു തരത്തിലും ലൈംഗികമായി ദുർവിനിയോഗം ചെയ്യുകയോ ചൂഷണം ചെയ്യുകയോ ചെയ്തിട്ടില്ലായെന്നും ഏതെങ്കിലും സമയത്ത് അവരെ ഏതെങ്കിലും ഹോട്ടലിലേയ്ക്കു കൊണ്ടുപോകുകയോ ചെയ്തിട്ടില്ലായെന്നും അയാളുമായുളള അവരുടെ ബന്ധം പൂർണ്ണ സമ്മതത്തോടെയായിരുന്നുവെന്നും കോടതിയോട് പറയും എന്നുമാണ് പരാതിക്കാരി വ്യക്തമായ വാക്കുകളിലൂടെ സമ്മതിച്ചിട്ടുളള എക്സിബിറ്റ് ഡി1-ഉം ഡി4-ഉം രേഖകൾ



5/163/2017 - 11

ഉൾപ്പെടെയുള്ള മുഴുവൻ തെളിവിന്റെയും വിലയിരുത്തലിൽ, ഇത് സമ്മതം ഉള്ളതിന്റെ ഒരു വ്യക്തമായ കേസാണെന്നും ലൈംഗികബന്ധം കളവായ ഏതെങ്കിലും വാഗ്ദാനത്താൽ ഒരു സമയത്തും കലുഷിതമാക്കപ്പെട്ടിട്ടില്ലാത്തതുമാണെന്നാണ് ഞാൻ കാണുന്നത്. മേല്പറഞ്ഞ സാഹചര്യങ്ങളിൽ, ഐ പി സി 376-ാം വകുപ്പിൻ കീഴിലുള്ള കുറ്റസ്ഥാപനം ഒട്ടും തന്നെ സാധ്യമല്ലാത്തതാണ്. കീഴ്ക്കോടതി പ്രതിയെ കുറ്റക്കാരനാണെന്ന് കണ്ടെത്തിയത് തെറ്റായിട്ടാണ് എന്ന് ഞാൻ മനസ്സിലാക്കുന്നു.

ഫലത്തിൽ ഈ അപ്പീൽ അനുവദിക്കപ്പെടുന്നു. അപ്പീൽ വാദി ഐ പി സി 376-ാം വകുപ്പിൻ കീഴിൽ കുറ്റക്കാരനല്ല എന്ന് കണ്ടെത്തിയിട്ടുള്ളതും അപ്രകാരം സിആർപിസി വകുപ്പ് 386 (ബി) (i) പ്രകാരം അയാളെ പ്രസ്തുത കുറ്റത്തിൽ നിന്നും വിമുക്തനാക്കിയിരിക്കുന്നതുമാണ്. എസ്.സി. നം.125/2010-ലെ കീഴ്ക്കോടതിയുടെ കുറ്റസ്ഥാപനവും ശിക്ഷാവിധിയും ദുർബലപ്പെടുത്തിയിരിക്കുന്നതും അയാൾ എന്തെങ്കിലും ജാമ്യ പത്രം എഴുതി ഒപ്പിട്ടിട്ടുണ്ടെങ്കിൽ അതും റദ്ദാക്കിയിരിക്കുന്നു.

# വീണ്ടും കണ്ട കുരങ്ങുവിചാരണ

ബി. ജി. ഹരീന്ദ്രനാഥ്, നിയമ സെക്രട്ടറി

"എന്റെ പൊന്ന് കെപ്ലറേ,

**ഈ ദൂരദർശിനിയിൽക്കൂടി ഒരുവട്ടമെങ്കിലും നോക്കുന്നതിന് ഒരു വിഷപ്പാമ്പിന്റെ പിടിവാശിയോടെ വിസമ്മതിച്ചു നിൽക്കുകയാണ് വളരെ പഠിപ്പുള്ള ഇവിടത്തെ മഹാന്മാർ. ഇവരെപ്പറ്റി തനിക്കെന്താണ് തോന്നുന്നത്? ഇനി എന്തു ചെയ്യാൻ! നമ്മൾ ചിരിക്കണോ, അതോ കരയണോ?"**

തന്റെ വിചാരണക്കാലത്ത് ഗലീലിയോ ഗലീലി ജോഹന്നെസ് കെപ്ലർക്ക് എഴുതിയത്.

ആ സ്വർഗ്ഗവാസികൾ നമ്മളെയൊക്കെ കളിയാക്കുകയാണോ? അവിടെയൊന്നും പ്രകൃതി എന്ന ഒന്നില്ലേ? സൂര്യനുചുറ്റും സർവ്വ ഗ്രഹങ്ങളും ഒരു ദിവ്യരാഗത്തിലങ്ങനെ താളംചവിട്ടി നർത്തനമാടുന്ന കലയോ മറ്റോ ആണോ അവിടെയുള്ളത്? അതോ അതൊരു വികൃതവും ഭയങ്കരവുമായ വല്ലാത്ത കിനാവോ? ലോകത്തിന്റെ ഈ ഗംഭീരദൃശ്യം ആദിമമനുഷ്യനെ അതിശയിപ്പിച്ചിരിക്കണം. ഒരു ധാന്യവിത്തെടുത്ത് മണ്ണിലിട്ടാൽ അത് പലതായി കുരുത്തുവരുന്നത് എങ്ങനെ എന്നതും അവനെ വിസ്മയിപ്പിച്ചിരിക്കണം. പിന്നീട് നടത്തിയ ആയാസകരമായ ദീർഘയാത്രകൾ തീർച്ചയായും അവന് അദ്ഭുത കാഴ്ചകൾ പലതും നൽകിയിട്ടുണ്ടാവും. എന്നാൽ കാലാന്തരത്തിൽ യാന്ത്രിക ഉപകരണങ്ങൾ സഹായകമായി വരാൻ തുടങ്ങിയതോടെ നിരീക്ഷണങ്ങൾ എത്രയോ മടങ്ങ് ശക്തവും സൂക്ഷ്മവുമൊക്കെ ആയിത്തീർന്നു! എന്നിട്ടും, അജ്ഞാതകാര്യങ്ങളെക്കുറിച്ചുള്ള ഭീതി മനുഷ്യമനസ്സിന്റെ ഉള്ളറകളിൽ ഉറച്ചുതന്നെ കിടന്നു. പഞ്ചേന്ദ്രിയങ്ങൾക്കു പോലും പലതിനും ഉത്തരം കാണാതായപ്പോൾ അവന് അജ്ഞാതശക്തികളെ ആശ്രയിക്കേണ്ടതായുംവന്നു. എന്നാൽ പല കാര്യങ്ങൾക്കും വിശദീകരണം നൽകാൻ ദൈവങ്ങൾക്കു പോലും കഴിഞ്ഞില്ല. അത്തരം വിശദീകരണങ്ങളോട് ചേരാൻ ശാസ്ത്രത്തിനും കഴിഞ്ഞില്ല. പല നൂറ്റാണ്ടുകൾ ദൈവങ്ങളെ ആശ്രയിച്ചു നോക്കി. എന്നിട്ടും കിട്ടിയില്ല വിശ്വസനീയമായ ഫലങ്ങൾ. അരുണൻ, സൂര്യതേരാളി, നിയന്ത്രിക്കുന്നതും പറക്കുംകുതിരകൾ വഹിക്കുന്നതും അഗ്നിമയമായതുമായ ഒരു രഥത്തിലിരുന്നാണ് സൂര്യഭഗവാൻ സഞ്ചരിക്കുന്നതെന്ന് മഹാഭാരതത്തിൽ പറയുന്നത് ജ്യോതിശ്ശാസ്ത്രം പോലും ശരിവച്ചില്ല. ഏതാനും സഹസ്രവർഷങ്ങൾക്കപ്പുറം ഒരു ദൈവിക ശിൽപ്പിയാണ് ഭൂഗോളത്തെ രൂപപ്പെടുത്തിയത് എന്ന ആശയത്തെ ഭൂതത്ത്വശാസ്ത്രവും വകവച്ചില്ല. പലജീവികളെയും ദൈവമാണ് രൂപപ്പെടുത്തിക്കൊണ്ടുവന്നതെന്ന ആശയത്തെ ജീവശാസ്ത്രവും പാടേ നിരാകരിച്ചു.

അതിനിടയിൽ, അമ്പരിപ്പിക്കുന്ന വേഗത്തിൽ ശാസ്ത്രം ഗംഭീരമായ കണ്ടുപിടിത്തങ്ങളിലൂടെ നീങ്ങിക്കൊണ്ടിരുന്നു. അറിവിന്റെ കുതിച്ചു കയറ്റവുമായി. ഇന്റർനെറ്റിന്റെയും മറ്റും വരവോടെ കുഴിമണ്ടന്മാർക്കുപോലും പോയകാലത്തെ

അജ്ഞാനികളെക്കാൾ പലതും മനസ്സിലാക്കിയെടുക്കാൻ കഴിയുന്ന കാലമായി. ചരിത്രത്തിലെ മഹത്തായ ഈ നവപ്രഭാതാഗമനം മതഭ്രാന്തർക്ക് അശേഷവും ഇരിപ്പിടം നൽകിയില്ലെന്നുവേണം കരുതാൻ. ഒരുപക്ഷേ, ഈ അനുമാനം തെറ്റിപ്പോയെന്നും വരാം. അഭ്യസ്തവിദ്യരും വിജ്ഞരുമായവർ പരിഷ്കൃതരാവാമെങ്കിലും അവർ വെറുമൊരു ന്യൂനസംഖ്യ മാത്രം. എന്നാൽ ബൃഹത്തായ ജനസമൂഹം നവീനകാര്യങ്ങളിലത്ര വിവരമൊന്നുമുള്ളവരല്ലല്ലോ. ഇക്കാലത്ത് മൗലിക വർഗ്ഗീയവാദം ഒരു വല്ലാത്ത പ്രതിഭാസമായിരിക്കുന്നു. അതാവട്ടെ പുരോഗതിയുടെ പാതയിൽ തടസ്സങ്ങളുണ്ടാക്കിവയ്ക്കുകയും ചെയ്യുന്നു. ലോകത്തെവിടെ നോക്കിയാലും ഈ മൗലിക-മത-വർഗ്ഗീയ നിറപ്പകർച്ച ഉയർന്നുവരുന്നത് കാണാനുമുണ്ട്. പുതിയ കാലത്തിന്റെ പുതിയ സത്യങ്ങൾക്കു നേരേ ഇക്കൂട്ടർ വാൾ വീശുന്നു. സ്വന്തം ആശയവീക്ഷണങ്ങൾക്ക് ശക്തിയും പ്രചാരവും നേടിയെടുക്കാൻ ഇവർ എന്തും ചെയ്യുമത്രേ-കൊലപാതകമുൾപ്പെടെ സത്യാന്വേഷകരെ ഇവർ ശത്രുക്കളായാണ് കാണുന്നത്. അജ്ഞരായ വലിയ ജനസമൂഹത്തിന്റെ ബഹളത്തിനിടയിൽ സത്യം മറഞ്ഞുപോകുന്നു. ഇതാണ് പ്രശ്നം. സത്യം നിലനിന്നല്ലേ തീരൂ. ചെറുപ്പക്കാരിൽ ശാസ്ത്രമനോഭാവവും സത്യ താല്പര്യവും ശക്തമാക്കുകയാണ് ഈ സാഹചര്യത്തിലെ രക്ഷാമാർഗ്ഗം.

അമേരിക്ക (യു.എസ്) യിൽ പബ്ലിക് സ്കൂളുകളിലെ സയൻസ് ക്ലാസ്സുകളിൽ പരിണാമ സിദ്ധാന്തം പഠിപ്പിക്കാനുള്ള അനുമതി നൽകാതിരിക്കാൻ കഴിഞ്ഞ നൂറ്റാണ്ടിലെ ഇരുപതുകളിൽ നിരവധി ശ്രമങ്ങൾ നടന്നിരുന്നു. അത്തരം ഉദ്യമങ്ങളിലെ അർത്ഥശൂന്യത ബോദ്ധ്യമായതിനാൽ, കഴിഞ്ഞ അറുപതു കൊല്ലത്തിനിടയിൽ പുതിയൊരു പരിശ്രമം കൊണ്ടുവന്നു. മതപരമായ സൃഷ്ടി സിദ്ധാന്തത്തെ കൃത്യമായി സ്പർശിച്ചുകൊണ്ട് പരിണാമ സിദ്ധാന്തം പഠിപ്പിക്കാനുള്ള നീക്കമായിരുന്നു അത്. സുപ്രീം കോടതിയാവട്ടെ, അതിനായുള്ള വ്യവസ്ഥാരൂപങ്ങൾ രണ്ടെണ്ണം അപ്പാടെ നീക്കിക്കളഞ്ഞു. അവയിലെ ചട്ടങ്ങൾ ഒന്നാം ഭേദഗതിയുടെ അടിത്തറയെ അതിലംഘിക്കുമെന്നതാണ് കോടതികണ്ട കാരണം. സൃഷ്ടി സിദ്ധാന്തം ആധാരമാക്കിയുള്ള പുതിയൊരു നിയമ വ്യവസ്ഥാരൂപം കോടതി ഇപ്പോൾ പരിശോധിച്ചു വരുന്നതേയുള്ളൂ.

## സ്കോപ്പ്സും മിസിസ്സിപ്പി സംസ്ഥാനവും

ഒന്നാം ലോക മഹായുദ്ധം അവസാനിച്ചപ്പോൾത്തന്നെ അമേരിക്കക്കാർക്ക് പൊതുവേ ആശ്വാസമായിത്തുടങ്ങി. കുഴപ്പമെല്ലാം തീരുന്നുവെന്ന് വിശ്വാസവും വന്നു. അതിന്റെ ഒരുഫലം മൗലികവാദം തലപൊക്കിത്തുടങ്ങി എന്നതാണ്. ഡാർവിന്റെ പരിണാമ സിദ്ധാന്തത്തിനു നേരേയാണ് മൗലികവാദികളുടെ രോഷമെല്ലാം തിരിഞ്ഞത്. 1925 ആയപ്പോഴേക്കും തെക്കേ സംസ്ഥാനങ്ങളിലൊന്നും ക്ലാസ്സ് മുറിയിൽ പരിണാമസിദ്ധാന്തം പഠിപ്പിക്കാനേ പാടില്ലാ എന്ന ചട്ടം വന്നു. ഓക്‌ലഹോമ, ഫ്ളോറിഡ, മിസിസ്സിപ്പി, വടക്കേ കേരലൈനാ, കെന്റക്കി എന്നീ സംസ്ഥാനങ്ങളിൽ ഇതിനനുസരിച്ച നിയമങ്ങൾ നിലവിൽ വരുകയും ചെയ്തു. 1925 ഫെബ്രുവരിയിൽ ടെന്നീസീ സംസ്ഥാനത്ത് ഒരു ബിൽ ജോൺബട്‌ലർ കൊണ്ടുവന്നു. "ബൈബിളിൽ പറഞ്ഞിട്ടുള്ള ദൈവികമായ സൃഷ്ടി സിദ്ധാന്തത്തെ നിഷേധിച്ചുകൊണ്ട്, അതിനുപകരം വെറും മൃഗമെന്ന പോലെ ജനിച്ചതാണ് മനുഷ്യൻ എന്നവിധത്തിലുള്ള സിദ്ധാന്തം പഠിപ്പിക്കുന്നത് നിയമവിരുദ്ധം"

എന്ന് വിധിക്കുന്നതായിരുന്നു ആ ബിൽ. എന്നാൽ, ഇത്തരത്തിലുള്ള നിയമനിർമ്മാണ ശ്രമങ്ങൾ അമേരിക്കക്കാരുടെ ഭരണ ഘടനാപരമായ അവകാശത്തെ അതിക്രമി ക്കലാണെന്ന് അമേരിക്കൻ സിവിൽ ലിബർട്ടീസ് യൂണിയൻ ചൂണ്ടിക്കാണിച്ചു.

'ബട്‌ലർ നിയമം' ലംഘിച്ചതായി ടെന്നീസീയിലെ ഡേറ്റണിൽ ഫുട്ബാൾ കോച്ചും ശാസ്ത്രാധ്യാപകനുമായ ഇരുപത്തിനാലു വയസ്സുകാരൻ ജോൺ റ്റി. സ്കോപ്സിനുമേൽ കുറ്റാരോപണമുണ്ടായി. ഈ കേസിന്റെ വിചാരണ ശാസ്ത്രവും മതവും തമ്മിലുള്ള വിവാദത്തെ പൊതുശ്രദ്ധയുടെ മധ്യത്തിലേക്ക് കൊണ്ടെത്തിച്ചു. മൂന്നുതവണ അമേരിക്കൻ പ്രസിഡന്റു സ്ഥാനത്തേക്ക് ഡെമോക്രാറ്റിക് സ്ഥാനാർത്ഥിയായി മൽസരിച്ച, ജനാധിപത്യകാര്യങ്ങളിൽ മുന്നിൽ നിൽക്കുന്ന വ്യക്തിയുമായ വില്യം ജെന്നിങ്ങ്സ് ബ്ര്യാൺ അമേരിക്കയിലെ ക്ലാസ്സ് മുറികളിൽ നിന്ന് ഡാർവിന്റെ പരിണാമ സിദ്ധാന്തത്തെ ബഹിഷ്കരിച്ചെടുക്കാൻ ഒരു തകർപ്പൻ കുരിശുയുദ്ധം തന്നെ നടത്തി. ബ്ര്യാണെപ്പോലുള്ളവർക്ക് മതം എന്നാൽ സമൂഹത്തിലെ ഏറ്റവും മഹത്തായ നിധിയാണ്. പരിണാമ സിദ്ധാന്തം വിദ്യാലയങ്ങളിൽ പഠിപ്പിച്ചാൽ അത് ഇത്രയുംകാലം തങ്ങൾ കാത്തുസൂക്ഷിച്ച പാരമ്പര്യമൂല്യങ്ങളെ താറുമാറാക്കിക്കളയു മെന്നാണ് ഇക്കൂട്ടരുടെ സങ്കടം. സ്കോപ്സിന്റെ കേസ് വിചാരണ മുഴുവനും തന്റെ പ്രസിദ്ധീകരണത്തിലേക്ക് റിപ്പോർട്ട് ചെയ്ത എച്ച്.എൽ. മെൻകെൻ എന്ന കോളമിസ്റ്റിന്റെ ഭാഷയിൽ ബ്ര്യാൺ "ഒരുതരം ഭൗതികവാദ മാർപ്പാപ്പ"യായി ത്തീർന്നിരിക്കുകയാണ്. 1925 അവസാനി ക്കുമ്പോഴേക്കും ബ്ര്യാണും കൂട്ടുകാരും ചേർന്ന് പതിനഞ്ചു സംസ്ഥാനങ്ങളിൽ പരിണാമ സിദ്ധാന്തം പഠിപ്പിക്കാ താക്കുന്നതിൽ വിജയം നേടിക്കഴിഞ്ഞിരുന്നു.

1925 ജൂലൈ 10-ന് നടന്ന ഒന്നാം ദിവസത്തെ വിചാരണ കാണാൻ റീയാ കൗണ്ടിയിലെ കോടതിക്കെട്ടിടത്തിൽ വലിയ ആൾ ത്തിരക്കുണ്ടായി. ആയിരത്തോളം പേർ. അതിൽ മുന്നൂറുപേരും ആ ഞെരുക്കിനിടയിൽ ഇരിക്കാനിടം കാണാതെ നിൽക്കുകയായിരുന്നു (ഇത്തരം വിചാരണയൊക്കെ നടത്തുന്നത് ഇരുപതിനായിരം പേർക്ക് ഇരിക്കാനിടമുള്ള ഒരു തമ്പിൽ വച്ചായിരിക്കണം എന്ന അഭിപ്രാക്കാരനായിരുന്നു സ്കോപ്സ് വിചാരണ നിയന്ത്രിച്ച ന്യായാധിപനായ ജോൺ റ്റി. റൗൽസ്റ്റൺ). പതിവായി പള്ളിയിൽ ഹാജരാകുന്നവരായ പതിനൊന്നുപേരും, മദ്ധ്യപ്രായക്കാരായ പത്തു കർഷകരുൾപ്പെട്ട പന്ത്രണ്ട് ആണുങ്ങളും ചേർന്ന ഒരു ജൂറി പെട്ടെന്നു തന്നെ രൂപപ്പെട്ടു. നിയമ വിരുദ്ധമായി പരിണാമ സിദ്ധാന്തം പഠിപ്പിച്ച കുറ്റം ചാർത്തപ്പെട്ടയാളും ജീവശാസ്ത്രാ ധ്യാപകനുമായ ജോൺ സ്കോപ്സിന്റെ വിധി കല്പിക്കേണ്ടത് ഈ ജൂറിയായിരുന്നു. വാരാന്ത്യത്തിലേക്ക് വിചാരണ മാറ്റിവച്ചു. ഞായറാഴ്ച ഡെയ്റ്റണിലെ മെത്തേഡിസ്റ്റ് പള്ളിയിൽ സ്വാഗത പ്രഭാഷണത്തിനു നിന്നത് വില്യം ജെനിങ്ങ്സ് ബ്ര്യാൺ ആയിരുന്നു. കിട്ടിയ ആ അവസരം ഉപയോഗപ്പെടുത്തിക്കൊണ്ട് ബ്ര്യാൺ സകോപ്സിന്റെ പ്രതിരോധതന്ത്രങ്ങളെ ശക്തമായി ആക്രമിച്ചു. ബ്ര്യാൺ ഇങ്ങനെ സംസാരിക്കുന്നത് ശ്രദ്ധിച്ചു കേട്ടുകൊണ്ട് മുൻനിരയിലെ പ്രത്യേക ഇരിപ്പിടങ്ങളി ലുണ്ടായിരുന്നു ജഡ്ജി റൗൾസ്റ്റണും അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളും. ഡെയ്റ്റൺ പ്രദേശമാകെ ഒരു ഉൽസവാന്തരീക്ഷം വ്യാപിച്ചുനിന്നു. വിചാരണയുടെ ഫലമെന്തായിരിക്കു മെന്നതിൽ ആ പ്രദേശത്തുകാർക്ക് യാതൊരു സന്ദേഹവും ഇല്ലായിരുന്നു.

കോടതിയിൽ കേസിന്റെ നടപടികൾ തുടങ്ങിയത് ജെയിംസ് രാജാവിന്റെ പരിഭാഷയിലും വ്യാഖ്യാനത്തിലുമുള്ള ബൈബിളിലെ ഉൽപ്പത്തി പാഠങ്ങൾ വേണം പരിഗണിക്കേണ്ടത് എന്ന ആവശ്യത്തോടെയാണ്. അത് അങ്ങനെ തന്നെ നടന്നു. സൂപ്രണ്ടായ വൈറ്റ് , സാക്ഷികളുടെ പട്ടിക കോടതിക്കു മുന്നിൽ വച്ചു; ഹണ്ടറുടെ സിവിക് ബയോളജിയിലുള്ള പരിണാമ സിദ്ധാന്ത പാഠങ്ങൾ താൻ ക്ലാസ്സിൽ പഠിപ്പിച്ചു എന്ന് സ്കോപ്സ് സമ്മതം സമർപ്പിച്ചതും വച്ചു. അതുകഴിഞ്ഞ പ്പോൾ, മുഖ്യ അഭിഭാഷകനായ റ്റോം സ്റ്റീവർട്ട് എന്തൊക്കെയാണ് ക്ലാസ്സിൽ സ്കോപ്സ് പഠിപ്പിച്ചതെന്ന് ആ ക്ലാസ്സിലെ ഏഴു കുട്ടികളോട് ചോദ്യങ്ങളുടെ ഒരു നിരയായിട്ട് ചോദിച്ചപ്പോൾ ആ കുട്ടികൾ നൽകിയ മറുപടി സ്കോപ്സ് തങ്ങളോട് പറഞ്ഞത് മനുഷ്യനും മറ്റെല്ലാ സസ്തനികളും ഏക കോശജീവികളായാണ് രൂപമെടുത്തത് എന്നാണ്. സൗമ്യമായാണെങ്കിലും പരിഹാസ രീതിയിൽ ഡാറോ എന്ന വക്കീൽ ആ കുട്ടികളെ എതിർവിചാരണ ചെയ്തു. "അനാവശ്യമായ മറ്റെന്തെങ്കിലും അയാൾ നിങ്ങളോട് പറഞ്ഞോ?" എന്ന് ഒരു പുതിയ കുട്ടിയായ ഹോവേഡ് മോർഗനോട് ചോദിച്ചപ്പോൾ "ഇല്ല, അങ്ങനെ എന്തെങ്കിലും പറഞ്ഞതായി ഞാൻ ഓർമ്മിക്കുന്നില്ല'' എന്നാണ് ആ കുട്ടി പറഞ്ഞത്. പിന്നീട് സാക്ഷിയായി വന്ന ഫ്രെഡ് റോബിൻസൺ പ്രഖ്യാപിച്ചത് ''ഈ സംസ്ഥാനത്ത് ഹണ്ടറുടെ ബയോളജി പഠിപ്പിക്കുന്ന ഏത് അദ്ധ്യാപകനും നിയമലംഘകൻ" എന്നാണ്. അതോടെ നടപടികൾ ശമിച്ചു. മതവിശ്വാസമില്ലാത്തവനായ സ്കോപ്സിനെതിരായ ഈ കേസിനെ സംബന്ധിച്ചിടത്തോളം ടെന്നീസീ സംസ്ഥാനത്തിന് ഇനി ശേഷിക്കുന്ന സംഗതി-പ്രതിയെ മന:പൂർവ്വം വകവരുത്തുക എന്നത് മാത്രം. ഇതൊക്കെ അവർക്കൊരു നിസ്സാര കാര്യം. ഈ ഘട്ടത്തിലാണ് തിരമാലകളിളക്കിക്കൊണ്ട് ബ്ര്യാൺ തന്റെ ഏറ്റവും വലിയ തെറ്റ് കാണിച്ചത്. ബൈബിളിന് സാക്ഷി പറയാനായി സാക്ഷിക്കൂടിൽ കയറി നിന്ന് അയാൾ കാണിച്ചത് ഭയങ്കര മണ്ടത്തരമായി. അക്കാലത്തെ ഏറ്റവും മികച്ച വക്കീലുമാരിൽ ഒരാളായ ക്ലാറൻസ് ഡാറോ ശാന്തമായ ഒരു ചോദ്യവുമായി ബ്ര്യാണിനെ വിസ്തരിക്കാൻ തുടങ്ങി: ''നിങ്ങൾ നല്ലവണ്ണം ബൈബിൾ പഠിച്ചിട്ടുണ്ട്, അല്ലേ, മിസ്റ്റർ ബ്ര്യാൺ?'' ബ്ര്യാണിന്റെ മറുപടി: "അതെ, അതെ. ഏതാണ്ട് അമ്പതു കൊല്ലം ഞാൻ ബൈബിൾ പഠിച്ചിട്ടുണ്ട്.'' ബൈബിളിന്റെ ഭാഷാന്തരം സാഹിത്യം കൊണ്ടു നിറച്ചതായിരുന്നു. അതിനെയൊന്ന് തുരക്കാനായി ഡാറോ രൂപപ്പെടുത്തിയെടുത്ത ചോദ്യ ശൃംഖല തുടങ്ങിയത് ഇങ്ങനെയാണ്:

*പ്രതിരോധപക്ഷത്തിന്റെ ഉപദേഷ്ടാവായ ക്ലാറൻസ് ഡാറോ വാദിപക്ഷക്കാരനായ ഡബ്ല്യു. ജെ. ബ്ര്യാണിനെ പരീക്ഷിച്ചത്*

*ചോ:*...പകലിന് ദൈർഘ്യം കൂടാനായി നിശ്ചലം നിൽക്കാൻ സൂര്യന് ജോഷ്വ ഉത്തരവ് നൽകിയതായി ബൈബിൾ പറയുന്നു. ശരിയല്ലേ? നിങ്ങൾ അതു വിശ്വസിക്കുന്നുണ്ടോ?

*ഉ:*.... വിശ്വസിക്കുന്നു.

*ചോ:*....അപ്പോൾത്തൊട്ട് സൂര്യഗോളം ഭൂമിയെ വലംവയ്ക്കുകയായിരുന്നു എന്ന് വിശ്വസിക്കുന്നുവോ?

*ഉ:*.... ഇല്ല. ഭൂമി സൂര്യനെ ചുറ്റുന്നു എന്നാണ് എന്റെ വിശ്വാസം.

*ചോ:*....പകലിന് നീളം കൂട്ടാമെന്നോ സൂര്യനെ പിടിച്ചുനിറുത്താൻ കഴിയുമെന്നോ അതെഴുതിയവർ വിചാരിച്ചതായി നിങ്ങൾ വിശ്വസിക്കുന്നുണ്ടോ?

*ഉ:...* അവരെന്താണ് ചിന്തിച്ചതെന്ന് എനിക്കറിയില്ല.

*ചോ:....*നിങ്ങൾക്കറിയില്ല?

*ഉ:...* സ്വന്തം മനസ്സൊന്നും കാണിക്കാതെയാണ് അവർ ആ കാര്യം എഴുതിയതെന്ന് ഞാൻ കരുതുന്നു.

*ചോ:....*ഇതെഴുതിയവർ ചിന്തിച്ചെന്നോ ഇല്ലെന്നോ നിങ്ങൾക്കൊരഭിപ്രായമുണ്ടോ?

വീണ്ടും *ചോ:...*ഞാൻ ചോദിക്കുന്നതിന് നേരേ ചൊവ്വേ മറുപടി തരുമോ? അതായത്, സൂര്യനെയോ ഭൂമിയെയോ പിടിച്ചുനിറുത്തി പകലിന്റെ ദൈർഘ്യം കൂട്ടിയെങ്കിൽ, പിടിച്ചു നിറുത്തിയത് ഭൂമിയെ ആവാനല്ലേ വഴിയുള്ളൂ?

*ഉ:* ......ങ്ഹാ, എനിക്കും അങ്ങനെയാണ് തോന്നുന്നത്.

*ചോ:.......*അപ്പോൾ, മിസ്റ്റർ ബ്ര്യാൺ, ഭൂമിയെ നിശ്ചലമാക്കിയാൽ പിന്നെ എന്തായിരിക്കും ഭൂമിയിൽ സംഭവിക്കുന്നതെന്ന് നിങ്ങൾ എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ? അത് വെന്തുരുകിപ്പോയ വലിയൊരു പിണ്ഡമായി മാറിപ്പോകുമെന്ന് നിങ്ങൾക്കറിയില്ലേ?

വീണ്ടും *ചോ:....*ആദ്യത്തെ സ്ത്രീ ഹൗവ ആയിരുന്നുവെന്ന് നിങ്ങൾ വിശ്വസിക്കുന്നുണ്ടോ, മിസ്റ്റർ ബ്രാൺ?

*ഉ:....*വിശ്വസിക്കുന്നുണ്ട്.

*ചോ:.....*ആദമിന്റെ വാരിയെല്ലുകൊണ്ടാണ് യഥാർത്ഥത്തിൽ ഹൗവയെ സൃഷ്ടിച്ചതെന്ന് നിങ്ങൾ വിശ്വസിക്കുന്നുണ്ടോ?

*ഉ:.....*വിശ്വസിക്കുന്നുണ്ട്.

*ചോ:.....*കായന് ഭാര്യയെ കിട്ടിയത് എവിടെ നിന്നാണെന്ന് നിങ്ങൾ എപ്പോഴെങ്കിലും കണ്ടെത്തിയോ?

*ഉ:....*ഇല്ല, സർ; അത് അവിശ്വാസികൾ പോയി കണ്ടെത്തട്ടെ.

*ചോ:.....*നിങ്ങൾ കണ്ടുപിടിച്ചിട്ടേയില്ല.

*ഉ:* ഞാൻ അതിന് ശ്രമിച്ചിട്ടേയില്ല.

*ചോ:...*ശ്രമിച്ചിട്ടേയില്ല?

*ഉ:......*ഇല്ല.

*ചോ:....*കായന് ഒന്നിനെ കിട്ടിയെന്ന് ബൈബിൾ പറയുന്നു. അല്ലേ? അന്ന് ഭൂമിയിൽ അതുപോലെ വേറെ ആരും ഉണ്ടായിരുന്നില്ലേ?

*ഉ:....*അതെനിക്ക് പറയാൻ വയ്യ.

*ചോ:....*നിങ്ങൾക്ക് അത് പറയാൻ വയ്യ. എപ്പോഴെങ്കിലും അക്കാര്യം നിങ്ങൾ ആലോചിച്ചിട്ടുണ്ടോ?

*ഉ:.....*അതെന്നെ അലട്ടിയിട്ടേയില്ല.

*ചോ:.....*വേറെ ആരുമില്ലെന്ന് തെളിവുണ്ടെങ്കിലും, കായന് ഒരു ഭാര്യയെ കിട്ടി.

*ഉ:..*എന്നാണ് ബൈബിൾ പറയുന്നത്.

*ചോ:...*അവർ എവിടെന്ന് വന്നെന്ന് നിങ്ങൾക്കറിവില്ല. ശരി. "ആ പ്രഭാതവും പ്രദോഷവുമായിരുന്നു ഒന്നാം ദിനം" എന്നും ആ പ്രഭാതവും പ്രദോഷവുമായിരുന്നു രണ്ടാം ദിനം'' എന്നുമുള്ള വിവരണം കൊണ്ട് ഉദ്ദേശിക്കുന്നത് എന്താണെന്ന് വല്ലതും നിങ്ങൾക്ക് പിടികിട്ടിയോ?

*ഉ:....*ഇരുപത്തിനാല് മണിക്കൂറുള്ള ദിവസം എന്നുതന്നെയാണ് ഉദ്ദേശിക്കുന്നതെന്ന് ഞാൻ വിചാരിക്കുന്നില്ല.

*ചോ:*വിചാരിക്കുന്നില്ല?

*ഉ:* .......ഇല്ല.

*ചോ:.....*അതെന്താവാം എന്നാണ് നിങ്ങൾ കരുതുന്നത്?

*ഉ:*...അതിനെ വിശദീകരിക്കാൻ ഞാൻ ശ്രമിച്ചിട്ടില്ല. താങ്കൾ ആ രണ്ടാം അദ്ധ്യായം ഒന്നെടുത്താൽ......ഞാൻ ആ ഗ്രന്ഥമൊന്നെടുക്കട്ടെ. (ബൈബിളെടുത്ത് തുറന്നു നോക്കിക്കൊണ്ട്) ...രണ്ടാം അദ്ധ്യായത്തിലെ നാലാം പദ്യം പറയുന്നത് ഇതെല്ലാം ഭൂമിയും സ്വർഗ്ഗവും പിറന്ന നാളിനെ സൂചിപ്പിച്ചുകൊണ്ടുള്ളതാണെന്നാണ്; സർവ്വാധികാരിയായ ദൈവം ഭൂമിയും സ്വർഗ്ഗവും സൃഷ്ടിച്ച നാൾ. തൊട്ടടുത്ത അദ്ധ്യായത്തിൽ 'നാൾ' എന്ന പദം ഒരു കാലത്തെ സൂചിപ്പിക്കാനും ഉപയോഗിക്കുന്നു എന്ന് പറയുന്നുണ്ട്. "ദൈവം സ്വർഗ്ഗവും ഭൂമിയും നിർമ്മിച്ച നാൾ" എന്നതിനെ നിശ്ചയമായും ഇരുപത്തിനാല് മണിക്കൂറുള്ള ദിവസം എന്ന് അർത്ഥമാക്കുന്നതുപോലെ "പ്രദോഷവും പ്രഭാതവും" എന്നീ പദങ്ങളെ വ്യാഖ്യാനിക്കുന്നതിനും എന്തെങ്കിലും ആവശ്യകതയുണ്ടെന്ന് ഞാൻ കരുതുന്നില്ല.

*ചോ:*....എന്നാൽ, ഒരുദാഹരണമായി ബൈബിൾ പറഞ്ഞ കാര്യം: "എന്നിട്ട് ആകാശത്തെ സ്വർഗ്ഗം എന്നാണ് ദൈവം വിളിച്ചത്. പിന്നെ പ്രദോഷവും പ്രഭാതവും രണ്ടാം നാളായി" എന്ന് ബൈബിൾ പറയുമ്പോൾ, അത് നിശ്ചയമായും അർത്ഥമാകുന്നത് ഇരുപത്തിനാല് മണിക്കൂർ എന്നല്ലേ?

*ഉ:*...എന്നു ഞാൻ വിചാരിക്കുന്നില്ല.

*ചോ:*.....അങ്ങനെ അർത്ഥമാകുമെന്നോ ആവില്ലെന്നോ നിങ്ങൾ വിചാരിക്കുന്നത്?

*ഉ:*.....ഒരുപാടുപേർ അങ്ങനെ വിചാരിക്കുന്നു ണ്ടെന്ന് എനിക്കറിയാം.

*ചോ:*.....നിങ്ങളെന്താണ് വിചാരിക്കുന്നത്?

*ഉ:*.....ഞാൻ അങ്ങനെ വിചാരിക്കുന്നില്ല.

*ചോ:*.....നിങ്ങളുടെ വിചാരം അതൊക്കെ ഇരുപത്തിനാല് മണിക്കൂറിന്റെ നാൾ എന്നാണോ?

*ഉ:*...ഇരുപത്തിനാല് മണിക്കൂർ എന്ന് ഞാൻ വിചാരിക്കുന്നില്ല.

*ചോ:*....പിന്നെന്താണ് അതിനെപ്പറ്റി നിങ്ങൾ വിചാരിക്കുന്നത്?

*ഉ:*.....അതെന്റെ അഭിപ്രായമാണ്. ഈ വിഷയത്തിൽ ഞാൻ അഭിപ്രായം പറഞ്ഞാൽ അത് ഇരുപത്തിനാല് മണിക്കൂറിന്റെ ദിനം ആലോചിച്ച് നടക്കുന്നവരുടെ അഭിപ്രായത്തോളം ശോഭിച്ചില്ലെന്നു വരാം.

*ചോ:*.....നിങ്ങൾ അക്കാര്യത്തെക്കുറിച്ച് ചിന്തിക്കാറില്ലേ?

*ഉ:*.....ഇല്ല. എന്നാൽ ഞാൻ ചിന്തിക്കുന്നത് നമ്മൾ വിശ്വസിക്കുന്ന തരത്തിലുള്ള ഒരു ദൈവത്തിന് ആറുദിവസം കൊണ്ട് ഭൂമിയെ സൃഷ്ടിക്കുന്നത് നിസ്സാര കാര്യമാണെങ്കിൽ, അറുപതു ലക്ഷമോ ആറു കോടിയോ വർഷം കൊണ്ടും നിസ്സാരമായിത്തന്നെ അതു ചെയ്യാൻ കഴിയുമെന്നാണ്. നമ്മൾ ഒന്നിനെയോ അല്ലെങ്കിൽ വേറൊന്നിനെയോ വിശ്വസിച്ചാൽത്തന്നെയും അത് പ്രധാനപ്പെട്ട ഒരു കാര്യമാണെന്ന് ഞാൻ കരുതുന്നില്ല.

*ചോ*......നിങ്ങളുദ്ദേശിക്കുന്നത് അതെല്ലാം അക്കമെണ്ണിയെണ്ണിയുള്ളതാണെന്നാണോ?

*ഉ:*.......അതെല്ലാം കാലഘട്ടങ്ങളായാണ് ഞാൻ കാണുന്നത് എന്ന് കരുതി അക്കമെണ്ണിയുള്ള നാളുകളുമായി നിൽക്കുന്നവരാരെങ്കിലും ഉണ്ടെങ്കിൽ അവരോടൊന്നും തർക്കിക്കാൻ ഞാനില്ല.

*ചോ:*.......ഞാൻ അത് ബൈബിളിൽ നിന്ന് വായിക്കാം. "പരമാധികാരിയായ ദൈവം" പാമ്പിനോട് പറഞ്ഞു: "നീ ഇതെല്ലാം ചെയ്തു; അതിനാൽ, വീടുകളിലെ വളർത്തുമൃഗങ്ങളേക്കാൾ കാട്ടിലെ ജന്തുക്കളേക്കാൾ, നീ നികൃഷ്ടനായിരിക്കുന്നു. അതിനാൽ ഇനി നീ നിന്റെ ഉദരം കൊണ്ട് ഇഴഞ്ഞു നീങ്ങണം.

മരിക്കുവോളവും നീ മണ്ണും പൊടിയും തിന്ന് ജീവിക്കണം." ഇതുകൊണ്ടാണ് പാമ്പ് അതിന്റെ വയറിന്മേൽ ഇഴയേണ്ടി വന്നതെന്ന് തോന്നുന്നില്ലേ?

*ഉ:*.....ഞാൻ അത് വിശ്വസിക്കുന്നു.

*ചോ:*.....അതിനു മുൻപ് ഈ പാമ്പ് എങ്ങനെയാണ് സഞ്ചരിച്ചതെന്ന് അറിയാമോ?

*ഉ:*.....അറിയില്ല സാറേ.

*ചോ:*....അന്ന് പാമ്പ് നടന്നത് വാലും കുത്തിയായിരുന്നോ, അതോ അല്ലയോ എന്ന് നിങ്ങൾക്കറിയാമോ?

ബ്ര്യാണിനെ ഇങ്ങനെ അവഹേളിച്ചതോടെ അയാളും ഡാറോയും തമ്മിലുള്ള ഏറ്റുമുട്ടൽ അവസാനിച്ചു. "അന്നത്തെ തെളിവ് നൽകലോടെ ഒരു പുരുഷനും ഒരു ഇതിഹാസവുമെന്ന നിലയിൽ നിന്ന് ബ്ര്യാൺ നിലംപരിശായി" എന്നാണ് ഒരു ചരിത്രകാരൻ പറഞ്ഞുകേട്ടത്. ആ വിചാരണ അവസാനിച്ചു. പരിഹാസവും ചിരിയും നിറഞ്ഞ ഒരവസാനം. സ്പോക്സ് കുറ്റവാളിയാണെന്നാണ് ജൂറി കണ്ടത്; ന്യായാധിപൻ ആയിരം ഡോളർ ശിക്ഷയും വിധിച്ചു. എന്നാൽ ഒരു വർഷം കഴിഞ്ഞ് ടെന്നീസീ സുപ്രീം കോടതിയാവട്ടെ, ഭരണഘടനയുടെ വെളിച്ചത്തിൽ ഡേയ്റ്റൺ കോടതിയുടെ ആ വിധി പിൻവലിച്ചു. ശിക്ഷ അനുസരിച്ച് പിഴ നിശ്ചയിക്കേണ്ടത് ന്യായാധിപനല്ല, ജൂറിയാണ് എന്ന സാങ്കേതികത്വം കാരണമാണ് സുപ്രീം കോടതി അങ്ങനെ ചെയ്തത്; പ്രതിപക്ഷ വക്കീലായ ഡാറോ ആഗ്രഹിച്ചതുപോലെ ഭരണഘടന പ്രകാരമല്ല. നിയമ വ്യവസ്ഥ പുസ്തകത്തിൽ ബട്‌ലർ ആക്റ്റ് പിന്നെയും നാൽപ്പതിൽപരം വർഷം ഒരു മാറ്റവും കൂടാതെ കിടന്നു.

### എപ്പേർസണും ആർക്കൻസാസും

ആർക്കൻസാസ് സംസ്ഥാനം മുൻ പ്രസിഡന്റായ ക്ലിന്റന്റെ സ്വദേശമാണ്. ക്ലിന്റൻ ആ സംസ്ഥാനത്തിന്റെ ഗവർണ്ണറുമായിരുന്നു. ക്ലിന്റൻ ഗവർണ്ണറാകും മുൻപേതന്നെ എപ്പേർസൺ തീരുമാനം നിലവിൽ വന്നിരുന്നു. ടെന്നീസീയിലെ ഡേയ്റ്റണിൽ സ്കോപ്സ് കേസിന്റെ വിചാരണ നടക്കുന്ന കാലത്ത്, ആ സംസ്ഥാനത്തിന്റെ എതിർഭാഗത്തു നിന്ന് ആബെ ഫോർറ്റാസ് എന്നൊരു പതിനഞ്ചുകാരൻ മെംഫിസിലെ ഒരു പ്രത്യേക പബ്ലിക് ഹൈസ്കൂളിൽ ചേർന്നു. അവൻ നന്നായി പഠിച്ച്, പരീക്ഷയിൽ നല്ലൊരു സ്ഥാനം നേടി ജയിച്ചു. പിന്നീട് അവൻ ടെന്നീസി വിട്ടിറങ്ങി; 1930-ൽ യെയ്‌ലിലെ നിയമ സ്കൂളിൽ ചേർന്ന് പഠിച്ചു. തുടർന്ന് ഫെഡറൽ ഏജൻസികളിൽ ജോലിചെയ്തു. ഇരുപത് വർഷത്തോളം രണ്ട് പങ്കാളികളോട് ചേർന്ന് ഒരു നിയമസ്ഥാപനം നടത്തി. 1965-ൽ പ്രസിഡന്റ് ലിണ്ഡൻ ജോൺസൺ ഫോർറ്റാസിന് യു.എസ് സുപ്രീം കോടതിയിൽ നിയമനത്തിന് നാമനിർദ്ദേശവും ചെയ്തു. ജസ്റ്റിസായി തീർന്ന ഫോർറ്റാസ് എപ്പോർസൺ ആർക്കൻസോസ് പ്രശ്നത്തിന്മേൽ ഭൂരിപക്ഷാഭിപ്രായം രേഖപ്പെടുത്തുകയും അതിന്റെ മെച്ചത്തിൽ നീതിന്യായ വകുപ്പിന്റെ ഹാൾ ഓഫ് ഫെയ്മിൽ എത്തുകയും ചെയ്തു.

അക്കാലത്ത് ആർക്കൻസാസിൽ ഒരു പരിണാമ വിരുദ്ധ നിയമം (1928-ലേത്) നിലവിലുണ്ടായിരുന്നു. അതിൻപ്രകാരം മനുഷ്യരാശി താണമൃഗങ്ങളുടെ നിലവാരത്തേക്കാൾ ഉയരുകയോ താഴുകയോ ചെയ്തു എന്ന തരത്തിലുള്ള അനുശാസനമോ സിദ്ധാന്തമോ പഠിപ്പി ക്കുന്നത് ഒരു കുറ്റമായി കാണും. ലിറ്റിൽ റോക്കിന്റെ സെൻട്രൽ ഹൈസ്കൂളിൽ ബയോളജി


5/163/2017 - 12

പഠിപ്പിക്കുന്ന യുവ അദ്ധ്യാപികയായിരുന്നു സൂസൻ എപ്പേർസൺ. പരിണാമ സിദ്ധാന്തം പഠിപ്പിക്കുന്ന കാര്യം അവരെ വല്ലാതെ വ്യാകുലപ്പെടുത്തിയിരുന്നു; അതെങ്ങാനും പഠിപ്പിക്കുന്നത് ശിക്ഷാർഹമായ കേസിലോ ജോലിയിൽ നിന്ന് പിരിച്ചുവിടലിലോ എത്തിക്കുമെന്ന് ഭീതിയുമുണ്ടായിരുന്നു. പരിണാമ വിരുദ്ധ നിയമം പരിശോധിക്കണ മെന്ന് അപേക്ഷിച്ചു കൊണ്ടുള്ള ഒരു അന്യായം അവർ തന്നെ വാദിയായി, സംസ്ഥാന അദ്ധ്യാപക സംഘടനയുടെ നേതൃത്വത്തിൽ, ജില്ലാ കോടതിയിൽ നൽകി. അതിന്റെ വിചാരണയിൽ, ആർക്കൻ സാസിന്റെ അറ്റോർണി ജനറൽ ആ നിയമം സംസ്ഥാനത്തിന് വളരെ യുക്തിസഹമായ ഒന്നാണെന്ന് വാദിച്ചു. പരിണാമമെന്നത് യാതൊരു തെളിവുമില്ലാത്ത സിദ്ധാന്ത മാണെന്ന് വാദിക്കുകയും അതിന് തെളിവെന്നവണ്ണം പാറ പോലെ ഉറച്ചുപോയ (ഫോസ്സിൽ) ഒരു അസ്ഥിപഞ്ജരം ചൂണ്ടി ആ സിദ്ധാന്തം വെറും തട്ടിപ്പാണെന്ന് സ്ഥാപിക്കാൻ ശ്രമിക്കുകയും ചെയ്തു. എന്നാൽ, ന്യായാധിപനായ മുറേ ഓ. റീഡിന് ആ വാദത്തോട് ഒരു മതിപ്പും തോന്നിയില്ല. **"ഈ നിയമം വിജ്ഞാനാന്വേഷണത്തെ തടയുകയും, അധ്യയന സ്വാതന്ത്ര്യത്തിന് അതിരിടുകയും, അധ്യാപന സ്വാതന്ത്ര്യത്തെ നിയന്ത്രിക്കുകയുമാണ് ചെയ്യുന്നത്"** എന്നു പറഞ്ഞുകൊണ്ട് അദ്ദേഹം ആ കേസ് അവസാനിപ്പിച്ചു. ഈ നിയമം ഒരു കേന്ദ്രീകൃത രാജ്യത്തിന്റെ ഭരണഘടനയെ തടസ്സപ്പെടുത്തുന്ന ഒന്നാണെന്ന് പ്രഖ്യാപിക്കുക കൂടി ചെയ്തു.

ജഡ്ജി റീഡ് എപ്പേർസൺ കേസിൽ നൽകിയ ഈ തീർപ്പ് 1967-ലെ വസന്തകാലത്ത് ആർക്കൻസാസ് സുപ്രീംകോടതി എന്തെങ്കിലുമൊരു വാദമോ പ്രതിവാദമോ കൂടാതെതന്നെ പിൻവലിച്ചു. **"പൊതു വിദ്യാലയങ്ങളുടെ പാഠ്യക്രമം നിർണ്ണയിക്കാൻ സംസ്ഥാനാധികാരത്തിനുള്ള ന്യായമായ ഒരു നടപടി"** എന്നാണ് പരിണാമവിരുദ്ധ നിയമത്തെപ്പറ്റി കോടതി അഭിപ്രായപ്പെട്ടത്.

ഈ നടപടി പുന:പരിശോധിക്കണമെന്ന് അപേക്ഷിക്കുന്ന ഒരു ഹർജി യു.എസ്.എ. സുപ്രീം കോടതിക്കു മുമ്പാകെ അദ്ധ്യാപക സംഘടനയ്ക്കു വേണ്ടി ഉടൻ തന്നെ സമർപ്പിച്ചു. ഇതിഹാസ പ്രശസ്തി നേടിയ സ്കോപ്സ് കേസിന്റെ കാര്യം ഈ അപ്പീലിൽ സന്ദർഭം നോക്കി പരാമർശിച്ചിരുന്നു. അന്യായക്കാരന്റെ വ്യവഹാരക്കുറിപ്പ് അവസാനിക്കുന്നത് "പ്രസിദ്ധമായ സ്കോപ്സ് കേസ്" എന്നും "ആ ന്യായാധികാരത്തിലെ അന്ധകാരം" എന്നും ഓർമ്മപ്പെടുത്തുന്ന സൂചകങ്ങളോടെയാണ്. രണ്ടുദിവസത്തെ വാദങ്ങൾക്കുശേഷം ജഡ്ജിമാർ കൂടിയിരുന്ന് ആലോചനയായി. അവർ പരിണാമ വിരുദ്ധ നിയമമെല്ലാം ഒന്നിനെതിരെ എട്ടുപേരുടെ പിന്തുണയോടെ നീക്കി. ആർക്കൻസാസ് നിയമവ്യവസ്ഥ പേരുകേട്ട ടെന്നസീയിലെ "കുരങ്ങുനിയമം" ആയിരുന്നു. പേരുകേട്ട സ്കോപ്സ് കേസിന്റെ കാര്യത്തിൽ ടെന്നീസീ സുപ്രീംകോടതി 1927-ലെ ടെന്നീസീ നിയമത്തിന്റെ ഭരണഘടനാ വിധേയഭാവം ശരിവയ്ക്കുകയായിരുന്നു. ഭരണഘടനാ പരമായ ആ ആക്രമണം ആരംഭിച്ചത് ഒരു ആർക്കൻസാസ് നിയമത്തിനോടുള്ള എതിർപ്പിൽ നിന്നാവണം. പക്ഷേ, ജസ്റ്റിസ് ഫോർറ്റാസ് ചെയ്തത് അതിനെ ടെന്നസീയുടെ പഴയ പരിണാമ വിരുദ്ധ നിയമത്തെയുംകൂടി എതിർക്കലായിരുന്നു. ആർക്കൻസാസ് നിയമത്തെക്കാൾ ബട്‌ലെർ ആക്റ്റിന്റെ ഉദ്ദേശ്യങ്ങളാണ് ജസ്റ്റിസിന്റെ അഭിപ്രായങ്ങളിലൂടെ തെളിഞ്ഞുവന്നത്. പരിണാമവിരുദ്ധ നിയമത്തെ സൂക്ഷ്മമായി

വിശകലനം ചെയ്യുന്നതിനൊരു പിന്തുണയെന്ന വണ്ണം അദ്ദേഹം ക്ലാറൻസ് ഡാറൊവിന്റെയും ജോൺ സ്കോപ്സിന്റെയും ഓർമ്മക്കുറിപ്പുകളിൽനിന്നുള്ള ചിലഭാഗങ്ങളും ഉദ്ധരിച്ചു.

ജസ്റ്റിസ് ഫോർറ്റാസിന്റെ നിരീക്ഷണങ്ങളിൽ നിന്ന്:

**"ഇന്നത്തെ തീരുമാനത്തിന്റെ പൂർവകാല സംഭവങ്ങൾ നിരവധിയാണ്; വളരെ വ്യക്തവുമാണ്. അവ നിലകൊള്ളുന്നത് നമ്മുടെ രാഷ്ട്രത്തിന്റെ മണ്ണിലാണ്. അവ സ്വാതന്ത്ര്യത്തിന്റെ അടിത്തറയാണ്. സംസ്ഥാന തലത്തിലും ദേശീയതലത്തിലുമുള്ള നമ്മുടെ ജനാധിപത്യ ഭരണവ്യവസ്ഥ മതപരമായ സിദ്ധാന്തത്തിന്റെ കാര്യത്തിലും അനുശാസനത്തിന്റെയും പ്രയോഗത്തിന്റെയും കാര്യത്തിലും നിഷ്പക്ഷം തന്നെ ആയേ തീരൂ. ഒരുമതത്തോടും ഭരണ വ്യവസ്ഥയ്ക്ക് ശത്രുത അരുത്. ഒരു മതത്തിന്റേയും വക്കാലത്തിനോടും വിദ്വേഷം അരുത്. ഒരു പ്രത്യേക മതത്തേയും തുണയ്ക്കരുത്, വളർത്തരുത്, പ്രചരിപ്പിക്കരുത്. ഒരു മതസിദ്ധാന്തത്തെ, മറ്റൊരു മതസിദ്ധാന്തത്തിനെതിരെ, അത് യുദ്ധത്തിന് ഒരുങ്ങുന്നതായാൽക്കൂടി, പ്രോത്സാഹിപ്പിക്കരുത്. മതത്തിനും മതത്തിനും മദ്ധ്യേ ഭരണ വ്യവസ്ഥയുടെ നിഷ്പക്ഷതയാണ് വേണ്ടതെന്ന് ഭരണഘടനയുടെ ഒന്നാം ഭേദഗതി അനുശാസിക്കുന്നു. മതത്തിനും വിമതത്തിനുമിടയിലും നിഷ്പക്ഷത തന്നെയാവണം.....1872-ൽ പോലും ഈ കോടതി പറഞ്ഞത് ഇങ്ങനെ: "ഈ നിയമത്തിന് മതനിന്ദ അറിയില്ല; ഒരു സിദ്ധാന്തത്തോടും ഒരു ബാദ്ധ്യതയുമില്ല; ഒരു ജനവിഭാഗവുമായും ഒരേർപ്പാടുമില്ല." ഇതാണ് ഈ കോടതി ദുർഗ്രഹമായ നിരവധി പ്രശ്നങ്ങളിൽ പ്രയോഗിച്ച മഹത്തായ ഒന്നാം ഭേദഗതിയുടെ വിശദീകരണം. ഇതുതന്നെയാണ് നമ്മുടെ ദേശീയ ജീവിതത്തിന്റെ സാരാംശം സ്പഷ്ടമായ ഭേദഗതിയുടെ കല്പനയ്ക്ക് അവസാന തീർപ്പു നടത്താൻ സമ്മാനിക്കുന്നത്".**

ആർക്കൻസാസ് നിയമവും അതുപോലുള്ള മറ്റ് നിയമ വ്യവസ്ഥകളും യു.എസ്.എ.-യിൽ ഭരണഘടനാ വിരുദ്ധമായിരുന്നു. വിചാരിച്ചതു പോലെ സ്കോപ്സ് വിചാരണയുടെ അവസാന അദ്ധ്യായമെന്ന മാതിരി മാദ്ധ്യമങ്ങൾ എപ്പേർസൺ തീരുമാനം കളിച്ചു. അവർ അതൊരു പര്യവസാനമായി ത്തന്നെയാണ് കണ്ടത്. എല്ലാം തീർന്നതായി മതാന്ധർക്ക് തോന്നിയതുമില്ല. അവർ വീണ്ടും ഭീഷണകരമായ ആക്രമണങ്ങൾ നടത്തി. എപ്പേർസൺ കഴിഞ്ഞ് രണ്ട് ദശാബ്ദത്തോളമായപ്പോൾ ലൂയിസിയാനാ നിയമസഭ അവരുടെ പരിണാമവിരുദ്ധ നിലപാട് പരിഷ്കരിച്ചു. അതിൽക്കൂടി ചെയ്തത് പരിണാമ സിദ്ധാന്തത്തോട് രചനാപരമായ ഒരു ഐച്ഛിക സമീപനമെടുക്കാൻ പൊതുവിദ്യാലയങ്ങളോട് ആവശ്യപ്പെടലായിരുന്നു. എന്നാൽ, പൊതു വിദ്യാലയങ്ങളിലെ പാഠ്യവ്യവസ്ഥയിൽ സൃഷ്ടിപരമായ ഒരു മാറ്റം കൊണ്ടുവരാനുള്ള ഈ ഉദ്യമത്തെ യു.എസ് സുപ്രീം കോടതി തടസ്സപ്പെടുത്തി. ഭരണഘടനാ വിരുദ്ധമെന്ന് പറഞ്ഞുകൊണ്ട് ഏഴംഗങ്ങളാണ് ഈ തടസ്സം കൊണ്ടുവന്നത്.

യു.എസ്.എ.-യിൽ ഇപ്പോൾ സൃഷ്ടിപരമായ നിയമനിർമ്മാണത്തിനായി മൂന്നാമതും ഒരു നിർദ്ദേശം കൊണ്ടുവന്നിരിക്കുകയാണ്. ഈ പുതിയ നിയമരൂപീകരണശ്രമം വഴി, പരിണാമ സിദ്ധാന്തത്തിനു പകരം ബുദ്ധിപരമായ ഒരു രൂപകല്പന സിദ്ധാന്തം പഠിപ്പിക്കാൻ ശാസ്ത്രാധ്യാപകരോട് ആവശ്യപ്പെട്ടിരിക്കുകയാണ്

ബുദ്ധിപരമായ രൂപകല്പന എന്ന ഈ സിദ്ധാന്തം പ്രകൃത്യാതീതമായ ബുദ്ധി ചാതുര്യം വഴി, അല്ലെങ്കിൽ ഒരു സൃഷ്ടാവ് വഴിയോ ഒരു അലൗകിക ജീവി വഴിയോ പരിണാമ പദ്ധതിയിൽക്കൂടി വ്യക്തമാക്കാനാവാത്ത സങ്കീർണ്ണമായ കാര്യങ്ങൾ വിവരിക്കാനും വ്യാഖ്യാനിക്കാനും കഴിയുമെന്ന് ഈ പുതിയ പദ്ധതി ഉറപ്പുപറയുന്നു. ഈ സിദ്ധാന്തം പ്രഖ്യാപിക്കുന്നത് ഒരു അലൗകിക ബുദ്ധിവൈഭവം ഈ സ്വാഭാവിക ലോകത്ത് ഇടപെട്ടാലെന്തെല്ലാം സംഭവിക്കുമെന്നാണ്. പ്രകൃതിയിലെ ഇപ്പോഴത്തെ സങ്കീർണ്ണമായ ചില ഏർപ്പാടുകളെയൊന്നും പരിണാമ സിദ്ധാന്തത്തിന് വിശദീകരിക്കാനാവില്ല. അതിനൊരു സൃഷ്ടാവുണ്ടാവണം, അല്ലെങ്കിൽ ഒരു അമാനുഷിക ജീവി!

### കിറ്റ്സ്മില്ലറും മറ്റും

യു.എസ്.എ-യിൽ പെൻസിൽവാനിയാ സംസ്ഥാനത്തിന്റെ തലസ്ഥാനത്തുനിന്ന് ഏതാണ്ട് 25 മൈൽ അകലത്താണ് ഡൂവർ ഏറിയാ സ്കൂൾ ജില്ല. ഈ സ്കൂൾ ജില്ലാ ബോർഡ് പാസ്സാക്കിയ ഒരു പ്രമേയത്തിൽ ആവശ്യപ്പെട്ടിരിക്കുന്നത് ഡാർവിന്റെ പരിണാമ സിദ്ധാന്തത്തിന് പകരമായി, ബുദ്ധിവൈഭവമുള്ള രൂപകല്പന എന്ന വിഷയം വേണം ശാസ്ത്രാദ്ധ്യാപകർ പഠിപ്പിക്കാൻ എന്നാണ്. ഈ പുതിയ ആശയത്തിന്റെ ആശാന്മാർ പറയുന്നത് ഡാർവിന്റെ സിദ്ധാന്തമെന്നത് യാഥാർത്ഥ്യമൊന്നുമില്ലാത്തതും ഗുണ പരിശോധനയ്ക്ക് കാത്തിരിക്കുന്നതുമായ വെറുമൊരു സിദ്ധാന്തം മാത്രമാണെന്നാണ്. പാഠപുസ്തകമായി **"കരടിപ്പൂച്ചകളും ജനങ്ങളും"** എന്ന പേരിലുള്ളതും ഉദ്ദിഷ്ടമായ ആശയം ശരിവച്ച് വിവരിക്കുന്നതുമായ പുസ്തകം തന്നെ സ്കൂൾ ഗ്രന്ഥശാലകളിലേക്ക് വാങ്ങാനാണ് സ്കൂൾ ബോർഡ് നിർദ്ദേശിച്ചത്.

ഈ ഭരണനയത്തെ വെല്ലുവിളിച്ചുകൊണ്ട് പതിനൊന്ന് രക്ഷാകർത്താക്കൾ ചേർന്ന് 2004 ഡിസംബറിൽ ഒരു വ്യവഹാരം കൊണ്ടുവന്നു. അമേരിക്കൻ സിവിൽ ലിബർട്ടീസ് യൂണിയനും, പള്ളിയെയും സംസ്ഥാനത്തെയും വെവ്വേറെയാക്കാൻ വേണ്ടി പ്രവർത്തിക്കുന്ന അമേരിക്കൻസ് യുണൈറ്റഡ് എന്ന സംഘടനയുമായി ചേർന്നാണ് അവർ ഈ നീക്കം നടത്തിയത്. ഭരണനയത്തെ ചോദ്യം ചെയ്തുകൊണ്ട് വാദികൾ പറഞ്ഞത് ബുദ്ധിയുള്ള രൂപകല്പന ജീവസൃഷ്ടിവാദമെന്ന നേരമ്പോക്കുകളെ അഴിച്ചെടുക്കാൻ ഉള്ളതാണെന്നാണ്. എന്നാൽ ഇതൊന്നും പൊതുവിദ്യാലയങ്ങളിൽ പഠിപ്പിക്കാനുള്ളതല്ലെന്നാണ് കോടതികൾ വിധിച്ചത്. പരിണാമത്തെപ്പറ്റി ഒൻപതാംതരം ജീവശാസ്ത്രം പഠിക്കാൻ തുടങ്ങും മുമ്പ് ബുദ്ധിയുള്ള രൂപകൽപ്പനയെക്കുറിച്ച് കുട്ടികളൊരു പ്രസ്താവനക്കുറിപ്പ് കേട്ടിരിക്കണമെന്ന് ഡൂവർനയത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. ചാൾസ് ഡാർവിന്റെ സിദ്ധാന്തം "ഒരു വസ്തുതയല്ല" എന്നും വിവരണസാധ്യമേയല്ലാത്ത "പൊള്ളത്തരം" ആണെന്നും ഈ പ്രസ്താവനയിൽ പറയുന്നു. കൂടുതൽ വിജ്ഞാന മുണ്ടാകാൻ "കരടിപ്പൂച്ചകളും ജനങ്ങളും"എന്ന ഗംഭീര പുസ്തകമാണ് വിദ്യാർത്ഥികൾ വായിക്കേണ്ടതെന്നും ഈ പ്രസ്താവനയിൽ പറയുന്നുണ്ട്.

1925-ലെ സ്കോപ്സ് കുരങ്ങ് വിചാരണയ്ക്കുശേഷം വിശ്വാസവും പരിണാമവും തമ്മിലുണ്ടായ വലിയ കോടതിപ്പോരാട്ടങ്ങളിൽ ഒന്നായി കിറ്റ്സ്മില്ലർ കേസ് മാറി. ആറാഴ്ച നീണ്ടുനിന്നതും 2005 നവംബറിൽ അവസാനിച്ചതുമായ ഈ കേസിൽ അധ്യക്ഷനായിരുന്നത് യു.എസ് ജില്ലാ ജഡ്ജി ജോൺ ഇ. ജോൺസ് മൂന്നാമനായിരുന്നു. ഭൂമിയിലെ

ജീവജാലങ്ങളുണ്ടായത് അജ്ഞാതമെങ്കിലും ബുദ്ധിയാർന്ന ഏതോ കാരണം മൂലമാണെന്ന ആശയം ജീവശാസ്ത്ര പാഠപദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് ഡൂവർ ഏറിയാ സ്കൂൾ ഭരണസമിതി അംഗങ്ങൾ പറഞ്ഞപ്പോൾ അവർ ഭരണഘടനയെ അതിലംഘിക്കുകയാണ് ചെയ്തതെന്ന് ജില്ലാ ജഡ്ജി പ്രസ്താവിച്ചു. 'ബുദ്ധിപരമായ രൂപകല്പന'-യെക്കുറിച്ചൊക്കെ പഠിപ്പിക്കുന്നത് ദേവാലയത്തെയും രാജ്യഭരണാലയത്തെയും ഭരണഘടനാപരമായി വേർതിരിക്കലാണെന്നുംകൂടി ജില്ലാ ജഡ്ജി പറഞ്ഞു വച്ചു. ജീവശാസ്ത്ര ക്ലാസ്സിൽ 'ബുദ്ധിയാർന്ന രൂപകല്പന' പഠിപ്പിക്കുന്നത് പ്രച്ഛന്നമായ ജീവസൃഷ്ടി വാദമാണെന്ന് പറഞ്ഞുകൊണ്ട് പെൻസിൽ വാനിയായിലെ പൊതുവിദ്യാലയ ജില്ലയെ ആ പഠിപ്പിക്കലിൽ നിന്ന് ജഡ്ജി തടയുകയും ചെയ്തു. ആ വിദ്യാലയ ഭരണസമിതിയുടെ തീരുമാനത്തെ ജഡ്ജി വിശേഷിപ്പിച്ചത് 'ശ്വാസംമുട്ടിക്കുന്ന ബാലിശത്വം' എന്നായിരുന്നു. പണ്ഡിതനായ ആ ജഡ്ജിയുടെ അഭിപ്രായത്തിൽ അവിടത്തെ അനേകം അംഗങ്ങൾ സ്വന്തം ലക്ഷ്യങ്ങളും താല്പര്യങ്ങളും ഒളിച്ചു വയ്ക്കാൻ നാണമില്ലാതെ കള്ളം പറയുന്നു. മതപരമായ കാര്യങ്ങളിലിരിക്കുമ്പോൾ പോലും..

പണ്ഡിത ജഡ്ജിയുടെ നിരീക്ഷണം:

**''ഡാർവിന്റെ പരിണാമ സിദ്ധാന്തം വികലമാണെന്നു തീർച്ച. അതെന്തായാലും, എല്ലാ കാര്യങ്ങൾക്കും വിശദീകരണം നൽകാൻ ഒരു ശാസ്ത്രതത്വത്തിന് സാധിക്കണമെന്നില്ല എന്ന വസ്തുതയുടെ മറവിൽ വെറും മതാധിഷ്ഠിതവും ശാസ്ത്രീയമായി തെളിയിക്കാനാവാത്തതുമായ ഒരു അനുമാനത്തെ ശാസ്ത്രപഠനത്തിലേക്ക് ആനയിക്കുകയോ ആ ഒഴിവുന്യായം കൊണ്ട് അംഗീകൃത ശാസ്ത്രപ്രമാണങ്ങളെ തെറ്റായി വ്യാഖ്യാനിക്കുകയോ ചെയ്യരുത്."**

അവസാന സമയമാകുമ്പോൾ ശാസ്ത്രം തടസ്സങ്ങളെ മറികടക്കും. ഖ്യാതി നിശ്ചയമായും ക്രൈസ്തവ ധർമ്മത്തിന്റെ സഹിഷ്ണുതയ്ക്കു തന്നെ ചെല്ലും. നമ്മുടെ നാട്ടിൽ മതവിശ്വാസങ്ങളെ ചോദ്യം ചെയ്തുകൊണ്ടോ അല്ലെങ്കിൽ അത്തരമൊരു കോടതി വിജയം ശാസ്ത്രീയ മല്ലെന്ന് സൂചിപ്പിച്ചുകൊണ്ടോ ഒരു കോടതി വിജയമുണ്ടായാൽ അത് ഉഗ്രമായ പ്രതിഷേധങ്ങളും കോലാഹലങ്ങളും വിളിച്ചു വരുത്തിയെന്നു വരും. അതാവട്ടെ ചില അന്യമതക്കാരിലും വർഗ്ഗീയ വാദികളിലും നിന്നുളള റൗഡിത്തരങ്ങളിലായിരിക്കും അവസാനിക്കുന്നതെന്ന് തീർച്ചയാണ്.

നമ്മുടെ രാജ്യത്ത് ഒരൊറ്റ സർക്കാരും ഇന്നുവരെ ക്ലാസ്സുമുറികളിലേക്ക് മതപരമായ ആശയങ്ങൾ കൊണ്ടുചെല്ലാൻ മുതിർന്നിട്ടില്ല. അതെന്തായാലും, നമ്മുടെ നാട്ടിൽപ്പോലും പലതരത്തിലുള്ള സങ്കുചിത മതസ്നേഹികൾക്ക് യാതൊരു കുറവുമില്ല. അമേരിക്കൻ ഭരണ ഘടനയിലെന്നപോലെ, നമ്മുടെ സംസ്ഥാനത്ത് ഏതെങ്കിലുമൊരു മതത്തെ സംസ്ഥാന മതമായി ഏറ്റുകൊള്ളാൻ കഴിയില്ല. നമ്മുടെ പൗരർക്ക് മതവിശ്വാസം സ്വീകരിക്കാനും അത് ആചരിക്കാനും പ്രചരിപ്പിക്കാനും യഥേഷ്ട സ്വാതന്ത്ര്യമുണ്ടെങ്കിൽക്കൂടി. ശാസ്ത്രമെന്ന വേഷം ധരിച്ച മതവിഷയകമായ ആശയങ്ങളു മായി ഒരൊറ്റ പാഠപുസ്തകവും ക്ലാസ്സുമുറികളിൽ ഒരുനാളും പ്രവേശിക്കാൻ പാടില്ല. മതതത്വങ്ങൾ വ്യത്യസ്തമായിപ്പോയി എന്ന കാര്യം പറഞ്ഞ് നമ്മൾ ജ്യോതിശാസ്ത്രത്തെയും ഭൂതത്ത്വശാസ്ത്രത്തെയും ശാസ്ത്ര ക്ലാസ്സുകളിൽ നിരോധിക്കുന്നില്ല. ദൈവിക സൃഷ്ടിയെന്ന ആശയത്തിൽ നിന്ന് വ്യത്യസ്തമാണ് പരിണാമതത്വം ഉൾക്കൊള്ളുന്ന ജീവശാസ്ത്രം അത് എന്തുവന്നാലും ശാസ്ത്ര ക്ലാസ്സുകളിൽ പഠിപ്പിക്കണം; എന്തെന്നാൽ അതൊരു നല്ല ശാസ്ത്രമാണ്.

### ഇന്ത്യയിലെ രംഗങ്ങൾ

2001 ജൂൺ 27-ന് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെ 397-ാം മീറ്റിങ്ങ് ഒരു വിദഗ്ദ്ധ സമിതിയുടെ ശിപാർശകൾ അംഗീകരിക്കുകയും, ബി.എ/ബി.എ (ഓണേർസ്), എം.എ/പി.എച്ച്.ഡി ഡിഗ്രികൾക്ക് കോഴ്സുകൾ തുടങ്ങാനായി തിരഞ്ഞെടുത്ത 20 സർവ്വകലാശാലകളിൽ 'ജ്യോതിർവിജ്ഞാനുകൾ' സൃഷ്ടിച്ച് സ്വതന്ത്ര വകുപ്പുകൾ രൂപീകരിക്കാൻ തീരുമാനി ക്കുകയും ചെയ്തു. എന്നാൽ ഈ തീരുമാനങ്ങൾ ബഹുമാനപ്പെട്ട സുപ്രീം കോടതിക്കു മുൻപിൽ ചോദ്യം ചെയ്യപ്പെട്ടു. പി.എം. ഭാർഗവയും മറ്റു ചിലരും, അപ്പീൽവാദികളും യു.ജി.സി യും ചിലരുമാണ് കോടതിയിലെത്തിയത്. അക്കാദമിക് ആയ കാര്യങ്ങളിലിടപെടാതെ അവ അക്കാദമിഷ്യന്മാർക്ക് തന്നെ വിടുന്നതാണ് നല്ലതെന്നായിരുന്നു ബഹുമാനപ്പെട്ട സുപ്രീം കോടതി സ്വീകരിച്ച നിലപാട്. ഒരു നാട്യമായ ജ്യോതിഷം ആധുനിക പാശ്ചാത്യ ശാസ്ത്രത്തിന്റെ പ്രമാണങ്ങൾക്കും കണ്ടെത്തലുകൾക്കും പാടേ വിരുദ്ധമാണെന്ന പരിഗണന യാണുള്ളത് (എൻസൈക്ലോപീഡിയ ബ്രിട്ടാനിക്ക, രണ്ടാം പതിപ്പ്). മുൻപൊക്കെ നക്ഷത്ര നിഗമനങ്ങളെ ജ്യോതിശാസ്ത്ര മെന്നാണ് പരിഗണിച്ചിരുന്നത്. എന്നാൽ ഇപ്പോൾ കപടശാസ്ത്രം എന്ന അർത്ഥ ത്തിലേക്ക് അതെല്ലാം നിയന്ത്രിച്ചു. ചന്ദ്രന്റെയും സൂര്യന്റെയും നക്ഷത്ര ങ്ങളുടെയും അനുബന്ധ സ്ഥാനങ്ങൾ നോക്കി വച്ച് ജനങ്ങളുടെ ഭാവി പ്രവചിക്കുന്ന രീതിയെയാണ് ള്ജ്യോതിഷം എന്ന് പിൽക്കാലത്ത് വിളിച്ചത് (വെബ്സ്റ്റേഴ്സ് ന്യൂ ഇന്റർനാഷണൽ ഡിക്ഷണറി). എൻസൈക്ലോപീഡിയ ബ്രിട്ടാനിക്കയും വെബ്സ്റ്റേഴ്സ് ന്യൂ ഇന്റർനാഷണൽ ഡിക്ഷണറിയും ജ്യോതിഷം ശാസ്ത്രമായല്ല, കപടശാസ്ത്രമായാണ് വിവരിച്ചിരിക്കുന്നത്. ഭാവിപ്രവചനവും ചന്ദ്ര-ഗ്രഹ-സൂര്യ-നക്ഷത്രാദികളുടെ സ്ഥാന- ഗതികൾ പഠിച്ച്, അവയുടെ സങ്കല്പിത സ്വാധീനം കണക്കാക്കി, ഭാവി പ്രവചിക്കുന്ന വിദ്യയ്ക്ക് എങ്ങനെയാണ് ശാസ്ത്രപദവി നൽകുന്നത്? ജ്യോതി ശാസ്ത്രം ഒരു ശുദ്ധശാസ്ത്രം തന്നെ. പണ്ട് ഇന്ത്യയിൽ ഇതൊരു പഠനവിഷയമായി എടുത്തിരുന്നു. ആ പ്രാചീനകാലത്ത് ഇന്ത്യയിൽ വലിയ ഭൗതിക നക്ഷത്ര വിജ്ഞാനികളുണ്ടായിരുന്നു. അക്കാലങ്ങളിൽ പാശ്ചാത്യ ലോകത്ത് ഇതൊരു ശാസ്ത്രവിഷയമായി പരിഗണിച്ചിരുന്നുമില്ല. ചന്ദ്ര-ഗ്രഹ-സൂര്യ-നക്ഷത്രാദികളുടെ സ്ഥാനഗതികൾ അടിസ്ഥാനമാക്കിയിട്ടുള്ള പഠനമായ ജ്യോതിഷം ഒരളവിലും ഒരു ശാസ്ത്രമല്ല. എന്നാൽ ഇപ്പോൾ നമ്മുടെ ക്ലാസ്സ് മുറികളിൽ ഇത് ശാസ്ത്രത്തിന്റെ മേലങ്കിയണിഞ്ഞ് മെല്ലെ കേറി വരുന്നുണ്ട്. ഇതിൽ തീർച്ചയായും നാം ജാഗ്രരൂക രാകേണ്ടതാണ്.

നമ്മുടെ ഇളംപ്രായക്കാരിൽ ശാസ്ത്ര മനോഭാവം ഉണർത്തി വളർത്തിയെടു ക്കേണ്ടത് അതിപ്രധാനമായ ഒരു കാര്യമാണ്. ഖലിൽ ജിബ്രാന്റെ 'ദ പ്രോഫെറ്റ്' എന്ന മുഖ്യ രചനയിൽ ഒരു വനിത തന്റെ കുട്ടിയെ നെഞ്ചോടു ചേർത്തുപിടിച്ചു കൊണ്ട് പ്രവാചകനായ അൽ മുസ്തഫയോട് പറഞ്ഞു: ''ഞങ്ങളുടെ കുഞ്ഞുങ്ങളോട് സംസാരിക്കൂ'' അപ്പോൾ പ്രവാചകൻ പറയുകയാണ്:

**"നിങ്ങളുടെ കുട്ടികൾ നിങ്ങളുടെ**
**കുട്ടികളല്ല.**
**അവർ ജീവിതത്തിന്റെ പ്രത്യാശകളായ**
**പുത്രന്മാരും പുത്രികളുമാണ്.**
**ഈ കുഞ്ഞുങ്ങൾക്ക് നൽകേണ്ടത്**
**സ്നേഹമാണ്, നിങ്ങളുടെ ചിന്തയല്ല.**
**കുട്ടികൾക്കുണ്ട് അവരുടെ സ്വന്തം ചിന്ത."**

FORM IV

Statement about ownership and other particulars about newspaper (NIYAMA DWANI) to be published in the first issue every year after the last day of February.

| | | | |
|---|---|---|---|
| 1. | Place of publication | : | Thiruvananthapuram |
| 2. | Periodicity of its publication | : | FMLY |
| 3. | Printer's Name | : | SUPERINTENDENT OF GOVT. PRESSES |
| | Nationality | : | Indian |
| | Address | : | Government Press, Mannanthala, Thiruvananthapuram. |
| 4. | Publisher's Name | : | LAW SECRETARY |
| | Nationality | : | Indian |
| | Address | : | Law Department, Government Secretariat, Thiruvananthapuram. |
| 5. | Editor's Name | : | Additional Law Secretary |
| | Nationality | : | Indian |
| | Address | : | Law Department, Government Secretariat, Thiruvananthapuram. |
| 6. | Name and address of individual who own the newspapers and partners or share holders holding more than one percent of the total capital | : | B.G. Harindranath, Law Secretary, Law Department, Government of Kerala on behalf of Government of Kerala. |

I, B.G. Harindranath hereby declare that the particulars given above are true to the best of my knowledge and belief.

(Sd.)

Date: 29-05-2017. *Signature of Publisher.*

34/1916/2017

നിയമ ധ്വനിയുടെ മുൻപതിപ്പുകൾ നിയമ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.



നിയമധ്വനി
NIYAMADWANI
TITLE CODE KERMAL 15918
PAGES 95

മേയ് 2017
MAY 2017
Date of Publication
29-05-2017



PRINTED BY THE SUPERINTENDENT OF GOVERNMENT PRESSES, THIRUVANANTHAPURAM.
PUBLISHED BY B. G. HARINDRANATH, LAW SECRETARY, LAW DEPARTMENT, GOVERNMENT SECRETARIAT, THIRUVANANTHAPURAM ON BEHALF OF GOVT. OF KERALA AND PRINTED AT GOVT. PRESS, MANNANTHALA, THRIUVANANTHAPRUAM. EDITOR R. VIJAYAKUMAR.